KOTTAYAM PUBLIC LIBRARY

Call No M 910 ALI:P Acc. No 11205

Author അലി യൂസഫ് മെഹർ.

Title പാകിസ്താൻ പര്യടനം.

# ാക്കിസ്ഥാൻ പര്യടനം

(യൂസഫ് മെഹർ അലി)

വിവർത്തകൻ:

കെ. പരമേശ്വരൻ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

തൃശ്ശിവപേരൂർ,

വി. സുന്ദരയ്യർ ആൻഡ് സൺസ്.

1952.

NATIONAL BOOK STALL
SPCS LTD.

വില 2-0-0.

# വിഷയവിവരം.


| | | |
|---|---|---|
| 1. | മംഗ്ഗമഝ്യ | 1 |
| 2. | പാക്കിസ്താനിൽ ഞാൻ പ്രവേശിക്കുന്നു | 5 |
| 3 | പാക്കിസ്താനിലേക്കു ഒരെത്തിനോട്ടം | 11 |
| 4. | പാക്കിസ്ഥാന്റെ തലസ്ഥാനനഗരം | 23 |
| 5. | പാക്കിസ്താനിലെ രാജ്യതന്ത്രവും പ്രധാനവ്യക്തികളും | 52 |
| 6. | പാക്കിസ്താനിലെ ഒരു ജയിലിനകത്തു | 120 |
| 7 | പാക്കിസ്താൻ പാർലിമെൻറ് | 164 |
| 8. | പാക്കിസ്താനിലേക്കു ഒരു തിരിഞ്ഞുനോട്ടം | 207 |


THE KOTTAYAM PUBLIC LIBRARY KOTTAYAM
H910

# പാക്കിസ്ഥാൻ പര്യടനം.

PUBLIC LIBRARY

## 1. മാർഗ്ഗമദ്ധ്യേ.

പാക്കിസ്ഥാൻ സന്ദർശിക്കണമെന്നുള്ള ആശ എന്നിൽ ക്രമമായി വളൎന്നുകൊണ്ടേവന്നു. ഈ പുതിയ രാജ്യത്തെക്കുറിച്ചുള്ള ഉജ്ജ്വലവിവരണങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്തതു് എൻെറ കത്തിയെരിയുന്ന ആശക്കു വളംനൽകി. എന്തൊരു മഹനീയമായ രാജ്യമായിരിക്കും അതു്! ആ വിചാരം എന്നെ വീണ്ടും വീണ്ടും അലട്ടി. എന്തുകൊണ്ടു തന്നത്താൻ പോയി അവിടം കണ്ടുകൂട? പക്ഷെ, കഷ്ടം! വ്യക്തിപരമായ സത്യാഗ്രഹസമരം എന്നെ നാസിക്കിലെ കേന്ദ്രജയിലിലടച്ചു. പുതുതായി ഉൽഘാടനം ചെയ്യപ്പെട്ട ഇന്ത്യൻ പൊതുരക്ഷാനിയമപ്രകാരം ഈ നിരോധനം അനിശ്ചിതകാലത്തേക്കാകയാൽ, മാദകമായ ഈ പുതിയ ലോകം എന്നിനെന്നു കാണുവാൻ കഴിയുമെന്നതിനെപ്പററി യാതൊരറിവുമുണ്ടായിരുന്നില്ല

പക്ഷെ ഭാഗ്യമെന്നു പറയുന്ന ഒരു വസ്തുവുണ്ടല്ലോ! മഹാത്മാവിൻെറ തന്ത്രങ്ങളേയും ഒന്നുകൊണ്ടും യോജിക്കാത്ത നിലയേയും അലക്ഷ്യമാക്കി, ഔദാര്യനിധിയായ ബ്രിട്ടീഷു ഗവർമ്മേണ്ടു, വെറും

ഒരു കൊല്ലക്കാലത്തെ ജയിൽവാസത്തിന്നുശേഷം ഞങ്ങളെയെല്ലാവരേയും വിമുക്തരാക്കി. ഒരു ശുഭ ദിനത്തിൽ, 1941 ഡിസമ്പറിൽ ഞങ്ങളുറിയിക്കപ്പെട്ടു, ഞങ്ങൾ സ്വതന്ത്ര്യരായെന്നു്? ഒരിക്കൽക്കൂടി സ്വതന്ത്ര്യരായി! എനിക്കു പക്കിസ്ഥാന്നിലേക്കു പോകുവാൻ ഒരു അവസരം ഉണ്ടാക്കിത്തന്ന രാഷ്ട്രീയമായ ഈ ആകസ്മികസംഭവത്തിന്നു മൂന്നു ചീയേഴ്സ് വിളിക്കുന്നതിൽ ഞാൻ വിമുഖനായില്ല.

സഹപ്രവർത്തകന്മാരുടെ തടസ്ഥം എനിക്കു കുറച്ചു താമസത്തിന്നിടയാക്കി. ജനങ്ങൾ അതുമിതും ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതു് ആശ്ചര്യംതന്നെ! ചർച്ചിൽ അദ്ദേഹത്തിന്നിഷ്ടമുള്ളപ്പോഴൊക്കെ അററ്ലാൻറിക സമുദ്രം തരണംചെയ്യേക്കാം; ജപ്പാൻകാർ അവൎക്കിഷ്ടപ്പെട്ട ഏതു പട്ടണത്തിൻേറയും വാതിക്കൽ മുട്ടിയേക്കാം; കോൺഗ്രസ്സ് പ്രസിഡൻറു് തൻെറ കനത്ത പ്രസ്താവനകൾ ഇറക്കിയേക്കാം; ലീഗും മഹാസഭയും അവ പിച്ചിച്ചീന്തുകയും ചെയ്യേക്കാം; സോഷ്യലിസ്ററുകാർ സാമ്രാജ്യസമരത്തെക്കുറിച്ചു രൂക്ഷമായി വിമൎശിച്ചേക്കാം; ഗാന്ധിജി ലോകം മുഴുവനും അക്രമരാഹിത്യപ്രളയം അഴിച്ചുവിടുമെന്നു ഭീഷണിപ്പെടുത്തിയേക്കാം! പക്ഷെ എൻെറ പക്കിസ്ഥാൻ സന്ദൎശനം നീട്ടിവെക്കുന്നകാൎയ്യത്തിൽ ഇവയെല്ലാം എന്താണു്? ഞാനെന്തിന്നു മററു കാൎയ്യങ്ങൾക്കു മുൻഗണന നൽകണം?

എന്തായാലും, ഞാൻ പ്രതീക്ഷിച്ചിരുന്നതിലും കൂടുതൽ വേഗത്തിൽ അവസരം വന്നുചേൎന്നു. പക്കിസ്ഥാൻ സന്ദൎശിക്കുവാൻ ചില സുഹൃത്തുകളുടെ ക്ഷണം എനിക്കു കിട്ടി. ഇപ്പോഠം എന്റെ അക്ഷമക്ക് അതിരില്ലാതായിതീൎന്നു. അതിനാൽ മുന്നോട്ടു തന്നെ!.

ഞാൻ അധികദൂരം സഞ്ചരിക്കുന്നതിന്നു മുമ്പ്, തീവണ്ടിയിൽ ശ്വാസംമുട്ടി തിരക്കു മുഴുത്തുതുടങ്ങി. അതിൽ ശ്വാസം കഴിക്കുവാനുള്ള ഇടംകൂടി ഇല്ലേമായിരുന്നു. കൽക്കത്തയിൽനിന്നും ജനങ്ങഠം, തീവണ്ടിവഴിയായും, ആകാശംവഴിയായും, റോഡുവഴിയായും, ബോട്ടുവഴിയായും, കാൽനടയായും എന്നുവേണ്ടാ സൌകൎയ്യമുള്ള വഴികളിലൂടെയെല്ലാം, വിട്ടുപോകുന്നതായി ഞാൻ മനസ്സിലാക്കി. യാത്രക്കാർ ഭയങ്കരമായ അഭയാൎത്ഥിപ്രവാഹത്തെക്കുറിച്ചു സംസാരിച്ചിരുന്നു. ദിവസംതോറും കിഴക്കൻ തലസ്ഥാനത്തിൽനിന്നു ആയിരക്കണക്കിൽ ജനങ്ങഠം നീങ്ങിക്കൊണ്ടിരിക്കുന്നു. ജപ്പാൻകാർ നഗരം ബോംബിടുന്നതിന്നു ശ്രമിക്കുന്നതായ കിംവദന്തികഠംകൂടി അവർ പറഞ്ഞിരുന്നു!.

എന്തെങ്കിലും പ്രവൃത്തിയിലേൎപ്പെട്ട ജനസഞ്ചയം ദൈവങ്ങഠംക്കു കാണുവാനുള്ള അത്ഭുതമായ ഒരു കാൎയ്യയാകുന്നു. ബഹുജനങ്ങഠം കെട്ടിപ്പെടുക്കുകയോ തട്ടിത്തകൎക്കുകയോ, പടക്കളത്തിലേക്കു കുതിക്കുക

യോ അല്ലെങ്കിൽ അതിൽനിന്നു പിന്തിരിഞ്ഞുപോകുകയോ ചെയ്യുന്നതു് അവരുടെ നോട്ടത്തിൽ വളരെ വലിയതോ വീരോചിതമോ ആയിട്ടുള്ളതും അനുകമ്പാർഹവുമായ എന്തോ ഒന്നാണ്.

എൻെറ മനസ്സ് ഭൂതകാലത്തിലേക്കു പിന്തിരിഞ്ഞു. ജനങ്ങൾ അപകടത്തിൽനിന്നും രക്ഷപ്പെടുന്നു! ടോൾസ്റ്റോയിയുടെ "യുദ്ധവും സമാധാനവു"മെന്ന കൃതിയിൽ നെപ്പോളിയൻെറ സൈന്യം അടുത്തെത്തി എന്നു കേട്ടപ്പോൾ മോസ്കോവിൽനിന്നും ജനങ്ങൾ പലായനം ചെയ്തതിനെ കുറിച്ചു ചെയ്തിട്ടുള്ള ഹൃദയസ്പർശിയായ വർണ്ണനയും, ലിൻയുട്ടാങ്ങിൻെറ "പീക്കിങ്ങിൽ ഒരു നിമിഷം" എന്ന കൃതിയിൽ ബോക്സർ കലാപകാലത്തെ വിഷമദിവസങ്ങളിൽ വടക്കൻ തലസ്ഥാനം വിട്ടുപോകുന്നതിലുള്ള ജനങ്ങളുടെ ഉൽക്കണ്ഠയെ കുറിച്ചു വിവരണവും ഞാൻ ഓർത്തു. ഇപ്പോഴത്തെ രാക്ഷസീയമായ കലാപങ്ങളിൽ ഇപ്രകാരത്തിലുള്ള എത്രയെത്ര നാടുവിട്ടോട്ടങ്ങൾ നമ്മുടെ കൺമുമ്പിൽ കാണുന്നില്ല! ഒരുപക്ഷേ ഭാവിയിൽ ഒരു ടോൾസ്റ്റോയി ദീപ്തിമത്തായ ഗദ്യത്തിലോ ഉജ്ജ്വലമായ പദ്യത്തിലോ, വരുന്ന തലമുറകൾക്കു വായിക്കുവാൻവേണ്ടി ഇവയെ കുറിക്കുമായിരിക്കാം.

No. 4266

## 2. പാക്കിസ്ഥാനിൽ ഞാൻ പ്രവേശിക്കുന്നു.

ആ ജനവരിമാസത്തിലെ പ്രഭാതത്തിൽ ഞാനുണർന്നെഴുന്നേററതു് വിവിധവികാരങ്ങളോടുകൂടിയായിരുന്നു. വണ്ടി തീവ്രമായ ശീഘ്രഗതിയിൽ ഓടിക്കൊണ്ടിരുന്നു വേഗത്തിൽ, വളരെ വേഗത്തിൽ അതെത്തിച്ചേരും! പെട്ടെന്നു ഞാൻ റോബർട്ടു് ലൂയി സ്റ്റീവൻസന്റെ വാക്കുകളോർത്തു്: എത്തിച്ചേരുന്നതിനേക്കാൾ യാത്രചെയ്യലാണു് ആശാവഹമെന്നു്. എങ്കിലും ഞാൻ തന്നെത്താൻ പറഞ്ഞു: സ്റ്റീവൻസന്റെ ആഡംബരപൂരി കൃത്രിമമായ ഭാവനാസങ്കല്പം മാത്രമാണു്; എന്റേതാകട്ടെ തെളിഞ്ഞു വിളങ്ങുന്ന ഒരു യാഥാർത്ഥ്യവും! തീർച്ചയായും അദ്ദേഹത്തിന്റെ വശ്യവാക്കുകൾ പാക്കിസ്ഥാനെപ്പോലെയുള്ള പ്രാപ്യസ്ഥാനങ്ങളെക്കുറിച്ചു പ്രയോഗിക്കുവാൻ പററിയവയായുമിരുന്നില്ല.

കുറച്ചു നിമിഷങ്ങൾക്കുശേഷം വണ്ടി ലാഹോർ സ്റ്റേഷനിലെത്തി. അത്യധികമായ ഉത്സാഹത്തോടെ ഞാനെന്റെ മുറിയുടെ ജന്നാലയിൽക്കൂടെ പുറത്തേക്കുനോക്കി; എന്നെത്തിരിച്ചറിഞ്ഞു സ്നേഹപൂർവ്വം വീശിയ അനേകം സ്നേഹിതന്മാരുടെ കൈകൾ കണ്ടു് ഞാൻ ആഹ്ലാദഭരിതനായി. ആരാണു പരിചിതമുഖങ്ങൾ കാണുമ്പോൾ, അതെവിടെവെച്ചായാലും — സങ്കല്പസ്വപ്നത്തിലാണെങ്കിൽക്കൂടി — സന്തോഷഭരിതനാകാതിരിക്കുക?

ഒരുവിധത്തിൽ ഞാൻ വണ്ടിയിൽനിന്നിറങ്ങി. കൊടി വീശലും മുദ്രാവാക്യങ്ങൾ വിളിച്ചുപറയലും കുറേശ്ശയായി തുടങ്ങി. അപ്പോൾ ഒരു ഉദ്യോഗസ്ഥൻ, അംഗംപ്രതി പക്കിസ്ഥാനിയെന്നു തോന്നിക്കുന്നവൻ, എന്നെ സമീപിച്ചു, എൻെറ പേർ നിർണ്ണയിച്ചതിന്നു ശേഷം എൻെറ കയ്യിലൊരറിയിപ്പുതന്നു. ഒററ നോട്ടത്തിൽതന്നെ അതു പക്കിസ്ഥാൻ ഗവൎമ്മെൻറുടെ അറിയിപ്പാണെന്നു് മനസ്സിലാക്കാവുന്നതും ചീഫ് സെക്രട്ടരിയുടെ തുക്കൈവിളയാട്ടമുള്ളതും ആയിരുന്നു.

എൻെറ ആദ്യത്തെ വിചാരം, ഇതു പക്ഷെ പാക്കിസ്ഥാനിലെ നടവടിപ്രകാരമുള്ള ഒരു സ്വാഗതസന്ദേശമായിരിക്കുമെന്നായിരുന്നു; പക്ഷെ ആ ഉദ്യോഗസ്ഥൻ ഔദാൎയ്യത്തോടെ അതിലെ ഉള്ളടക്കത്തിലേക്കു് എൻെറ ശ്രദ്ധ പതിപ്പിച്ചു. അതു വായിച്ചപ്പോൾ ഞാൻ അത്യന്തം ആശ്ചൎയ്യപ്പെട്ടു; എങ്കിലും ഇതേതരത്തിലുള്ള ആശ്ചൎയ്യം എൻെറ സ്നേഹിതന്മാരുടെ മുഖത്തു കാണാഞ്ഞപ്പോൾ ഞാനും ആശ്ചൎയ്യമില്ലാത്ത ഭാവംതന്നെ നടിച്ചു. അല്ലാത്തപക്ഷം ഞാൻ പാക്കിസ്ഥാനിലെ നടവടികളറിയാത്തവനും നടവടിത്തെററുകൾ ചെയ്ത കുററക്കാരനും ആയേക്കുമല്ലോ!

അതിലെ ഉള്ളടക്കം എന്നെ ഏററവും രസിപ്പിച്ചു. അടുത്ത വണ്ടിക്കുതന്നെ, പന്ത്രണ്ടുമണിക്കൂറിന്നുള്ളിൽ, ഞാൻ പാക്കിസ്ഥാനൻെറ അതിൎത്തിവി

THE KOTTAYAM PUBLIC LIBRARY KOTTAYAM

പോകണമെന്നായിരുന്നു അതിലെ ശാസന. അ
ിന്നിടയിൽ പൊതുപ്രസംഗം ചെയ്യുകയോ, ഘോ
ഷയാത്രയിൽ ചേരുകയോ, അഞ്ചോ അധികമോ
ആളുകൾകൂടിയ സംഘത്തിൽ സംബന്ധിക്കുകയോ,
വല്ല പ്രസ്സ് കോൺഫ്രൻസും നടത്തുകയോ ചെയ്യരു
തെന്നുകൂടി അതിൽ കല്പിച്ചിരുന്നു.

സംഭ്രമിക്കുകയോ അമ്പരക്കുകയോ ചെയ്യു
മ്പോൾ ചിരിക്കുകയാണ് അതിൽനിന്നു രക്ഷപ്പെടു
വാൻ ഉത്തമമാൎഗ്ഗമെന്നു ഞാൻ എന്നും വിശ്വസി
ച്ചിരുന്നു; എനിക്കപ്പോൾ അതു രണ്ടും ഉണ്ടു്. അ
തിനാൽ എനിക്കു കഴിയാവുന്നിടത്തോളം ഞാൻ
ചിരിച്ചുകൊണ്ടേയിരുന്നു; ഈ തക്കത്തിൽ എൻെറ
പേരിൽ നടത്തിയ നോട്ടീസ്സിൻെറ ശരിയായ അ
ൎത്ഥം മനസ്സിലാക്കുവാൻ ഞാൻ കിണഞ്ഞു പരിശ്ര
മിക്കുകയും ചെയ്തു. "ഇതൊരു കൗശലപ്രയോഗമോ
അതോ പരീക്ഷയോ?"—ഞാൻ തന്നത്താൻ പറഞ്ഞു.
പാക്കിസ്ഥാൻ ഇന്ത്യയുടെ ഇതരഭാഗങ്ങൾപോലെ
യോ അഥവാ ലോകത്തിലെ മററു ഭാഗങ്ങൾപോ
ലെയോ അല്ല. അതൊരു പ്രത്യേകതരത്തിലുള്ള
ജനതയുടെ വാസഭൂമിയാണ്; വ്യത്യസ്തമായ സം
സ്കാരവും ശക്തിയേറിയ പരിഷ്കാരവും അവൎക്കുണ്ടു്.
അവരവിടെ നിസ്സംശയം അനുഭവിച്ചുവരുന്ന ഏ
ററവും പരിഷ്കൃതരീതിയിലുള്ള നിയമസമാധാന
ങ്ങളുടെ അനുഗ്രഹങ്ങളെ, യദൃച്ഛയാ ആ രാജ്യത്തു
കാലെടുത്തുകുത്തുവാൻ ഇടയാകുന്ന അന്യൻ, പങ്കി

ട്ടെടുക്കുന്നതിൽ അവർ സ്വാഭാവികമായിത്തന്നെ മനസ്സില്ലാത്തവരാണ്. ആ സ്ഥിതിക്കു അപ്രകാരമുള്ള ഒരുവൻ ചുരുങ്ങിയതു ഒരു പ്രഥമ പരീക്ഷയെയെങ്കിലും അഭിമുഖീകരിക്കേണ്ടതു് ന്യായംതന്നെ। കൂടാതെ, നോട്ടീസ്സിലെ "ചെയ്തുകൂടാത്തവ"യുടെ പട്ടികയിൽനിന്നു മതപരമായ സമ്മേളനങ്ങളേയും പ്രവൎത്തനങ്ങളേയും പ്രത്യേകിച്ചു ഒഴിവാക്കിയിട്ടുള്ള വസ്തുത എൻെറ ഉള്ളിൽ ഗാഢമായി പതിഞ്ഞു. വാസ്തവത്തിൽ പാക്കിസ്ഥാൻ ഗവൎമ്മെണ്ടു് എത്ര ദൈവഭയമുള്ളതാണെന്നു് ഇതു തെളിയിക്കുന്നു. ആ നോട്ടീസ്സ് പുറപ്പെടുവിച്ചതു് ഗവൎണ്ണർ തന്നെയാണ്, അതിലും ഒട്ടും താഴെയുള്ള ഒരാളല്ല എന്നതു തന്നെ ആലോചനാശീലത്തിൻേറയും മൎയ്യാദയുടേയും ഏകലക്ഷണമായിരുന്നു। യാഥാൎത്ഥ്യം മനസ്സിലായതോടുകൂടി എൻെറ സംശയങ്ങൾക്കെല്ലാം ഉടനടി തീരുമാനം വന്നു. പ്രസന്നമായ മനസ്സോടുകൂടിയാണ് ഞാൻ സ്നേഹിതന്മാരുടെ അഭിനന്ദനങ്ങൾ സ്വീകരിക്കുവാൻ പുറപ്പെട്ടതു്; അതു് ഈ നോട്ടീസ്സ് നടത്തിയതോടുകൂടി തടസ്ഥപ്പെട്ടു. അഭിനന്ദനങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ എനിക്കു പറയുവാൻ കഴിയും: ഇംഗ്ലിസ്ഥാനിൽ അചരിങ്ങോട്ടാണ് ഹസ്തദാനം ചെയ്യുക. ചൈനക്കാർ അന്യന്മാൎക്കു ഹസ്തദാനം ചെയ്യുന്നതു് അപരിഷ്കൃതമാണെന്നു കരുതുന്നു; അതിനാൽ അവർ അവരുടെതന്നെ കൈകൾ കുലുക്കുകയാണ് ചെയ്യുന്നതു്. പാക്കി

സ്ഥാനിലാകട്ടെ ആദ്യം അവരവരുടെ കൈകൾ കുലുക്കുക മാത്രമല്ല പിന്നീട് നിങ്ങളുടേയും കൈകൾ പിടിച്ചുകുലുക്കുന്നു; കൂടാതെ നിങ്ങളോരോരുത്തരേയും ഇരുതോളുകളിലും ആലിംഗനം ചെയ്യാൻ നിർബ്ബന്ധിക്കുകയും ചെയ്യും.

നോട്ടീസ്സിലെ ഉള്ളടക്കം ഇപ്പോഴേക്കും ഔദ്യോഗികമായിത്തന്നെ അറിയപ്പെട്ടു. അതോടുകൂടി സ്റ്റേഷനിൽ എന്റെ ചുറ്റുമായി നില്ക്കുന്നവരുടെ ഇടയിൽ ചെറുതായൊരുന്മേഷം കാണുമാറായി. ഡോക്ടർ-ഗോപിചന്ദ് ഭാർഗ്ഗവ, സേട്ട് സുദർശൻ എന്നിവർ ഒരുവശത്തും, സഖാക്കൾ അബ്ദുൾ ലാററിഫ്, മുഹമ്മദ് യമിൻ എന്നിവർ മറുവശത്തും നിന്നു നോട്ടീസിലെ ഉപദേശങ്ങളെ അവഗണിക്കാതിരിക്കുവാൻ എന്നെ നിർബ്ബന്ധിച്ചു. അവഗണിക്കുന്നതിന്റെ ഫലം ചുരുങ്ങിയത് ആറുമാസത്തെ ജയിൽവാസമായിരിക്കുമെന്നുകൂടി ഡോക്ടർ ഗോപിചന്ദ് ഓർമ്മപ്പെടുത്തി. പക്ഷെ അതിനെന്റെ മറുവടി തുടർന്നുകൊണ്ടുള്ള ചിരിതന്നെയായിരുന്നു. ഈ സ്നേഹിതന്മാർ, അവരുടെ പ്രതാപശാലികളും സ്വരാജ്യസ്നേഹികളുമായ ഭരണാധികാരികളെപോലെ, എന്റെ പാക്കിസ്ഥാനോടുള്ള കലർപ്പില്ലാത്ത ആവേശാതിരേകത്തെ പരീക്ഷിക്കുവാനാണ് ഇതെല്ലാം ചെയ്യുന്നതെന്നുകൂടി ഞാൻ ഊഹിച്ചു!

വളരെ ഞെരുങ്ങി മൂന്നു നിമിഷങ്ങൾ കടന്നുപോയി. അപ്പോഴേക്കും അതാ ഡോക്ടർ ഗോപിചന്ദ് വീണ്ടും എന്നെ സമീപിച്ചു.

"ഒരു നിമിഷം" അയാൾ ഉറക്കെ പറഞ്ഞു. "അടുത്ത വണ്ടിക്കുതന്നെ ഇവിടം വിടണമെന്നു നോട്ടീസിൽ ശംസിക്കുന്നുണ്ടോ?"

ഞാൻ സമ്മതിച്ചു തലകുലുക്കി.

"താങ്കൾ പന്ത്രണ്ടുമണിക്കൂറിന്നുള്ളിൽ ഞങ്ങളുടെ രാജ്യത്തുനിന്നു പുറത്തുപോകുകയും വേണം."

വീണ്ടും ഞാൻ സമ്മതം സൂചിപ്പിച്ചു.

"കൊള്ളാം, അതു സാദ്ധ്യമല്ല, താങ്കൾക്കതു ചെയ്യാൻ സാദ്ധ്യമല്ല."

ഞങ്ങൾക്കെല്ലാവക്കും ഹൃദയാവജ്ജകമായവിധത്തിലദ്ദേഹം സംസാരിച്ചു. താൻ പറഞ്ഞതിൻെറ വിശദീകരണത്തിന്നു് അദ്ദേഹം വിജയഭാവത്തിൽ തീവണ്ടിസമയം കാണിക്കുന്ന പട്ടിക കാണിച്ചു. അടുത്ത വണ്ടി ഒരു മണിക്കൂറിന്നുള്ളിൽ സ്ഥലം വിടും; എന്നാലതു് സാവധാനത്തിൽ പോകുന്ന ഒരു വണ്ടിയാണു്. തീച്ചയായും പറഞ്ഞ സമയത്തിന്നുള്ളിൽ ആരേയും അതു പാക്കിസ്ഥാൻെറ അതിത്തി കടത്തുകയില്ല. അതിനാൽ ചെമ്പു പറത്തായി. പാക്കിസ്ഥാനിലെ മാതൃകാഗവമ്മേണ്ടു് അനുസരിപ്പാനസാദ്ധ്യമായ ഒരു നോട്ടീസ്സാണെൻെറ പേരിൽ നടത്തിയതു്. അവർ യഥാത്ഥത്തിൽ ഞാനിവിടം വിടണമെന്നു ആവശ്യപ്പെട്ടുന്നില്ലെന്നതിലേക്കു വല്ല തെളിവും വേണ്ടതുണ്ടെങ്കിൽ ഇതൊരു ഒന്നാംതരം തെളിവായിരുന്നു. ആ

ദൃത്തെ അമ്പരപ്പിന്നുശേഷം അവരുടെ ശരിയായ ഉദ്ദേശം ഊഹിച്ചറിഞ്ഞതിൽ ഞാൻ എന്നെത്തന്നെ പ്രശംസിച്ചു. അനുസരിക്കുവാൻ സാധിക്കാത്ത കല്പനകളയക്കുന്ന ഒരു ഭരണകൂടത്തിന്റെ തന്ത്രങ്ങളേയും, സമീപനരീതിയിലുള്ള പുതുമയേയും, ദീർഘദർശിതത്വത്തേയും അഭിനന്ദിക്കാതിരിപ്പാനെനിക്കു കഴിഞ്ഞില്ല. പാകിസ്ഥാനിലേക്കുള്ള എന്റെ ഒന്നാമത്തെ എത്തിനോട്ടം ഹൃദയത്തെ അഗാധമായി സ്പർശിച്ചു.

## 3 പാകിസ്ഥാനിലേക്കു ഒരെത്തിനോട്ടം.

എങ്ങനെയാണ് ആ ദിവസം കഴിഞ്ഞുകൂടിയതു് എന്നു് ഉത്സാഹമഗ്നനായ എനിക്കു നല്ലവണ്ണം ഓർക്കുവാൻ കഴിയുന്നില്ല. സാധാരണയായി പല ദിവസങ്ങളിലും കാണാറുള്ളതിനേക്കാൾ വളരെയധികം ജനങ്ങളെ ഞാൻ സന്ദർശിച്ചു. എനിക്കു കൂടുതൽ ഭക്ഷണം കിട്ടുകയും ചെയ്തു. നമ്മുടെ രാജ്യത്താകമ്പോൾ കഴിക്കാറുള്ളതിനേക്കാൾ കൂടുതൽ ഗുണവും അളവും ഭക്ഷണം—അതും അധികം പ്രാവശ്യം—ദിവസത്തിലെ മണിക്കൂറുകൾ ഇരട്ടിയുണ്ടായാൽക്കൂടിയും വേണ്ടാത്തത്ര അധികം! തീരെ പുതിയതും ഉയർന്നതരത്തിലുള്ളതുമായ 'ലാസി'യെന്ന ഒരുതരം പാനീയം യാദൃച്ഛികമായി എനിക്കു് പരി

ചയപ്പെടുവാൻ ഇടയായി. കിഴക്കൻപ്രദേശത്തു് "റാസ്ഗ്രുള്ള്"ക്കു് ഉള്ളതായ പ്രശസ്തസ്ഥാനമാണു് ഇതിന്നിവിടെയുള്ളതു്.

പാക്കിസ്ഥാനിലെ തലസ്ഥാനനഗരിയിൽ കാണാവുന്ന ചരിത്രപ്രാധാന്യമുള്ള അനേകം സ്ഥലങ്ങൾ കാണുന്നതിന്നു സ്വാഭാവികമായിത്തന്നെ എന്നിൽ അതിയായ ആശ അങ്കുരിച്ചു. ഡൽഹിയിലേയും ആഗ്രയിലേയും കോട്ടകൾ കണ്ടതിന്നുശേഷം ഇവിടെ ഉന്നതപദവിയിലുള്ള കോട്ടയുംകൂടി കാണുവാനും അതിന്നകത്തുള്ള വിശുദ്ധസ്ഥലങ്ങളിൽ പ്രവേശിച്ചു് അതിനെക്കുറിച്ചുള്ള മഹത്തായ ചരിത്രത്തിന്റെ ഉറവു ആസ്വദിക്കുവാനും എനിക്കു് അത്യാശയുണ്ടായി. പക്ഷെ ആ ആശ അസാദ്ധ്യമാണെന്നു് എനിക്കറിവുകിട്ടി. എന്തുകൊണ്ടെന്നാൽ കോട്ടയുടെ ഒരു ഭാഗത്തു മാത്രമേ പൊതുജനങ്ങൾക്കു പ്രവേശിപ്പാൻ അനുവാദമുള്ളു. "എന്തുകൊണ്ടു്" ഞാൻ അക്ഷമയോടിടകലൎന്ന അത്ഭുതത്തോടെ ചോദിച്ചു. ഇതിന്നിടയിൽ ആരും പറയാതെതന്നെ കാരണം ഊഹിക്കുവാനുള്ള കഴിവു് എങ്ങിനെയോ എന്റെ മനസ്സിനുണ്ടായി. മദിരാശിയിൽ സംസ്ഥാനഗവൎണ്ണർ ഒരിക്കൽ സെൻററ് ജോൎജ്ജ് കോട്ടയിൽ താമസമാക്കിയിരുന്നു. അപ്രകാരം തന്നെയായിരിക്കാം ഇവിടേയും! പക്ഷെ, എന്റെ അത്ഭുതം ഊഹിച്ചുനോക്കു; ചില രാഷ്ട്രീയതടവുകാരാണത്രെ അവിടെ താമസിക്കുന്നതു്. എത

മഹത്തായ കാര്യം! അപ്രകാരമുള്ള മനോഹരസ്ഥലങ്ങളിൽ രാഷ്ട്രീയ തടവുകാരെ പാർപ്പിക്കുവാൻ എത്ര ഔദാര്യമുണ്ടാകണം! "ദിവാനി ഖാസ്" പ്രശസ്ത സന്ദർശകന്മാരുടെ സന്ദർശനമണ്ഡപമായും, "ദിവാനി" സാധാരണ കൂടിക്കാഴ്ചമുറിയായും ലഭിക്കുന്നതു് തീർച്ചയായും ഒരു വലിയ ഭാഗ്യംതന്നെ! അക്ബറുടേയും ജിഹാംഗീറിന്റേയും രണജിത്സിംഗിന്റേയും ശയനസ്ഥലമായ ഖാബ്ഗാവിൽ കിടന്നുറങ്ങുന്നതിനും എത്ര ഭാഗ്യംവേണം! ഹാ! ആ ശീഷ് മഹളും രാജകീയ സ്നാനഗൃഹങ്ങളും! അവ ഇന്ദ്രനുംകൂടി അസൂയ ജനിപ്പിക്കാവുന്നവയാണു്! എത്ര മനോഹരമായ ഉദ്യാനങ്ങൾ! മററുവല്ല നാട്ടിലും ഒരു രാജാവാകുന്നതിനേക്കാൾ പാക്കിസ്ഥാനിൽ ഒരു രാഷ്ട്രീയതടവുകാരനായിരിക്കുന്നതാണു മെച്ചമെന്നെനിക്കു തോന്നി. പെട്ടെന്നു, മിൽട്ടന്റെ പറുദീസാ നഷ്ടത്തിലെ സത്താൻ പറഞ്ഞ വാക്കുകളുടെ ശരിയായ പൊരുൾ എന്നിലുദിച്ചു, "സ്വർഗ്ഗത്തിൽ അടിമയാകുന്നതിനേക്കാൾ നല്ലതു നരകത്തിൽ രാജ്യം വാഴുകയാണു്."

എന്റെ മനോരാജ്യം, എങ്ങിനെയായാലും, ചില കൂട്ടുകാരുടെ അസംബന്ധപ്രസ്താവനകളാൽ തടയപ്പെട്ടു. ഈ തടവുകാരെ ഇടുങ്ങിയ ഏകാന്ത തടവുമുറികളിൽ ഒററയായിട്ടായിരുന്നു താമസിപ്പിച്ചിരുന്നതെന്നു് അവർ ഉറപ്പിച്ചുപറഞ്ഞു. പക്ഷെ, ഇത്തരത്തിലുള്ള ജല്പനങ്ങൾക്കു ഞാൻ ചെ

വിക്കൊട്ടത്തില്ല. എല്ലാററിലും മുറുമുറുക്കുന്നവരും ഒന്നിന്നും ഒരിക്കലും നന്ദിയില്ലാത്തവരുമായ ജനങ്ങൾ എല്ലാപ്പോഴും ധാരാളമുണ്ടായിരിക്കുമെന്നു ഞാൻ സമാധാനിച്ചു.

II

ഞാൻ പോകുന്നിടത്തെല്ലാം ആരോ എന്നെ പിന്തുടരുന്നുണ്ടെന്നു എനിക്കു ബോദ്ധ്യപ്പെട്ടു. കോട്ടയിലെ മനോഹരഭിത്തികൾ നോക്കിക്കൊണ്ടിരുന്ന അവസരത്തിൽ രണ്ടാളുകൾ എന്നെ സൂക്ഷിച്ചു. നോക്കുന്നുണ്ടായിരുന്നു. അന്നു കുറെ മുമ്പു തന്നെ ഞാൻ പോകുന്ന സ്ഥലങ്ങളിലെല്ലാം അവർ കുറച്ചിടവിട്ട് എന്നെ എല്ലാപ്പോഴും പിന്തുടന്നിരുന്നതായി ഞാൻ ഓർത്തു. ഈ സുഹൃത്തുക്കൾ ആരാണെന്നും എന്തുകൊണ്ടാണവർ മററുള്ളവരെപ്പോലെ അടുത്തുവന്നു സഹവസിക്കാത്തതെന്നും വിചാരിച്ച് ഞാൻ അത്ഭുതപ്പെട്ടു. ആദ്യം ഞാൻ വിചാരിച്ചു, ഒരു പക്ഷേ, ഇവർ സർ ഛോട്ടു രാമൻെറ ഗ്രാമത്തിൽ നിന്നും എൻെറ ഭാഷണത്തിന്നു വന്ന ഗ്രാമീണരായിരിക്കുമെന്ന്. ഈ ശങ്ക എൻെറ ജിജ്ഞാസയെ കിക്കിളിപ്പെടുത്തി. സഹജമായ ലജ്ജയാലോ വിനയത്താലോ എന്തോ ഒരു അപരിചിതൻെറ അടുക്കൽ വരുമ്പോൾ അവക്കുണ്ടായിരുന്ന മൗനത്തെ ഞാൻ പുകഴ്ത്തി. അന്വേഷണത്തിൽ, ഈ മഹാമനസ്കർ പാക്കിസ്ഥാൻഗവമ്മേണ്ടിലെ സി. ഐ. ഡി. എന്ന പ്രത്യേകവകുപ്പിൽ പെട്ടവ

രാണെന്നും, അവരുടെ പ്രവൃത്തി ഞാൻ പോകുന്നിടത്തെല്ലാം എന്നെ പിന്തുടരുകയാണെന്നും, മനസ്സിലാക്കി. എൻെറ പേരിൽ ഗവമ്മേണ്ടിന്നുള്ള ഈ പ്രത്യേകമായ ഉൽക്കണ്ഠ എന്നെ അമ്പരപ്പിച്ചു. തങ്ങളുടെ വിശ്വസ്തന്മാരായ രണ്ടുപേരെ എൻെറ സൗകയ്യത്തിന്നും രക്ഷക്കും നിയോഗിച്ചു അവർ എത്ര കരുതലും കരുണയുമുള്ളവരാണു്! ഇങ്ങനെയുള്ള രാഷ്ട്രീയതടവുകാരുടെ നിശ്ശബ്ദസേവനത്തേക്കാൾ നല്ലതായ ഒരു വിഷയത്തിൽ പൊതുമുതൽ ചിലവുചെയ്യുവാൻ സാധിക്കുമോ? ഞാൻ ഉടനെ ഉറച്ചു, ബോംബയിൽ മടങ്ങിയെത്തിയാൽ പോല്ലീസ്സു് ഡിപ്പാർട്ടുമെൻറിന്നു് ഈ വിഷയത്തിലുള്ള അനാസ്ഥയിലേക്കു് കമ്മീഷണരുടെ ശ്രദ്ധയെ ക്ഷണിക്കുമെന്നു്.

## III

കോട്ടയിൽനിന്നും അനാർക്കലിയിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ഞാൻ ആവശ്യപ്പെട്ടു. അതിൻെറ ഖ്യാതി ബോംബെ തുടങ്ങിയ ദൂരദിക്കുകളിലേക്കുകൂടി വ്യാപിച്ചിരുന്നു. അതു് നഗരത്തിലെ പ്രധാനപ്പെട്ട കമ്പോളമാണെന്നും, സന്ധ്യാസമയങ്ങളിൽ അതിലെ തെരുവുകൾ വിവിധവണ്ണങ്ങൾ കലന്ന ജനസഞ്ചയങ്ങളെക്കൊണ്ടു് മനോഹരമായിരിക്കുമെന്നും, ഷാപ്പുകൾ സപ്തസമുദ്രത്തിലെ അത്ഭുതവസ്തുക്കളാൽ പരിപൂണ്ണമായിരിക്കുമെന്നും കൂടി ഞാൻ കേട്ടിരുന്നു. ഇംഗ്ലിസ്ഥാനിൽനിന്നും അതി

ന്നപ്പുറത്തുള്ള നാടുകളിൽനിന്നും വരുന്ന സഞ്ചാരികളുടെ ഹൃദയം കവരുന്ന ആ അത്ഭുതദാനാഭാതിശയം പൌരസ്ത്യരാജ്യത്തെ ഈ ബസാറിൽ മാത്രമേ ഒരുവന്നു കാണുവാൻ കഴികയുള്ളൂ.

പക്ഷെ എൻെറ സ്നേഹിതന്മാർ ഈ ഉദ്ദേശത്തെ കെടുത്തികളഞ്ഞു "ഇപ്പോൾ അവിടെ ഒന്നും കാണുവാനില്ല; അതിപ്പോൾ മിക്കവാറും ഒരു നിർജ്ജനപ്രദേശമാണു്" അവർ പറഞ്ഞു. എനിക്കിതു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എങ്ങിനെയാണു് പാക്കിസ്ഥാനിലെ ഏററവും ജനത്തിരക്കുള്ള തെരുവു ജനശൂന്യമായി തീരുക? ഞാൻ ഓർത്തു എങ്ങനെയാണു് അവർ ലാഹോർ കോട്ടയിലെ രാഷ്ട്രീയ തടവുകാരുടെ ജയിൽവാസം മനോഹരമാക്കിത്തീർത്തതെന്നു്. അതിനാൽ സംഗതികൾ നേരിട്ടു കണ്ടറിയുവാൻതന്നെ തീർച്ചപ്പെടുത്തി. എൻെറ ദൃഢനിശ്ചയവും എൻെറ സ്വരത്തിലുണ്ടായ ഔജ്ജ്വല്യത്തിൻെറ ഛായയും കണ്ടു് കൂടുതൽ വ്യാഖ്യാനത്തിനിടവരുത്താതെ അവർ ഉടൻതന്നെ സമ്മതിച്ചു. ഇതെനിക്കു വളരെ ബോധിച്ചു, ഉടനെ അങ്ങോട്ടു പുറപ്പെടുകയും ചെയ്തു.

വഴിക്കുവെച്ചു, ഞാൻ അനാർക്കലിയിൽ നിന്നു വാങ്ങുവാനുദ്ദേശിക്കുന്ന സാധനങ്ങളുടെ ഒരു വലിയ മനക്കണക്കുണ്ടാക്കി. ഞങ്ങൾ അവിടെ എത്തി സംഗതികളുടെ പരമാർത്ഥം അറിയുന്നതിന്നു മുമ്പായിതന്നെ എൻെറ ഉള്ളിലുണ്ടായിരുന്ന ആലോച

നകളെല്ലാം ഞാൻ പിൻവലിച്ചു. വലുതായ അമ്പരപ്പിന്നിടയിൽ, ഷാപ്പുകളെല്ലാം അടച്ചിരുന്നതായും ആ പ്രദേശം മുഴുവൻ ഫാററിപൂർ സിക്രിയെപ്പോലെ നിർജ്ജനമായി കിടക്കുന്നതായും ഞാൻ കണ്ടു. ഖദർ ബന്ദർകൂടിയും അടച്ചിരുന്നു. ഞാൻ കണ്ണെത്താവുന്നിടത്തോളം സൂക്ഷിച്ചുനോക്കി; പക്ഷെ ഒരു വാതിൽപോലും തുറന്നുകണ്ടില്ല. സ്നേഹിതന്മാരെന്നെ നോക്കിയപ്പോൾ അവരുടെ കണ്ണുകളിൽ "ഞങ്ങളിതു മുമ്പുതന്നെ പറഞ്ഞിരുന്നുവല്ലോ" എന്നിങ്ങനെ ഒരു ഹാസ്യരസം കലർന്നിരുന്നതായി തോന്നി. കൂടുതൽ വിവരങ്ങളന്വേഷിക്കുവാൻ എനിക്കു ധൈര്യം വന്നില്ല; എന്നാൽ ദ്രുതഗതിയിൽ വർത്തിച്ചുകൊണ്ടിരുന്ന എൻെറ ഹൃദയം എനിക്കാവശ്യമായ വിവരങ്ങൾ നല്കി. ഒരു പക്ഷെ പാക്കിസ്ഥാനിൽ ഷാപ്പുകൾ പകൽ അടക്കുകയും രാത്രി തുറക്കുകയുമായിരിക്കും പതിവു്. വിഭിന്നരാജ്യങ്ങളിലെ കച്ചവട സമ്പ്രദായവും വിഭിന്നമായിരിക്കും. ഉദാഹരണമായി അറബിക്കഥകളിൽ, അർദ്ധരാത്രിക്കുശേഷം കാലിഫ് വേഷം മാറി പലപ്പോഴും പൊതുജനങ്ങളുടെ സംസാരം നേരിട്ടറിയുന്നതിന്നു വേണ്ടി അങ്ങാടികളിലും ക്ലബ്ബുകളിലും സഞ്ചരിച്ചിരുന്നതായി വിവരിച്ചിട്ടുണ്ടു്. അപ്പോൾ അവിടെ വളരെ സ്ഥലങ്ങൾ തുറന്നുവെച്ചിരിക്കണം; അല്ലെങ്കിൽ എങ്ങിനെയാണ് പൊതുജനമനശ്ശാസ്ത്രജ്ഞനായ അദ്ദേഹം വ്യക്തിപരമായ ഗവേഷണങ്ങൾ നടത്തുക?

ഒരു പക്ഷെ പാക്കിസ്ഥാൻ പ്രധാന മന്ത്രിയും അപ്രകാരം ചെയ്യുന്നുണ്ടായിരിക്കാം! ഈ അവസരത്തിൽ പ്രധാനമന്ത്രി രാജ്യത്തില്ലെന്ന വിശ്വാസം എന്റെ ഊഹത്തെ കൂടുതൽ ശക്തിപ്പെടുത്തി. ചിലർ പറഞ്ഞു അദ്ദേഹം ഇറാക്കിലേക്കുപോയെന്നു, മററു ചിലർ പറഞ്ഞു, അദ്ദേഹം ജനകീയ യുദ്ധത്തിന്നു പോയിട്ടുള്ള ഭടന്മാരുമായി ഹൃദയംതുറന്നു സംസാരിക്കുന്നതിന്നു് ഇറാനിലേക്കു പോയെന്നു്. ഇനിയും വേറെ ചിലർ അദ്ദേഹം ലണ്ടനിലാണെന്നും പറകയുണ്ടായി. യാഥാർത്ഥ്യം ആരും അറിഞ്ഞിരുന്നില്ല! അശ്ശരാത്രിയിൽ ഒരു പുതിയ ഹരോൺ-ആൽ-റാഷിദ്ദിനെപ്പോലെ വേഷം മാറി സഞ്ചരിച്ചുകൊണ്ടു്, ഒരു പക്ഷെ അദ്ദേഹം ഈ നഗരത്തിൽതന്നെ ഉണ്ടായെന്നുവരാം.

പക്ഷെ സ്നേഹിതന്മാരിലോരുവൻ എന്റെ ആ തെററിദ്ധാരണ തീർത്തു; "വാസ്തവം" അയാൾ പറഞ്ഞു. "വ്യാപാരികളും കച്ചവടക്കാരും പൊതുപണിമുടക്കിൽ ഏർപ്പെട്ടിരിക്കയാണു്. ആ പണിമുടക്കം എല്ലാ കച്ചവടങ്ങളേയും ബാധിച്ചിട്ടുണ്ടു്. അതാണോ ഷാപ്പുകൾ പൂട്ടുവാൻ കാരണം"

"എന്തു്" ഞാൻ ഉറക്കെചോദിച്ചു; "ഒരു പൊതുപണിമുടക്കെന്നോ പറഞ്ഞതു്"?"

സ്നേഹിതൻ സ്വകാര്യമായി തല കുലുക്കി. പെട്ടെന്നു് എനിക്കു സ്വതേഉള്ള-വിനോദസ്വഭാവം തിരിച്ചുകിട്ടി. എന്റെ മനസ്സാക്ഷി പ്രവർത്തിക്കുവാൻ

തുടങ്ങി. ഒരു പൊതുപണിമുടക്കം! എന്തൊരു ഭാഗ്യമാണു് ഞാനതിന്നു ദൃക് സാക്ഷിയാവുകയെന്നതു്! എന്റെ മനസ്സു്, 1926_ൽ ഇംഗ്ലണ്ടിലുണ്ടായ പണിമുടക്കിലേക്കും, 1939_ൽ ഫ്രാൻസിൽ നടന്ന പണിമുടക്കിലേക്കും, അവക്കു കാരണമാക്കിയ പരിതഃസ്ഥിതികളിലേക്കും, അവയെ തുടൎന്നുണ്ടായ ഫലങ്ങളിലേക്കും, അവയിൽ ബാൾഡ്വിനും, സൈമണും, ചർച്ചിലും, ഡലെഡിയരും വഹിച്ച പ്രധാന പങ്കിലേക്കും, പിന്നോക്കം കുതിച്ചു. ഉടനെ ഞാൻ ഉറക്കെ ചോദിച്ചു:

"ആരാണു് തൊഴിലാളിനേതാവു്?"

സ്നേഹിതന്മാരെന്നെ സംശയത്തോടെ നോക്കി പറഞ്ഞു. "തൊഴിലാളിനേതാവു്? എന്തു തൊഴിലാളിനേതാവു്? എന്തിനെപ്പററിയാണു താങ്കളാലോചിക്കുന്നതു്?"

"ആട്ടെ" ഞാൻ ക്ഷമയോടുകൂടി മറുപടി പറഞ്ഞു. "ഒരു നിമിഷം മുമ്പു നിങ്ങളും ഇവിടെ പൊതുപണിമുടക്കുള്ളതായി പറഞ്ഞില്ലേ?"

"ഉവ്വു്; പക്ഷെ കച്ചവടക്കാരാണു പണിമുടക്കിലേൎപ്പെട്ടിരിക്കുന്നതെന്നുകൂടി ഞങ്ങളും പറകയുണ്ടായല്ലോ."

"കച്ചവടക്കാർ പൊതുപണിമുടക്കിൽ" ഞാൻ ആത്മഗതം ചെയ്തു. സ്നേഹിത, മററൊന്നു പറയൂ. അഥവാ താങ്കളെന്നെ ഒരു യക്ഷി കഥ പറഞ്ഞു കളിപ്പിക്കാനാണോ ഭാവം?"

"എന്തായാലും ഇതാണു സത്യം" അറുത്തുമുറിച്ചു മറുപടി കിട്ടി.

ഒരു നിമിഷനേരത്തേക്കെനിക്കു വീർപ്പുമുട്ടി. കച്ചവടക്കാർ പൊതുപണിമുടക്കിൽ! ഇതിനേക്കാൾ അത്ഭുതമായ ഒന്നു് ആരെങ്കിലും കേട്ടിട്ടുണ്ടോ? എൻെറ തല ചുററുവാൻ തുടങ്ങി. ആ ഒരൊററദിവസത്തിന്നുള്ളിൽ എനിക്കു് അനവധി കീഴ്മേൽ മറിച്ചലുകൾ അഭിമുഖീകരിക്കേണ്ടിവന്നു! എങ്കിലും ഞാൻ സ്വയം നിയന്ത്രിച്ചു.

"എന്തിന്നുവേണ്ടിയാണു് അവർ പണിമുടക്കു നടത്തുന്നതു്? തൊഴിലാളികൾക്കെതിരായി അവക്കു വല്ല ആവലാതികളുമുണ്ടോ?"

സ്നേഹിതന്മാർ എന്നിൽ ആർദ്രതയോടെ ദൃഷ്ടി പതിപ്പിച്ചുകൊണ്ടു പറഞ്ഞു: "പുതിയതായി പാക്കിസ്ഥാൻ ഗവമ്മേണ്ടു ചുമത്തിയ വില്പനനികുതിയിൽ പ്രതിഷേധം കാണിക്കുന്നതിന്നുള്ള ഒരു അടയാളമായിട്ടാണു് ഈ ഹത്താൽ തുടങ്ങിയിട്ടുള്ളതു്."

വില്പനനികുതിയെപ്പററി മുമ്പുതന്നെ ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഇപ്പോൾ അതു കുറച്ചുകൂടി വ്യക്തമായി. ഉടൻതന്നെ മുമ്പിലത്തെ അമ്പരപ്പുപോയി ആ സ്ഥാനത്തു ബോധം ഉളവായി. നമ്മുടെ രാജ്യത്തും ലോകത്തിലെ മററു ഭാഗങ്ങളിലും സാധാരണയായി തൊഴിലാളികളാണു പണിമുടക്കുക പതിവു്. പക്ഷെ, പാക്കിസ്ഥാൻ അതിൽനിന്നു വ്യത്യസ്തമായിരുന്നു! അതു് ഒരു അസാധാരണമായ

രാജ്യമാണ്. ഇവിടെ മുതലാളിയാണു പണിമുടക്കിയതു്! ഈ വാസ്തവം എന്നെ കിക്കിളിപ്പെടുത്തി ഇതിനെപ്പററി കൂടുതൽ അറിവു സമ്പാദിക്കുവാൻ തന്നെ ഞാൻ തീർച്ചപ്പെടുത്തി.

ഈ അത്ഭുത പ്രസ്ഥാനത്തിന്റെ നേതാവു് പാക്കിസ്ഥാൻ വ്യാപാരിമണ്ഡലത്തിന്റെ അദ്ധ്യക്ഷനായ ലാഖാ ബിഹാറിലാൽ ചണ്ണയായിരുന്നു. ഇദ്ദേഹം സൂത്രക്കാരനായ ഒരാളാണെന്നും, വ്യാപാരിവർഗ്ഗത്തിൽ ലയിച്ചുകിടക്കുന്ന ഉത്സാഹത്തെ പുറത്തു പുറപ്പെടുവിച്ച ഹർത്താൽ രഥം ചമയിച്ചതു് ഇദ്ദേഹമാണെന്നും, അതിപ്പോൾ പരിപൂർണ്ണവും സാർവ്വത്രികമായും തീർന്നുവെന്നും, സ്നേഹിതന്മാർ എന്നെ പറഞ്ഞുധരിപ്പിച്ചു. പാക്കിസ്ഥാന്റെ ഒരററം മുതൽ മറെറ അററംവരെ ഷാപ്പുകളെല്ലാം അടച്ചിടുകയും, കച്ചവടം സ്തംഭിക്കുകയും വ്യാപാരം ക്ഷീണിക്കുകയും ചെയ്തിരിക്കുന്നു. ഈ കററ നാട്ടുപുറങ്ങളിലേക്കുകൂടി പടർന്നുപിടിച്ചിട്ടുണ്ടു്. ഇതിന്റെ തീവ്രത കൂടുതലാകുവാനും എളുപ്പമുണ്ടത്രെ! ഞങ്ങൾ തമ്മിൽ ഒരു കൂടിയാലോചനായോഗത്തിന്നു് ഏർപ്പാടുചെയ്യാമെന്നു് അവർ പറയുകയും, ആ അഭിപ്രായത്തെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്തു. അഭിജ്ഞവൃത്തങ്ങൾ, ഇക്കാര്യത്തിൽ, ബിഹാരിലാൽ ചണ്ണയിലും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരിലും തങ്ങളുടെ വിശ്വാസം അർപ്പിക്കുന്നതിനേക്കാൾ, റവന്യൂ മന്ത്രിയായ ബഹുമാന്യപ്പെട്ട

സർഛോട്ടു രാമനിൽ ആയിരിക്കും അപ്പിക്കുക എന്ന വസ്തുതകൂടി പറയുവാനവർ മടിച്ചില്ല. "ഛോട്ടുരാമൻെറ ഒരു ചെപ്പടിവിദ്യ"യായിട്ടാണു ഈ ഫത്താൽ അവരുടെ ഇടയിൽ മിക്കവാറും ഗണിക്കപ്പെട്ടതു്. എന്നാൽ സർ ഛോട്ടുവിൻെറ അത്യഭാനത്താലോ, ഭാഷയുടെ ഭംഗിയാലോ, ഭാഷാശൈലിയിലുള്ള വക്രതയാലോ, പെരുമാററത്തിലുള്ള ആർജ്ജവത്താലോ എന്തോ ഈ ഫത്താൽ അത്ര പരിപൂർണ്ണമോ പൊരുളടങ്ങിയതോ ആയിരുന്നില്ല. പക്ഷെ, കാര്യമറിയാത്ത ജനങ്ങൾ, പാക്കിസ്ഥാനിലെ ഒരു വലിയ നേതാവായ മറെറാരുവനോടു കാണിക്കുന്ന അനീതിയാണിതെന്നു കരുതാതെ, മുഴുവൻ അഭിനന്ദനങ്ങളും വ്യാപാരിമണ്ഡലത്തിൻെറ അദ്ധ്യക്ഷനിൽ വർഷിക്കുകയാണു ചെയ്തതു്! എനിക്കദ്ദേഹത്തെക്കൂടി കാണുവാനിഷ്ടമുണ്ടോ എന്നു എന്നോടു ചോദിച്ചു. എന്നാൽ, അങ്ങിനെയുള്ളൊരു ജാലവിദ്യക്കാരനെ നേരിട്ടു കണ്ടുമുട്ടുന്നതു ഭയങ്കരമായി തോന്നുകയാൽ അതു കൂടാതിരിക്കുകയാണു് നല്ലതെന്നാണു ഞാൻ പറഞ്ഞതു്.

എന്തായാലും ഛാലാഖിഫാരിലാൽ ചണ്ണയുടേയും സർ ഛോട്ടുരാമൻേറയും ഇടയിലായി സാധനങ്ങൾ വാങ്ങുവാനുള്ള എൻെറ അത്യാശ തീരെ നശിച്ചു. പാക്കിസ്ഥാനിലെ പ്രസിദ്ധമായ കരകൗശലസാമർത്ഥ്യത്തെ കാണിക്കുന്ന പണിത്തരങ്ങളുടെ—മറെറാരുവിധത്തിൽ പ്രശസ്തികിട്ടുവാൻ കഴി

യാത്തവയും വിശേഷപ്പെട്ടവയെന്നു കൊട്ടിഘോഷിക്കുന്നവയുമായ നിസ്സാരസാധനങ്ങളുടെ—രസകരമായ മാതൃകകഠം സമ്പാളിക്കുന്നതിന്നു ഞാൻ ഉററുനോക്കിക്കൊണ്ടിരുന്നു. അതിൽ ഒരു നോട്ട വീഴ്ച്ചയോടെ ഞങ്ങഠം വീണ്ടും മുന്നോട്ടുപോകുവാൻ തയ്യാററായി.

## 4. പാക്കിസ്ഥാൻെറ തലസ്ഥാനനഗരം.

അധികം കഴിയുന്നതിന്നുമുമ്പു്, എൻെറ സ്നേഹിതന്മാർ, വൃത്തിഹീനമായ പാർശ്വവീഥിയിൽ തിങ്ങിവിങ്ങിയ വീടുകളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന അനാഡംബരമായ ഒരു ശവകുടീരത്തിലേക്കു് എൻെറ ശ്രദ്ധയെ ക്ഷണിച്ചു.

"ഇതാരുടെ ശവകുടീരമാണു്" അലസതയോടെ ഞാൻ ചോദിച്ചു. ഞാൻ വിചാരിച്ചു, മതശ്രദ്ധയില്ലാത്ത ഇക്കാലത്തു് അനുസരിക്കുവാൻ വെറുപ്പുതോന്നിക്കുന്ന അപരിഷ്കൃതനായ ഏതോ ഒരു പഴയ സിദ്ധൻെറ ശവകുടീരമായിരിക്കാമെന്നു്!

"ഇതു് സുൽത്താൻ കുത്തബുദ്ദീൻ അയിബെക്കിൻെറ അന്ത്യവിശ്രമസ്ഥലമാണു്" എന്നായിരുന്നു പെട്ടെന്നുള്ള അപ്രതീക്ഷിതമായ മറുപടി.

"സുൽത്താൻ കുത്തബുദ്ദീൻ" ഞാൻ ഉറക്കെപ്പറഞ്ഞു. "ഡൽഹിയിലെ കുത്തബ്ബു്" മൈനറിനോട്ട

നാമസംബന്ധമുള്ള രാജാവിനെയാണോ നിങ്ങൾ വിവക്ഷിക്കുന്നതു്."

"അതെ, അതു തന്നെ"

ഞാൻ ആ മാർഗ്ഗദർശിയുടെ മുഖത്തേക്കു സംശയിച്ചു നോക്കി. പാക്കിസ്ഥാൻ, തീരെ അവിചാരിതങ്ങളായ അത്ഭുതങ്ങളുള്ളൊരു രാജ്യമായി കാണപ്പെട്ടു. അഞ്ചു വൻകരകളിൽ നിന്നും വരുന്ന സഞ്ചാരികൾക്കു് ഏററവും ഇഷ്ടപ്പെട്ട പ്രാചൃസ്ഥാനവും, ഡൽഹിയുടെ അഭിമാനസ്തംഭവും, നിർജ്ജീവമാക്കപ്പെട്ട ശോഭയോടുകൂടിയതും, അതിമഹത്തായിട്ടുള്ളതുമായ കുത്തബ്ബ് മൈനാർ എവിടെ? ഒരു വലിയ തലസ്ഥാനനഗരിയുടെ ആരും തിരിഞ്ഞുനോക്കാത്ത മൂലയിൽ തീരെനിഷ്പ്രഭമായി, കാഴ്ചയിൽ നിസ്സാരമായിസ്ഥിതി ചെയ്യുന്ന ഈ ചെറുശവകുടീരമെവിടെ?

"പറയൂ" ഞാൻ വ്യസനത്തോടെ പറഞ്ഞു "പ്രതാപശാലിയായ ഒരു രാജാവിനെ ഇങ്ങിനെ നിസ്സാരമായ ഒരു സ്ഥലത്തു് അടക്കം ചെയ്യാനിടയായതെങ്ങനെ?"

"കുത്തബ്ബുദ്ദീൻ" സ്നേഹിതൻ മറുപടിപറഞ്ഞു, "പതിമൂന്നാം നൂററാണ്ടിൻെറ ആദൃദശകത്തിൽ നാലുകൊല്ലക്കാലം വടക്കെ ഇന്ത്യ ഭരിച്ചു. അദ്ദേഹം ഒരു വെറും അടിമയായി ജനിച്ചു് തൻെറ പ്രാപ്തിയുടെ നിർദ്ദാക്ഷിണ്യമായ ശക്തികൊണ്ടു് ഒരു സേനാപതിയുടെ നിലയിൽ മഹാപരാക്രമങ്ങളെ മുഴുവൻ വെളിപ്പെടുത്തി, ഇന്ത്യയിൽ സ്ഥാനമുറപ്പി

KOTTAYAM PUBLIC LIBRARY KOTTAYAM

ച്ചു, രാജ[illegible]യിലേക്കുയന്നു് അടിമരാജവംശം സ്ഥാപിച്ചു.

"അദ്ദേഹ[illegible] കളികളിൽ, പ്രത്യേകിച്ചു് ഇപ്പോഴത്തെ പോളോകളിയുടെ ബദലായ, ചൌഗാൻ കളിയിൽ വളരെ ഇഷ്ടപ്പെട്ടിരുന്നു. ഒരു ദിവസം കളിക്കുന്നതിന്നിടയിൽ ഒരപകടം പററുകയും അതിൻെറ ഫലമായി അദ്ദേഹം മരണമടയുകയും ചെയ്തു"

"ഇപ്പോൾ നിസ്സാരമായ ഒരു വെറും ഗുഹയായി നാം കാണുന്ന ഈ സ്ഥലം ഒരു കാലത്തു് സുൽത്താൻ കുത്തബ്ബുദ്ദീൻെറ അവശിഷ്ടങ്ങൾ രാജകീയാഡംബരത്തോടുകൂടി മറവുചെയ്തിരുന്ന ഒരു മനോഹരപ്രദേശമായിരുന്നു. താങ്കളിപ്പോൾ കാണുന്ന ഈ കാഴ്ച തീച്ച്യയായും, കാലത്തിൻേറയും ദീഘമായ അശ്രദ്ധയുടേയും ഫലമാണു്".

"അശ്രദ്ധ"യെന്ന വാക്ക് എന്നെ പെട്ടെന്നു് ഉണത്തി; അതെല്ലാററിനേയും വിശദമാക്കി. ഞാൻ വിചാരിച്ചു, പാക്കിസ്ഥാനിലെ പൊതുമരാമത്തുവകുപ്പിൻെറ ചാജ്ജുവഹിക്കുന്ന മന്ത്രിയായ മേജർ കിസാർ ഹയ്യത്ഖാൻ, രാജാക്കന്മാരുടെ ഒരു ശത്രുവും, രാജത്വത്തിൻെറ പരമവിദ്വേഷിയും പക്ഷെ ആപൽക്കാരിയായ ഒരു വിപ്ലവകാരി കൂടിയും ആയിരിക്കണം. രാജകീയശവകുടീരത്തിന്മേലുള്ള ഈ അനാസ്ഥ, പ്രജായത്തസിദ്ധാന്തങ്ങളിലുള്ള അദ്ദേഹത്തിൻെറ തെററായ വിശ്വാസം കൊണ്ടുണ്ടായതായിരിക്കണമെന്നു് ഞാൻ തീച്ച്യയാക്കി.

ഈ വിവരണം എൻെറ സ്നേഹിതന്മാക്ക് അപമാനകരമായിട്ടാണ് തോന്നിയതെന്ന് എനിക്കു എളുപ്പത്തിൽ കാണുവാൻ കഴിഞ്ഞു. "കിസാർ ഹയ്യത്, രാജാക്കന്മാരുടെ ശത്രു! ആരാണു കേട്ടിട്ടുള്ളതു് ഇത്ര നിഷ്ഠുരനായ............" എൻെറ സ്നേഹിതൻ തീർച്ചയായും ഇതിലും മൂർച്ചയേറിയ ഒരു വാക്കു ഉപയോഗിപ്പാനാണ് ആഗ്രഹിച്ചതു്; എന്നാൽ എൻെറ വികാരങ്ങളെ അനാവശ്യമായി വ്രണപ്പെടുത്തുമെന്നു കരുതി തക്കസമയത്തു തന്നെ നിറുത്തി. "വാസ്തവത്തിൽ" അയാൾ തുടന്നു, "അദ്ദേഹം ചക്രവർത്തിയുടെ ഭക്തനായ ഒരു പ്രജയാണ്. രാജഭക്തന്മാരുടെ കൂട്ടത്തിൽ ഇദ്ദേഹത്തെപ്പോലെ വേറൊരുവനെ താങ്കൾ കാണുകയില്ല."

"എന്നാൽ എങ്ങിനെയാണ് ഈ അത്ഭുതത്തെ വ്യാഖ്യാനിക്കേണ്ടതു്." ഞാൻ ആത്മഗതം ചെയ്തു. പെട്ടെന്ന് എനിക്കൊരു വെളിവാടുണ്ടായി. ഞാൻ ഏതാണ്ടു് ഊഹിച്ചു, പാക്കിസ്ഥാനിലെ പ്രസിദ്ധപ്പെട്ട ഒരു രാജ്യതന്ത്രജ്ഞൻ ഒരു വഹാബിയായിരുന്നു. ഇപ്പോൾ ഈ വഹാബികൾ അഭിനന്ദ്യരായ ജനങ്ങൾ തന്നെയാണ്; പക്ഷെ അവക്കു ശവകുടീരങ്ങളെക്കുറിച്ച് ഒരു വലിയ വിദ്വേഷമുണ്ടു്. അവരൊരു ശവകുടീരം കണ്ടാൽ ഉടനെ അതു നശിപ്പിക്കുവാൻ നോക്കുകയായി. അപ്പോൾ ഇതായിരിക്കണം കാരണം; ഈ മന്ത്രി പ്രസിദ്ധനായ ഒരു രാജ്യതന്ത്രജ്ഞൻ കൂടിയായിരിക്കണം.

എന്നാൽ വീണ്ടും ഇപ്പോൾ, കുറെക്കൂടി പരുഷമായവിധത്തിൽ എന്റെ തെററു തിരുത്തപ്പെട്ടു. "താങ്കൾ ആരെയോ ഒരുവനെ നവാബ് കിസാൻ ഹയ്യാത്ഖാനുമായി കൂട്ടിപ്പിണയ്ക്കുന്നു. ഹയ്യാത് ഖാൻ ഒരു വഹാബിയല്ല; പിന്നെയോ, ഒരു തനി മുസൽമാനാകുന്നു."

"ഒരു തനി മുസൽമാൻ" ഞാൻ ഉറക്കെ ഘോഷിച്ചു. നിങ്ങളെന്താണ് അർത്ഥമാക്കുന്നത്? ഒരു വഹാബിയും തനി മുസൽമാൻ തന്നെയല്ലേ?"

"ശ്ശ് ശ്ശ്" എന്റെ സ്നേഹിതൻ വിലക്കി "പതുക്കെപതുക്കെ. ഇത്തരത്തിലുള്ള ദുർഘടചോദ്യങ്ങളെപ്പററി പൊതുനിരത്തിൽവെച്ചു സംസാരിക്കുന്നതു യുക്തമല്ല. താങ്കൾക്കീവിഷയത്തെപ്പററി കൂടുതൽ വിവരങ്ങൾ അറിവാനിച്ഛയുണ്ടെങ്കിൽ ഈ സ്ഥലത്തുവെച്ചു സാധിക്കുക പ്രയാസമാണ്"."

ഒരു നിമിഷത്തിന്നുശേഷം കുറെക്കൂടി ശാന്തമായ സ്വരത്തിൽ അയാൾ തുടന്നു. "താങ്കൾ മനസ്സിലാക്കണം, ഞങ്ങൾ വലിയ മതഭക്തിയുള്ള ജനങ്ങളാണ്. വാസ്തവത്തിൽ ഇവിടെയുള്ള അനവധി രാഷ്ട്രീയകക്ഷികൾ അവരവരുടെ വിജയത്തിന്നുവേണ്ടി ഈ മനോഭാവത്തെ പ്രധാനമായി ആശ്രയിക്കുന്നു. താങ്കൾക്കിതറിഞ്ഞുകൂടായിരിക്കാം; എന്നാൽ പാക്കിസ്ഥാനിലെ രാഷ്ട്രീയം, ചില പ്രത്യേകസന്ദർഭങ്ങളിൽ—അതായത് നിയമസഭയിലേക്കോ തദ്ദേശഭരണസഭയിലേക്കോ ഉള്ള തിരഞ്ഞെടുപ്പുകളിൽ

—അത്യാവശ്യമായിവരുമ്പോൾ മതവികാരങ്ങളെ ഇളക്കിവിടുന്ന ഒരു കലയാണു്! ആരാണോ അധികം സാമർത്ഥ്യത്തോടുകൂടി ഇതു പ്രയോഗിക്കുന്നതു് അവർ മിക്കപ്പോഴും ജയിക്കുന്നു. അതാണിവിടെയുള്ളതു്."

രാഷ്ട്രീയകാര്യത്തിന്റെ ഹൃദയാവർജ്ജകമായ ഈ പുതിയ വ്യാഖ്യാനം എനിക്കധികം ഉള്ളിൽകൊണ്ടു. ഇതിന്നുമുമ്പു്, ആരും, ഇത്ര മനോഹരമായി, സൂക്ഷ്മമായി അഥവാ മഹാജനമനശ്ശാസ്ത്രത്തിന്നനുസരിച്ചു്, ഇതിനെ വ്യാഖ്യാനിച്ചിട്ടില്ല. ചാണക്യനും മാക്കിയാവെല്ലിയും തുടങ്ങി ബർട്രാൻഡു് റസ്സലും പ്രൊഫസർ ബ്രിജ് നാരായണനും വരെയുള്ള എല്ലാം പ്രസിദ്ധന്മാരായ സാമുദായികശാസ്ത്രജ്ഞന്മാരും ഇതിലെ ആത്മാർത്ഥതയുടെ മുമ്പിൽ തലകുനിക്കണം. ലാസ്കിയുടെ "രാഷ്ട്രീയ സിദ്ധാന്ത"ത്തിന്റെ അടുത്ത പതിപ്പിൽ ഈ വ്യാഖ്യാനം കൂട്ടിച്ചേർക്കത്തക്കവിധം അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് എഴുതി അയപ്പാൻ ഞാൻ നിശ്ചയിച്ചു.

II

"ഇവിടെനിന്നു് എങ്ങോട്ടു പോകുവാനാണു താങ്കളിഷ്ടപ്പെടുന്നതു്" ചിന്താമഗ്നനായി കണ്ട എന്നോടു കൂട്ടുകാരിലൊരുവൻ ചോദിച്ചു.

കുഞ്ഞബ്ദുള്ളയുടെ ശവകുടീരം എന്നിലുള്ള ചരിത്രപരമായ സ്മരണയെ ഉണർത്തി. "എന്നെ കൂട്ടി

കൊണ്ടുപോകു" ഞാൻ പറഞ്ഞു. "നിർജ്ജീവമായ ഈ അനാർക്കലിയിൽനിന്നു പുരാതനമഹിമകളുടേയും പുരാണങ്ങളുടേയും ഐതിഹ്യങ്ങളുടേയും നഗരമായ ലാഹോറിലേക്ക്. ഈ പ്രാചീനനഗരത്തിൻെറ ഉല്പത്തിയേയും പേരിൻെറയും ആഗമനത്തെക്കുറിച്ചു വല്ലതും എന്നോടു പറയൂ."

"ഇവിടെനിന്നും ഒരു നാഴികക്കപ്പുറം" മറുപടി കിട്ടി "താങ്കളുടെ ചോദ്യത്തിന്നുത്തരം പറയുന്ന ഒരു ചെറിയ പഴയക്ഷേത്രം ഇന്നും മുൻസ്ഥിതിയിൽ തന്നെ നിലനില്ക്കുന്നു. ഇതു് ലോഹിൻെറ ക്ഷേത്രമാകുന്നു. ശ്രീരാമചന്ദ്രൻെറ മക്കളായ ലവനും കുശനും ഈ ചുറവപാടിൽ, വന്നു പാർപ്പുറപ്പിച്ചതായി "രാമയാണം നമ്മോടു പറയുന്നു. ലവൻ അഥവാ ലോഹ്" ഒരു പട്ടണം പണിചെയ്യിക്കകയും അതിനുചുററം ബലമായ മതിൽ കെട്ടുകയും ചെയ്തു. "അവർ" എന്നാൽ കോട്ടയെന്നത്ഥം, അതിനാൽ ഈ സ്ഥലം ലോഹവർ—ലോഹിൻെറ കോട്ട—എന്ന പേരിലറിയപ്പെട്ടു. നൂററാണ്ടുകളിലൂടെ ലോഹവാർ ലാഹോറായിമാറി"

"ഇത്" വളരെ രസകരമായ ഒരു കഥതന്നെ, ഞാൻ ഇടയിൽ കയറിപറഞ്ഞു. "എന്നാൽ താങ്കളിനി കഥ തുടൻു പറയുന്നതിനുമുമ്പു ലോഹൻെറ സഹോദരനായ കുശനെന്തുണ്ടായി എന്നുകൂടി എന്നോടു പറയണം."

"കൊള്ളാം" സ്നേഹിതൻ തുടൻ "അദ്ദേഹവും ലാഹോറിൽനിന്നു് അധികം അകലത്തല്ലാതെ ഒരു നഗരം സ്ഥാപിച്ചു. അതും സാധാരണമട്ടിൽ അദ്ദേഹത്തിൻെറ നാമത്താൽതന്നെ അറിയപ്പെടുന്നു. ഇന്നതു കസൂർ എന്ന പേരിലാണു് അറിയപ്പെടുന്നതു്. ഈ സ്ഥലം വളരെ ശ്രുതിപ്പെട്ടതാണു്; എന്തുകൊണ്ടെന്നാൽ നമ്മുടെ വലിയ നേതാക്കന്മാരിൽ ഒരാളായ മൗലാനാ അബ്ദുൾഖാദർ കസൂരി അവിടത്തുകാരനാണല്ലോ.

എൻെറ സ്നേഹിതന്മാർ ലാഹോറിനെ സംബന്ധിച്ച മനോഹരകഥകൾ ഓരോന്നായി കേട്ടുഴിച്ചു. ഈ നഗരത്തിൻെറ സ്ഥാപനത്തിന്നുശേഷം പല നൂററാണ്ടുകൾ കഴിഞ്ഞിട്ടും അതിനെക്കുറിച്ചു യാതൊന്നും അറിഞ്ഞിരുന്നില്ല. ഇതു സംബന്ധിച്ച നമുക്കുള്ള അറിവില്ലായ്മയെ പരിഹരിക്കുവാൻ, ഇതിലെ നഷ്ടാവിഷ്ടങ്ങളിൽ പുരാണവസ്തുഗവേഷകൻ നടത്തുന്ന തുമ്പുകൾ മാത്രമേ കഴിവുള്ളൂ. ആകെക്കൂടി പറയുവാൻ സാധിക്കുന്നതു്, ക്രിസ്തുവർഷത്തിൻെറ ആദ്യത്തെ ഏഴുനൂററാണ്ടുകളിൽ അതൊരു ഉയൻവരുന്ന നഗരവും രജപുത്രരാജ്യത്തിൻെറ തലസ്ഥാനവുമായിരുന്നു എന്നാണു്. വലിയ ചൈനീസ് പണ്ഡിതനും പ്രസിദ്ധസഞ്ചാരിയുമായ ഹ്യുയാങ്ങ്സാങ്ങ്—അക്കാലത്തു് ഇന്ത്യയിലെ സമകാലികസ്ഥിതിയെ സംബന്ധിച്ച നമ്മുടെ അറിവിന്നു് അദ്ദേഹം നൽകിയ വിശ്വസനീയ

 No: 11206

മായ വിവരണങ്ങൾക്കു നാം കടപ്പെട്ടിരിക്കുന്നു— എ. ഡി. 630_ൽ ജലന്ധറിലേക്കുപോകും വഴിക്കു ലാഹോറിൽക്കൂടെ കടന്നുപോകുകയും അതു് ഒരു വലിയ ബ്രാഹ്മണനഗരമാണെന്നു വർണ്ണിക്കുകയും ചെയ്തിട്ടുണ്ടു്.

പത്താം നൂററാണ്ടിൻെറ അവസാനത്തോടുകൂടി, ആദ്യത്തെ പരാജയത്തിന്നുശേഷം, ഒരു ഭയങ്കരയുദ്ധത്തിൽവെച്ചു സബക്തജിൻ ലാഹോറിലെ രാജാവായ ജയപാലനെ തോല്പിച്ചു. ഒരു കാൽനൂററാണ്ടിന്നുശേഷം സബക്താജിൻെറ പുത്രൻ സുൽത്താൻ മുഹമ്മതു് ഗസനി, ഒരിക്കൽക്കൂടി നഗരത്തെ ആക്രമിക്കുകയും, ജയപാലൻെറ മകനായ രാജാ അനംഗപാലൻെറ സൈന്യങ്ങളുമായി ഏററുമുട്ടുകയും ചെയ്തു. അനംഗപാലൻ ഒരു വലിയ സഖ്യസൈന്യത്തോടുകൂടി അയാളെ വഴിക്കുവെച്ചു തടുത്തു. ആ യുദ്ധത്തിൽ ജയശ്രീ സുൽത്താൻ മുഹമ്മതിനെ വരിക്കുകയും, 1008_ൽ നഗരം അദ്ദേഹത്തിൻെറ കൈവശമാകുകയും ചെയ്തു. മാലിക്ക് അയാസിനെ അവിടത്തെ ഗവർണ്ണരായി സുൽത്താൻ നിയമിച്ചു.

മുസ്ലിംമിങ്ങളുടെ ഇടയിൽ പ്രസിദ്ധമായ ഐതിഹ്യം മാലിക്ക് അയാസിനെ ലാഹോറിൻെറ സ്ഥാപകനായിപ്പറയുന്നു. അദ്ദേഹം ഒരു ജാലവിദ്യ പ്രയോഗിച്ചു് അതിലെ കോട്ടയും മതിലുകളും ഒരേ ഒരു രാത്രികൊണ്ടു പണിയിച്ചതായി പറയപ്പെടുന്നു.

ദൈവഭക്തിയുള്ളവരും പാമരന്മാരുമായ ജനങ്ങൾ ഇപ്പോഴും, ടാക്സലിഗേയിററിന്നു സമീപം സ്ഥിതി ചെയ്യുന്ന മാലിക്ക് അയാസിൻെറ ശവകുടീരം സന്ദർശിച്ചു ബഹുമാനിക്കുക പതിവുണ്ടു്. ലോഹിൻെറ അമ്പലവും മാലിക്ക് അയാസിൻെറ ശവകുടീരവും വളരെ അകന്നല്ലാ നിലകൊള്ളുന്നതു്. ലാഹോറിൻെറ സ്ഥാപകന്മാർ രണ്ടുപേരും അന്യോന്യം അത്ര അടുത്തുസ്ഥിതി ചെയ്യുന്നതു് ഏതായാലും നല്ലതു തന്നെ.

സുൽത്താൻ മുഹമ്മതിൻെറ പിൻതുടച്ചക്കാരും ഈ പുതിയ പട്ടണത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. മസൂർ രണ്ടാമൻെറ കാലത്തു്, വാസ്തവത്തിൽ, സാമ്രാജ്യത്തിൻെറ തലസ്ഥാനം ഗസനിയിൽ നിന്നു ലാഹോറിലേക്കു മാററുകതന്നെ ചെയ്തു. പന്ത്രണ്ടാം നൂററാണ്ടിൻെറ അവസാനകാലംവരെ—ഗസനിവംശത്തിൻെറ സ്ഥാനത്തു ഘോർവംശം വരുന്നതുവരെ—അതവിടെത്തന്നെ സ്ഥിതി ചെയ്തു. എ. ഡി. 1210-ൽ സുൽത്താൻ കുത്തബ്ബുദ്ദീൻ ഒരപകടം പിണഞ്ഞു് ഇവിടെ വെച്ചു മരിച്ചു. അദ്ദേഹത്തിൻെറ ശവകുടീരം ഞാൻ മുമ്പുതന്നെ കാണുകയുണ്ടായി.

പ്രസിദ്ധസാമുദായികശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം, സംസ്കാരത്തിൻെറ ഉയർച്ചയും താഴ്ചയും, അതു പ്രകാരംതന്നെ നഗരങ്ങളുടെ അഭ്യുദയവും അധഃപതനവും സ്ഥിതിഗതികളുടെ അ

അക്രമമായ ഭ്രമണത്തെ സൂചിപ്പിക്കുന്നു. അതങ്ങിനെ തന്നെ ആയിക്കൊള്ളട്ടെ; എന്നാൽ അടുത്ത മൂന്നുറു വർഷങ്ങൾ ഒരു വേലിയിറക്കത്തെയാണ കാണിക്കുന്നതു്. ഡൽഹി, സാമ്രാജ്യത്തിൻെറ തലസ്ഥാനമായിത്തീരുകയും, ഭരണകർത്താക്കളായ രാജവംശങ്ങൾ—കിൽജികൾ, തുഗ്ലക്കുകൾ എന്നിവർ—സാമ്രാജ്യത്തെ തെക്കോട്ടു വ്യാപിപ്പിക്കുന്നതിൽ ഉത്സുകരാകയും അതോടെ വടക്കൻ തലസ്ഥാനത്തെ അലക്ഷ്യമാക്കിത്തുടങ്ങുകയും ചെയ്തു. എ. ഡി. 1524-ൽ ലാഹോറിലെ ഗവൎണ്ണരായിരുന്ന ദൌലത്ഖാൻ ലോഡി സാമ്രാജ്യാധികൃതന്മാരോടെതിൎക്കുകയും, തൻെറ സഹായത്തിന്നുവരുവാൻ മുഗൾരാജാവായ ബേബറെ ക്ഷണിക്കുകയുംചെയ്തു. ഇതു നമ്മുടെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം സൃഷ്ടിച്ചു.

എങ്കിലും, മഹാനായ അക്ബരുടെ കാലത്തിന്നു മുമ്പുതന്നെ, ലാഹോർ അതിൻെറ പഴയ പ്രതാപം കുറച്ചെങ്കിലും വീണ്ടെടുത്തു. ബേബറും ഹുമയൂണും അതിൻെറ ചരിത്രത്തിൽ ഒരടയാളവും രേഖപ്പെടുത്തുന്നില്ലെങ്കിലും, ഹുമയൂണിൻെറ സോദരനായ കംറാൻ, തൻെറ കഴിവുകൾക്കപ്പുറം, നഗരത്തെ മനോഹരമാക്കുവാൻ പ്രയത്നിച്ചു! അദ്ദേഹത്തിൻെറ "ബാരദാരി"യുടെ നഷ്ടശിഷ്ടങ്ങൾ ഇന്നും കാണുവാൻ സാധിക്കും. അക്ബരുടെ ഭരണത്തിലെ സമാധാനവും രക്ഷയും, കലകൾക്കും കൊത്തുവേലകൾക്കും അദ്ദേഹം നൽകിയ അമിതമായ ആനുകൂ

ല്യവും ഒരു നവോത്ഥാനം അവിടെ ഉണ്ടാക്കിത്തീൎത്തു. ലാഹോർ സന്ദർശിച്ച പോർത്തുഗീസ്സുകാരും ഇംഗ്ലീഷുകാരുമായ സഞ്ചാരികൾ ഇതിന്നു സാക്ഷ്യം വഹിക്കുന്നു. അവരിൽ വാചാലന്മാരായ ഫിഞ്ച്, ന്യൂബറി, ലീഡ്സ്, സ്റ്റോറി എന്നിവർ ഉൾപ്പെടും. അക്ബർ പിന്നീട് തന്റെ ആസ്ഥാനം ആഗ്രയിലേക്കും അവിടെനിന്നു ഫത്തേപ്പൂർ സിക്രിയിലേക്കും മാററി. എന്നാൽ അദ്ദേഹത്തെ പിൻതുടൎന്ന ജിഹാംഗീരിന്റെ കാലത്തു ലാഹോർ വീണ്ടും മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനമായി. ഷാജഹാൻ ഇവിടെ ജനിക്കുകയും അതേ കാരണത്താൽ താൻ ജനിച്ച പട്ടണത്തോട് ആർദ്രഹൃദയനാകയും ചെയ്തു. അറംഗസീബാകട്ടെ തെക്കൻദിക്കിൽ ദീർഘകാലമായുള്ള തന്റെ അസാന്നിദ്ധ്യത്തെ വകവെക്കാതെ ലാഹോറിനെ മനോഹരമാക്കുന്നതിലും പുഷ്ടിപ്പെടുത്തുന്നതിലും ഒരു ചെറിയ പങ്കുപോലും വഹിച്ചില്ല. നാലു മുഗൾചക്രവൎത്തിമാരും കോട്ടകെട്ടുന്നതിലും വിസ്താരപ്പെടുത്തുന്നതിലും പട്ടണത്തെ മനോഹരമാക്കുന്നതിലും വ്യാപൃതരായിരുന്നു.

മുഗൾസാമ്രാജ്യത്തിന്റെ അന്ത്യകാലത്തു സിക്കുകാർ പ്രവേശിച്ചു. രഞ്ജിത്ത്സിംഗ് നഗരത്തിന്റെ പുനരുദ്ധാരണവിഷയത്തിൽ ചില ചില്ലറ പരിശ്രമങ്ങൾ ചെയ്തുവെങ്കിലും പരിത:സ്ഥിതികൾ അതിന്നനുകൂലമായിരുന്നില്ല. 1849_ൽ ബ്രിട്ടീഷു

KOTTAYAM PUBLIC LIBRARY KOTTAYAM

കാർ അതിൻെറ ഉടമാവകാശം കൈവശപ്പെടുത്തുകയും, അതിന്നുശേഷം ഇപ്പോഴത്തെ ലാഹോർനഗരം ഉടലെടുക്കുകയുംചെയ്തു. 1941-ലെ കാനേഷുമാരി കണക്കുപ്രകാരം ഇതിൽ ആകെ ജനസംഖ്യ 682,000 ആകുന്നു.

## III

ഞങ്ങരം പലേ സ്ഥലങ്ങളും സന്ദർശിച്ച് ക്ഷണത്തിൽ ബാദ്ഷാഹി പള്ളിയിലെത്തിച്ചേർന്നു. അതിലെ വെണ്ണക്കല്ലുകൊണ്ടുള്ള താഴികക്കുടങ്ങളും ഉന്നതങ്ങളായ മണിഗോപുരങ്ങളും വളരെ നാഴിക അകലത്തുനിന്നുതന്നെ കാണാവുന്ന ഒരു മനോഹര കാഴ്ചയായിരുന്നു. ഔറംഗസീബു ചക്രവത്തിയുടെ ആജ്ഞാനുസരണം പണിചെയ്ത ഇതു പാക്കിസ്ഥാനിലെ ഏററവും വിശാലവും ഗംഭീരവുമായ ഒരു പള്ളിയാകുന്നു. അതിൻെറ രചനാഭംഗിയും സൂക്ഷ്മമായ ശില്പമോടിയും പരിപൂർണ്ണമായ ഒരുമ്പാടും ആരുടേയും മനസ്സിനെ ആകർഷിക്കുന്നതാണ്. ചുവന്ന ചാണക്കല്ലും, വെണ്ണക്കൽ ഗോപുരവും കടന്നുചെന്നാൽ 530 അടി × 527 അടി അളവുള്ള ഒരു വിശാലമായ നടുമുററത്തിലേക്കു ചെന്നുചേരും. മറേറ അററത്തു തനി വെണ്ണക്കൽകൊണ്ടുണ്ടാക്കിയ മൂന്നു താഴികക്കുടങ്ങരം കാണാം. ഇതു കാണുമ്പോരം ഈ വിദഗ്ദ്ധശില്പികരം "രാക്ഷസന്മാരെപ്പോലെ പണിയുമെങ്കിലും സ്വണ്ണപ്പണിക്കാരെപ്പോലെ പണി അവസാനിപ്പിക്കുന്നു" എന്നു ജെയിംസ് ഫർഗ്ഗുസ്സൻ

മറെറാരവസരത്തിൽ പറഞ്ഞ വാക്കുകളെ ശക്തിയായി അനുസ്മരിച്ചുപോകും. ഈ മനോഹരമായ പള്ളിക്കു കാലപ്പഴക്കംകൊണ്ടു വല്ലതെ കേടുപാടുകൾ വന്നിട്ടുണ്ടെങ്കിലും അതിൻെറ പഴയ മഹിമ വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടു്.

ബഡ്ഷാഹി പള്ളിയുടെ അടിത്തട്ടിലാണ്, ഈ നൂററാണ്ടിലെ മഹാകവികളിൽ ഒരാളായ മുഹമ്മത് ഇക്ബാലിൻെറ ശവകുടീരം സ്ഥിതിചെയ്യുന്നതു്. അദ്ദേഹത്തിന്നു മുമ്പുതന്നെയുള്ള വലിയ പ്രശസ്തി കാലത്തോടൊപ്പം വളരുകയും, അദ്ദേഹത്തിൻെറ അന്ത്യവിശ്രമസ്ഥലം തീർത്ഥാടനക്കാരുടെ ഒരു സങ്കേതമായിരിക്കുകയും ചെയ്യും. അവിടെ കവികളും സാഹിത്യകാരന്മാരും, കലാകാരന്മാരും, സംസ്കാരപ്രിയന്മാരും തങ്ങളുടെ അസ്വാസ്ഥ്യ പരിഹാരത്തിന്നും ആത്മശുദ്ധീകരണത്തിന്നുമായി അധികമധികം വരുന്നതായിരിക്കും.

ഞങ്ങൾ പിന്നീട്, അതിന്നു വല്ലതെ അടുത്തുള്ള, മഹാരാജാ രഞ്ജിത്സിംഗിൻെറ സമാധി സ്ഥലത്തേക്കുപോയി. ഈ സ്മാരകചിഹ്നത്തിലെ ശില്പകലയല്ല, അതിലെ ഭാവനയും ചരിത്രസ്മരണകളുമാണ്, ഞങ്ങളെ ആകർഷിച്ചതു്. അതു പണി ചെയ്യിച്ചിട്ടുള്ളതു് ഒരു സമ്മിശ്രരീതിയിലാണ്; സമാധിയുടേയും ശവകുടീരത്തിൻേറയും പ്രത്യേകഭംഗി തോന്നാത്തവിധം രണ്ടിന്നും ഇടയിൽ ഒരു കതിരിൻെറ ആകൃതിയാണ് അതിന്നുള്ളതു്.

കെട്ടിഉയൎത്തിയ ഒരു മണ്ഡപത്തിന്റെ ഉള്ളിൽ, ഭംഗിയുള്ള താഴികക്കുടത്തിന്റെ അടിഭാഗത്തു്, താമരപ്പൂവ്വിന്റെ ആകൃതിയിൽ വെള്ളക്കൽകൊണ്ടുണ്ടാക്കിയ ഒരു പെട്ടകത്തിൽ രഞ്ജിത് സിംഗിന്റെ ചിതാഭസ്മം സൂക്ഷിച്ചുവെച്ചിരിക്കുന്നു. അതിന്റെ തട്ട മദ്ധ്യോന്നതമായ കണ്ണാടികൾകൊണ്ടു് അലങ്കരിക്കുവാൻ ഒരു വ്യൎത്ഥശ്രമം നടത്തിയിട്ടുണ്ടു്. തീൎച്ചയായും ഇത്ര പ്രതാപശാലിയായ ഒരു രാജാവു് ഇതിലും വിലയേറിയ ഒരു സ്മാരകത്തെ അൎഹിക്കുന്നുണ്ടു്.

സിക്കുവംശാവലിയിൽ അഞ്ചാമത്തെ ഗുരുവായ അൎജ്ജുനദേവന്റെ ക്ഷേത്രം രഞ്ജിത് സിംഗിന്റെ സമാധിക്കു മിക്കവാറും എതിരെയാണു്. ഞാൻ വലിയ കൗതുകത്തോടെ അതിനെനോക്കി. എന്തുകൊണ്ടെന്നാൽ അദ്ദേഹമാണു് അമൃതസരസ്സിലെ സുവൎണ്ണക്ഷേത്രത്തിന്നു ശിലാസ്ഥാപനം ചെയ്തതും, ആദിഗ്രന്ഥം നിൎമ്മിച്ചതും. ഇതു സംബന്ധിച്ചു് ഒരൈതിഹ്യമുണ്ടു്. തന്റെ അച്ഛന്നെതിരായി ഖൊറാം രാജാവു നടത്തിയ ലഹളയിൽ സഹായിച്ചതിന്നു, ഗുരുവിനെ പിടിച്ചു് കോട്ടയിൽ തടവുകാരനായി പാൎപ്പിച്ചിരുന്നു. ഒരു ദിവസം നദിയിൽ സ്നാനം ചെയ്യുന്ന അവസരത്തിൽ പെട്ടെന്നു് അദ്ദേഹം ബന്ധനവിമുക്തനായി. പിന്നീട്ടു് ഇതേവരെ അദ്ദേഹത്തെപ്പററി ഒന്നും കേട്ടിട്ടില്ല. കോട്ടയുടെ അടിയിൽക്കൂടെ ഒഴുകിയിരു

ന്ന രവി നദിയിലെ തീർത്ഥജലത്തിലൂടെ അത്ഭുതകരമായ വിധത്തിൽ അദ്ദേഹം മറഞ്ഞുപോയതായി പറയുന്നു. ആ നദിയുടെ ഗതി അന്ന് ഇന്നത്തേക്കാളധികം കോട്ടയോട്ട് അടുത്തായിരുന്നു.

ഞാൻ തന്നത്താൻ പറഞ്ഞു. ഈ ചെറിയ സ്ഥലം ആസ്പദമാക്കി എത്രയധികം ചരിത്രമാണ് പ്രചരിക്കുന്നത്. ലോഹിയുടെ അമ്പലം, മാലിക്ക് അയാസിന്റെ ശവകുടീരം, മാഞ്ഞുപോയ പ്രതാപത്തിന്നു സാക്ഷിയും സംരക്ഷകനുമായ കോട്ട, ഗുരു അർജ്ജുനദേവന്റെ ക്ഷേത്രം, ബാദ്ഷാഹി പള്ളി, മഹാരാജരഞ്ജിത് സിംഗിന്റെ സമാധിസ്ഥലം! ഇവയെല്ലാം, ചരിത്രത്തിൽ സ്പഷ്ടമായ വ്യത്യാസങ്ങൾക്കു പിന്നിൽ, നൂററാണ്ടുകളുടെ വ്യവധാനത്തിന്നു മുകളിലായി, പരസ്പരധാരണയുടെ ഒരു സുവർണ്ണസേതുവായി പരിലസിക്കുന്നു.

## IV

മഹാരാജരഞ്ജിത് സിംഗിന്റെ സമാധി സ്ഥലത്തുവെച്ച്. അനവധി സിക്ക മഹാന്മാരുമായി ഞാൻ പരിചയപ്പെട്ടു. ഇവരിൽ പലക്കും അവരവരുടെ പേരുകൾക്കു മുമ്പിൽ സർദാർ, മാസ്റ്റർ, ബാബ, ഗ്യാനി തുടങ്ങി പല സ്ഥാനങ്ങളുമുണ്ടായിരുന്നു. എങ്കിലും സർദാർ എന്നാണ് സാധാരണ ഉപയോഗിക്കുക പതിവ്. ഇവക്കു തമ്മിൽ ശരിയായി എന്താണു വ്യത്യാസമുള്ളതെന്നു എനിക്കത്ഭുതം തോന്നി. എന്തുകൊണ്ടെന്നാൻ ഇവയെല്ലാം

ഷ്ഠകടേശം ഒന്നുപോലെയാണ്. എൻെറ കണ്ണുകളിൽ പ്രതിഫലിച്ചിരുന്ന ചിന്താകുലതകണ്ടു കൂട്ടുകാരിലൊരാഠം സ്വയമേവ വ്യാഖ്യാനത്തിന്നു തയ്യാറായി. "ശരി, ആ സ്ഥാനങ്ങഠം ഇപ്പ്രകാരമാകുന്നു. ഓരോ സിക്കുകാരനും ചുരുങ്ങിയതു ഒരു സർദാരാകുന്നു. അവരിൽ അഭിജ്ഞന്മാരായവരെ "മാസ്റ്റർ" മാരെന്നും, ഏററവുമധികം ബഹുമാന്യന്മാരായവരെ "ബാബ"മാരെന്നും, പ്രത്യേകം ബഹുമാന്യതയുള്ളവരെ "ശാന്ത"ന്മാരെന്നും പറഞ്ഞുവരുന്നു!!

"ആകട്ടെ, എന്നാൽ പറയൂ, ഇതിൽ ഒരോ ഇനത്തിലും പെടുന്ന ചില സിക്കുനേതാക്കന്മാരുടെ പേരുകഠം" ഞാൻ പറഞ്ഞു.

"അങ്ങിനെതന്നെ! സർദാർമാരുടെ കൂട്ടത്തിൽ നമ്മുടെ പ്രസിദ്ധ ഉൽപ്പാദനമന്ത്രിയായ സർദാർ ബലവൽധസിംഗ് ഉണ്ടല്ലോ! മാസ്റ്റർമാരുടെ ഇനത്തിൽ മാസ്റ്റർ താരാസിംഗ്, മാസ്റ്റർ മോട്ട്സിംഗ്, എല്ലാപ്പോഴും പടമുന്നണിയിൽ പൊട്ടിത്തെറിക്കുന്ന ബോംബായ മാസ്റ്റർ കാബൂൾ സിംഗ്, കാൽ നൂററാണ്ടുകാലം അമേരിക്കയിൽ ചിലവഴിച്ചു സ്വരാജ്യത്തേക്കുമടങ്ങി അതിൻെറ പകുതിയോളം സംവത്സരം തൻെറ മാതൃഭൂമിയിലെ ജയിലുകളിൽ കഴിച്ചുകൂട്ടിയ മാസ്റ്റർ ഹർജാപ്പ് സിംഗ്, മാസ്റ്റർ——"മുതലായവരെല്ലാം ഉഠംപ്പെടും.

"മതി, അടുത്ത വിഷയത്തിലേക്കു പ്രവേശിക്കൂ" ഞാൻ തടഞ്ഞു.

"ബാബമാരാണ് അടുത്ത ഇനം. ബാബഖരാക്ക് സിംഗ്, ബാബഗുരുമുഖ് സിംഗ്, ബാബഗുരുഡിററ്സിംഗ് കമഗാംട്ടമാരു, ബാബഷേർസിംഗ്, ബാബസോഹൻ സിംഗ് ഭക്ന, ബാബകരം സിംഗ് ചിമ്മ, ബാബ മദൻസിംഗ് ഗാഗം," തുടങ്ങിയവർ.

"മെല്ലോട്ടു പറയൂ" ഞാൻ വീണ്ടും ഇടയിൽ ചാടി പറഞ്ഞു"

"ഓഹോ, ചുരുക്കിപ്പറയണമെന്നാണോ അങ്ങയുടെ ആവശ്യം? ശരി, ഒടുവിലത്തെ ഇനത്തിൽ ഒരാളെ മാത്രം പറയാം—ദേശഭക്തപരിവാരസഹായകസമിതിയുടെ അദ്ധ്യക്ഷനായ ശാന്ത് വ്യാസഖസിംഗ്!"

എനിക്ക് ഈ വ്യാഖ്യാനങ്ങളെല്ലാം കുഴപ്പത്തിന്മേൽ കുഴപ്പമാക്കിത്തീർക്കുകയാണ് ചെയ്തതു്. "താങ്കൾ തന്നെയല്ലേ, ഒരു നിമിഷം മുമ്പ് ഓരോ സിക്കുകാരും ചുരുങ്ങിയതു ഒരു സർദാരാണെന്നും, അവരിൽ അഭിജ്ഞന്മാർ മാസ്റ്റർമാരാണെന്നും പറഞ്ഞതു്?" ഞാൻ ചോദിച്ചു.

"എന്നാൽ, കൊള്ളാം.........എങ്ങിനെയെന്നു വെച്ചാൽ........എങ്കിലും........അങ്ങിനെയാണ്"

"താങ്കളുടെ ഉല്പാദനമന്ത്രിയായ സർദാർ ദലവുൻധസിംഗ് മാസ്റ്ററല്ല ഒരു വെറും സർദാരാണെന്നു താങ്കൾ തന്നെയല്ലേ പറഞ്ഞതു്?"

"ശരി, താങ്കളെന്താണ് ഉദ്ദേശിക്കുന്നതു്?"

“ഇതിൻെറ അൎത്ഥമെന്തെന്നു നിങ്ങൾക്കറിയാമോ? തൎക്കശാസ്ത്രം പഠിപ്പിക്കുന്നിടത്തെല്ലാമെന്നപോലെ പാക്കിസ്ഥാനിലും അരിസ്റ്റോട്ടിലിൻെറ പ്രമാണം സത്യമാണെങ്കിൽ സർദാർ ബശവുൻധ സിംഗ് അനഭിജ്ഞനാണ്. കാരണം അദ്ദേഹം ഒരു സർദാർ മാത്രമാണ്, മാസ്റ്റർമാർ മാത്രമേ അഭിജ്ഞന്മാരാകയുള്ളു.

എൻെറ സ്നേഹിതന്മാർ മറുപടി പറയുന്നതിന്നുപകരം, എൻെറ അനുമാനം വളരെ രസകരമായിരിക്കുന്നുവെന്നു മാത്രം പറഞ്ഞു് പൊട്ടിച്ചിരിച്ചു. ഈ ചിരിയുടെ കാരണം മനസ്സിലാകുവാൻ എനിക്കു കഴിഞ്ഞില്ല; വാക്ക് ചാപല്യത്തിൻെറ ഒരു ഭാവപ്രകടനമായി മാത്രം ഞാൻ അതിനെ കരുതി.

“ബശവുമെസ്സ്.......നമ്മുടെ മന്ത്രിസഭയിൽ ഒരാൾ അനഭിജ്ഞനാണെന്നു വിചാരിച്ചു പരിഭ്രമിക്കേണ്ട. വാസ്തവത്തിൽ അങ്ങിനെ അല്ല” എൻെറ കൂട്ടുകാരിലൊരാൾ നേരംപോക്കു പറഞ്ഞു. “നോക്കൂ അദ്ദേഹം ഒരു സർദാർ മാത്രമല്ല, ഒരു സർദാർ ബഹദൂർ കൂടിയാണ്; അഥവാ അടുത്തു തന്നെ അങ്ങിനെ ആകുവാൻ പോകുന്ന ഒരു ദേഹമാണ്. കൂടാതെ എൻെറ ആദ്യവിവരണത്തിൽ ഒരു നേരിയ അതിശയോക്തികൂടിയുണ്ടായിരുന്നു. പാക്കിസ്ഥാനികളല്ലാത്ത നിങ്ങളുടെമാതിരി, പാക്കിസ്ഥാനികളായ ഞങ്ങൾ ന്യായമായ നിഗമനത്തിന്നു പിന്നാലെ പായുന്നില്ല. വിശേഷിച്ചു ന്യായത്തെ

ക്കാരം വലുതു ജീവിതമാണെന്നും, നിങ്ങളുടെ അരിസ്റ്റോട്ടിലിൻെറ പ്രമാണത്തേക്കാരം "സർദാർ" ഒരു യാഥാർത്ഥ്യമാണെന്നും ഞങ്ങരം വിശ്വസിക്കുന്നു.

## V

കോട്ടയുടെ ഏകദേശം മൂന്നു മൈൽ പടിഞ്ഞാറുവശത്തായി ഷാഹദാരയിൽ, ജിഹാംഗീർ ചക്രവർത്തിയുടെ മനോഹരമായ ശവക്കല്ലറ സ്ഥിതിചെയ്യുന്നു. ഇവിടെയുള്ള ജനങ്ങരം അദ്ദേഹത്തെ കൂടുതൽ ഇഷ്ടപ്പെടുന്നു; കാരണം അദ്ദേഹം മാത്രമാണു പാക്കിസ്ഥാനിൽ അടക്കം ചെയ്യപ്പെട്ട ഒരേ ഒരു മുഗാരംചക്രവർത്തി. ബേബർ കാബൂളിൽവെച്ചു തീപ്പെട്ടു; ഹുമയൂണിൻെറ ശവക്കല്ലറ ഡൽഹിയിലാണു്; അക്ബറുടേതു സിക്കന്ദ്രയിലാണു്, ഷാജഹാനാകട്ടെ തൻെറ സ്നേഹവതിയായ മഹിഷി മംതസ് മഹളിൻെറ സമീപത്തായി ടാജിൽ അന്ത്യവിശ്രമം കൊള്ളുന്നു! പ്രതാപശാലികളായ മുഗളരിൽ അറംഗസീബ്ബ് മാത്രം, ദൗലത് ബാദിൽ നിന്നു അകലെയല്ലാത്ത ഡക്കാനിലെ ഖ.ൽദാബാദിൽ രാജകീയസ്മാരകങ്ങളൊന്നുമില്ലാതെ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിൻെറ കഠിനമായ നിർബ്ബന്ധപ്രകാരമാണത്രെ, വളരെ കുറച്ചുരൂപമാത്രം വിലവരുന്ന പരിശുദ്ധമായ തൻെറ "കച്ചിക്കല്ല്" സ്ഥാപിച്ചതു്. ഈ സംഖ്യ പരിശുദ്ധഖുറാൻ പകർത്തിയെഴുതിയ വകയിലുള്ള അദ്ദേഹത്തിൻെറ സ്വന്തസമ്പാദ്യവുമത്രെ!

THE KOTTAYAM PUBLIC LIBRARY

ജിഹാംഗീർ ഒരു വലിയ പ്രകൃതി സ്നേഹിയായിരുന്നു. ചിത്രമെഴുത്തും തോട്ടപ്പണിയുമായിരുന്നു അദ്ദേഹത്തിൻെറ പ്രധാന വിനോദം. കൂടാതെ അദ്ദേഹം ഒരൊന്നാംതരം കലാവിമർശകനും കൂടിയായിരുന്നു; അല്പം ചില രാജാക്കന്മാർക്കുമാത്രമേ അദ്ദേഹത്തെ അതിശയിക്കുവാൻ കഴിഞ്ഞിട്ടുള്ളു. തൻെറ "ജീവചരിത്ര"ത്തിൽ രസകരമായ ഒരു വിവരണം അദ്ദേഹം നമുക്കു തരുന്നുണ്ടു്.

ജിഹാംഗീർ പറകയാണു്: „എന്നെ സംബന്ധിച്ചിടത്തോളം ചിത്രമെഴുത്തിലുള്ള വാസനയും, അതിൻെറ സൂക്ഷ്മനിരീക്ഷണപരിശീലനവും ഒന്നുവേറെത്തന്നെയാണു്. മരിച്ചുപോയ കലാകാരന്മാരെ അഥവാ ജീവിച്ചിരിക്കുന്നവർ തന്നെയോ എഴുതിയ ചിത്രങ്ങൾ അവരുടെ പേരുകൾ പറയാതെ കൊണ്ടുവന്നു കാണിച്ചാൽ, അവ ഇന്നിന്ന ആളുടേതാണെന്നു ഒരു നിമിഷത്തിന്നുള്ളിൽ എനിക്കു പറയുവാൻ സാധിക്കും. ഒരു ചിത്രത്തിൽ അനവധി രൂപങ്ങളുണ്ടാകയും അവയിലോരോന്നും വിവിധകലാകാരന്മാരുടേതായിരിക്കുകയും ചെയ്താൽക്കൂടി, അവയിലോരോ മുഖവും ഇന്നിന്നവരെഴുതിയതാണെന്നു പറയുവാനെനിക്കു കഴിയും."

ജിഹാംഗീറിൻെറ ഭരണകാലത്താണു, പേർഷ്യയിലേയും ഇന്ത്യയിലേയും കലകളുടെ സമ്മിശ്രണം പൂർണ്ണവളർച്ചയിലെത്തിയതെന്നുള്ള വസ്തുത ശ്രദ്ധേയമത്രെ! കൊട്ടാരത്തിലെ കലാകാരന്മാരുടെ

കലാപാടവത്തിൽ വിദേശീയരായ എഴുത്തുകാർ കൂടി അത്ഭുതം പ്രകടിപ്പിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് അമ്പാസിഡരായ സർ തോമസ്റോ, ഇംഗ്ലിസ്ഥാനിലെ ഒരു കലാകാരൻ നിർമ്മിച്ച ഒരു ചിത്രം ജഹാംഗീറിന്നു സമ്മാനിച്ചതായി രേഖയുണ്ടു്. താമസിയാതെ ജഹാംഗീർ ആ ചിത്രത്തിൻെറ അനവധി പ്രതികളെടുത്തു്, അമ്പാസിഡരെ ക്ഷണിച്ചുവരുത്തി ഏതാണ് ആദ്യം എഴുതിയതെന്നും ഏതെല്ലാമാണ് അതിൽനിന്നു പകത്തിയതെന്നും വേർതിരിച്ചുപറയുവാൻ ആവശ്യപ്പെട്ടു. സർ തോമസ്സ്റോ കൃത്രിമവെളിച്ചത്തിൽ അവ വേർതിരിച്ചറിയുന്നതിൽ പരാജയപ്പെട്ടുവെന്നും, വളരെ സമയം അതിന്നുതന്നെ ചിലവഴിച്ചതിന്നു ശേഷമേ ശരിക്കു പറയുവാൻ കഴിഞ്ഞുള്ളുവെന്നുംകൂടി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

ഭൂതകാലത്തിൽനിന്നു വത്തമാനകാലത്തിലേക്കുതന്നെ നമുക്കു തിരിക്കാം. ഉത്സാഹശാലികളായ സഞ്ചാരിസംഘങ്ങൾക്കു തെല്ലുപോലും കീത്തിവരുത്താത്ത ചരിത്രപ്രസിദ്ധമായ ചില സ്ഥലങ്ങളിവിടെയുണ്ടു്. അവരാകട്ടെ അവയെ കേമമായി പുകഴ്ത്തുന്നുമുണ്ടു്. ചരിത്രപ്രിയനായ ഒരു സഞ്ചാരി ഇവിടെയെത്തുമ്പോൾ, തൻെറ ഭാവനയിലുള്ള ചിത്രത്തോളംതന്നെ യഥാത്ഥ്യത്തിന്നു വിലയില്ലാത്തതുകാരണം അയാൾ വിമുഖനായിത്തീരുന്നു! കൌതുക

TAYAM PUBLIC LIBRARY
AYAM.

വസ്തുക്കളുടെ ദർശനവും ഇക്കാലത്തു് ഒരു നൂതനവ്യവസായമായിതീൎന്നിരിക്കുന്നു.

ജഹാംഗീറിൻെറ ശവക്കല്ലറയിൽ യാഥാൎത്ഥ്യം പ്രതീക്ഷയെ പിന്നോട്ടുതള്ളുന്നു; എന്തുകൊണ്ടെന്നാൽ ഇതു പാക്കിസ്ഥാൻ കൊത്തുവേലകളുടെ ഒരു സമാഹാരമാണു്. ടാജ്മഹാൾ ഒരു വലിയ ചക്രവൎത്തിക്കു തൻെറ റാണിയിലുണ്ടായിരുന്ന അനുരാഗത്തിൻെറ സ്മാരകമാകുന്നു; ഇതു് മഹതിയായ ഒരു റാണിക്കു് അവളുടെ മഹാരാജാവിനെക്കുറിച്ചുള്ള പ്രേമത്തേയും പ്രദൎശിപ്പിക്കുന്നുണ്ടു്. ഉദ്യാനങ്ങളെ വളരെ അധികം ഇഷ്ടപ്പെട്ടിരുന്ന ജിഹാംഗീർ തൻെറ ജീവിതകാലത്തുതന്നെ ഭാൎയ്യയായ നൂർജിഹാൻെറ വകയായ ഡിൽകുഷ് ഉദ്യാനത്തിൽതന്നെ അടക്കം ചെയ്യേണമെന്നുള്ള ആശയെ വെളിപ്പെടുത്തിയിരുന്നു. അദ്ദേഹത്തിൻെറ മരണശേഷം നൂർജിഹാൻ തൻെറ ഭൎത്താവിൻെറ ആഗ്രഹപൂണത്തിന്നായി പത്തുകൊല്ലക്കാലത്തെ നിരന്തരയത്നത്തിന്നും പത്തുലക്ഷം ഉറുപ്പികയുടെ ചിലന്നും ശേഷം മനോഹരമായ ഈ ശവക്കല്ലറയുണ്ടാക്കി.

ഞങ്ങൾ ഒരു മനോഹരമായ പടികടന്നു് ഒരങ്കണത്തിലേക്കു പ്രവേശിച്ചതിന്നുശേഷം വീണ്ടും ഒരു പ്രവേശനദ്വാരം കടന്നു നൂർജിഹാൻെറ ഉദ്യാനത്തിൽ എത്തിച്ചേൎന്നു. അതിൻെറ നടുവിൽ കെട്ടിഉയൎത്തിയ ഒരു മണ്ഡപത്തിന്മേലാണു് ആകൎഷകമായ ഈ ശവക്കല്ലറ സ്ഥിതിചെയ്യുന്നതു്. അതി

ൻെറ നാലുപുറത്തുനിന്നും ഒഴുകുന്ന നാലു ചാലുകൾ എല്ലായ്പ്പോഴും ഉദ്യാനത്തെ നനച്ചുകൊണ്ടിരിക്കുന്നു.

മാർബിൾകൊണ്ടും ഇനാമലിട്ട പലകകൊണ്ടും ഉള്ള മററൊരു പടിവാതിൽ കടന്നാൽ ശവക്കല്ലറയായി. ഇരുവശത്തുമുള്ള മനോഹരമായ കമാനങ്ങളും അലംകൃതമായ വെണ്ണക്കൽ വരാന്തകളും കണ്ണുകൾ കുളുപ്പിക്കുന്ന കാഴ്ചയത്രേ! ഉള്ളിൽ നേരെ നടുവിലായി വെള്ള മാർബിൾകൊണ്ടുള്ള ശവക്കല്ലറയുടെ അടിയിലാണു ഭാഗ്യവാനായ ചക്രവത്തിയുടെ ഭൌതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നതു്. അതിൻെറ അഗ്രത്തിൽ ഖുറാനിൽനിന്നു വാക്യങ്ങളും ഇരുവശങ്ങളിൽ ദൈവത്തിൻെറ തൊണ്ണൂററൊമ്പതു നിർദ്ദേശങ്ങളും എഴുതിട്ടുണ്ടു്. അടിയിൽ പേർഷ്യൻ ഭാഷയിലുള്ള ഒരു ശിലാലിഖിതത്തിൻെറ തർജ്ജമ ഏതാണ്ടിങ്ങിനെയാണു്! "മഹാരാജാവിൻെറ ഉജ്ജ്വലമായ അന്ത്യവിശ്രമസ്ഥാനം; മോചനത്തിൻെറ സങ്കേതം, നൂർ-ഉദ്-ദീൻ മൊഹമ്മദ് ജഹാംഗീർ പാഡ്ഷാ. എ. എച്ച്. 1037" (1627 A. D. )

ഒന്നോ രണ്ടോ നിമിഷനേരം നിശ്ശബ്ദനായി ശവകുടീരത്തിൻെറ അടുക്കൽ നില്ക്കുന്ന ഒരുവൻെറ കണ്ണുകൾ അതിൻെറ മേൽത്തട്ടിനുള്ള ഭംഗിയിലും അലങ്കാരമോടിയിലും വിസ്മയപ്പെടാതിരിക്കയില്ല. പുറത്തുവന്നാൽ കാണുന്നതു നാലുവശത്തുമുള്ള നടപ്പുരകളാണു്. അവയിലോരോ

ന്നിൽനിന്നും തൊണ്ണൂററഞ്ചടി ഉയരവും നാലു നിലകളുമുള്ള വെണ്ണക്കൽ താഴികക്കുടങ്ങളുമുള്ള ഗോപുരങ്ങൾ ഉയൎത്തിയിട്ടുണ്ടു്. ഇവയിലൊന്നിൻെറ മുകളിൽ കയറിനോക്കിയാൽ സമീപപ്രദേശത്തിൻെറ ഒരു മനോഹരചിത്രം—വീടുകളും, "മനുഷ്യർ വരികയും പോകയും ചെയ്യേക്കാം, എന്നാൽ ഞാൻ മുന്നോട്ടു പോയ്ക്കൊണ്ടേ ഇരിക്കും" എന്നു മന്ത്രിക്കുന്നതുപോലെ മൃദുശബ്ദത്തോടുകൂടി വളഞ്ഞൊഴുകുന്ന രവിനദിയും—നമ്മുടെ കാഴ്ചക്കു വിഷയീഭവിക്കുന്നു.

കുറച്ചകലെയായി നൂർജിഹാൻെറ സഹോദരനായ ആസഫ് ജാഹിൻെറ ശവകുടീരവും അതിന്നപ്പുറം മഹാരാജ്ഞിയുടെ "റൌസയും" ആകുന്നു. ഈ രണ്ടിലും വെണ്ണക്കല്ലുകൊണ്ടുള്ള വിചിത്രവേലകളുടെ ഭംഗി കാലത്തിൻെറ കൊട്ടുംപ്രഹരത്താൽ അവയെ നഗ്നമായ വിധത്തിലാക്കിത്തീൎത്തിരിക്കുന്നു. ജിഹാംഗീറിൻെറ കല്ലറയും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല.

ഓരോരുത്തരും ഷാജിഹാൻെറ ഭരണകാലത്തെ പ്രതാപത്തേയും കലാഭിവൃദ്ധിയേയും വൎണ്ണിക്കുമ്പോൾ, അതിലേക്കുള്ള നൂർജിഹാൻെറ സംഭാവനകളെ അല്പം ചിലർ മാത്രമേ സ്മരിക്കുന്നുള്ളൂ. ആ സ്ത്രീയുടെ ജീവചരിത്രം ഒരു വീരചരിത്രംപോലെയാകുന്നു. അവരുടെ രാജ്യതന്ത്രജ്ഞതയും വിശാലവീക്ഷണവും വിദ്യാഭ്യാസത്തിന്നും കലകൾ

ക്കും കൊട്ടുത്തഗണ്യമായ സഹായവും അവൎക്ക് ചരിത്രത്തിൽ സമുന്നതമായ ഒരു സ്ഥാനം നല്കി യിട്ടുണ്ട്. ആഗ്രയിൽ താജ്മഹാൾ കഴിഞ്ഞാൽ സ്ഥലത്തിന്റെ അഭിമാനം കാണിക്കുന്ന നൂർജഹി ഹാന്റെ പിതാവായ ഇത്തിമദ്-ഉദ്-ഡൗലയു ടേയും ജിഹാംഗീറിന്റേയും ശവകല്ലറകളുടെ പ ണിമാത്രം മതി ഏതൊരുവനിലും അവരുടെ അ നശ്വരതയെ വ്യക്തമാക്കുവാൻ! ആ രാജ്ഞി ഒരു കവയിത്രിയും പനിനീർപ്പൂവിൽ നിന്നു "അത്തർ" എടുക്കുന്നതിന്റെ ഉപജ്ഞാത്രിയും കൂടിയാണു്!

നൂർജഹാൻതന്നെയായിരുന്നു, അവരുടെ "റൌസ"പണിയുന്നതിന്റെ മാതൃക കാണിച്ചതും അതിന്റെ പണിയിൽ സഹായിച്ചതും. അതിസൂക്ഷ്മ മായി പണിപ്പെട്ട വെണ്ണക്കൽ ശവപ്പെട്ടിയും അതി ന്റെഉള്ളിലുള്ള മനോഹരമായവിശേഷപ്പണികളും ഇന്നില്ല. അനേകസംവത്സരമായുള്ള ഉപേക്ഷയുടെ ഫലമായി അവ ഏറെക്കുറെ നശിച്ചുപോയിരിക്കു ന്നു. ദിവംഗതനായ ഹാക്കിം അജ്മൽഖാന്റെ സ്വരാജ്യസ്നേഹംകൊണ്ടും ഉത്സാഹംകൊണ്ടും മാത്ര മാണു് അതു് തീരെ നശിക്കുന്നതിൽനിന്നും രക്ഷ പ്പെട്ടതു്. ഇന്നും രണ്ടാമതൊന്നു നോക്കുവാൻ തക്ക അഴകു് അതിന്നില്ല. അവരുടെ ശവകുടീരത്തിൽ കൊത്തിയിട്ടുള്ള പ്രസിദ്ധമായ പദ്യം അവിടെ നിന്നു വ്യസനത്തോടെ മടങ്ങുന്ന ഒരുവനെ ബഹു ദൂരം പിന്തുടൎന്നിരിക്കയില്ല.

“ബർമസാരെ മാഗാതിബൻ, നെ ചിറഗി, നെഗ്ഗുലി
നെ പരെ പർവാനാഹ് സുസദ്, നെസാദിഇബ്ബൂൽബ്ബൂലി”

“അതിൻെറ ഒരു ഏകദേശതർജ്ജമ ഇങ്ങനെയായിരിക്കും:

“നമ്മുടെ വിനീതമായ ശവകുടീരത്തിൽ പനിനീർ പുഷ്പമോ ദീപമോ ഇല്ലാതിരിക്കട്ടെ. ഒന്നു പാററക്ക് അതിൻെറ ചിറക ദഹിപ്പിക്കുന്നതിനുള്ള ക്ഷണമായിരിക്കും; പനിനീർ പുഷ്പത്തിൻെറ സാന്നിദ്ധ്യം കുയിലിന്നു തൻെറ ഹൃദയശോകത്തെ പുറത്തുവിടുവാനുള്ള ക്ഷണമായിരിക്കും”।

## VI

ഞങ്ങൾ ന്നൂർജിഹാൻെറ റൌസയിൽനിന്നും എട്ടുമൈൽ അകലെയുള്ളതും നഗരത്തിൻെറ മറേറ അററത്തു സ്ഥിതിചെയ്യുന്നതുമായ ഷാലിമാർ ബാഗിലേക്കു പുറപ്പെട്ടു. ഷാലിമാർ എന്നാൽ “സന്തോഷത്തിൻെറ സങ്കേതം” എന്നത്ഥമാകുന്നു. ഒര സാധാരണ പരിതഃസ്ഥിതിയിലുണ്ടാക്കിയ ഈ ഉദ്യാനത്തിൻെറ നിമ്മാണത്തെപ്പററി പൊതുജനമദ്ധ്യത്തിൽ ഒരൈതിഹ്യമുണ്ടു്. ഷാജഹാൻ ഒരു രാത്രിയിൽ തൻെറ പിതാവിൻെറ ശവകുടീരത്തിന്നടുത്തുള്ള ദിൽകുഷ് ഉദ്യാനത്തിൽ കിടന്നു ഉറങ്ങുമ്പോൾ ഒരു സ്വപ്നം കണ്ടു. അതിൽ അദ്ദേഹം സ്വർഗ്ഗത്തിലെ മനോഹരമായ ഉദ്യാനത്തെ അതിൻെറ പൂർണ്ണരംഗിയിൽ—കുളുർമ്മയുള്ള മണ്ഡപങ്ങളും, വെണ്ണക്കല്ലുകളിൽ കൂടിയുള്ള ജലപ്രവാഹ

ങ്ങളും, പച്ചപിടിച്ചു നില്ക്കുന്ന പലതരം ലതകളും സുവർണ്ണഫലങ്ങളോടുകൂടിയ വൃക്ഷങ്ങളും—കണ്ടു. പിറേറദിവസം തന്നെ ചക്രവത്തി തൻെറ പ്രധാന ശില്പവിദഗ്ദ്ധന്മാരായ ആലിമർദൻഖാനേയും നവാബ് ഫസൽഖാനേയും വരുത്തി സ്വപ്നത്തിൽ കണ്ടതിനെ യാഥാർത്ഥ്യമാക്കിത്തീക്കുവാൻ കല്പിച്ചു. 1637–ൽ പണി അവസാനിച്ച ഷാലിമാർ ഉദ്യാനത്തിന്നു് എട്ടു ഏക്കറിലവും ആറു ലക്ഷം ഉറുപ്പികയും ചിലവായിട്ടുണ്ടു്.

ഈ ഉദ്യാനത്തിൻെറ പ്രത്യേകതകൾ, ഒന്നിന്നുമേലെ ഒന്നായിട്ടാണെങ്കിലും കാഴ്ചയിൽ ഒന്നായിത്തന്നെ തോന്നിക്കുന്ന വിശാലമായ മൂന്നു മേടകളാകുന്നു. ദൂരത്തുനിന്നും കൊണ്ടുവരുന്ന ഷാഹി–നിഹാർ (രാജകീയ കുല്യ) ഉദ്യാനത്തെ നനക്കുകയും മദ്ധ്യതടത്തിൽവെച്ചു തന്നത്താൻ വററുകയും ചെയ്യുന്നു. ഇതിൽനിന്നും തോട്ടിൽനിന്നെന്നപോലെ ധാരാളം ഒഴുക്കുകൾ പ്രവഹിക്കുന്നുണ്ടു്.

ഒന്നാമത്തെ മേടക്കു്—പതനത്തിന്നു്—'ഫറാഹ് ബക്ഷ്' എന്നാണു പേർ. ചക്രവത്തിക്കും കുടുംബങ്ങൾക്കും ഖ്വാബാഗിന്നും സ്നാനത്തിന്നുമായി ഉദ്ദേശിക്കപ്പെട്ടതാണു് ഇതു്. അദ്ദേഹത്തിൻെറ ദർബാറും ഇവിടെയാണു കൂടിയിരുന്നതു്. ഈ മേടയിൽനിന്നും ഉള്ള കാഴ്ച ഏതൊരുവന്നും നയനമോഹനമത്രെ.

രണ്ടാമത്തെ മേടക്ക് 'ഷൈഹസ്ഭക്ഷ്' എന്നാണു പേർ. ഇവിടെനിന്നു് ഒരു ഭംഗിയുള്ള മാർബിൾ ചുമരിന്നു മീതെ മനോഹരമായ കൊച്ചരുവി ഒരു തടാകത്തിലേക്കു കതിക്കുന്നു. കുറച്ചകലെ, ഇരുവരത്തും ശില്പമയമായ മണ്ഡപങ്ങളുള്ളതും ധാരായന്ത്രങ്ങൾ വർഷിക്കുന്നതുമായ ഒരു ജലാശയമുണ്ടു്. തടാകത്തിന്നും ജലാശയത്തിന്നും ഇടയിൽ വെണ്ണക്കൽഅഴികളെക്കൊണ്ടു് ചുററപ്പെട്ട ഒരു മാർബിൾ സിംഹാസനം സ്ഥിതി ചെയ്യുന്നു. ആകെക്കൂടി കാഴ്ച ഏറ്റവും ആകർഷകംതന്നെ.

അതിരമണീയമായി സ്ഥിതിചെയ്യുന്ന ഈ അരുവിയാണു് ഒരു മുഗളരാജകുമാരിക്കു സാഹിത്യത്തിൽ സുപ്രസിദ്ധമായ ഒരു ഗാഥ എഴുതുന്നതിന്നു പ്രചോദനം നൽകിയതു്.

"അയിഅബ്ഷാർ നീഘഗർ അസ്ഭാർ–ഇ–കിസ്തി
സർദർ നിഗൻഫിഗൻഢസീ അൻഡോഹ്–ഇ–കീസ്തി
അയാമിഢർഢ് ബുഢ്കി ചൻ മാതമാംഷാബ്
സർറാബാസാങ്മിസാഡി–ഒ മിഗിറിസ്തി"

അതിന്നു സർ അബ്ദുൾകാദർ ചെയ്ത തർജ്ജമ ഇപ്രകാരമാണു്,

"അല്ലയോ വെള്ളച്ചാട്ടമേ! ആരുടെ വിരഹത്തിലാണു ഭവതി വിലപിക്കുന്നതു്?

'എന്തുകൊണ്ടാണു ഭവതി ദുഃഖഭാരത്തിൽ തലതാഴ്ത്തിയിരിക്കുന്നതു്?

"ഭവതിയുടെ ദുഖം തീച്ച്യയായും രാത്രി മുഴുവൻ എൻേറതുപോലെ കഠിനം തന്നെ,

"ഭവതി കല്ലിന്മേൽ തലയടിച്ചു ദയനീയമം യി നിലവിളിക്കുന്നു"

ഷാലിമാറിലേക്കു പോകുന്ന വഴിക്കു വാസിർ ഖാൻെറ നയനമോഹനമായ പള്ളിയും അനാക്കലിയുടെ ശവകുടീരവും സന്ദൎശിക്കുന്നതിന്നായി ഞങ്ങൾ നിന്നു. ഇടവിടാതെ ഓരോ മനോഹരവസ്തുക്കൾ കാണുന്നതു ആ ദിവസത്തേക്കു ധാരാളമായി എന്നു ഞങ്ങൾക്കു തോന്നി.

## 5. പാക്കിസ്ഥാനിലെ രാജ്യതന്ത്രവും പ്രധാനവ്യക്തികളും.

"നിങ്ങളുടെ തലസ്ഥാനം മിക്കവാറും പള്ളികളുടേയും ശവകുടീരങ്ങളുടേയും നഗരമാണു്. അതിൻെറ സമകാലികജീവിതം എന്തു്? എവിടെയാണു പാക്കിസ്ഥാനിലെ നമ്പർ 10 ഡൗണിങ്ങു സ്ട്രീററ്? എവിടെയാണു പാർലിമെൻറ് സഭാമന്ദിരം? എവിടെയാണു പ്രധാനപ്പെട്ട എതിർപക്ഷക്കാരുടെ തലസ്ഥാനങ്ങൾ? ഇതിൽ ചില സ്ഥലങ്ങൾ കാണുവാൻകൂടി ഞാൻ ആഗ്രഹിക്കുന്നു" ഞാൻ പറഞ്ഞു.

"വാസ്തവത്തിൽ താങ്കൾ അങ്ങിനെയുള്ള അനേകം സ്ഥലങ്ങളിലേക്കു ക്ഷണിക്കപ്പെട്ടിട്ടുണ്ടു്.

നാം പുറപ്പെട്ടിട്ട കുറെ സമയവുമായി. പാർലിമെൻറ് മന്ദിരത്തിലേക്ക നമുക്ക പിന്നീട്ട പോകാം. ഇപ്പോൾ കോൺഗ്രസ്സ് ആഫീസ്സിലേക്ക പോകുക" എൻെറ സ്നേഹിതൻ പറഞ്ഞു.

ഏറെ താമസിയാതെ ഞങ്ങൾ ബ്രഡ്ലാഫ് ഹാളിൻെറ മനോഹരമായ പറമ്പിലേക്ക പ്രവേശിച്ചു. പാക്കിസ്ഥാൻകോൺഗ്രസ്സിൻെറ അദ്ധ്യക്ഷനായ മിയാൻ ഇഫ്ട്ടിക്കറുദീൻ അസാധാരണമായ മര്യാദയോടെ എന്നെ സ്വീകരിച്ചു. ഭംഗിയായി വെട്ടിയ ഒരു "അച്കനും" ഗാന്ധിത്തൊപ്പിയുമാണ് അദ്ദേഹം ധരിച്ചിരിക്കുന്നതു്. ഞങ്ങൾ തമ്മിൽ സൗഹാർദ്ദഭരിതമായ ഒരു സംഭാഷണമുണ്ടായി. അതിന്നു ശേഷം അദ്ദേഹം എന്നെ തൻെറ വീട്ടിലേക്ക പിറേറ ദിവസം ഒരു വിരുന്നിന്നായി ക്ഷണിച്ചു. ബിഗം ഇഫ്ടിക്കറുദീൻ പാക്കിസ്ഥാനിലെ അദ്വിതീയയായ ഒരു ആതിഥേയിയാണെന്നു മുമ്പുതന്നെ കേട്ടിരുന്നതിനാൽ ഞാൻ ആ ക്ഷണം ഉടൻ സ്വീകരിച്ചു. എൻെറ ബഹുമാനത്തിന്നുവേണ്ടി ബഹുമാന്യന്മാരായ മററു ചിലരേയും ക്ഷണിക്കുന്നുണ്ടെന്നദ്ദേഹം പറഞ്ഞു. അവർ—പാക്കിസ്ഥാനിൽ മാത്രമല്ല പുറംദിക്കുകളിൽക്കൂടി പേർകേട്ട മഹാനായ ഡോക്ടർ: കിച്ച്ലു, നാഷനലിസ്റ്റ് നേതാവായ മൗലാനാ ഡൗഡ് ഗാസ്സ്നവി, വലിയൊരു ഗാന്ധിഭക്തനായ പ്രൊഫസർ അബ്ദുൾ മജീത്, പാക്കിസ്ഥാൻ ഇൻഷുറൻസിലെ

പ്രധാനിയായ പണ്ഡിററ് കെ. സന്താനം, എല്ലാററിലുമുപരിയായി അനേകസമരങ്ങളിൽ പങ്കെടുത്തവനും പാക്കിസ്ഥാനിലെ വയോവൃദ്ധനുമായ റൈസാഭഹൻ സരാജ്—എന്നിവരായിരുന്നു.

ജില്ലാകോൺഗ്രസ്സദ്ധ്യക്ഷനായ ലാലാജഗത് നാരായണൻ ഞങ്ങളുടെ സംഭാഷണത്തിൽ പങ്കുചേരുകയുണ്ടായി. അദ്ദേഹം ഒരു മിതഭാഷിയായിട്ടാണു കാണപ്പെട്ടതു്. യുക്തിസാമത്ഥ്യവും ചുറുചുറുക്കുമുള്ളവനും മിടുക്കനുമായ ഒരോന്നാംതരം പ്രവത്തകനുമാണു് അദ്ദേഹം.

ഭാഗ്യംകൊണ്ടെന്നുതന്നെ പറയട്ടെ "റാബി പാർട്ടി" (ദൈവാനുകൂലപാർട്ടി)യുടെ നേതാവായ ഗോപാൽ സിംഗ് കൗമിയും അവിടെയുണ്ടായിരുന്നു. അദ്ദേഹം ഒരു സർദാർ ആയിട്ടാണു് എനിക്കു പരിചയപ്പെടുത്തപ്പെട്ടതു്. അതിനാൽ ആദ്യത്തിൽ ഞാൻ അദ്ദേഹം ഒരു അനഭ്യസ്തവിദ്യനായിരിക്കുമെന്നു ഊഹിച്ചു. എന്നാൽ തീഷ്ണതയോടും വാചാലതയോടുംകൂടിയ അദ്ദേഹത്തിന്റെ സംസാരത്താൽ എന്റെ ധാരണ നേരെമറിച്ചാണെന്നു പിന്നീടെനിക്കു ബോദ്ധ്യപ്പെട്ടു. ഞാൻ വിചാരിച്ചു, അദ്ദേഹം ഒരു സർദാർ ബഹദൂർ ആയിരിക്കണം. വെറും സർദാർ മാത്രമായി എനിക്കു പരിചയപ്പെടുത്തിയതു വാക്കിൽവന്ന ഒരു പിശകായിരിക്കും. ഒരു മാസ്റ്റർ കൂടി ആകുവാൻ വിരോധമില്ലാത്തവനാണു് അദ്ദേഹം! എങ്ങനെ ആയാലും അതിനെ

പ്പററി അധികം അന്വേഷിപ്പാൻ എനിക്കവസരമുണ്ടായില്ല. എന്നു തന്നെയല്ല സ്കൂളിൽ പഠിക്കുന്ന കാലത്തു ഞാൻ വ്യാകരണത്തിൽ കുറെ മോശക്കാരനായിരുന്നതുകൊണ്ടു സിക്കുഭാഷയിലെ ഉപസർഗ്ഗങ്ങളും പ്രത്യയങ്ങളും ഉപയോഗിക്കുമ്പോൾ എനിക്കു തെല്ലൊരു പരിഭ്രമം ഉണ്ടായിരുന്നു.

കാമി ശുഷ്കാന്തിയോടും ഉത്സാഹത്തോടുംകൂടി ഏറെറടുത്തിട്ടുള്ള പ്രവൃത്തി വളരെ പ്രാധാന്യമുള്ളതായിരുന്നു. അനേക ദൈവവിശ്വാസികളും, ദൈവവിശ്വാസമില്ലാത്തവരും ആയ എല്ലാവരിൽനിന്നും പാക്കിസ്ഥാനെ രക്ഷിക്കുവാൻ അദ്ദേഹം പ്രതിജ്ഞചെയ്തിട്ടുണ്ടു്! ബഹു ദൈവവിശ്വാസികളും നിരീശ്വരവാദികളുംകൂടി കൂട്ടായിനിന്നു "റബ്ബിസത്തിന്റെ" (കാട്ടാളത്വത്തിന്റെ) ശല്യത്തിൽനിന്നു രക്ഷകിട്ടുവാനായി ഒരു ഐക്യമുന്നണി സ്ഥാപിക്കുന്നതിന്റെ ആവശ്യം ഊന്നിപ്പറയുന്നതായി പറയപ്പെടുന്നു. പക്ഷെ നേതാവായ കാമി, താൽക്കാലികമായ തിരിച്ചടികളുണ്ടെങ്കിൽകൂടി, ആത്മവിശ്വാസത്തോടെ, അവസാനവിജയത്തിൽ തനിക്കുള്ള വിശ്വാസത്തെ ഉറപ്പിച്ചു പറഞ്ഞു.

## II

പാക്കിസ്ഥാൻ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആഫീസ്സ്, കോൺഗ്രസ്സാഫീസ്സു കെട്ടിടത്തിൽ തന്നെ ഒരു നിലകൂടി ഉയർന്ന സ്ഥിതി

ചെയ്യുന്നു. സോംഷ്യലിസ്റ്റുകാർ എല്ലാപ്പോഴും ഭൂമിയിൽ നിന്നു കുറെദൂരം ഉയൻറും സ്വാഗ്ഗത്തിന്നടുത്തുമായിട്ടാണു സ്ഥിതിചെയ്യുന്നതെന്ന പൊതുവിശ്വാസം നോക്കുമ്പോൾ ആഫീസ്സുകെട്ടിടത്തിൻെറ ഈ സ്ഥിതി യുക്തിശാസ്ത്രപ്രകാരം ശരിതന്നെ! ഞാൻ വിചാരിച്ചു, എനിക്കിവിടെ പുതിയതായി വല്ലതും കാണാമെന്നു്; ആ ആശ എന്നെ സന്തോഷിപ്പിക്കുകയും ചെയ്തു.

"അവരുടെ നേതാവാര്?" ഞാൻ ചോദിച്ചു.

"മുൻഷി അഹമ്മദ്ദീൻ! അദ്ദേഹത്തിന്നു ഒരു പ്രവൎത്തകൻെറ തലയും, ഒരു കവിയുടെ ഹൃദയവും, ഒരു വാഗ്മിയുടെ നാക്കും ഉണ്ടു" എന്നായിരുന്നു മറുപടി കിട്ടിയതു്.

"ഞാനദ്ദേഹത്തെപ്പററി കേട്ടിട്ടുണ്ടു്. അദ്ദേഹമെവിടെയാണു്?"

"ശരി, ജയിലിലാണു് അദ്ദേഹമെന്നു താങ്കൾ മനസ്സിലാക്കണം".

"ജയിലിലോ?" ഞാൻ ആശ്ചൎയ്യപ്പെട്ടു. "ഭാഗ്യവാൻ തന്നെ! ഹാ, ഞാൻകൂടി അവിടെ ആയിരുന്നെങ്കിൽ! തീൎച്ചയായും അദ്ദേഹം കോട്ടയിലുണ്ടായിരിക്കും—ശീഷ്മഹലിലെ സുഖകരമായ മെത്തയിലദ്ദേഹം ശയിക്കുന്നുണ്ടായിരിക്കും! അദ്ദേഹം ഒരു പക്ഷെ ഉദ്യാനത്തിലെ ഉന്നതമായ സൈപ്രസ്സ് മരങ്ങളെ കണ്ടുകൊണ്ടോ, പ്രഭാതമാരുതനോററുമൂളിപ്പാട്ടു പാടിക്കൊണ്ടോ ഉല്ലസിക്കുകയായിരിക്കും!"

"മതി, മതി" രാഷ്ട്രീയതടവുകാരെക്കുറിച്ചുള്ള ചോദ്യംകൊണ്ടു് മനംമടുത്ത സ്നേഹിതൻ പറഞ്ഞു. "അദ്ദേഹമിപ്പോൾ ഗുജറാത്തു ജയിലിലാണു്"

"എന്തു്, ഗുജറാത്തു ജയിലിലോ?" ഞാൻ ഉറക്കെ ചോദിച്ചു. "അതസാദ്ധ്യമാണു്! സർദാർ വല്ലഭായ് പട്ടേൽ സോഷ്യലിസ്റ്ററുകാരെ ജയിലിൽ കയററുകയില്ല; അദ്ദേഹം അവരെ വേറെവിധത്തിൽ സൂക്ഷിക്കയേ ചെയ്കയുള്ളു."

"അതു ശരി, സർദാർ വല്ലഭായി പട്ടേലിന്റെ ഗുജറാത്തിനെപ്പററിയല്ല ഞാൻ സംസാരിക്കുന്നതു്, പാക്കിസ്താനിലെ ഗുജറാത്തിനെപ്പററിയാണു്?"

"എന്താണു പറഞ്ഞതു്, പാക്കിസ്താനിലും ഒരു ഗുജറാത്തുണ്ടോ?" ഞാൻ ചോദിച്ചു. ഞാൻ തന്നത്താൻ പറഞ്ഞു: ഒരുപക്ഷെ ബർദോളി സത്യാഗ്രഹവിജയസ്മാരകമായി ഇവിടെ ഒരു പുതിയ നഗരം ഉണ്ടാക്കിയിരിക്കാം! സംശയമില്ല. ആവക കാര്യങ്ങളിൽ പാക്കിസ്താൻ ഗവമ്മേണ്ടു വളരെ പുരോഗമിച്ചിട്ടുണ്ടു്. എന്നാൽ വിശദവിവരങ്ങൾ അറിയുന്നതിന്നു മുമ്പു സുമുഖന്മാരായ ഒരുകൂട്ടം ചെറുപ്പക്കാർ എന്നെ കാണുന്നതിന്നു പാഞ്ഞെത്തി. അവരിലൊരാൾ കാഴ്ചയിൽ ഗാംഭീര്യം തോന്നിക്കുന്നതും അടുപ്പിച്ചു് എഴുതി അച്ചടിച്ചതുമായ ഒരു ലഘുലേഖ എനിക്കുതന്നു.

"എന്താണിതു്?" ഞാൻ ചോദിച്ചു.

ആ ചെറുപ്പക്കാരൻ മറുപടി പറഞ്ഞു: "ഇതൊരു പ്രധാനരേഖയാണ്. കഴിഞ്ഞതിന്റെ മുമ്പിലത്തെ പാർട്ടി കോൺഫ്രൻസ്സിൽ സ്വീകരിക്കപ്പെട്ട ഒരു പ്രതിജ്ഞയാണിതു്"

"പ്രതിജ്ഞയോ?" ഞാൻ വീണ്ടും ചോദിച്ചു. "ഓഹോ, അതു ശരി. എനിക്ക് പ്രതിജ്ഞയെപ്പററി എല്ലാം അറിയാം. കൂടാതെ പൂർവ്വപക്ഷം, സങ്കരം എന്നിവയെപ്പററിയും അറിവുണ്ടു്. എന്നുവേണ്ടാ..."

ഈ വിവരണം ആ സംഘത്തിൽ അനുകൂലമായ അഭിപ്രായമുണ്ടാക്കുകയാൽ ഞാൻ വീണ്ടും തുടൎന്നു.

"നിങ്ങൾ എല്ലാഴ്പ്പോഴും ചരിത്രത്തെ ധനശാസ്ത്രതത്വത്തിൽക്കൂടെയാണോ വ്യാഖ്യാനിക്കുന്നതു്?" ഞാൻ അൎത്ഥം വെച്ചുകൊണ്ടു് ചോദിച്ചു.

അവർ തെല്ലൊന്നു അമ്പരന്നുവെങ്കിലും അതധികനേരത്തേക്കുണ്ടായില്ല.

"നിങ്ങൾ ചരിത്രത്തിന്റെ ധനശാസ്ത്രതത്വരീതിയിലുള്ള വ്യാഖ്യാനത്തെയാണോ വിവക്ഷിക്കുന്നതു്?" സഖാവു് മംതലമാസ് ചോദിച്ചു.

അനുകൂലമായി ഞാൻ തലകുലുക്കി.

നിശ്ചയമായും; അവർ ഒരേ സമയത്തു പറഞ്ഞു:

"നിങ്ങൾ എല്ലാ വിഷയങ്ങളും വിപരീതമായിട്ടാണോ വ്യാഖ്യാനിക്കുക പതിവു്."

"എല്ലാ വിഷയങ്ങളും" അവർ ഒരേ സ്വരത്തിൽ പറഞ്ഞു.

യുക്തിശാസ്ത്രജ്ഞാനത്തിലെന്നപോലെ അവരുടെ നൂതനമായ യോജിപ്പിലും ഞാൻ വളരെ സന്തോഷിച്ചു. അതു ശിലാദൃഢമായ വിശ്വാസത്തിന്നൊരു തെളിവായിരുന്നു. അവരും എന്നോടൊപ്പം സന്തുഷ്ടന്മാരായതുപോലെ കാണപ്പെട്ടു. അതു സാധാരണമാണു്; എന്തുകൊണ്ടെന്നാൽ ഞാൻ ചെയ്തതുപോലെ നാടൻ ഭാഷയിൽ സോഷ്യലിസത്തെപ്പററി അവരോടു സംസാരിപ്പാൻ എല്ലാവക്കും കഴിയുകയില്ലായിരുന്നു.

ഞാൻ ചോദിച്ചു: "ആരാണീപ്രതിജ്ഞയുടെ പ്രണേതാവു്?"

"പ്രൊഫസർ തിലക്‌രാജ്! പൂർണ്ണമായി വിശ്വസിക്കാവുന്ന ഒരു മാന്യൻ. ധൈര്യത്തിലും നിഷ്കളങ്കതയിലും അദ്ദേഹത്തിന്നു കിടനില്ക്കുവാൻ അധികം പേരില്ല! കൂടാതെ അദ്ദേഹം പാർട്ടിയിലെ ഒരു പ്രധാന ചിന്തകനാണു്. അടുത്തകാലത്തു പിണ്ടിയിൽ ഡി. എ. വി. കോളേജിലെ ധനശാസ്ത്രപ്രൊഫസരായിരുന്നു അദ്ദേഹം.

"ധനശാസ്ത്രപ്രൊഫസർ!" സ്നേഹിത, താങ്കൾക്കു ചില തെററുകൾ പററിയിരിക്കുന്നു! എന്തുകൊണ്ടെന്നാൽ എനിക്കു വിശ്വാസയോഗ്യമായവിധം പറയുവാൻ സാധിക്കും, പാക്കിസ്താനിൽ ധനശാസ്ത്രത്തെക്കുറിച്ചു വല്ലതും അറിയുന്ന ഒരേ ഒരുവൻ സർ മനോഹർലാൽ മാത്രമാ[illegible] ഞാൻ [illegible]റഞ്ഞു.

എന്നാൽ എനിക്കെതിരായി സംസാരിച്ചിരുന്നവൻ ഒരിഞ്ചുപോലും വിട്ടുകൊടുപ്പാൻ ഒരുക്കമില്ലായിരുന്നു.

"ഇപ്പോഠം പ്രൊഫസർ തിലക്‍രാജ് എവിടെയാണു്?"

"അദ്ദേഹവും ജയിലിൽതന്നെ! അവിടെവെച്ചു് അദ്ദേഹത്തിൻെറ ആരോഗ്യം തീരെ നഷ്ടപ്പെട്ടു."

"അദ്ദേഹവും ജയിലിലാണോ?" ഞാൻ അത്ഭുതത്തോടെ ചോദിച്ചു. "എന്തിനുവേണ്ടി? ആ പ്രതിജ്ഞ എഴുതിയതിന്നോ?"

"ആൎക്കറിയാം! ഇവിടത്തെ ഗവൎമ്മേണ്ടു് എല്ലാപ്പോഴും രാഷ്ട്രീയതടവുശിക്ഷക്കുള്ള കാരണം പുറത്തു പറയാറില്ല!" എന്നായിരുന്നു മറുപടി.

"ഇതുതന്നെയാണു യഥാൎത്ഥമായ രാജ്യതന്ത്രജ്ഞത! ശരിയായ കുററകാരണം പറഞ്ഞു തടവുപുള്ളികളെ അസ്വാസ്ഥചിത്തരാക്കുവാൻ ഈ ഗവൎമ്മേണ്ടു് ആഗ്രഹിക്കുന്നില്ല. അവരിൽ അധികം ചിന്താശീലന്മാരായവൎക്കിതു മനസ്സിലാക്കാം. ഇഷ്ടമില്ലാത്ത വിഷയങ്ങളെ ഓൎമ്മിപ്പിക്കുന്നതു ജനങ്ങളിഷ്ടപ്പെടുന്നില്ലെന്നു നവീനമനശ്ശാസ്ത്രഗവേഷണം തെളിയിക്കുന്നു. ഒരു രാഷ്ട്രീയതടവുകാരൻെറ മേൽ എന്തെങ്കിലും കുററം ചുമത്തിയിട്ടുണ്ടെങ്കിൽ അതു സ്വകാൎയ്യമായിത്തന്നെവെച്ചാൽ മതി." ഞാൻ പറഞ്ഞു.

കൂട്ടുകാരെല്ലാം പൊട്ടിച്ചിരിച്ചു. അതെന്തു കൊണ്ടാണെന്നെനിക്കു മനസ്സിലായില്ല. ഒരുപക്ഷെ ഞാൻ തമാശപറകയാണെന്നവർ വിചാരിച്ചിരിക്കാം. സംഗതികഠം സ്പഷ്ടമാക്കുവാൻ ഞാൻ പുറപ്പെടുന്നതിന്നു മുമ്പെ ജനക്കൂട്ടത്തിൽ ഒരു മുറുമുറുപ്പുണ്ടായി. പാക്കിസ്ഥാൻ സോഷ്യലിസ്റ്റുപാർട്ടിയുടെ ഇപ്പോഴത്തെ ജനറൽ സിക്രട്ടറി ആഗതനായെന്നു ഞാൻ കേട്ടു.

"എന്താണദ്ദേഹത്തിൻെറ പേര്" ഞാൻ പതുക്കെ ചോദിച്ചു.

"പ്രൊഫസർ റാംകുമാർ"

"എന്തു്? ഇനിയും വേറെ ഒരു പ്രൊഫസർകൂടിയോ? ഇവിടത്തെ സോഷ്യലിസ്റ്റുപാർട്ടി പ്രൊഫസർമാർമാത്രമടങ്ങിയതാണോ? വിദ്യാർത്ഥിയായ ഒരംഗവും അതിലില്ലേ?"

"താങ്കഠം വേറൊന്നിനെക്കുറിച്ചാണു സംസാരിക്കുന്നതു്" സുസ്മേരവദനനായ ഒരു യുവാവു ധൃതിയോടെ പറഞ്ഞു. "താങ്കളുടെ ഇഷ്ടംപോലെതന്നെ" വിദ്യാഭ്യാസസിദ്ധമായ വിനയത്തെ സ്പഷ്ടമാക്കുന്ന രീതിയിൽ അയാഠം തുടന്നു. സോംപ്രകാഷ് സൈഗ എന്നാണയാളുടെ പേരെന്നു ഞാൻ മനസ്സിലാക്കി.

"ഞാൻ വേറൊന്നിനെക്കുറിച്ചാണു പറയുന്നതെന്നതു വാസ്തവംതന്നെ. പക്ഷെ ഒരു വേഴാമ്പൽ കരഞ്ഞതുകൊണ്ടു വേനൽവരുമോ "ഞാൻ ചോദിച്ചു.

“ഒരു വേഴാമ്പൽ പക്ഷിയോ? എങ്ങനെയാണ താങ്കൾ അത്ഥമാക്കുന്നതു്? രാപ്പാടികൾ അത്ര ധാരാളമില്ലെങ്കിലും വേഴാമ്പൽ പക്ഷികൾ നമ്മുടെ ഇടയിൽ ധാരാളമുണ്ടു്” അയാൾ പ്രതിവചിച്ചു.

രസകരമായ ഈ സംഭാഷണം എന്റെ മനസ്സിൽ പല സാഹിത്യസ്മരണകളേയും ഉദ്ദീപിപ്പിച്ചു. ഞാനൊന്നും സംസാരിക്കാതെ നില്ക്കുന്നതു കണ്ടിട്ടു ഓംപ്രകാഷ് തുടന്നു.

“സമത്ഥനും ഞങ്ങളുടെ വിദ്യാത്ഥി സിക്രട്ടറിയുമായ പ്രേംരോസ്സുംകൂടി ജയിലിലാണെന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ.”

“അദ്ദേഹം രാക്ഷയിലിന്റെ സംഗീതമെഴുതിയ കീററ്സിനോടും, വാനമ്പാടിയെക്കുറിച്ചു പാടിയ ഷെല്ലിയോടും തുല്യനായിരിക്കും” ഞാൻ പറഞ്ഞു.

പക്ഷെ അവർ ഉറപ്പിച്ചുപറഞ്ഞു; അദ്ദേഹത്തിന്റെ ജയിൽവാസം, കീററ്സിനോടോ, ഷെല്ലിയോടോ അഥവാ രാക്ഷയിലിനോടോ വാനമ്പാടിയോടോ യാതൊരുവിധത്തിലും ബന്ധപ്പെട്ടിട്ടുള്ളതല്ലെന്നു”.

“ഇതുംകൂടി താങ്കൾക്കറിയുവാൻ രസമുണ്ടായിരിക്കും” മംഗലദാസ് തുടന്നു. “ഞങ്ങളുടെ പ്രിയപ്പെട്ട സഖാവു് രാമചന്ദ്രനും, കമ്യൂണിസ്റ്റ് സ്നേഹിതന്മാരായ സോഹൻസിംഗ് ജോഷ്, മുബാറക്ക് സാഗർ, ബി ഡി, സോധിപിൻഡിദാസ്, വത്

സ, സുഖൻ തുടങ്ങിയവരും ജയിലിൽതന്നെ! രാമചന്ദ്രനൊഴിച്ച് ബാക്കിയുള്ളവരെയെല്ലാം ഒരുപക്ഷെ, രണ്ടാം ലോകമഹായുദ്ധത്തോടുള്ള അവരുടെ അഭിപ്രായമാററം കാരണമായി വിട്ടയക്കുവാനിടയുണ്ടു്. ഇന്നവർ രണ്ടാം ലോകമഹായുദ്ധം ഒരു സാമ്രാജ്യയുദ്ധമല്ലെന്നും ജനകീയയുദ്ധമാണെന്നു പറയുന്നതും, പാക്കിസ്ഥാൻ ഗവമ്മേണ്ടിൻെറ യുദ്ധസന്നാഹത്തിൽ നിരുപാധികമായി സഹായിക്കാമെന്നു പറയുന്നതും ഗവമ്മേണ്ടിനെ ഇതിന്നു പ്രേരിപ്പിച്ചു.

ഈ ജയിൽ ഇടപാടുകൾ എനിക്കു തീരെ അസുഖകരമായി തോന്നിയതിനാൽ സംഭാഷണത്തെ ഞാൻ വളരെ സാമർത്ഥ്യത്തോടുകൂടി കൂടുതൽ യോജിപ്പുള്ള വിഷയങ്ങളിലേക്കു തിരിച്ചുവിട്ടു. രസകരമായ ഒരു സംഭാഷണത്തിന്നുശേഷം ഞാൻ പിരിഞ്ഞു. കൂട്ടുകാരാകട്ടെ പലതരം സിന്താബാദുകൾ വിളിക്കുന്നതിൽ ഉത്സാഹം കാണിക്കാതിരുന്നില്ല; ഞാൻ കാറിൽ കയറുന്ന അവസരത്തിൽ ആരോ ഒരുവൻ വിളിച്ചുപറഞ്ഞു "ആ പ്രതിജ്ഞ വായിച്ചു പഠിക്കുവാൻ മറക്കരുതേ"

## III

"ഇനി നമുക്കിവിടെനിന്നു് ആദ്യമായി "യതിംഖാന" (അനാഥശാല)യിലേക്കുപോകാം"

"യതിംഖാന? എന്തു യതിംഖാന?" ഞാൻ ഉറക്കെച്ചോദിച്ചു. "ഞാൻ ഒരു യതിംഖാനയിലേക്കും

പോകുവാൻ ഉദ്ദേശിക്കുന്നില്ല. പരിപാടിയനുസരിച്ചു നേക്ക് "സർവെൻററ്സ് ഓഫ് ദി പീപ്പിൾ സൊസൈററി"-യിലേക്കു നേരിട്ടുപോകുക".

"ശരി, ശരി," താങ്കൾ ചിലപ്പോൾ സംഗതികൾ വാക്യാർത്ഥത്തിൽ തന്നെ എടുക്കുന്നു. യതിം ഖാന ഗൂഢാർത്ഥമായ ഒരു വാക്കാണ്. പാക്കിസ്ഥാനിലെ ജനങ്ങൾ "സർവെൻററ്സ് ഓഫ് ദി പീപ്പിൾ സൊസൈററിയെ ഈ പേർ കൊണ്ടാണു വിളിക്കുന്നതു".

"എന്തുകൊണ്ടാണതു്?" ഒരേ സമയത്തുതന്നെ ഗൂഢാലോചനയോടും ശാന്തതയോടുംകൂടി ചോദിച്ചു:

"ഓരോ സ്ഥാപനത്തിന്നും ഒരോ പ്രത്യേകതരത്തിലുള്ള ഹാസ്യനാമം കൊടുത്തിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് ആക്കാണു തീർത്തുപറയുവാൻ കഴിയുക? സംഭാവ്യമായ ഒരു വിവരണം, ഈ സ്ഥാപനത്തിന്റെ സ്ഥാപകനും മുഖ്യപരിപോഷകനും ലാലാ ലാജ് പതറായി ആയിരുന്നു; അദ്ദേഹത്തിന്റെ മരണശേഷം ഇതു് അനാഥമായി. ഒരു പക്ഷെ അതായിരിക്കാം ഇതിനെ അങ്ങിനെ വിളിക്കുവാൻ കാരണം."

മൂന്നു ദിവസത്തിന്നുള്ളിൽ ഞങ്ങളവിടെ എത്തിചേൻ. ബോംബെയിലും പരിസരങ്ങളിലും ഖ്യാതി പരന്ന സൊസൈററിയുടെ പ്രധാന നേതാക്കന്മാരെ കണ്ടു സംസാരിക്കുന്നതിന്നും എനിക്കു

ധ്യക്ഷയായി. സൊസൈററിയുടെ അദ്ധ്യക്ഷനും യു. പി. നിയമനിർമ്മാണസഭയിലെ സ്പീക്കറുമായ ബഹുമാനപ്പെട്ട ബാബു പുരുഷോത്തമദാസ് ടണ്ഡനുംകൂടി അവിടെയുണ്ടായിരുന്നു. വളരെ ദിവസങ്ങൾക്കുശേഷം എന്നെയാണു പാക്കിസ്ഥാനിയല്ലാത്ത ഒരുവനെ അദ്ദേഹം അവിടെ കണ്ടെത്തു്. അതിനാൽ എന്നെ അദ്ദേഹം വലിയ ആവേശത്തോടെ സ്വീകരിച്ചു. അനേകസംവത്സരങ്ങളായി എനിക്കദ്ദേഹത്തെ അറിവുണ്ടായിരുന്നു. ബാബുവിൻെറ വെളുപ്പുതോന്നിക്കുന്ന താടിയൊഴിച്ചാൽ, ചൈതന്യത്തിൽ അദ്ദേഹം തന്നിൽനിന്നും ഒരു തലമുറയെങ്കിലും ചെറുപ്പക്കാരനായിരുന്നു.

എല്ലായ്പോഴും വലിയ ഉപകാരിയായ ഡോക്ടർ ഗോപിചന്ദിൻെറ മുറിയിൽ ഞങ്ങൾ എല്ലാവരും പ്രവേശിച്ചു. അവിടെ അദ്ദേഹത്തിൻെറ വിശ്വസ്തനായ സ്വകാര്യസിക്രട്ടറി മുൽക്ക രാജ്, ടൈപ്പ്റൈററും ടെലിഫോണുമായി ഇടവിടാതെ മല്ലിട്ടുകൊണ്ടിരുന്നു. പ്രകൃത്യാ ബുദ്ധിമാനും കർഡിനൽ ന്യൂമാൻെറ 'തറവാടി'ത്തമുള്ളവനുമായ ലാലാ അചിന്ത്റാമും, പണ്ഡിതനും സുശീലനും പ്രസംഗമണ്ഡപത്തിൽ ഒരു സിംഹവും എന്നാൽ വീട്ടിൽ ഗൃഹിണി വിധേയനുമായ പ്രിൻസിപ്പൽ ഛബിൽ ദാസും, ഉദാരനും പ്രാപ്തിയുടെ സുന്ദരപ്രകൃതിയുമായ ലാലാജഗന്നാഥും; പരിഷ്കാരം കുറഞ്ഞവരുടെ കാര്യത്തിലല്ലാതെ മറെറാന്നിലും ശ്ര

ധിക്കുവാൻ തീരെ സമയമില്ലാത്തവിധത്തിൽ തൊട്ടുവാൻ വയ്യാത്തവരുമായി ഇടപഴകുന്നതിൽ തന്നെ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന സുപ്രസിദ്ധനായ ലാലാമോഹൻലാലും, . എല്ലാററിലും ഒട്ടുവിലായി ലോകപ്രസിദ്ധനും പാക്കിസ്ഥാനിലെ സൂഖിയനെന്നു കേൾവികേട്ടവനുമായ ഫിറോസുചന്ദും ആ മുറിയിൽ, ഉണ്ടായിരുന്നു.

സൊസൈററി കെട്ടിടത്തോട്ടു അനുബന്ധിച്ചാണു ലാജ്പതറോയിഹാളും ദ്വാരകദാസ് ലൈബ്രറിയും. എത്ര ഉൽകൃഷ്ടങ്ങളായ പുസ്തകങ്ങളും മാസികകളുമാണു് അതിലുള്ളതു്! ക്രമപ്രകാരം ഒതുക്കിവെച്ചു, ലൈബ്രറിയുടേയും വായനശാലയുടേയും മേൽനോട്ടം വഹിക്കുന്ന മാന്യനെ എത്രതന്നെ പ്രശംസിച്ചാലും അധികമാകയില്ല!

## IV

കൈസർ മുസ്ത്താഫ പറഞ്ഞു. "ഇതു് ആൾ ഇന്ത്യാ മജ്ലിസ്-ഇ-അഹ്റാറിന്റെ ഓഫീസ്സ് ആണു്" ഞാൻ ഈ സുമുഖനായ യുവാവിനെ മുമ്പു തന്നെ പരിചയപ്പെട്ടിരുന്നു; പ്രത്യേകിച്ചു് അദ്ദേഹത്തിന്റെ നാമം എനിക്കു നന്നേ പിടിച്ചു-കൈസർ വില്യമിന്റേയും മുസ്ത്താഫകെമലിന്റേയും പേരുകളുടെ സമ്മോഹനമായ ഒരു സമ്മേളനം.

ഞങ്ങൾ ഇടുങ്ങിയ കോണിപ്പടികൾ കയറി. നവീനരീതിയിലുള്ള ഒരു ഓഫീസ്സുമുറിയെ—നി

ക്രട്ടറിമാരും സ്റ്റിനോഗ്രാഫർമാരും ക്ലാർക്കുമാരും ഒന്നോ രണ്ടോ അക്കൌണ്ടന്മാരുംകൂടിയുള്ള ഒരു ആഫീസ്സുമുറിയെ—യായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ അത്ഭുതമെന്നുതന്നെ പറയട്ടെ, ആദിപിതാവായ ആദാമിന്റെ ഒസ്യത്തായ ഒരു മേശയും, പെൻഷൻ പററായ രണ്ടു കസാലകളും, പൊട്ടിപ്പൊളിഞ്ഞ ഒരു "ചാർപായി" കട്ടിലുമുള്ള ഒരു മുറിയാണു് അവിടെ കണ്ടതു്! ഇതൊരാപ്പീസ്സുമുറിയായിരിക്കാൻ ഇടയില്ല. ഇങ്ങിനെ തന്നത്താൻ പറയുന്നതിന്നിടയിൽ ചാർപായിയിൽ ഇരിക്കുവാൻ ഞാൻ ക്ഷണിക്കപ്പെട്ടു.

"കാഴ്ചയിൽ ഇതൊരാഫീസ്സുമുറിപോലെ തോന്നുന്നില്ലല്ലോ" ഉള്ളിലുള്ള വികാരത്തള്ളലിനെ ഒതുക്കുവാൻ അപ്രാപ്തനായി ഞാൻ ഉറക്കെ ചോദിച്ചു. "ഒരാപ്പീസ്സുമുറിയിൽ താങ്കളെങ്ങിനെയാണു് ഒരു ചാർപായിക്കു സ്ഥാനം അനുവദിക്കുന്നതു്?"

"എന്തു്?" യുവാവായ സുരേഷ് കാശ്മീരി ഉറക്കെ ചോദിച്ചു. ആയാളുടെ സൂക്ഷ്മബുദ്ധിയും സുന്ദരവദനവും വളർന്നരോഷം കൊണ്ടു് കരുവാളിച്ചിരുന്നു. "ഈ ചാർപായി അഫ്ഗാനി മഹത്വത്തിന്റെ ഒരു പ്രത്യക്ഷലക്ഷണമാണെന്നും, ഞങ്ങൾ ഇതിൽ ഏററവും ബഹുമാന്യരായ അതിഥികളെ മാത്രമേ ഇരിപ്പാനനുവദിക്കയുള്ളുവെന്നും നിങ്ങൾക്കറിയാമോ? ഇതിലിരുന്നുകൊണ്ടാണു് ഞങ്ങളുടെ ഏററവും പ്രിയപ്പെട്ട നേതാവായ ചൌധരി അ

ഫ്സാൽഫക്ക തൻെറ ചിന്തകളെല്ലാം നടത്തിയിരുന്നതു്; ഇതിലിരുന്നുകൊണ്ടുതന്നെയാണ മൗലാനാ അത്താവുള്ളാഷാബുക്കാരി തൻെറ മാദകപ്രസംഗങ്ങൾ എല്ലാം തയ്യാറാക്കിയതു്; ഇതിന്മേലിരുന്നുകൊണ്ടുതന്നെയാണ മൗലാനാഹബിബുർ റഹമാൻ വിജ്ഞാനപ്രദമായ "ഫാതപ"കൾരചിച്ചതു്; ഇതിൽവെച്ചുതന്നെയാണ മൗലാനയുടെ മനോഹരമായ ലേഖനങ്ങളും ഷേക്ക ഹിസ്സുംമുദ്ദീൻെറ മാനിഫെസ്റ്റോകളും ഉടലെടുത്തതു്; ഗാസി അബ്ദുൾ റഹ്മാൻെറ നഗരഭരണസംബന്ധമായ ഉത്തേജക പ്രസംഗങ്ങളുടെ ഉറവിടവും ഇതുതന്നെ; അക്കഷോറിഷി രമണീയമായ കവിതകൾ രചിച്ചതും ഇതിൽവെച്ചുതന്നെ; ഇതിലിരുന്നുകൊണ്ടുണ്ടായ പ്രചോദനമാണ ഷേബ്ബ്സാദ ഫെസ്സൽ ഹസ്സൻെറയും കാസിഇഹ്സാൻ അഹമ്മദിൻെറയും പ്രസിദ്ധവാഗ്മിത്വത്തിന്നു കാരണം; സൂഫിഇനായത്തു മൊഹമ്മദ്ദ് ഇതിൽ നിന്നാണ് ഇരുപത്തെട്ടുവട്ടം ജയിലിൽപോയതു്; കൂടാതെ ഞങ്ങളുടെ ജി. ഒ. സി. യായ സർദാർ മൊഹമ്മദു ഷഫിയുടെ ധീരന്മാരായ അനുയായികൾ പരിശീലനം ചെയ്യുന്നതും ഘോഷയാത്ര നടത്തിയതും ഇതിൻെറ ചുററുംതന്നെ! ഇതിന്നെല്ലാം താങ്കൾക്കെന്താണ പറയുവാനുള്ളതു്?

ഈ വർണ്ണനകൾ എന്നെ വല്ലാതെ അമ്പരപ്പിച്ചു. അതിയായ പശ്ചാത്താപം കാരണം എനിക്കൊ

KOTTAYAM PUBLIC LIBRARY
KOTTAYAM

ന്നും പറവാൻ സാധിച്ചില്ല. പക്ഷെ ഉള്ളുകൊണ്ടു ഞാൻ തീർച്ചയാക്കി, ബോംബെയിൽ മടങ്ങിയെത്തിയാലുടൻ, കാഴ്ചബംഗ്ലാവിന്റെ സംരക്ഷകന്, ചാർപായി വേഗം കൈവശപ്പെടുത്തുന്നതിന്നുള്ള നടവടികൾ നടത്തുന്നതിന്ന് ഒട്ടും വൈകിക്കാതെ തന്നെ സൂചന കൊടുക്കണമെന്ന്.

അപ്പോഴേക്കും ആ മുറി തിളങ്ങുന്ന മുഖങ്ങളെക്കൊണ്ടും നിസ്വാർത്ഥസേവനവും ആവേശവും ഉൾക്കൊണ്ടു് ഉജ്ജ്വലിക്കുന്ന കണ്ണുകളെക്കൊണ്ടും നിറഞ്ഞു; ഇതെന്നെ ഹാർദ്ദതയോടും ത്യാഗബുദ്ധിയോടുംകൂടി സംഗതികൾ വീക്ഷിക്കുന്നതിന്നു പ്രേരിപ്പിച്ചു. ഇവരിലധികം പേരും യുവാക്കളും അത്യദ്ധ്വാനം ചെയ്തു ദിവസംതോറും ഒരു ഉറുപ്പികയിൽ താഴെ സമ്പാദിക്കുന്നവരും, അതിൽനിന്നു നിത്യാഹാരാവശ്യത്തിന്നു കുറച്ചു അണമാത്രം ഒഴിച്ചു, ബാക്കിയുള്ളതെല്ലാം സംഘടനാസംബന്ധമായ ചുരുങ്ങിയ ചിലവുകൾക്ക വിനിയോഗിക്കുന്നവരുമാണ്. "മനുഷ്യൻ ഭക്ഷണംകൊണ്ടുമാത്രം ജീവിക്കുന്നില്ല".

എന്റെ സ്നേഹിതൻ പറകയാണ്—"ഈ അഹ്‌റാർമാരുടെ സ്ഥിതി ഒരു പ്രത്യേകരീതിയിലാണ്. രാഷ്ട്രീയയാഥാസ്ഥിതികന്മാരായ മുസ്ലീംകൾ അവരെ കോൺഗ്രസ്സുകാരായി കണക്കാക്കുന്നു; കോൺഗ്രസ്സുകാർ അവരെ വർഗ്ഗീയത്വം കലർന്നവരായി കണക്കാക്കുന്നു; ഗവർമ്മേണ്ടാകട്ടെ അവരെ ഒന്നാം

നമ്പ്ര് ശത്രുക്കളായും കണക്കാക്കുന്നു! അഫ്റാറി കൾ ചെയ്യുമാതിരി തീർച്ചയായും കുറച്ചുപേർ മാത്രമേ ത്യാഗങ്ങൾ അനുഷ്ഠിച്ചിരിക്കയുള്ളു. അവരും ധാരാളം തെററു ചെയ്തിട്ടുണ്ടായിരിക്കാം. പക്ഷേ അവർ പ്രവൃത്തിചെയ്യുന്നവരാണു്, ചിന്തകന്മാരല്ല; ക്രിയാശീലന്മാരാണു്; ചാരുകസാല പ്രമാണികളല്ല. അങ്ങനെയാണെങ്കിലും, ഇന്നവർ വീണ്ടും വീണ്ടും ലക്കില്ലാതെ പോകയാണു്; കഥാപാത്രങ്ങൾ ഗ്രന്ഥകാരനെ അനുഗമിക്കുന്നതുപോലെ ഒരു പക്ഷേ സംഭവങ്ങളുടെ ഒഴുക്കും, അവരുടെ ജന്മസിദ്ധമായ സ്വാഭാവികത്വവുംകൂടി ഒടുവിൽ അവരെ തീർച്ചയായും സുരക്ഷിതമായ ഒരു തുറയിലെത്തിക്കും!

V

"അടുത്തതെന്തു്?" ഞാൻ അന്വേഷിച്ചു. "താങ്കൾ തന്നെയാണല്ലോ എനിക്കു വേണ്ടി സന്ദർശനങ്ങളുടേയും അഭിമുഖസംഭാഷണങ്ങളുടേയും വലിയ ഒരു പരിപാടി തയ്യാറാക്കിയതു്"

"അടുത്ത വിഷയം മുസ്ലിംലീഗാണു്" സ്നേഹിതൻ മറുപടി പറഞ്ഞു.

"അതു നല്ലതുതന്നെ; വിഷയം തുടങ്ങു" ഞാൻ പറഞ്ഞു.

"പാക്കിസ്താൻ മുസ്ലിം ലീഗിന്റെ അദ്ധ്യക്ഷൻ മാംഡററിലെ നവാബ് സാഹിബ്ബാണു്; ഒരു വലിയ സൂത്രശാലിയും പണക്കാരനുമായ മനുഷ്യൻ. അദ്ദേഹത്തിന്റെ പ്രധാന ചുമതല കെയിറു്-ഇ-

അയസമിൻെറ വസതിയിൽനിന്നു് കൈപയിദ്-ഇ-പാക്കിസ്ഥാനിലേക്കു പോകുന്ന രാജപാത എപ്പോഴും അററകുററങ്ങൾ തീർത്തു സൂക്ഷിക്കലാകുന്നു *.

"ഒരൊന്നാംതരം ഇഞ്ചിനീയറിങ്ങ് വേലതന്നെ—തെല്ലും സംശയമില്ല. ആരാണു ലാഹോർ മുസ്ലിം ലീഗിൻെറ തലവൻ" ഞാൻ ചോദിച്ചു,

"നവാബ് സാദ റഷീദ് ആലിഖാൻ" എന്നായിരുന്നു മറുപടി "പണക്കാരനും ചൊറുചൊറുക്കുള്ളവനുമായ ഒരു യുവാവു്". അടുത്തവൻ പാക്കിസ്ഥാൻ മുസ്ലിം ലീഗിൻെറ മുൻസിക്രട്ടരി ഖാൻബഹദൂർ മുഹമ്മദ് റംസാൻ ആണ്.

"അങ്ങിനെ രണ്ടു നവാബുമാരും ഒരു ഖാൻബഹദൂരുമാണ് പാക്കിസ്ഥാൻ മുസ്ലിം ലീഗിൻെറ കീർത്തി ഘോഷയാത്ര നയിക്കുന്നവർ. ഇതുതന്നെ ധാരാളമായി! പാശ്ചാത്യരാജ്യങ്ങളിൽ ജന്മവാസനയുടേയും സാഹചര്യത്തിൻെറയും പക്ഷപാതികൾ തമ്മിലുള്ള വടംവലി പരിതഃസ്ഥിതിവാദികളുടെ ന്യായവാദപ്രകാരം മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുന്നു. പാക്കിസ്ഥാനിലാകട്ടെ എങ്ങിനെയെങ്കിലും വംശപാരമ്പര്യം വിജയിക്കുകയും, രക്തത്തിൻെറയും പദവിയുടേയും ബന്ധം നിലനില്ക്കുകയും ചെയ്യുന്നുവെന്നു കാണുന്നതിൽ എനിക്കതിയായ സന്തോഷം

* നവാബ സാഹിബ്ബ് പെട്ടന്നുണ്ടായ ഹൃദയസ്തംഭനം കാരണം മരിച്ചുപോയി. അന്നു വൈകുന്നേരംതന്നെ, അദ്ദേഹം കെചാ ദിനം സംബന്ധിച്ച് ഒരു പൊതുയോഗത്തിൽ സംബന്ധിക്കുകയുണ്ടായി.

തോന്നുന്നുണ്ടു്. ശരിയായ രാഷ്ട്രീയവീക്ഷണകോണിലൂടെ കലീഫാവംശാവലിയെപ്പററിയും, സമുദായസ്ഥിതിയെപ്പററിയും ഉള്ള വിവരണങ്ങളിൽ എനിക്കതിയായ താല്പര്യമുണ്ടു്. താങ്കൾക്കു കഴിയുമെങ്കിൽ ഈ വിഷയങ്ങളിൽക്കൂടി കുറച്ചു വെളിച്ചം തരുവാൻ ഞാൻ അപേക്ഷിക്കുന്നു."

"മാംഡററിലെ നവാബ് സാഹിബ്ബ് നൈസാം സ്റ്റെയിററിൽ പ്രശസ്തമായ ഒരു ഉദ്യോഗം വഹിച്ചു പിരിഞ്ഞുവന്നവനാണു്; നവാബ് സാദ ററംഷീദ് ആലിഖാൻ മരിച്ചുപോയ സർ സുൾഫിക്കർ ആലിഖാൻെറ പുത്രനാണു്; ഖാൻബഹദൂർ മൊഹമ്മദ് റംസാൻ പാക്കിസ്ഥാനിലെ ഒഴിഞ്ഞ ഡിപ്യൂട്ടി പോസ്റ്റു് മാസ്റ്റർ ജനറൽ ആയിരുന്നവനാണു്. ഇദ്ദേഹത്തിൻെറ ഒരു മകൻ ഇന്ത്യൻ പോലീസ്സിൽ ലാഹോററിലെ സി. ഐ. ഡി. വകുപ്പിലെ സൂപ്രണ്ടാണു്, വേറൊരുവൻ സംസ്ഥാനസിവിൽ സർവ്വീസ്സിൽ ഉദ്യോഗമുള്ളവനുമത്രെ."

"പ്രകാശദായകമായ വിവരണങ്ങൾ തന്നതിനു താങ്കൾക്കു അനേകവന്ദനം. എന്നാൽ ആഫീസ്സിൻെറയും പ്രചരണവകുപ്പിൻെറയും സന്നദ്ധസംഘടനയുടേയും മേൽനോട്ടം ആരാണു് വഹിക്കുന്നതു്?" ഞാൻ ചോദിച്ചു.

ലാഹോർ ലീഗിൻെറ ആഫീസ്സ് സിക്രട്ടറി ആത്മാർത്ഥതയുള്ളവനും ഒരു മാന്യപ്രവർത്തകനുമായ കാജാ അബ്ദുൾഗാനിയാകുന്നു; പ്രചരണവ

NO. 11286

കപ്പിന്റെ സിക്രട്ടറി, ഒരു കാലത്തു ക്രിസ്തുമതത്തിൽ വിശ്വസിച്ചിരുന്നവനും പിന്നിട്ട് ഇസ്ലാം മതം സ്വീകരിച്ചവനും പ്രൊഫസരുമായിരുന്ന മിസ്റ്റർ ഇനായത്തുള്ളാഖാൻ ആണ്. അദ്ദേഹമൊരു ഒന്നാംതരം പ്രാസംഗികനത്രെ. ഇനായത്തുള്ളാഖാൻ ആദ്യത്തിൽ അഹ്റാറിൽ ചേന്നു; പിന്നീട്ട് അതിൽനിന്നും രാജിവെച്ച് ഇത്തിഹാദ്-ഇ-മില്ലററിൽ ചേന്നു; വീണ്ടും അതിൽനിന്നു രാജിവെച്ചിഇപ്പോൾ പോയിപ്പോയി മുസ്ലീംലീഗിൽ എത്തിയിരിക്കുന്നു!

സന്നദ്ധസംഘത്തിലെ സലാർ-ഇ-അയസം, മെയിൻ ഫിറോസ് ഡിൻ അഹമ്മദ് ആകുന്നു. ഇയ്യാൾ ഒരു ശക്തിയേറിയ പൊതുപ്രാസംഗികനും അക്രമപ്രസക്തിയുള്ളവനും പല കുഴപ്പങ്ങൾക്കും ഇരിപ്പിടമായവനുമാണ്. ഖിലാഫററ് കാലത്തു ജമായത്ത് ഉൽ-ഉലേമയുടെ "ഫാത്വ"കൾ പട്ടാളക്കാരുടെ ഇടയിൽ വിതരണംചെയ്ത കുററത്തിന് അയാളെ ജീവപര്യന്തം നാടുകടത്തുവാൻ ശിക്ഷിച്ചു; എന്നാൽ മണ്ടെഗ്ഫോർഡ് ഭരണപരിഷ്കാരങ്ങൾ അയാൾക്ക മാപ്പുനൽകി. ഷാഹിദ് ഗുൻജി പ്രക്ഷോഭത്തിൽ ഗവർണ്ണർ എമേഴ്സനെ ഇയ്യാൾ "അമർസിംഗ്" എന്നു വിളിക്കുകയുണ്ടായി; അതിനെ തുടന്നു അനവധി മാസങ്ങൾ വീട്ടു തടവിലിരിക്കുകയും ചെയ്തു.

മുസ്ലീംകളിൽ മെയിൽ ഫിറോസ്സിനെപ്പോലെയുള്ളവരും ഹിന്ദുക്കളിൽ ബീലിഷാംറിനെപ്പോലെയുള്ളവരും ജനങ്ങളാൽ അത്യന്തം ബഹുമാനിക്കപ്പെടുകയും അതുപോലെത്തന്നെ കഠിനമായി കുററം ചുമത്തപ്പെടുകയും ചെയ്യുന്നു. അവർ ഗുണ്ടകളെന്നും വിപ്ലവകാരികളെന്നും വർഗ്ഗീയവാദികളെന്നും കണക്കില്ലാതെ ആക്ഷേപിക്കപ്പെട്ടു. അതിനോപ്പംതന്നെ ശൂരന്മാരായ സംഘടകന്മാരെന്നും മതസംരക്ഷകന്മാരെന്നും ഉച്ചത്തിൽ പ്രശംസിക്കപ്പെടുകയും ചെയ്തു! രണ്ടു ഭിന്നമതക്കാരെങ്കിലും പാക്കിസ്ഥാനിൽ വളരെ ജനസമ്മതി നേടിയവരും, അസാമാന്യമേറിയ ആധുനികകാലത്തു തുല്യകക്ഷ്യന്മാരായി ഗണിക്കപ്പെടുന്നവരുമായ രണ്ടു വ്യക്തികൾ!

എൻെറ ഗവേഷണങ്ങൾ രസകരങ്ങളായ പല സംഗതികളേയും വെളിച്ചത്താക്കി. നിര്യാതനായ സർ മുഹമ്മദ് ഇക്‌ബാലിൻെറ ആരാധകന്മാരായി ലീഗിൽതന്നെ ഒരു വ്യത്യസ്തവിഭാഗമുണ്ടു്. അവരാകട്ടെ അദ്ദേഹത്തിൻെറ മരണശേഷവും സർ സിക്കന്തർ ഹയ്യത്ഖാനു കീഴ്‌വഴങ്ങിയിരുന്നില്ല. ഒരു സുപ്രസിദ്ധ അഭിഭാഷകനും ജനപ്രതിനിധി സഭാംഗവും കൂടിയായ മാലിക്ക് ഭർകത് അലിയും അദ്ദേഹത്തിൻെറ നിയമസാക്ഷികളും, ബാരിസ്റ്റർമാരുമായ പീർതാജൂദീനും, മിസ്റ്റർ ഗുലാം രസൂലും അവരിൽ ഉൾപ്പെടുന്നു.

ചെറുപ്പക്കാരിൽവെച്ച് അഷീക്ക് ഹുസൈയിൻ ഒരൊന്നാംതരം ചെറുകഥാകൃത്താണ്. യൂനിയനിസ്റ്റുകാർ മുസ്ലിംലീഗിന്റെ വളർച്ചയെ തടഞ്ഞ ഒരു നീണ്ട കഥ, അദ്ദേഹം ഒരു ചെറുപുസ്തകത്തിൽക്കൂടെ നമുക്കു പറഞ്ഞുതരുന്നു.

അല്പം അതിശയോക്തിയോടുകൂടി "ഇൻക്വിലാബ്" (വിപ്ലവം) എന്നു പറയപ്പെടുന്ന രസകരമായ ദിനപത്രത്തിന്റെ സഹപത്രാധിപന്മാരും ഉടമസ്ഥന്മാരുമായ ഗുലാംറസൂൽ മെഹർ അബ്ദുൾമജീദ് സാലിക്ക് എന്ന രണ്ടു സുഖിയന്മാരാണു പിന്നത്തെ രണ്ടുപേർ. രണ്ടുപേരും സിക്കന്തറുടെ തികഞ്ഞ അനുയായികളാണെന്നു പറയേണ്ടതില്ലല്ലോ! മെഹർ നല്ല സംഘടനാ ചാതുര്യമുള്ളവനും പാക്കിസ്താനിലെ പ്രമുഖ ഉർദു പത്രപ്രവർത്തകന്മാരിൽ ഒരുവനും, പൌരസ്ത്യസാഹിത്യത്തിൽ ഏററവും വലിയ ഒരു സ്വകാര്യഗ്രന്ഥശാലയുടെ ഉടമയുമാണ്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ സാലിക്ക് പേർ സമ്പാദിച്ചു; ഖിലാഫത്തു പ്രസ്ഥാനകാലത്ത് അയാൾ രണ്ടുകൊല്ലക്കാലം ജയിലിലാക്കപ്പെട്ടു. ഈയ്യാളാണു ടാഗോറിന്റെ ഗീതാഞ്ജലിയും, ഗാർഡനറും മററുകൃതികളും ഉർദുവിലേക്കു തർജ്ജമ ചെയ്തതു്; അബ്ദുൾകലാം ആസാദിനെ സ്വകാര്യമായി ബഹുമാനിക്കുകയും, പരസ്യമായി തന്റെ പത്രത്തിൽ കോൺഗ്രസ്സിന്നെതിരായി ലേഖനങ്ങളെഴുതുകയും ചെയ്യുന്നതു് ഇയ്യാള

ത്രെ! ഇംഗ്ലീഷിൽനിന്നു ഉർദുവിലേക്കു തർജ്ജമചെയ്യുന്ന പരിഭാഷകനെന്ന നിലയിൽ ഈ മനുഷ്യനോടു കിടനില്ക്കുന്നവർ ആരുമില്ല.

മൗലാനാസഫർ ആലിഖാൻ അവരുടെ പത്രത്തെ വർണ്ണിച്ചിരിക്കുന്നതു മനോഹരവും എന്നാൽ തർജ്ജമചെയ്യാൻ സാധിക്കാത്തതുമായ പദ്യത്തിൽകൂടെയാണു്.

"ഇൻകപിലംബാദ ഫൈൻ സമാനാകീ
മെഹർമസാലക് കി ഇൻകപിലംബുദേഖു്"

## VI

എല്ലാവരിലും ഉപരിയായി മൗലാനാസഫർ ആലിഖാൻ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന്നു വാലും തലയും ഇല്ല. എന്നാൽ അദ്ദേഹം ഒരു അബ്ദത്തിന്റെ പ്രതിപ്രവർത്തനങ്ങളെ മുഴുവനും തന്നിൽ സംഗ്രഹിച്ചുവെച്ചിട്ടുള്ളതുപോലെ തോന്നും. കവി, എഴുത്തുകാരൻ, പ്രാസംഗികൻ, എതിരില്ലാത്ത പത്രപ്രവർത്തകൻ, വേദപണ്ഡിതൻ, ലക്കില്ലാത്തവൻ—ഇതെല്ലാം അദ്ദേഹം ഒരുത്തനിലുണ്ടു്. ഇദ്ദേഹത്തെ അളക്കുവാൻ തക്കയാതൊരു മാനദണ്ഡവുമില്ല. ഇദ്ദേഹം സ്വപ്രയത്നത്താലും അല്ലാതേയും പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടു്; പോരാടുകയും ജയിക്കുകയും ചെയ്തിട്ടുണ്ടു്; പോരാട്ടത്തിൽ പരാജയ മടഞ്ഞിട്ടുണ്ടു്; അനവധി പ്രാവശ്യം ജയിലിൽ പോയിട്ടുമുണ്ടു്; എന്നാൽ യാതൊരു പശ്ചാത്താപവുമില്ലാതെയാണു് എല്ലാപ്പോഴും പു

റത്തുവന്നിട്ടുള്ളതു്. ഇദ്ദേഹം ഒരേ സമയത്തുതന്നെ വിശാലഹൃദയനും ചപലസ്വഭാവമുള്ളവനും; ഒരൊന്നാംതരം ധാർമ്മികമനസ്ഥിതിയുള്ളവനുമാണു്. മൗലാനാ സഫർ അലിഖാൻ ഒരു പിഞ്ചുകുട്ടിയെപ്പോലെ മൃദുലഹൃദയനും, കാർയ്യങ്ങളിൽ—തന്റേതായാലും അന്യരുടേതായാലും—ഒരു ദുർവ്യയശീലനുമാണു്. ഒന്നിലും ദൃഢതയില്ലെന്നുള്ളതാണു് അദ്ദേഹത്തിന്റെ വലിയൊരു സ്വഭാവദൂഷ്യം. വാസ്തവത്തിൽ അദ്ദേഹം ദൃഢതയെ കഴുതയുടെ പര്യായമായിട്ടാണു കണക്കാക്കിയിരുന്നതു്. കവിത അദ്ദേഹത്തിൽനിന്നും നൈസർഗ്ഗികമായും ധാരാളമായും, അരുവിയിൽ വെള്ളംപോലെ, പ്രവഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ദോഷദൃഷ്ടിയോടൊപ്പം വ്യത്യസ്തപ്പെട്ടുകൊണ്ടിരുന്നു.

മൗലാനാ സഫർ അലിഖാന്റെ ദിനപത്രമായ "ജമിന്ദാർ" മിക്കവാറും ഒരു പഴംപുരാണംപോലെയായിരിക്കുന്നു. അതെന്തെല്ലാം കാരണങ്ങളുണ്ടായിക്കാവട്ടെ അങ്ങേയറ്റം പരസ്പര വിരുദ്ധങ്ങളായ പരിപാടികൾകൂടി ഉന്നയിച്ചിട്ടുണ്ടു—അസഹ്യമായ മനഃക്ഷോഭത്തോടും വെമ്പലോടും പച്ചയായും ചെയ്യപ്പെടുന്ന അവ ഓരോ പ്രാവശ്യവും രംഗപ്രവേശം ചെയ്യുന്നതു വലിയ പുതുമയോടുകൂടിയാണു്. എന്നുതന്നെയല്ലാ ജമിന്ദാർക്കു് അഭിമാനകരമായ ഒരു പ്രശസ്തികൂടിയുണ്ടു്; അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി ഒരു ലക്ഷത്തിലധികം ഉറുപ്പി

ക സൎക്കാരിലേക്ക ജാമ്യംകെട്ടി പിടിച്ചടക്കുവാൻ അതിടയാക്കിയിട്ടുണ്ടു്! എന്നാൽ എതിരാളികളെ നശിപ്പിക്കുവാൻവേണ്ടി ഒരമാനുഷശക്തി അതിൻെറ തുടൎച്ചയായ കേസ്സു വിചാരണകളിൽ എല്ലായ്പോഴും പൊങ്ങിവന്നിട്ടുമുണ്ടു്! ജാമ്യസംഖ്യ പിടിച്ചടക്കുന്നതിൻെറ ഈ "റെക്കാർഡ്" ഒരു പക്ഷേ ലോകത്തിലെ ഒരു പത്രവും സൃഷ്ടിച്ചിട്ടില്ല. മൗലാനയുടെ നിശിതമായ നിയന്ത്രണത്തിൻ കീഴിലാണിതു നടത്തുന്നതെങ്കിലും ഇന്നു് ജമിന്ദാരുടെ പത്രാധിപത്യം വഹിക്കുന്നതു പ്രാപ്തിയും നയകുശലതയുമുള്ള ഒരു പത്രപ്രവൎത്തികനായ അഖ്തർ അമരിസ്സാരിയാണു്.

പാക്കിസ്ഥാൻ പത്രലോകത്തിൽ "ജമിന്ദാ"ക്കുള്ളപരോക്ഷമായ സ്വാധീനശക്തി ഒട്ടും താണതല്ല. "ഇൻകിലാബ" ദിനപത്രത്തിൻെറ പത്രാധിപരായ അബ്ദുൾ മജീദസാലിക്ക് ആദ്യം "ജമിന്ദാരു"ടെ ഉപപത്രാധിപരായിരുന്നു. "സബാസ്" ദിനപത്രത്തിൻെറ അധിപരായ മുംതസ് അഹമ്മതു മൈക്കാത്തും ഇതേമാതിരിതന്നെ ആദ്യം "ജമിന്ദാരുടെ" ഉപപത്രാധിപരും പിന്നീടു പ്രധാന പത്രാധിപരുമായ ഷേഹമാണു്. അപ്രകാരംതന്നെ "മുസൽമാൻ" പത്രത്തിൻെറ അധിപരും പ്രാപ്തനുമായ നസരുള്ളാഖാൻ അസ്സീസും "ജമിന്ദാരു"ടെ പ്രധാന പത്രാധിപരായിട്ടുണ്ടു്. "അഫ്സൻ" ദിനപത്രത്തിൻെറ അധിപരായ വകർ അംബൽവി ഒരു

കോൺഗ്രസ്സുകാരനായിരുന്ന കാലത്തു്, "പ്രതാപി" ലും "മിലാപ്"ലും ജോലി ചെയ്തിരുന്നപ്പോൾ, മൗലാനാസഫർ ആലിഖാൻെറ ഒരുത്തമഭക്തനായിരുന്നു. "സ്സ്വസ്സ"മിൻെറ പത്രാധിപരായ മൊഹമ്മദ്ദ് ഉസ്മാൻ ഫാർക്ക്ലിഡീൻെറ അവസ്ഥയും ഇതു തന്നെയാണെന്നു പറയാം; കൽക്കത്തയിൽ അല്ലതു നടന്നിരുന്ന സുപ്രസിദ്ധഹാസ്യ കലാവിദഗ്ദ്ധനായ ചിറാഗ്ഹസൻ ഹസ്റതിനെ "ജമിന്ദാരു"ടെ പത്രാധിപസ്ഥാനത്തിലേക്കാനയിച്ചതു മൗലാനയത്രെ! ഇവിടെ നിന്നും അയാൾ ഓൾ ഇന്ത്യാറേഡിയോവിലേക്ക പ്രവേശിക്കുന്നതുവരെ മററു പല പത്രങ്ങളിലേക്കും മാറിക്കൊണ്ടിരുന്നു. വേറേയും പല സംഭവങ്ങളെനിക്കോമ്മ വരുന്നുണ്ടെങ്കിലും ഇതു തന്നെ ധാരാളമായി. ഏതു പത്രത്തിന്നും പത്രാധിപക്കും അഭിമാനം കൊള്ളാവുന്ന ഒരു ഉന്നതനിലയാണിതു്.

## VII

"ഇനി സിക്കരാഷ്ട്രീയത്തിലെ പ്രധാനസംഭവങ്ങളെന്തെല്ലാമാണ്?" ഞാൻ അന്വേഷിച്ചു.

ഞങ്ങൾ വ്യക്തികളേയും, അവരുടെ ആശയങ്ങളേയും, സ്ഥാപനങ്ങളേയും കുറിച്ചു് ഏകാഗ്രതയോടുകൂടി പര്യാലോചിക്കുന്നതിൽ മഗ്നരായി. സംഭാഷണത്തിൽനിന്നും സിക്ക "രാഷ്ട്രീയ"ത്തിൽ വ്യത്യസ്തലക്ഷണങ്ങളോടുകൂടിയ പല ചേരിതിരിവുകളുമുണ്ടെന്നു ഞാൻ മനസ്സിലാക്കി. അവയിൽ

പ്രധാനപ്പെട്ടവ ശിരോമണി, അകാലിദാൽ, സെൻട്രൽ അകാലിദാൽ, കാൽസ നേഷനൽ പാർട്ടി, ബാബഗ്രൂപ്പ് എന്നിവയാണ്: സൗകര്യത്തിന്നു വേണ്ടിയും, എന്തുദ്ദേശത്തിന്മേലാണു വിഭിന്നവും വിദ്വേഷമനസ്ഥിതിയോടുകൂടിയവയുമായ ഈ സ്ഥാപനങ്ങൾ നിലകൊള്ളുന്നതെന്നറിവാൻവേണ്ടിയും ഈ കക്ഷികളെ നമുക്കു താഴെ കാണിക്കും പ്രകാരം നാമകരണം ചെയ്യാം.

ശിരോമണി അകാലിദാൽ = ഉള്ളവർ, (പണക്കാർ)
ബാബഗ്രൂപ്പ് = ഇല്ലാത്തവർ (ദരിദ്രന്മാർ)
സെൻട്രൽ അകാലിദാൽ = പ്രാമാണ്യമില്ലാത്തവർ.
കൽസ നാഷനൽപാർട്ടി - പഴമക്കാർ.

ഈ കക്ഷികളെയെല്ലാം പരിവാരണം ചെയ്തിരിക്കുന്നതു് എല്ലാ സിക്കു ഗുരുദ്വാരങ്ങളേയും നിയന്ത്രിക്കുന്ന ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററിയാണ് (എസ്സ്. ജി. പി. സി.) അതിനാൽ ഇതിന്നു ലക്ഷക്കണക്കായി സ്വത്തുണ്ടു്. ഈ കമ്മററിയിൽ ആർക്ക് ഭൂരിപക്ഷം കിട്ടുന്നുവോ അവർ സിക്കു രാഷ്ട്രീയത്തിലെ പ്രധാനഘടകമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ആ പാർട്ടിക്കു് അതിന്റെ സ്വാർത്ഥലാഭത്തിന്നുതകുന്ന വിധത്തിൽ മററുള്ളവരെക്കൊണ്ടു കുഴലൂതിക്കുവാൻ കഴിയും. വളരെ വാശിയോടെ നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ—മൂന്നു കൊല്ലം കഴിയുമ്പോൾ ഗവർമ്മെണ്ടാഭിമുഖ്യത്തിൽ അവ നടത്തപ്പെടുന്നു—ഇരുപത്തൊന്നു വയസ്സി

നുമേലെയുള്ള ഓരോ സിക്ക പുരുഷനും സ്ത്രീക്കും വോട്ടവകാശമുണ്ടായിരിക്കും. അനേക സംവത്സരങ്ങൾക്കു മുമ്പു ശിരോമണി അകാലിദാലിനു് എസ്സ്. ജി. പി..സിയിൽ ഭൂരിപക്ഷമുണ്ടായിരുന്നു. അതിനാൽ പലകക്ഷികളുമുള്ളതിൽ ഈ കക്ഷിക്കാണു് അധികം ശക്തിയുള്ളതെന്നു പറയുന്നതിൽ തെററില്ലല്ലോ?

ശിരോമണി അകാലിദാലിന്റെ അദ്ധ്യക്ഷനായ മാസ്റ്റർ താരാസിംഗ് ശിരോമണി ഗുരുദ്വാരപ്രബന്ധകകമ്മിററിയുടേയുംകൂടി അദ്ധ്യക്ഷനും ജനസ്വാധീനമുള്ള നേതാക്കന്മാരിൽ ഒരുവനുമാണു്. അദ്ദേഹത്തിന്റെ പൂർവ്വികന്മാർ അധികകാലം മുമ്പു ഹിന്ദുക്കളായിരുന്നുവെന്ന വസ്തുത എന്നെതെല്ലും അമ്പരപ്പിക്കുന്നില്ല! അടുത്തകാലത്തായി അവർ സിക്കമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവരാണു്! ഒരു കാലത്തു സ്കൂൾ മാസ്റ്ററായിരുന്ന മാസ്റ്റർ താരാസിംഗ് ജയിൽ ധാരാളം കണ്ടിട്ടുണ്ടു്. ഇരുപതാം നൂററാണ്ടിന്റെ മദ്ധ്യകാലത്തുണ്ടായ നാഭ പ്രക്ഷോഭണത്തിൽ അനേകായിരം സിക്കുകാർ തടവിലാക്കപ്പെട്ടു. അവരുടെ ആ കേസ്സു മൂന്നു കൊല്ലത്തോളം നീണ്ടുനിന്നു. ഒടുവിൽ താരാസിംഗും, സർദാർ സമുഖ്സിംഗ്ജബാലും, ഗോപാൽ സിംഗ് ക്വാമിയും മററും ഗവൺമെണ്ടിന്റെ സന്ധിവ്യവസ്ഥകൾക്കു വഴിപ്പെടാതെ ജയിൽ ശിക്ഷവരിക്കുകയും, അദ്ദേഹത്തിന്റെ ബാക്കിയുള്ള സ്നേഹി

തന്മാർ സന്ധി വ്യവസ്ഥകൾ വഴങ്ങി ജയിലിൽ നിന്നു പുറത്തുവരികയും ചെയ്തു. സിവിൽ നിയമലംഘനപ്രക്ഷോഭം അദ്ദേഹത്തെ വീണ്ടും ജയിലിലാക്കി. അടുത്ത ചില കൊല്ലങ്ങളായി അദ്ദേഹം രാഷ്ട്രീയ രംഗങ്ങളിൽനിന്നു പിന്മാറുകയും കോൺഗ്രസ്സിൽനിന്നു രാജിവെച്ച 'സിക്ക'കാരുടെ അവകാശങ്ങളെപ്പററി വാദിക്കുന്ന ഒരു പ്രധാന നേതാവായി തീരുകയും ചെയ്തു. *

മാസ്റ്റർ താരാസിംഗിൻെറ സഹോദരൻ പ്രൊഫസർ നിരഞ്ജൻസിംഗ് ലാഹോറിലെ ഖൽസനാഷണൽ കോളേജിലെ പ്രിൻസിപ്പാളാകുന്നു. അദ്ദേഹം പൊതുജനസമ്മതനായ ഒരദ്ധ്യാപകനും അതിസമൎത്ഥനായ ഒരു വിദ്യാഭ്യാസപ്രവൎത്തകനുമത്രെ.

താരാസിംഗിൻെറ പ്രധാന പ്രവൎത്തകന്മാരിൽ അകാലിവീക്ഷണക്കോടിയിലൂടെ കിസാൻ പ്ര

---

* അടുത്തകാലത്തു മാസ്റ്റർ താരാസിംഗ ശിരോമണി ഗുരുദ്വാരപ്രബന്ധകക്കമ്മിററിയുടേയും ശിരോമണി അകാലിദളിൻെറയും അദ്ധ്യക്ഷസ്ഥാനവും മെമ്പർസ്ഥാനവും രാജികൊടുത്തു. 1944 മാർച്ച് 5-ാം തിയ്യതി യുണൈററഡ് പ്രസ്സിൻെറ ഒരു സന്ദേശത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ടു ചെയ്യുന്നു—'ഞാൻ ഈ സ്ഥാനങ്ങൾ വിഴുങ്ങുന്നതായി ചിലൎക്ക വിചാരമുണ്ടു്. ഈ സംശയം പാൻതിക (സിക്ക) പ്രസ്ഥാനത്തെ, ഞാൻ ഈ സ്ഥാനങ്ങളിലിരിക്കുന്നിടത്തോളംകാലം ബലഹീനമാക്കും. കൂടാതെ പാന്തിക്കിനെ സംബന്ധിച്ച പ്രവൎത്തനങ്ങൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുക കാരണം ഇപ്പോഴത്തെ എൻെറ ആരോഗ്യസ്ഥിതി അദ്ധ്യക്ഷനായി തുടരുവാൻ അനുവദിക്കുന്നില്ല"

സ്ത്രങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവനും ശിരോമണി ഗുരുദ്വാരപ്രബന്ധക കമ്മിററിയുടെ മുൻ അദ്ധ്യക്ഷനുമായ ജത്തേഡർഉഡ്ഹാം സിംഗ്നഗോക്കും, ല്യാൽപൂരിലെ ഒരു ശ്രുതിപ്പെട്ട അഭിഭാഷകനും നിയമനിർമ്മാണസഭയിലെ ചെംടിയും ചുണയുമുള്ള ഒരംഗവുമായ സർദാർ ശാന്തിസിംഗും ഉൾപ്പെടുന്നു. വിദ്യാഭ്യാസസംബന്ധമായ വിവാദങ്ങളിൽ അദ്ദേഹം വലിയ താല്പര്യം പ്രദർശിപ്പിച്ചിരുന്നു; എന്നാൽ ഒരിക്കലും ജയിലിൽ പോയിട്ടില്ല. രസകരമായ സംഭാഷണം അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു.

“അടുത്തതായി ജനസഭാംഗമായ ഗിയാനികർത്താസിംഗ്”........” സ്നേഹിതൻ തുടർന്നു.

ഞാൻ പ്രതിഷേധിച്ചു........“ഒരു നിമിഷനേരം ക്ഷമിക്കു. എവിടെ നിന്നാണു താങ്കൾക്കു “ഗിയാനി” എന്ന പുതിയ സ്ഥാനപ്പേർ മനസ്സിലായതു്? ഇതു് ആദ്യം പറഞ്ഞ ആ നാലു സ്ഥാനപ്പേരുകളിൽ ഉൾപ്പെടുന്നില്ലല്ലോ. അതിൽ നിങ്ങൾ കൂട്ടിച്ചേർത്തതായിരിക്കുമോ ഇതു്?”

സ്നേഹിതൻ ക്ഷമയോടും ശാന്തമായും പറഞ്ഞു—“നോക്കു, ഗിയാനിയെന്നതു് ഒരു ബഹുമാനസൂചകപദമല്ല. അതു കീർത്തിയുടെ ഒരു സ്ഥാനമത്രെ? ഈ സ്ഥാനപ്പേർ ഒരുവനു കിട്ടണമെങ്കിൽ അയാൾ ഒരു പ്രത്യേകപരീക്ഷയിൽ പാസ്സാകണം”.

"അതു ശരി, എന്നാൽ ഇവിടെ ധാരാളം ഗിയാനികളുണ്ടോ?" ഞാൻ ഉൽക്കണ്ഠയോടെ ചോദിച്ചു.

"എത്ര വേണമെങ്കിലും!" സോഷ്യലിസ്റ്റുകാരനായ ഗിയാനി വതൻസിംഗ്; ഒരു തികഞ്ഞ അകാലിയായ ഗിയാനി കർതാർസിംഗ്; "അകാലി പത്രിക"യുടെ അധിപരും അകാലിയും കോൺഗ്രസ്സുമായ ഗിയാനി ഗുരുമുഖ്സിംഗ് മുസാഫർ, ഗിയാനി ഷേർസിംഗ്........"

"എന്താണു പറഞ്ഞതു്? അകാലിയും കോൺഗ്രസ്സുമെന്നോ? എന്താണതു്" ഞാൻ ചോദിച്ചു.

"അകാലികളിൽതന്നെ ഒരു വിഭാഗം കോൺഗ്രസ്സിൽ ചേർന്നും വേറൊരു വിഭാഗം അതിൽ ചേരാതെയും നിലകൊള്ളുന്നു. ഉദാഹരണമായി, സർദാർമാരായ സംപൂർണ്ണസിംഗ്, പ്രതാപ്സിംഗ്, കപൂർസിംഗ്, ദർശൻസിംഗ് മുതലായവർ കോൺഗ്രസ്സുകാരും, കോൺഗ്രസ്സിൽതന്നെ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവരുമാണു്. എന്നാൽ മാസ്റ്റർ താരാസിംഗ്, ഗിയാനി കർതാർസിംഗ് തുടങ്ങിയവർ കോൺഗ്രസ്സിൽനിന്നു രാജിവെച്ചൊഴിഞ്ഞവരത്രെ! ഈ രണ്ടു കക്ഷികളും ഒരേ സമയത്തു് ഒരേ പാർട്ടിയിൽ—ശിരോമണി അകാലിദളിൽ—സ്ഥിതി ചെയ്യുന്നു. എന്നാൽ ഔദ്യോഗികനയങ്ങളിൽ ശിരോമണി അകാലിദൾ കോൺഗ്രസ്സിൽനിന്നും വ്യത്യസ്തമാണു്.

[KOT]TAYAM PUBLIC LIBRARY KOTTAYAM.

"എങ്കിൽ ഇതു വളരെ അത്ഭുതമായിരിക്കുന്നു" ചിന്താഗ്രസ്തനായി ഞാൻ പറഞ്ഞു. "എങ്ങിനെയാണു നിങ്ങളിതിനെ വ്യാഖ്യാനിക്കുന്നതു്? പാക്കിസ്ഥാൻ രാജ്യതന്ത്രത്തിൻെറ ഒരു സാധാരണ സമ്പ്രദായമാണോ ഇതു്?" സ്നേഹിതൻ പറയുവാൻ തുടങ്ങി—"വാസ്തവത്തിൽ ഇതേമാതിരിതന്നെ! ഇന്നു് ജനസഭയിലേക്കൊരു പുതിയ പൊതുതിരഞ്ഞെടുപ്പുവന്നുവെന്നിരിക്കട്ടെ. അകാലികൾ കോൺഗ്രസ്സംഗത്താണെങ്കിൽ കോൺഗ്രസ്സിന്നു സിക്കസ്ഥാനങ്ങളിൽ 95 ശതമാനവും ലഭിക്കും; അകാലികൾ ചേർന്നിട്ടില്ലെങ്കിൽകൂടി 75 ശതമാനം അവർ കരസ്ഥമാക്കും. ഇപ്പോഴത്തെ അകാലികൾ നല്ല സമർത്ഥന്മാരാണു്; അവൎക്കു് ഈ സംഗതി നല്ലപോലെ അറിയാം. ജവഹർലാൽ നെഹറുവിൻെറ തിരഞ്ഞെടുപ്പു പര്യടനങ്ങളിലെ "കൊടുങ്കാററു" പ്രസംഗങ്ങളുടെ അനുഭവം അവർ ഒരിക്കലും മറന്നിട്ടില്ല. അതു കാരണമാണു് അവരിൽ ശക്തിയായ ഒരു വിഭാഗം കോൺഗ്രസ്സൈക്യത്തിന്നു നിലകൊള്ളുന്നതു്."

"യഥാർത്ഥത്തിൽ പല അകാലിനേതാക്കന്മാൎക്കും സൈന്യത്തിലെ സിക്കുകാരുടെ ശതമാനം വർദ്ധിപ്പിക്കുവാൻ വളരെ ആഗ്രഹമുണ്ടായി. കോൺഗ്രസ്സിൽ അതിൻെറ അച്ചടക്കത്തിന്നു വിരോധമായി ഈ പ്രശ്നം ഉന്നയിക്കേണ്ടിവരുന്നതിനാൽ അവർ ആ സംഘടനയിൽനിന്നും തെററി, തൻകാ

ത്ഥം മാത്രം നോക്കുന്ന "ശിരോമണി അകാലിദൾ" എന്നു പേരിട്ടൊരു പാർട്ടി രൂപീകരിച്ചിരിക്കയാണു്."

"എങ്കിലും........?" ഞാൻ ചോദിച്ചു.

"അതു ശരി, പാക്കിസ്ഥാനിൽ ഈ "എങ്കിലു"കൾക്കു സ്ഥാനമില്ലെന്നു താങ്കൾ ധരിക്കണം" സ്നേഹിതൻ പറഞ്ഞു." കാര്യങ്ങളുടെ യാഥാർത്ഥ്യം ഇങ്ങിനെയാണു്. ഞങ്ങളുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി സർ സിക്കന്തർ തൻകാര്യത്തിൽ മാത്രം പ്രിയമുള്ളവനാണു്. അതു് ഇന്നും അങ്ങിനെ തന്നെയാകുന്നു. അദ്ദേഹത്തിന്റെ ആ ശീലം പൊതുജനങ്ങളുടെ ഇടയിലും പരന്നുവരുന്നുണ്ടു്. അകാലികൾ പ്രധാനമന്ത്രിയുടെ പുസ്തകത്തിൽനിന്നു "ഒരേട്" ചീന്തിയെടുത്തിരിക്കയാണു്. ഒന്നിന്നും സ്ഥിരതയില്ലാത്ത ഇക്കാലത്തു് എല്ലാച്ചുമതലകളും ഒരാളിൽ തന്നെ അർപ്പിക്കുന്നതിൽ വലിയ രക്ഷയുമില്ലല്ലോ!"

"എന്റെ സ്നേഹിതൻ തന്റെ സംഭാഷണമവസാനിപ്പിക്കുന്ന ഭാവംകണ്ടു്, കൂടുതൽ സംസാരിക്കുന്നതുകൊണ്ടു യാതൊരു ഫലവുമുണ്ടാകയില്ലെന്നു ഞാൻ തീർച്ചയാക്കി. "മററു ഗ്രൂപ്പുകളെപ്പററിയ വിവരങ്ങളെന്തെല്ലാം?" ഞാൻ ചോദിച്ചു.

"മററു ഗ്രൂപ്പുകൾ? ശരി ബാബമാർ വിപ്ലവകാരികളായ കക്ഷികളാണു്. അതിലെ അപ്രകാരമുള്ള അംഗങ്ങൾ ജയിലിൽ സുരക്ഷിതരായി പാർക്കുന്നു. അവർ സർഛോട്ടു രാമനുമായി കിസാൻ പ്രശ്ന

ത്തെക്കുറിച്ചു സംസാരിച്ചു പിണങ്ങുകയുണ്ടായി. കിസാൻപ്രശ്നം ഛോട്ടുരാമന്റെ കുത്തകയാണെന്നെല്ലാവൎക്കുമറികയും ചെയ്യും!" *

കാൽസാന്നാഷനൽ പാർട്ടിയാകട്ടെ അതിന്റെ നേതാവായ സർസുന്ദർസിംഗ് മജിതിയയുടെ മരണംകൊണ്ടു ബലഹീനമായി ചമഞ്ഞിരിക്കുന്നു. ഇന്നു ജനസഭക്കു പുറത്തു് ആ പാർട്ടിയുടെ അനുഭാവികളെ കണ്ടുപിടിക്കേണമെങ്കിൽ തീൎച്ചയായും ഒരു സൂക്ഷ്മദർശിനിയന്ത്രംതന്നെ ഉപയോഗിക്കേണ്ടിവരും!

സെൻട്രൽ അകാലിദൾ പാർട്ടി അടുത്തുതന്നെ പുനസ്സംഘടിതമായി. അതിലെ മേധാവി പാക്കിസ്ഥാനിലെ ഏററവും ബഹുമാന്യദേഹവും ധൈര്യശാലിയുമായ ബാബാ ഖാരകസിംഗ് ആകുന്നു. കുറെകൊല്ലങ്ങൾക്കു മുമ്പു ശിരോമണി ഗുരുദ്വാരപ്രബന്ധകമ്മററി രൂപീകരിച്ചപ്പോൾ ഇദ്ദേഹത്തെ അതിന്റെ ഒന്നാമത്തെ അദ്ധ്യക്ഷനായിതിരഞ്ഞെടുത്തു. ഇദ്ദേഹംതന്നെയായിരുന്നു കോൺഗ്രസ്സ് അദ്ധ്യക്ഷനും. ധീരനും, സാഹസികനും, ആലോചനകുറഞ്ഞവനുമായ ഇദ്ദേഹം വളരെക്കാലം ജയിലിൽ കഴിച്ചുകൂട്ടി; എന്നാൽ ഇദ്ദേഹം യാതൊരു നിയമക്കോടതിയുമായും സഹകരിക്കുകയുണ്ടായില്ല. 1922-ൽ ഒരു പ്രസംഗം ചെയ്തതിനു ഇ

---

* പിന്നീടു സ്വയം ജനകീയ സമരപക്ഷക്കാരായി തീൎന്നവരെ ജയിലിൽനിന്നു വിമുക്തരാക്കി.

ദ്ദേഹത്തെ ആറുകൊല്ലം കഠിനതടവിന്നു ശിക്ഷി ക്കുകയും ജയിലിൽ താണ ക്ലാസ്സിൽ പാർപ്പിക്കുകയും ചെയ്തുവത്രെ? എന്നാൽ ജയിലിൽ ഒരു "ലങ്കോട്ടു്" ഒഴിച്ചു തക്കതായ വസ്ത്രങ്ങൾ കൊടുക്കാത്തതിന്നെ പ്രതിഷേധിച്ചു് ഇദ്ദേഹം ആ കൊല്ലങ്ങൾ മുഴുവ നും — അതിശൈത്യകാലത്തുകൂടി — നഗ്നനായിത്ത ന്നെ കഴിച്ചുകൂട്ടി. ഖാരകസിംഗിൻെറ ഈ പ്രവൃ ത്തിയെ അനുകരിച്ച മററു ചിലരാകട്ടെ, ശൈ ത്യം വർദ്ധിക്കുംതോറും ഓരോരുത്തരായി ഒഴിഞ്ഞു മാറി. പക്ഷേ ബാബ ഖാരകസിംഗ്, ശൈത്യം അതിൻെറ മൂർദ്ധന്യദശയെ പ്രാപിച്ചപ്പോഴും പോ ലും തൻെറ പ്രതിഷേധം മുറുകെപിടിച്ചു. എ ന്നാൽ ഇദ്ദേഹം മുമ്പിലത്തെപ്പോലെ ദുർഭരണത്തി ൻെറ എതിരാളിയായിത്തന്നെ നിലകൊണ്ടു; എ ങ്കിലും പിന്നീടു കോൺഗ്രസ്സിൽ പങ്കുകൊള്ളുകയു ണ്ടായില്ല.

ഖാരകസിംഗിനോടൊരുമിച്ച തന്നെയാണു് ബാബ മദൻസിംഗ് ഗാഗ. ഇയ്യാൾ ഇരുപതുകൊ ല്ലം ജയിൽശിക്ഷ വരിച്ചവനാണു്: മദൻസിംഗ് ഒരു പഞ്ചാബു കവിയാകുന്നു; എന്നാൽ സ്വകാര്യ മായിട്ടു മാത്രമേ ഇയ്യാൾ തൻെറ പദ്യങ്ങൾ ചൊ ല്ലുക പതിവുള്ളൂ. "ഷേർ-ഇ-പഞ്ചാബി"ൻെറ പത്രാ ധിപരാണു് അമർസിംഗ്. അദ്ദേഹത്തിൻെറ പ്ര ധാന പ്രവൃത്തനം അകാലിപ്രക്ഷോഭണമത്രെ?

"ഇനിയും തങ്ങൾ വളരെ ഇഷ്ടപ്പെടുന്ന പ്രധാനപ്പെട്ട രണ്ടു സിക്ക മഹാന്മാർകൂടിയുണ്ടു്—സർദാർ ശാർദ്ദൂൽ സിംഗ കവീഷ്വറിനേയും സർദാർ മാഗൽ സിംഗിനേയുമാണു് ഞാൻ വിവക്ഷിക്കുന്നതു്" എന്റെ സ്നേഹിതൻ പറഞ്ഞു.

സർദാർ ശാർദ്ദൂൽസിംഗ കവീഷ്വർ രാജ്യതന്ത്രത്തിൽ ഒരു തികഞ്ഞ യഥാസ്ഥികനാണു്. ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലത്തു സിക്കുകാരുടെ ഉൽബുദ്ധത ശൈശവദശയിലിരുന്നപ്പോൾ അദ്ദേഹം അവരുടെ ഒരു ബുദ്ധിമാനായ നേതാവായിരുന്നു. അദ്ദേഹം സർദാർ മംഗൽസിംഗ് നടത്തിയിരുന്ന "അകാലി" പത്രത്തിൽ ഒരു ലേഖനമെഴുതിയതിന്നു ആറുകൊല്ലത്തെ കഠിനതടവിന്നു ശിക്ഷിക്കപ്പെട്ടു. പിന്നീടദ്ദേഹം സിവിൽ നിയമലംഘനത്തിലും മന്ത്രിസഭക്കെതിരായ പ്രക്ഷോഭണങ്ങളിലും ഒരു പ്രധാനിയായിരുന്നു. പാക്കിസ്ഥാനപുറത്തുകൂടി രാഷ്ട്രീയകാര്യങ്ങളിൽ ഇദ്ദേഹം പങ്കെടുക്കുക കാരണം പുരോഗാമിയായ ഒരു വ്യക്തിയായിട്ടാണു് ഇദ്ദേഹത്തെ കണക്കാക്കിവരുന്നതു്. ഒരു പക്ഷെ ഇതു തന്നെയായിരിക്കാം ഇദ്ദേഹത്തെ ഫോർവേർഡു ബ്ലോക്കിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തതിന്നും എല്ലാപ്പോഴും ജയിലിൽതന്നെ കാണപ്പെടുവാനും ഇടയാക്കിയതു്.

മംഗൽസിംഗ് അകാലിപ്രസ്ഥാനത്തിന്നു മഹത്തായ സേവനങ്ങളനുഷ്ഠിച്ചിട്ടുണ്ടു്; എന്നാൽ

പിന്നീടു് അതു വർഗ്ഗീയതയുടെ ഛായ കാണിച്ചുതുടങ്ങിയപ്പോൾ അതിൽനിന്നും തെററി. ലാഹോർ കോൺഗ്രസ്സു സമ്മേളനത്തിലെ ജീ. ഒ. സി. മംഗൽസിംഗായിരുന്നു. കേന്ദ്രനിയമസഭയിലെ ഒരംഗംകൂടിയായ ഇദ്ദേഹം ഒരു ഫലിതപ്രിയനും രസികനുമത്രെ?

മംഗൽസിംഗിനെ സംബന്ധിച്ച ഒരു പ്രത്യേകത പറയുവാനുണ്ടു്. താൻ തന്നത്താൻ ജയിലിൽ പോകുന്നതിനെ വളരെ ഇഷ്ടപ്പെടുന്നവനാണെങ്കിലും—1930, 1932, 1940 എന്നീ കൊല്ലങ്ങളിൽ അദ്ദേഹം ജയിലിൽ പോയിട്ടുണ്ടു്—താൻ ജയിലിന്നു പുറത്തായിരിക്കുമ്പോൾ, മററുള്ളവർ അകത്തായിരിക്കുന്നതു തീരെ ഇഷ്ടപ്പെടുകയില്ല. ഇതദ്ദേഹത്തിലുള്ള ഒരു നൈസർഗ്ഗികപ്രകൃതിയാണു്. ഇതൊരു കാരണത്താൽതന്നെയാണു് അദ്ദേഹം രാഷ്ട്രീയതടവുകാരുടെ വിമോചനസമിതി രൂപീകരിച്ചതും, അനാവശ്യമായ ധാരാളപ്രതിവാദങ്ങൾ ഉണ്ടാക്കി പാക്കിസ്ഥാൻ പ്രധാനമന്ത്രിക്കും സർ റജിനോൾഡ് മാക്സ്‌വെല്ലിനും വലിയ കുഴപ്പങ്ങൾക്കിടവരുത്തിയതും.

## VIII

ഒടുവിൽ വരുന്നതു ഹിന്ദുമഹാസഭയാണു്!

രാജ് നരേന്ദ്രനാഥനും, ബായി പരമാനന്ദും, ഡാർ ഗോഖൽ ചന്ദുനാരങ്ങും ആണു് പാക്കിസ്ഥാൻ ഹിന്ദുമഹാസഭയുടെ നെടും തൂണുകളെന്നു ഞാൻ

മനസ്സിലാക്കി. മററുള്ള പ്രധാനികളിൽ റായി ബഹദൂർ മുകുന്ദലാൽ പുരി, കാപ്റ്റൻ കെഷൂബ് ചുന്ദർ, റായി ബഹദൂർ ഗോപാൽദാസ് എന്നിവർ ഉൾപ്പെടുന്നു. ഈ ബുദ്ധിമതികളുടെ കോലാഹലം എന്നെ അത്യധികം രസിപ്പിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവരുടെ കൂട്ടത്തിൽ, തന്റെ യുക്തിയുക്തമായ പ്രസംഗങ്ങൾകൊണ്ടു ഹിന്ദുമഹാസഭയുടെ നിലപാടിനെ സദാ പിന്താങ്ങുന്നവനും സുപ്രസിദ്ധ പ്രൊഫസരുമായ ഗുൽഷൻ റായിയുടെ പേരും ഉൾപ്പെടുത്താവുന്നതാണ്.

പാക്കിസ്ഥാൻ ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷൻ ഒരമാനുഷനും കട്ടും ചുകപ്പായ വസ്ത്രവും ധരിച്ചു പുലിത്തോലുമുടുത്തു് ഒരു കയ്യിൽ ഗീതയും മറുകയ്യിൽ വാളുമേന്തി എല്ലായ്പോഴും "ഹിന്ദു പദ് പദ് ഷാഹി"യെ സ്വപ്നം കാണുന്നവനുമായിരിക്കുമെന്നു ഞാൻ മനസ്സിൽ ഭാവന ചെയ്തിരുന്നു. രാജ് നരേന്ദ്രനാഥ് പഴമക്കാരനായ ഒരു പ്രഭുവും, ഒരാട്ടിൻകുട്ടിയെപ്പോലെ സരളഹൃദയനും, രാജഭൃത്യനെപ്പോലെ വിനീതനും, നിങ്ങളുടെ മുത്തച്ഛനെപ്പോലെ സ്നേഹസമ്പന്നനും; പേർസ്യൻ കവിതയുടേയും ഉർദുവിൻേറയും ഒരു വലിയ ആരാധകനുമാണെന്നറിഞ്ഞപ്പോൾ എനിക്കുണ്ടായ അത്ഭുതത്തിന്നളവില്ല. ഉത്തരവാദബോധമുള്ള ഏതൊരുത്തനും അദ്ദേഹത്തിൻെറ പേർ അക്രമപ്രസക്തിയുള്ള വർഗ്ഗീയതയോടുകൂടി ഘടിപ്പിക്കയില്ല. സർ

സിക്കന്തർ അദ്ദേഹത്തെ "ചാച്ച" (അമ്മാമൻ) എന്നു വിളിച്ചുവരുന്നു. രാജാ നരേന്ദ്രനാഥിനെ വ്യക്തിപരമായി എതിക്കുന്നവർ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ!

രാജാ നരേന്ദ്രനാഥ് ഗവർമ്മെണ്ടു സേവനമനുഷ്ഠിച്ചിരുന്ന കാലത്തു വളരെ കൊല്ലങ്ങൾ കഴിഞ്ഞതിന്നുശേഷം ഡിവിഷൻ കമ്മീഷണറായി അദ്ദേഹം ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു—ഹിന്ദുക്കൾ അദ്ദേഹത്തെ മുസ്ലിം അനുഭാവിയായി മുദ്രകുത്തിയതായി പറയപ്പെടുന്നുണ്ടു്. പക്ഷെ അദ്ദേഹം അചഞ്ചലനായി ആ ആരോപണങ്ങളെല്ലാം സഹിച്ചുകൊണ്ടുതന്നെ ജീവിച്ചു. എന്നാൽ കുറച്ചു കൊല്ലങ്ങൾക്കു മുമ്പു രാജേന്ദ്രപ്രസാദും മിസ്റ്റർ ജിന്നയും ഹിന്ദു മുസ്ലിം ഐക്യസന്ധിയുടെ ഒരു കരടുപകൎപ്പുമായി വന്നപ്പോൾ അതു സ്വീകരിക്കുവാൻ തയ്യാറായ ഒരേ ഒരു ഹിന്ദുമഹാസഭാ പ്രധാനി രാജാ നരേന്ദ്രനാഥ് മാത്രമായിരുന്നു? ഇദ്ദേഹത്തിന്റെ "ഭാഗിനേയ"നായ പാക്കിസ്ഥാൻ പ്രധാന മന്ത്രിയുമായുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങൾ കാരണം നരേന്ദ്രനാഥ് പാർലിമെന്റിൽനിന്നും രാജിവെച്ചു. ഭൂമി സംബന്ധമായ ഒരു ബില്ലിനെ സംബന്ധിച്ചായിരുന്നു ആ അഭിപ്രായവ്യത്യാസം! ദിവംഗതനും ബില്ലിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രിയുമായ സർ സുന്ദർസിംഗ് മജിതിയ രാജാ സാഹിബ്ബിനോടു നിൎമ്മൎയ്യാദമായും അലക്ഷ്യമായുമാണു

പെരുമാറിയതു്. പ്രധാനമന്ത്രികൂടി, ബില്ലിനോടു സംബന്ധിച്ച ചില കണക്കുകൾ കാണിക്കാനാവശ്യപ്പെട്ടപ്പോൾ, അതു നിഷേധിക്കയാണുണ്ടായതു്. ഇതിൽ വെറുപ്പുതോന്നിയ രാജാ നരേന്ദ്രനാഥ് സ്ഥാനം രാജിവെച്ചു; രാജ്യതന്ത്രവും കവിതയും ഇന്നും അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട രണ്ടു വിനോദങ്ങളത്രെ!

ഭായി പരമാനന്ദന്റെ ചരിത്രം നിസ്വാത്ഥസേവനത്തിന്റെ ഒരു പ്രബന്ധംതന്നെയാണു്. ആ പ്രബന്ധത്തിലെ ഒടുവിലത്തെ ഭാഗം വർഗ്ഗീയ മനഃസ്ഥിതിയോടുള്ള പോരാട്ടത്താൽ മലിനമായിരിക്കുന്നു; രോമാഞ്ചമുണ്ടാക്കുന്നതാണു് അതിന്റെ തുടക്കം. —വിപ്ലവപ്രവത്തനം, മരണശിക്ഷ, ജീവപൎയ്യന്തം കഠിനതടവു്, ആന്തമാൻ ജയിലുകളിലെ നരകജീവിതം, വിമുക്തി, നാഷനൽ യൂനിവേർസിററി ചാൻസലർസ്ഥാനം, ചരിത്രപണ്ഡിതനെന്ന ഖ്യാതി, അതിന്നുശേഷം പെട്ടെന്നു വർഗ്ഗീയതയിലേക്കൊരെടുത്തുചാട്ടം, കേന്ദ്രനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പു്, തന്റെ ശേഷികേടിനെക്കുറിച്ചുള്ള നിരുകാരണം പൊതുജനങ്ങളിൽനിന്നുള്ള അകൽച്ച, ഹിന്ദു യോദ്ധാക്കൾ ഹിന്ദുമഹാസഭയിൽനിന്നും പുറത്തായി കാണുന്നതിലുള്ള മിത്ഥ്യാബോധം, എല്ലാവരും ഒത്തുചേൎന്നു കോൺഗ്രസ്സു് കൊടിക്കീഴിൽ അണിനിരക്കൽ—തുടങ്ങി ഓരോരോ സംഭവങ്ങൾ ഒന്നിന്നു പുറകെ ഒന്നായിവരുന്നു. വെറും

ഷ്യാമോഹത്തോടുകൂടിയ ഇത്തരം പ്രവൃത്തികൾ അദ്ദേഹത്തിന്നു "ക്ലനിദമൽ കറു"വുണ്ടാക്കിത്തീൎത്തു! ഒരു കാലത്തു ചരിത്രപണ്ഡിതനായ അദ്ദേഹം, ചരിത്രത്തിന്റെ ഒഴുക്കിന്നെതിരായി നീന്തുന്നതെളുപ്പമല്ലെന്ന വസ്തുത മറന്നുപോയി. രാജാസാഹിബ്ബിന്റെ ആദൎശമിതായിരുന്നു. "ആരോടും യോജിക്കരുതു്" അദ്ദേഹത്തിന്റെ നിഷ്പക്ഷമായ അഭിപ്രായപ്രകടനങ്ങളിൽനിന്നു മിസ്റ്റർ സവൎക്കർകൂടി ഒഴിക്കപ്പെട്ടിരുന്നില്ല.

"സർ ഗോകുൽചന്ദ് നാരാങ്ങ് ജനസഭാമന്ദിരത്തിലുണ്ടായിരിക്കും. അവിടെവെച്ചു് അദ്ദേഹത്തെയും കൂട്ടുകാരേയും നമുക്കു സന്ദൎശിക്കാം" സ്നേഹിതൻ പറഞ്ഞു.

## XI

'മറെറാരവസരത്തിൽ ഖാക് സാർമാരുടെ തലസ്ഥാനമായ "ഇച്ഛറ"യിലേക്കു് ഞങ്ങൾ അങ്ങളെ കൂട്ടിക്കൊണ്ടുപോകയുണ്ടായല്ലോ. പക്ഷേ, ഇയ്യിടയിൽ ഖാക് സാർസംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും; അതിന്റെ നേതാക്കന്മാരെ തടവിലാക്കുകയും, അതിന്റെ സ്വത്തുക്കൾ പിടിച്ചടക്കുകയും, അതിന്റെ വകയായ പത്രം അടിച്ചമൎത്തുകയും ചെയ്തു" സ്നേഹിതൻ പറഞ്ഞു.

"എന്തിനാണു് ഈ മൎദ്ദനങ്ങളെല്ലാം?" ഞാൻ അത്ഭുതത്തോടെ ചോദിച്ചു. "വ്യക്തിസ്വാതന്ത്ര്യം നിലനിൎത്തുന്നതിൽ പാക്കിസ്താൻ ഗവൎമ്മെണ്ടു ലോകത്തെ കവച്ചുവെച്ചിരിക്കുന്നു!"

"ആ പ്രമുഖവ്യക്തിയെ—ഖാക്സാരുടെ നേതാവിനെ—നല്ലവണ്ണം മനസ്സിലാക്കിയാൽ മാത്രമേ താങ്കൾക്കിതു ഗ്രഹിപ്പാൻ കഴികയുള്ളു എന്നായിരുന്നു മറുപടി.

"അദ്ദേഹത്തെപ്പററി പറയാമോ"?

"അല്ലാമമഷ്റാക്കിയാണു് ആ മനുഷ്യൻ" എന്റെ സ്നേഹിതൻ തുടൎന്നു—"വിമഗ്ഡ "ടമന്നിഹാം ബോസ്സി"ന്റെയും ഇസ്ലാമികനവോത്ഥാനാദ്ധ്യക്ഷന്റെയും ഒരു സമ്മേളനമാണദ്ദേഹം. മുസ്ലിം പൗരോഹിത്യം, സാത്താനെ കഴിച്ചാൽ ഏററവുമധികം വെറുക്കുന്നതു് ഇദ്ദേഹത്തെയാണു്. ഇദ്ദേഹത്തിന്റെ നിൎമ്മൂലനാശത്തിന്നുവേണ്ടി അവർ നിരന്തരം പ്രാൎത്ഥിക്കുന്നു. സത്താൻപോലും ക്ഷമയോടുകൂടി ഇത്തരം പ്രവൃത്തിക്കു മുതിരുകയില്ല! അല്ലാമ സൗമ്യതയും ശാന്തതയും ഉള്ള ഒരു ദൈവദൂതനല്ല; "ഉലേമ"യെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കു നിഘണ്ടുവിൽപോലും ഒരു വിചിത്രമായ വിശേഷണപദം ഉപയോഗിച്ചിട്ടില്ല!

"സംഘടനയുടെ ശക്തിക്കായി, അല്ലാമ ആകാംക്ഷാജനകവും തീവ്രവുമായ ആവേശം ചെലുത്തുന്നുണ്ടു്. ഇദ്ദേഹം "ഖാക്സരിസ്ഥാൻ" എന്നു പറയപ്പെടുന്ന മറെറാരു സാമ്രാജ്യം സൃഷ്ടിക്കുവാൻ ഒരുക്കം ചെയ്തു. ഈ പ്രവൃത്തി പാക്കിസ്ഥാനെ പുറം തള്ളുവാനോ, ഗ്രസിക്കുവാനോ അഥവാ ഒടുവിൽ അതിനെ തന്നിൽകൂട്ടിച്ചേൎക്കുവാനോ മാത്രം ഉദ്ദേ

രിച്ചിട്ടുള്ളതല്ല; എന്നാൽ അതിലും വളരെയധികം അകന്നുപോകണമെന്നായിരുന്നു മുഖ്യമായ ഉദ്ദേശം.

“ഓലിവർ ക്രോംവെല്ലിനോടു വിജയത്തിന്നുള്ള ഉപായം ചോദിച്ചപ്പോൾ പറഞ്ഞ മറുപടി താങ്കൾക്കോർമ്മയുണ്ടല്ലോ—“ദൈവത്തിൽ വിശ്വസിക്കുക, എങ്കിലും നിങ്ങളുടെ പൗരുഷത്തെ കരുതിവെക്കുക” ഈ ഉപദേശമാണു് അല്ലാമ സ്വീകരിച്ചിരിക്കുന്നതു്. ഇദ്ദേഹത്തിൻെറ വെടിമരുന്നു് എല്ലായ്പോഴും ശുഷ്കാന്തിയോടുകൂടി സൂക്ഷിച്ചിരുന്നു; അതിൻെറ സൂക്ഷിപ്പുകാർ മിക്കപ്പോഴും “യൂനിഫോറ”വും ബൽച (ഒരുതരം കത്തിയും) ധരിച്ചുകൊണ്ടു്, പാക്കിസ്ഥാനിലെ നിരവധി കവാത്തു മൈതാനങ്ങളിൽ കാണപ്പെട്ടിരുന്നു.

“അല്ലാമയുടെ സാമ്രാജ്യം വളന്നതോടുകൂടി പാക്കിസ്ഥാനും ഖാക്സറിസ്ഥാനും തമ്മിലുള്ള അതിർത്തിത്തർക്കം ഉയർന്നുവന്നു. അതിവേഗത്തിൽ സംഭവങ്ങൾ തീവ്രതയോടും ക്രൂരതയോടുംകൂടി പുരോഗമിച്ചു. ഖാക്സാർമാരുടെ പത്രമായ “അൽഇസ്ലാം” ഭയങ്കരമായ ഭീഷണികൾ മുഴക്കി. അതേസമയം അല്ലാമയുടെ “ബൽച”പാൽസർ” വിഭാഗങ്ങൾ ഉഗ്രമായ സംഘടനത്തിൻെറ അടയാളങ്ങൾ കാണിച്ചുതുടങ്ങി. പാക്കിസ്ഥാനിലെ തലവൻ ഒരിണങ്ങിയ “സിവിലിയ”നാണെങ്കിൽ ആ പ്രകടനങ്ങൾ അത്ര വേഗത്തിൽ വരികയില്ലായിരുന്നു;

എന്നാൽ എല്ലാവൎക്കും അറിയാവുന്ന ഒരു വാസ്തവമാണു്, സർ സിക്കന്തർ ഹയ്യത്ത് ഖാൻ ഒരു തനി പടയാളിയാണെന്നു്. അദ്ദേഹം ഉടനെ ആയുധങ്ങൾ ശേഖരിച്ചു പടയൊരുക്കത്തിന്നു കല്പന നൽകി. അനവധി ചില്ലറ സമരങ്ങൾ തുടൎച്ചയായി നടന്നു; അതിൽ രണ്ടു ഭാഗക്കാരും വിജയം അവകാശപ്പെട്ടു. ഒടുവിൽ സിക്കന്തരുടെ ദീപ്തിമത്തായ നേതൃത്വം തന്നെ വിജയിച്ചു. "ലാഹോർല്യ"വിൽ വെച്ചുണ്ടായ വിധിനിൎണ്ണായകമായ യുദ്ധത്തിൽ, സൂത്രത്തിലുള്ള പടനീക്കംകൊണ്ടു്, അദ്ദേഹം ഖാക്ക്സാർ സൈന്യത്തെ നിശ്ശേഷം പരാജയപ്പെടുത്തി.

"അല്ലാമയെ, അന്നു അജ്ഞാതമായ ഒരിടത്തേക്കു നാടുകടത്തുകയും യുദ്ധത്തടവുകാരെ പാക്കിസ്ഥാനിലെ വിവിധ ജയിലുകളിൽ നിറക്കുകയും ചെയ്തു.

ഈ വിവരണത്തിന്റെ അവസാനത്തിൽ സ്നേഹിതൻ എന്നെ വിജയഭാവത്തോടെ ഒന്നു വീക്ഷിച്ചു.

ഞാൻ പറഞ്ഞു_"നിങ്ങളുടെ പ്രധാനമന്ത്രിയുടെ ധീരകൃത്യങ്ങൾ കേൾക്കുംതോറും എനിക്കദ്ദേഹത്തെപ്പററി കൂടുതൽ ബഹുമാനം തോന്നുന്നുണ്ടു്. അദ്ദേഹത്തെപ്പോലെയുള്ള ഒരു രാജ്യതന്ത്രജ്ഞനും ബുദ്ധിശക്തിയേറിയ യോദ്ധാവും ഹിന്ദുസ്ഥാനിലില്ലല്ലോ"! *

---

* ഖാക്ക്സാർ സംഘടനയെ, യൂനിഫോറം ധരിക്കുക, ബെൽച ധരിക്കുക, കവാത്തെടുക്കുക, മാർച്ച് ചെയ്യുക, പ്രകടനങ്ങൾ നടത്തുക എന്നിവ ചെയ്യാതിരിക്കണമെന്നും യുദ്ധത്തിന്നു പരിപൂൎണ്ണമായ പിന്തുണ നൽകണമെന്നും ഉള്ള വ്യവസ്ഥകളിന്മേൽ ഇപ്പോഴും പാക്കിസ്ഥാൻ ഗവർമ്മെണ്ടു നിയമാനുസൃതമാക്കിയിരിക്കുന്നു.

X

എൻെറ സ്നേഹിതൻ തുടൎന്നു—"സനാതനധൎമ്മസഭയുടെ നായകനും ഉത്തമസുഹൃത്തും തത്വജ്ഞാനിയുമായ ഗോസ്വാമി ഗണേശ്ഡട്ട്, സംധാരണയായി ഇക്കാലങ്ങളിൽ ലാഹോറിൽ ഉണ്ടായിരിക്കാറുണ്ടെങ്കിലും, ഇപ്പോൾ ഇല്ലാതിരുന്നതു വലിയ ദൌൎഭാഗ്യമായിപ്പോയി! താങ്കൾ സന്ദൎശിക്കുവാൻ ഏററവുമധികം ഇഷ്ടപ്പെടുന്ന ഒരുവനാണദ്ദേഹം".

"അദ്ദേഹമിപ്പോൾ എവിടെയാണു്?" ഞാൻ അന്വേഷിച്ചു.

"മലയിലേക്കു പോയിരിക്കയാണു്!"

"മലയിലേക്കോ" ഞാൻ ചോദിച്ചു.

"അതെ, ഹിമാലയത്തിലേക്കു്!"

"ഓ, ശരി, മനസ്സിലായി. ഒരുപക്ഷേ അദ്ദേഹത്തിൻെറ ശിഷ്യന്മാരിലാരെങ്കിലും ഒരു "ഹിമാലയൻ" തെററു ചെയ്തതിൻെറ പ്രതിശാന്തിക്കായിരിക്കാം അങ്ങോട്ടു പോയിരിക്കുന്നതു്!" ഞാൻ പറഞ്ഞു.

"അതല്ല" സ്നേഹിതൻ പറഞ്ഞു. ഗോസ്വാമിജി ഒരു പരിശുദ്ധമനുഷ്യനാണു്. ഒരു വൎഷത്തിൽ പകുതി അദ്ദേഹം ഈ പ്രാപഞ്ചികലോകത്തിൽ ചിലവഴിക്കുന്നു; മററ പകുതിയാകട്ടെ ഹിമാലയത്തിലെ രമ്യമായ ഏകാന്തതയിലാണു കഴിച്ചുകൂട്ടുന്നതു്."

"നല്ല ഉദ്ദേശം! ദൈവവും മനുഷ്യനും ഒന്നു പോലെ അദ്ദേഹത്തിന്റെ പേരിൽ പ്രീതിപ്പെടണം!" ഞാൻ പറഞ്ഞു.

"അതെ, അതാണു വാസ്തവം! എന്തെന്നാൽ ഗോസ്വാമി ഗണേശ്ദത്ത് നശ്വരമായ ഈ ലോകത്തിൽ വർത്തിക്കുന്നതുപോലെ അദ്ദേഹത്തിന്നു് അനശ്വരമായ ഒരാദർശമുണ്ടു്. അദ്ദേഹം പാക്കിസ്ഥാനിലെ പൊതുകാര്യങ്ങൾക്കുവേണ്ടി ധനശേഖരം ചെയ്യുന്നവനും പ്രത്യേകിച്ചു വിദ്യാഭ്യാസകാര്യത്തിന്റെ വിവിധവശങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തുന്നവനും കൂടിയാണു്".

"വിദ്യാഭ്യാസം! അതിന്നു താങ്കളെന്തർത്ഥമാണു വിവക്ഷിച്ചിരിക്കുന്നതു്?" ഞാൻ ചോദിച്ചു

"നല്ലതു്! സനാതനധർമ്മകോളേജിന്റെ നടത്തിപ്പിൽ അദ്ദേഹത്തിന്നുള്ള പങ്കു എല്ലാവർക്കുമറിയാം! ആ കോളേജിലെ അദ്ധ്യാപകന്മാരുടെ കൂട്ടത്തിലൊരുവനാണു് കേൾവികേട്ട പ്രൊഫസർ ബ്രിജ് നാരായണൻ,"

"എന്തു്? നൂതനാശയങ്ങളുടെ കരിമ്പാറക്കെട്ടായ ബ്രിജ് നാരായണൻ, പുരാതനസംസ്കാരത്തെ നിലനിർത്തുന്നതിൽ അനവരതം പോരാടുന്ന കോളേജിലെ ഒരംഗമാക്കപ്പെട്ടുവെന്നാണോ താങ്കൾ പറഞ്ഞുകൊണ്ടുവരുന്നതു്?" ഞാൻ ഉറക്കെ ചോദിച്ചു.

"അതെ! മാത്രമല്ല, പ്രൊഫെസർ ബ്രിജ് നാരായണൻ കോളേജിന്നു് ഒരലങ്കാരവും ആകൎഷണവസ്തുവുമത്രെ;. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ നല്ല ജനത്തിരക്കുണ്ടാകും!"

"നയതന്ത്രജ്ഞനായ ഗോസ്വാമി മതദ്രോഹിയായ ബ്രിജ് നാരായണനെക്കൊണ്ടു, സനാതനധൎമ്മത്തിന്റെ കൃത്രിമവലയിൽ നൂതനാശയക്കാരായ വിദ്യാൎത്ഥികളെ കുടുക്കുന്നുവെന്നാണോ താങ്കൾ പറഞ്ഞതിന്റെ താല്പൎയ്യം?" ഞാൻ സംശയം പ്രകടിപ്പിച്ചു.

"ക്ഷമിക്കണം! ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ, പാക്കിസ്ഥാനിൽ താമസിക്കുന്ന ഞങ്ങൾ അനുമാനങ്ങളുടെ പിന്നാലെ പായുന്നവരല്ലെന്നു്."

"എന്നാൽ, ഒരുപക്ഷേ, ഈ പറഞ്ഞതു്, ഒമാർ ഖയ്യാം പറഞ്ഞപ്രകാരം—"അവിശ്വാസി തന്റെ സ്വവിശേഷത്തെ ശരിക്കും മനസ്സിലാക്കുന്നു" എന്നതിനോടു സമമാണു്."

"താങ്കൾക്കിഷ്ടമുള്ളതുപോലെ ധരിച്ചുകൊള്ളൂ!"

## XI

"ആൎയ്യസമാജത്തിന്റെ സ്ഥാപകനും ഉജ്ജീവകനുമായ ദയാനന്ദസരസ്വതിയുടെ സ്മാരകമായി ഞങ്ങൾക്കു പാക്കിസ്ഥാനിൽ അനവധി വിദ്യാസ്ഥാപനങ്ങളുണ്ടു്. എന്നുതന്നെയായാലും ഡി. എ. വി. കോളേജ് സന്ദൎശിക്കുന്നതിന്നു താങ്കൾ കുറച്ചു

സമയമെങ്കിലും ചിലവഴിക്കണം" സ്നേഹിതൻ എന്നെ ഉപദേശിച്ചു.

ഞാൻ ചോദിച്ചു—"ഡി. എ. വി. എന്താണു ഈ അക്ഷരങ്ങളാലർത്ഥം?"

ഈ അക്ഷരങ്ങൾ ദയാനന്ദ്—ആംഗ്ലോ—വേദിക് എന്നതിനെക്കുറിക്കുന്നു. ഡി. എ. വി. സ്കൂളുകളും കോളേജുകളും ധാരാളമുണ്ടു്. അവയെയെല്ലാം നിയന്ത്രിക്കുന്നതു് ആര്യസമാജത്തിലെ ഒരു പ്രധാന വിഭാഗമാണു്"

"ഒരു പ്രധാന വിഭാഗമെന്നു പറഞ്ഞുവല്ലോ? അതെന്താണു്?" ഞാൻ ചോദിച്ചു.

സ്നേഹിതൻ തുടന്നു:—"ആര്യസമാജം ഇവിടെ വളരെ കൊല്ലങ്ങളായി ഒരു നല്ല ജനസ്വാധീനത സമ്പാദിച്ചിട്ടുണ്ടെന്ന വാസ്തവം താങ്കൾക്കറിവുള്ളതാണല്ലോ? ഇന്നു പാകിസ്താനിൽ മാത്രമായി ആര്യസമാജത്തിൻെറ 787-ൽപരം ശാഖകളുണ്ടു്; ഹിന്ദുസ്ഥാനിലും മററുമായി 562-ൽ അധികം ശാഖകൾ വേറെയുമുണ്ടു്! അതിലെ അംഗങ്ങളുടെ സംഖ്യയാകട്ടെ അഞ്ചുലക്ഷത്തോളം കാണും"

"ആദ്യം മുതൽക്കുതന്നെ അതിൽ രണ്ടുവിധം ആശയങ്ങൾ വളന്നുവന്നു. ഒരു വിഭാഗക്കാർ പാശ്ചാത്യസംസ്കാരവും വൈദികസിദ്ധാന്തവുമായുള്ള സങ്കലനത്തെ അനുകൂലിക്കുന്നു; മറേറ വിഭാഗക്കാരാകട്ടെ പ്രാചീന ഹിന്ദു വിദ്യാഭ്യാസരീതിയെത്തന്നെ ശക്തിയായി പൊക്കിപ്പിടിക്കുന്നു?"

"ഇതു വളരെ രസകരമായിത്തോന്നുന്നുണ്ടു്" ഞാൻ അഭിപ്രായപ്പെട്ടു—"ഓരോ വിഭാഗത്തിലെയും പ്രധാന പ്രമാണികളാരെല്ലാമാണു്? അവരുടെ ഫലമെന്തു്?"

"സ്വാമി ദയാനന്ദസരസ്വതി 1883-ൽ നിര്യാതനായപ്പോൾ അദ്ദേഹം തന്റെ അനുയായികളിൽ സമർത്ഥരും ചെറുപ്പക്കാരുമായ ഹംസരാജ്, പണ്ഡിററു ഗുരുഡററു്, ലാലാ ലജ്പതറായി എന്നിവരെ താൻ തുടങ്ങിവെച്ച പ്രവൃത്തികൾ തുടൎന്നു നടത്തുവാൻ നിയമിച്ചു. അതിനുശേഷം മൂന്നുകൊല്ലം കഴിഞ്ഞാണു ഡി. എ വി. സ്കൂൾ സ്ഥാപിതമായതു്; 1889 ൽ അതൊരു കോളേജായി ഉയൎന്നു. ലാലാ ഹൻസരാജ് അതിന്റെ ആദ്യത്തെ പ്രിൻസിപ്പാളായി; അദ്ദേഹം യാതൊരു പ്രതിഫലവും പററാതെ തന്നെ ഇരുപത്തെട്ടുകൊല്ലക്കാലം ആ സ്ഥാപനത്തെ സേവിച്ചു. ഈ വിഭാഗക്കാർ പിന്നീടു കോളേജ് പാർട്ടിക്കാരെന്നറിയപ്പെട്ടു. അവരുടെ പരിശ്രമഫലമായിട്ടാണു പാക്കിസ്ഥാനിൽ ഇത്തരത്തിലുള്ള അനേക സ്ഥാപനങ്ങൾ സംജാതമായതു്"

സ്നേഹിതൻ വീണ്ടും തന്റെ സംഭാഷണം തുടൎന്നു—"മറെറവിഭാഗക്കാരാകട്ടെ, ഗംഗയുടെ ഉന്നതതടത്തിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധ നഗരമായ ഹരിദ്വാരത്തിൽ ഒരു ഗുരുകുലം സ്ഥാപിക്കുവാനാണു മുതിൎന്നതു്; സ്വാമി ശ്രദ്ധാനന്ദ് ആണു്

അതിലെ പ്രധാന നേതാവായതു്. ഈ പുരാതന ഹിന്ദു വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാതൃകയിലുള്ള ഒന്നായിരുന്നു. ഏഴുവയസ്സുപ്രായമായ കുട്ടികൾ ഇതിൽ പ്രവേശിക്കുന്നു; പന്ത്രണ്ടു മുതൽ പതിനാറു വരെ കൊല്ലങ്ങൾ അവരതിൽതന്നെ താമസിക്കുന്നു. ഓരോ വിദ്യാർത്ഥിയും മൂന്നു കാര്യങ്ങൾ അനുഷ്ഠിക്കുവാൻ പ്രതിജ്ഞ ചെയ്യേണ്ടതുണ്ടു്—അപരിഗ്രഹം—ചാരിത്രം—അനുസരണം! അച്ഛനമ്മമാർ തങ്ങളുടെ കുട്ടികളെ "ഗുരുക്ക"ന്മാരുടെ ഹസ്തങ്ങളിലേക്കു സ്വാതന്ത്ര്യത്തോടെ വിട്ടുകൊടുക്കുന്നു. ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ ഇത്രയുംകാലം ഒരുമിച്ചു താമസിക്കുന്ന വിദ്യാർത്ഥികൾക്കു് സംസ്കൃതഭാഷയിലും വേദത്തിലും നല്ലപരിജ്ഞാനം സിദ്ധിക്കുന്നു."

"ഈ രണ്ടു വ്യത്യസ്തരീതിയിലുള്ള വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ ഫലപ്രാപ്തിയെപ്പററി നിങ്ങളുടെ അഭിപ്രായമെന്തു്?" ഞാൻ ചോദിച്ചു.

"ശരി, സമന്യമായി പറയുമ്പോൾ രണ്ടുരീതികളും വിജയകരംതന്നെ! എങ്കിലും കോളേജു വിഭാഗക്കാർക്കു ഗുരുകുല വിഭാഗക്കാരേക്കാൾ അധികം സ്വാധീനശക്തി ലഭിച്ചു. നവീനലോകത്തിൽ നൂതനാശയങ്ങൾക്കുതന്നെയാണു കൂടുതൽ പിന്തുണ കിട്ടുക എന്നതിൽ രണ്ടു പക്ഷമില്ലല്ലോ!"

"ഗുരുകുല വിദ്യാർത്ഥികൾ—പ്രാചീനബിരുദധാരികൾ—നവീനശാസ്ത്രത്തെപ്പററിയും, നവീ

നഭാഷകളെപ്പററിയും ഒന്നുംതന്നെ അറിയുകയി
ല്ലെന്നാണോ ഞാൻ ധരിക്കേണ്ടതു്?" ഞാൻ സംശ
യം ഉന്നയിച്ചു.

"വളരെ ശരി! ഗുരുകുലനേതാക്കന്മാർ നവീ
നകാലത്തെ സമ്പ്രദായങ്ങളിൽനിന്നു് വളരെ
വ്യത്യസ്തരാണു്. ശാസ്ത്രവും ഇംഗ്ലീഷും തീർച്ചയാ
യും അവിടെ പഠിപ്പിക്കുന്നുണ്ടു്. എന്നാൽ വൈ
ദികമായ ഭാരതചൈതന്യമാണു് അതിലടങ്ങി
യിരിക്കുന്നതു്. കേംബ്രിഡ്ജ് യൂനിവേർസിററി
യിലെ ഒരു എം. എ. ബിരുദധാരിയായ പണ്ഡി
ററു ചമൂപതിയെ ഗുരുകുല വിശ്വവിദ്യാലത്തി
ന്റെ "ഗണ്ണ"രാക്കിയതു് ഇക്കാരണത്താൽ തന്നെ
യായിരിക്കും!"

ഞാൻ പറഞ്ഞു—"ഞാനീസംഗതി തീരെ സം
ശയിച്ചിരുന്നതല്ല! എന്നാൽ പാക്കിസ്ഥാനികളായ
നിങ്ങൾ ഇന്നു് ആത്മീയമായ ഒരു വലിയ കുഴപ്പ
ത്തെ അഭിമുഖീകരിച്ചിരിക്കുന്നതായി കാണുന്നു.
ബ്രിജ് നാരായണൻ സനാതന ധർമ്മകോളേജിൽ
പഠിപ്പിക്കുന്നുവെന്നാലും, ഒരു കേംബ്രിഡ്ജ് ബിരു
ദധാരി ഗുരുകുലത്തിലെ തലവനായതും വൈഹ്ര
സമായി തോന്നുന്നു! ഇതുകൊണ്ടെല്ലാം ഞാൻ അ
നുമാനിക്കുന്നതു്, നിങ്ങൾ ഭൂതകാലത്തേക്കു തിരി
ച്ചുപോകുവാനാണു് ആഗ്രഹിക്കുന്നതെന്നും, പക്ഷെ
അതിന്നു സുഗമമായ ഒരു "രാജമാർഗ്ഗം" ഇതുവരെ ക
ണ്ടുകിട്ടിയില്ലെന്നുമാണു്!"

സ്നേഹിതൻ പറഞ്ഞു—"ആര്യസമാജത്തിലെ വൻതോക്കുകളെ കാണുമ്പോൾ താങ്കളിതുതന്നെ പറയണം! കോളജ്ജു വിഭാഗത്തിലെ ഇപ്പോഴത്തെ നേതാക്കന്മാരിൽ പാക്കിസ്ഥാൻ ഹൈക്കോടതിയിലെ ഭക്ഷിതേക് ചന്ദ്, "മിലാപ്", പത്രാധിപരായ ലാലാകരൽ ചന്ദ് എന്നിവർ ഉൾപ്പെടുന്നു. ഗുരുകലത്തിലെ 'ചാമ്പ്യൻ' ആകട്ടെ "പ്രതാപ്" പത്രത്തിന്റെ അധിപരും പ്രസിദ്ധനുമായ മഹാശ്യമ കൃഷ്ണനമത്രെ;

"വിക്രമശാലികളായ ഈ പത്രാധിപന്മാരുടെ മക്കളെ താങ്കൾ നേരിട്ടുതന്നെ കണ്ടുവല്ലോ. "പ്രതാപി"ലെ വീരേന്ദ്രന്റെ ലേഖനങ്ങളും "മിലാപി"ലെ യാഷിന്റെ ലേഖനങ്ങളും അവർ മതഭ്രാന്തന്മാരായ ആര്യസമാജക്കാരാണെന്നു താങ്കൾക്കു മനസ്സിലാക്കിത്തരുന്നില്ലേ? പക്ഷെ ചെറുപ്പക്കാർക്കു സ്വന്തമായ ഒരു ജീവിതാദർശമുണ്ടായിരിക്കും. എന്നാൽ അവർ അവരുടെ പിതാക്കന്മാർ ചെയ്തതുപോലെ "ത്രിശങ്കു സ്വർഗ്ഗ"ത്തിൽ സ്ഥിതിചെയ്യുകയില്ല."

ഞാൻ പറഞ്ഞു—"താങ്കൾ ഈ പറഞ്ഞതു അക്ഷരംപ്രതി വാസ്തവമാണു്! "ശിശു മനുഷ്യന്റെ പിതാവാണു്".

## XII

"ഈ ദിവസങ്ങളിലൊന്നിൽ താങ്കൾ ഇസ്ലാം കോളേജ് സന്ദർശിക്കണം" എന്റെ സ്നേഹിതൻ അഭിപ്രായപ്പെട്ടു—"അതിന്റെ വരാന്തക്കു പിന്നിൽ

വെച്ചു നമുക്കു വേറെ ഒരു പ്രധാനസംഘടനയായ "അൽജൂമൽ-ഇ-ഹിമായത്ത്-ഇ-ഇസ്ലാം"മിനെപ്പററി പഠിക്കുവാൻ കഴിയും!"

ഈ വത്തമാനം കേൾക്കുമ്പോൾതന്നെ സുഖം തോന്നുന്നുണ്ടു്! കൂടുതലായി പറയൂ" ഞാൻ മറുപടി പറഞ്ഞു.

അയാൾ തുടൎന്നു—"അൽജൂമാന്" അര നൂററാണ്ടിലധികം പ്രായമായി. കഴിഞ്ഞ നൂററാണ്ടിന്റെ അവസാനഘട്ടത്തിന്നു മുമ്പു സർ സയ്യദ് അഹമ്മദ്ഖാൻ ആലിഗാർ കോളേജിന്നു ഫണ്ടു ശേഖരിക്കുന്നതിന്നും വിദ്യാൎത്ഥികളെ അതിലേക്കാകർഷിക്കുന്നതിന്നുമായി ഇവിടങ്ങളിൽ സ്മരണീയമായ ഒരു പൎയ്യടനം നടത്തുകയുണ്ടായി. അതിന്റെ ഫലം വളരെ നന്നായിരുന്നു! ആകസ്മികമായി ഈ സംഭവം ജനങ്ങളെ ഇരുത്തി ചിന്തിപ്പിച്ചു. ധനവാന്മാരായ കുറച്ചു കുടുംബക്കാൎക്കു മാത്രമേ അവരുടെ മക്കളെ ആലിഗാറിലേക്കയക്കുവാൻ കഴിഞ്ഞുള്ളൂ. ഇടത്തരക്കാരായ വിദ്യാൎത്ഥികളുടെ കഥയെന്തു്? എന്തുകൊണ്ടു് ഇവിടേയും ഇത്തരത്തിലുള്ള ഒരു സ്ഥാപനം, വേറെ ഒരു ആലിഗാർ—ഉണ്ടാക്കിക്കൂടാ? ഉത്സാഹശാലികളായ കുറച്ചുപേർ മുന്നോട്ടുവരികയും "അൽജൂമൽ-ഇ-ഹിമായത്തു്-ഇ-ഇസ്ലാം" സ്ഥാപിക്കുകയും ചെയ്തു. ഏറെത്താമസിയാതെ ഇസ്ലാമിയ സ്കൂൾ സ്ഥാപിക്കുകയും പിന്നീടു് അതു് ഒരു കോളേജായി വികസിപ്പിക്കുകയും ചെയ്തു. ഇതിന്നിട

യിൽ അൽജുമൽ അനവധി "മദ്രസ്സ"കളെ (മുഹമ്മ ദീയ കോളേജുകൾ) പ്രോത്സാഹിപ്പിച്ചുകൊണ്ടിരു ന്നു. ഉപകാരപ്രദങ്ങളായ പല ഉർദു പുസ്തകങ്ങളും അതിൽനിന്നു പ്രസിദ്ധപ്പെടുത്തി; അവ കുറെ കൊ ല്ലത്തേക്കു ഒരു നല്ല ആദായമുള്ളവാക്കി."

"മുസ്ലീം പ്രമാണികളുടെ മക്കളെല്ലാം ഇപ്പോൾ ഇസ്ലാമിയ കോളേജിലാണു പഠിക്കുന്നതെന്നു ഞാൻ വിചാരിക്കട്ടെയോ?" ഞാൻ ആരാങ്കയോടെ ചോ ദിച്ചു.

"അല്ല, അങ്ങിനെയല്ല. ഇടത്തരക്കാരായ വി ദ്യാർത്ഥികളുടെ ഒരു ഉരുക്കുകോട്ടയാണ് ഈ കോ ളേജ്. മേലെപ്പെട്ട കുടുംബക്കാർ സാധാരണയായി ഗവർമ്മേണ്ടു കോളേജിനേയോ അഥവാ ചീഫ്സ് കോളേജിനേയോ ആണ് അധികവും ഇഷ്ടപ്പെടു ന്നതു്!"

"ഇവിടെനിന്നു് ഇപ്പോഴും ധാരാളം വിദ്യാ ർത്ഥികൾ ആലിഗാറിലേക്കു പോകുന്നുണ്ടോ?"

"ഉവ്വ്, ധാരാളമുണ്ടു്. പക്ഷെ മുമ്പിലത്തെ പ്പോലെ അത്ര അധികമില്ലെന്നു മാത്രം! സർ സി ക്കന്തർ ആലിഗാറിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണ്. അദ്ദേഹത്തിൻെറ സ്വകാര്യ സിക്രട്ടറിയായ ഹാക്കിം അഹമ്മദ് ഷൂജായും അപ്രകാരംതന്നെ! അവർ രണ്ടു പേരും ഒരേ മുറിയിൽ താമസിച്ചു് ഒരേ ക്ലാസ്സിലാ യിരുന്നു പഠിച്ചിരുന്നതു്. എന്നാൽ ഹാക്കിംസാ ഹിബ്ബിന്നു് ആലിഗാറിലെ സർവ്വാദ്ധ്യക്ഷനായ

ഡോക്ടർ സിയാവുദ്ദീൻ അഹമ്മദുമായി സ്വരച്ചേർച്ചയില്ലായ്കയാൽ അവിടം വിടേണ്ടിവന്നു. പിന്നെ മീററിലെ മററൊരു കോളേജിൽ നിന്നാണയാൾ ബിരുദം നേടിയത്. ഇസ്ലാമിയ കോളേജിലെ ഇപ്പോഴത്തെ പ്രിൻസിപ്പാളും കേംബ്രിഡ്ജ് "റാങ്ങ്ളർ" (ആ യൂനിവേർസിററിയിലെ ഒരു ശ്രേഷ്ഠപദവി നേടിയവൻ) മായ ഡോക്ടർ ഉമർ ഹയ്യത്ത് മാലിക്കും ആലിഗാററിലെ സമർത്ഥനായ ഒരു പൂർവ്വ വിദ്യാർത്ഥിയത്രെ!"

"ആട്ടെ, കോളേജിലെ അദ്ധ്യാപകന്മാരെപ്പററി എന്തു പറയുന്നു?"

"സാമാന്യമായി പറകയാണെങ്കിൽ ഇത്തരത്തിലുള്ള മററു സ്ഥാപനങ്ങളിലേതുപോലെ ഇവരും വളരെ മേന്മപ്പെട്ടവരോ തീരെ മോശക്കാരോ അല്ല. എങ്കിലും ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ സമർത്ഥന്മാരായ പണ്ഡിതന്മാർ കോളേജുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഐ. സി. എസ്സിൽ നിന്നും പിരിഞ്ഞ മിസ്റ്റർ എ. യൂസഫ് ആലി രണ്ടുപ്രാവശ്യം കോളേജ് പ്രിൻസിപ്പാളായി ജോലി ചെയ്തിട്ടുണ്ട്!"

"കോളേജിന്നു ധാരാളം സ്വത്തുണ്ടോ?"

"അത്ര ഉററിച്ചാണ്. സാമ്പത്തികമായി അതിന്നു ഒരു നല്ല സ്ഥിതിയില്ല. പക്ഷെ ഇക്ബാൽ അതിന്നുവേണ്ടി വളരെ പ്രയത്നിച്ചിട്ടുണ്ട്. ഒരോ കൊല്ലവും ഒരു പ്രത്യേക സമ്മേളനത്തിൽവെച്ച് അദ്ദേഹം പുതിയതായി ഉണ്ടാക്കിയ തന്റെ

 No: 11206

കവിതകളെല്ലാം ചൊല്ലുക പതിവായിരുന്നു. കഷിതാകൃതമായ പാക്കിസ്താനിൽ, ഇക്ബാലിൻെറ ആയിരക്കണക്കിലുള്ള ആരാധകന്മാർ, ബാദഷാഹി പള്ളിയിലും പുറത്തുമായി, ആമഹാകവി തൻെറ പുതിയ കവിതകൾ ചൊല്ലുന്നതു കേൾക്കുവാൻ തടിച്ചുകൂടും. മുപ്പതിനായിരത്തിന്നും അമ്പതിനായിരത്തിന്നും ഇടയിൽ ജനങ്ങൾ കൂടുന്നതു അസാധാരണമല്ല. ഇങ്ങനെ ആദ്യമായി വായിക്കപ്പെട്ടവയാണു ഇക്ബാലിൻെറ "സിക്വ", "ഷാമ-ഒ-ഷയർ" തുടങ്ങിയ പ്രധാന കൃതികൾ. ഈ അവസരത്തിൽ ആയിരക്കണക്കിലുറുപ്പിക സംഭാവനയായി അവിടെനിന്നു ശേഖരിക്കുന്നു. അൽജുമാൻെറ വിദ്യാഭ്യാസ ബഡ്ജററിലുള്ള കമ്മി തികത്തുവാൻ ഈ സംഖ്യ സഹായിച്ചിരുന്നു."

"ഇപ്രകാരം സ്വന്തം കവികളെ ബഹുമാനിക്കുന്ന ഒരു രാജ്യം, അതുമൂലമായുണ്ടാകുന്ന എല്ലാ അഭ്യുദയങ്ങളും തികച്ചും അർഹിക്കുന്നുണ്ടു" ഞാൻ പറഞ്ഞു.

## XIII

വിവിധതരത്തിലുള്ള സ്നേഹിതന്മാരുമായി ഞാൻ സംസാരിച്ചു; വിവിധവിഷയങ്ങളെക്കുറിച്ചു ഞങ്ങൾ ചർച്ചനടത്തി! ചർച്ചകൾക്കിടയിൽ അവരിലൊരാൾ അഭിപ്രായപ്പെട്ടു.

"ഈ സന്ദർഭത്തിൽ താങ്കൾക്കു സത്യപാകിഒന കാണുവാൻ സാദ്ധ്യമാകയില്ല; എന്തെന്നാൽ

ഇപ്പോൾ അദ്ദേഹം ഹിന്തുസ്ഥാനിലാണ്! ഒരുപക്ഷേ താങ്കൾ അദ്ദേഹത്തെപ്പററി മുമ്പുതന്നെ എല്ലാം അറിഞ്ഞിരിക്കും. വളരെ കൊല്ലക്കാലം അദ്ദേഹം പാകിസ്ഥാൻ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായിരുന്നു. വാഗ്മിയായ ഒരു പൊതുപ്രസംഗികൻ, സമ്മതനായ ജയിൽപുള്ളി, വിശ്രമമില്ലാത്ത ഒരു പ്രവൎത്തകൻ —എന്നീ നിലകളിൽ ഇദ്ദേഹം ഇപ്രദേശത്തെ ജനസമ്മതിനേടിയ ഒരു വ്യക്തിയാകുന്നു!

"കോൺഗ്രസ്സ്" ഇന്നു തന്നത്താൻ വിഭജിക്കപ്പെട്ട ഒരു സംഘടനയാണ്. സത്യപാലാണ് ഒരു വിഭാഗത്തിന്റെ നേതാവ്. പ്രവൃത്തിയിൽ തെല്ലമെന്നു കാണുന്നുണ്ടെങ്കിലും കഴിവില്ലായ്മയുടെ ഒരു മനോഭാവമാണ് ആകപ്പാടെ കാണുന്നതു്. അദ്ദേഹം ഇപ്പോൾ വളൎന്നുവരുന്ന ആശാഭംഗത്താൽ ആക്രാന്തനായിരിക്കയാണ്. അവസാനം ഇങ്ങനെയായിരുന്നു; സത്യപാൽ പൊതുജീവിതത്തിൽനിന്നും പിരിഞ്ഞു എല്ലാവരേയും അത്ഭുതപ്പെടുത്തി; അതും അന്നോളം തന്റെ സഹപ്രവൎത്തകന്മാരായിരുന്നവൎക്കെതിരെ, അപമൎയ്യാദയായ വലിയ കൊള്ളിവാക്കുകൾ പറയാതെ! ഇത്രയും കൊണ്ടദ്ദേഹം ക്ഷമിച്ചില്ല. ഒടുവിൽ ഗവൎമ്മെണ്ടു "മെഡിക്കൽ സൎവ്വീസി"ൽ ചേൎന്നു സൈന്യത്തിൽ ഒരുദ്യോഗം സ്വീകരിച്ചു! "ലഹളക്കാരൻ ലഹളയിൽനിന്നും പിൻവലിച്ചു! സംഭവബഹുലവും ഉത്സാഹജനകവുമായ ഒരു ജീവിതത്തിന്റെ സമാപ്തി അത്ഭുതംതന്നെ..........."

സംസാരിച്ചുകൊണ്ടിരുന്ന മാന്യൻ തന്റെ സംഭാഷണം നിർത്തി. അയാളുടെ സ്വരത്തിൽ വെറുപ്പും ആമർഷവും കലന്നിരുന്നു. സൂത്രത്തിൽ ഞാൻ വിഷയം മാററി!

## XIV

ഞാൻ ചോദിച്ചു—"നിങ്ങഠം വാഗ്ദത്തം ചെയ്തുവല്ലോ, എനിക്കു പാക്കിസ്ഥാനിൽ താമസിക്കുന്നതിന്റെ ഒരു മുഴുവൻ പരിപാടിയും തയ്യാററാക്കാമെന്നു്! അതെന്തായി?"

സ്നേഹിതൻ പറഞ്ഞു—"താങ്കഠംക്കു ഞങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചു ശരിയായ ഒരു ജ്ഞാനമുണ്ടാകത്തക്കവിധമാണു ഞങ്ങളാപരിപാടി ആസൂത്രണം ചെയ്തിരിക്കുന്നതു്! ഞങ്ങഠം നിർദ്ദേശിക്കുന്നു, താങ്കഠം കഴിയുന്നിടത്തോളം സ്ഥലങ്ങഠം—വടക്കു സിക്കന്തരുടെ നാടായ കാംബൽപൂർ ജില്ല മുതൽ തെക്കു അർദ്ധേശാട്ടുരാമന്റെ ജന്മഭൂമിയായ ഠാംഫ്മാക്കുവരെയുള്ള പ്രദേശങ്ങഠം—സന്ദർശിക്കണമെന്നു്"

"വളരെ നല്ലതു്; ഇതു് ഒരു വിധം മാത്രകാപരമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, യഥാർത്ഥത്തിൽ, വടക്കും തെക്കുമുള്ള ഈ രണ്ടു രാജ്യതന്ത്രജ്ഞന്മാരാണല്ലോ പാക്കിസ്ഥാനെ സുരക്ഷിതമാക്കുന്ന രണ്ടു ദൈവപുത്രന്മാർ!" ഞാൻ പറഞ്ഞു.

അയാഠം തുടൻ—"ഞാൻ പറകയാണെങ്കിൽ മററു പല കേന്ദ്രങ്ങളുടേയും കൂട്ടത്തിൽ അമൃതസര

സ്സ്, കനാൽ കോളനികൾ,—പ്രത്യേകിച്ചു ലയാൽപൂർ, റാവൽപിണ്ടി,—ടാക്സിലയിലെ വിശിഷ്ടാവശിഷ്ടങ്ങൾ, ഗുരു നാനാക്കിന്റെ പേരിനോടു സംബന്ധിച്ച ഹസൻഅബ്ദാലിലെ പുൻജസാഹിബ് എന്നിവയും, താങ്കൾക്കിഷ്ടമുണ്ടെങ്കിൽ പെഷവാർ കൂടിയും നമുക്കു സന്ദർശിക്കണം! എന്നിട്ടു വീണ്ടും ലാഹോറിലേക്കും അമൃതസരസ്സിലേക്കും മടങ്ങാം."

'പിന്നെയും അമൃതസരസ്സിലേക്കോ?"

"അമൃതസരസ്സ്, സുവർണ്ണക്ഷേത്രം അത്രതന്നെ വിശിഷ്ടമല്ലാത്ത ജാലിയൻവാലാ ബാഗ് എന്നിവയിൽനിന്നും വ്യത്യസ്തവും, പാക്കിസ്ഥാനിലെ കച്ചവടത്തിന്റെ തലസ്ഥാനവുമാണ്."

"കച്ചവടത്തിന്റെ തലസ്ഥാനമെന്നല്ലേ പറഞ്ഞതു"? എന്നാൽ വ്യവസായത്തിന്റെയും തൊഴിലാളികളുടേയും സ്ഥിതിയെന്തു്?" ഞാൻ ചോദിച്ചു.

"ഇവിടത്തെ വ്യവസായ പ്രവർത്തനങ്ങളെല്ലാം ഇന്നും ശൈശവദശയിൽതന്നെയാണ്. തൊഴിലാളികളുടെ സ്ഥിതിയും അപ്രകാരംതന്നെ! കൂടാതെ ഞങ്ങളുടെ വ്യവസായപ്രമുഖന്മാർ ഉയർന്ന ലാഭത്തിലും കുറഞ്ഞ കൂലിയിലും വിശ്വസിക്കുന്നവരുമാണ്. താങ്കൾക്ക് ഈ വക വിഷയങ്ങളെക്കുറിച്ച് അമൃതസരസ്സിലുള്ള തൊഴിലാളി പ്രവർത്തകരുമായി ചർച്ചചെയ്യുന്നതായിരിക്കും കൂടുതൽ മെച്ചം."

"നമ്മുടെ പരിപാടിയിലെ ബാക്കി ഭാഗം എന്താണു്?" ഞാൻ അന്വേഷിച്ചു.

"അമൃതസരസ്സിൽനിന്നു നമുക്കു സ്ട്ലജ്, ബയാസ്സ് എന്ന രണ്ടു പ്രധാന നദികളുടെ നാടായ ജലന്തറിലെ ഡോബെ ജില്ലകളിലേക്കും, ഹോഷിയാർപൂരിലേക്കും യാത്ര തുടരാം. രാജ്യത്തിലെ ഏറ്റവും ഫലപുഷ്ടിയുള്ള ഒരു ഭാഗമാണിതു്; രാഷ്ട്രീയമായും ഈ ഭാഗം വളരെ ഉണർന്നുകഴിഞ്ഞിട്ടുണ്ടു്. ഗ്രാമീണരായ കർഷകരെ താങ്കൾ സന്ദർശിക്കും; അവിടെവെച്ചു തീർച്ചയായും ഐക്യനാടുകളിൽനിന്നു മടങ്ങിവന്നവർ അമേരിക്കൻ ഭാഷയിലും, ആർജന്റീനയിൽനിന്നും മടങ്ങിയ മററു ചിലർ സ്പാനിഷ് ഭാഷയിലും താങ്കളോടു സംസാരിക്കും. നമ്മുടെ സമയത്തിലെ അധികഭാഗവും നാട്ടിൻപുറങ്ങളിൽ ചിലവഴിക്കുക കാരണം കാർഷികവൃത്തിയെക്കുറിച്ചു നാനാവിധത്തിലുള്ള നിയമനിർമ്മാണങ്ങളുടെ പ്രവൃത്തിയെയും ഫലങ്ങളെയും താങ്കൾക്കുതന്നെ നേരിട്ടു പഠിക്കാം."

"ഈ നിയമനിർമ്മാണങ്ങളിൽ ചിലതിനെക്കുറിച്ചു നിങ്ങൾക്കു വിവരിക്കുവാൻ സാധിക്കുമോ?" ഞാൻ ചോദിച്ചു.

"ഉവ്വ്, ഉദാഹരണത്തിന്നായി വസ്തുക്കൾ അന്യാധീനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ഭേദഗതിവരുത്തിയ നിയമം, ഋണനിവാരണ നിയമങ്ങൾ, പണമിടവാടുകാരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള

നിയമം, കാഷ്മീരോല്പന്നങ്ങളുടെ വില്പനയെ സംബന്ധിച്ച വ്യവസ്ഥകൾ, എന്നിവയേയും മററും പറയാം. ഇവയെല്ലാം പാസ്സാക്കിയതു നഗരത്തിലെ പണമിടപാടുകാരുടെ വലിയ എതിർപ്പോടുകൂടിയാണു്. ഈ നടപടികളിൽ തീർച്ചയായും ഒരു ഉദാസീനത കാണാം. എല്ലാം ഒരു ഉപായപ്പണി മാത്രം! എന്നാൽ ചിലപ്പോൾ ചില സ്ഥാപിതതാല്പര്യക്കാർ എല്ലാ പുരോഗതികൾക്കും വിഘാതമായി നില്ക്കുന്നതായിട്ടാണു് ഒരുവനു് അനുഭവപ്പെടുന്നതു്."

ഞാൻ പറഞ്ഞു—"ഈ നിയമങ്ങളുടെയെല്ലാം ഓരോ പ്രതി എനിക്കു കിട്ടിയാൽ കൊള്ളാം. കഷ്കക്കു് അവയെപ്പററി—നിയമനിർമ്മാണങ്ങളേയും അവയെക്കുറിച്ചുള്ള പ്രതിഷേധങ്ങളേയും പററി—എന്താണു പറയുവാനുള്ളതെന്നു കേൾക്കുന്നതു് ഏററവും രസാവഹമായിരിക്കും!

"അതെല്ലാം താങ്കളുടെ ഇഷ്ടംപോലെ. എന്നാൽ നമ്മൾക്കു—താങ്കളിഷ്ടപ്പെടുന്നുവെങ്കിൽ മാത്രം—മീററർ ഗേജ്"റയിൽവെയുടെ ജങ്ക്ഷനും ക്ഷയിച്ചുവരുന്നതും "നൂർമഹൾ"പോലെയുള്ളതുമായ ഒരു ചെറിയ മാതൃകാനഗരം കൂടി കാണാം. ഒരു കാലത്തു് അതു് ഡൽഹി—ലാഹോർ റോഡിനു സമീപം സ്ഥിതി ചെയ്തിരുന്നതും ഉയർന്നുവന്നിരുന്നതുമായ ഒരു കൊച്ചു പട്ടണമായിരുന്നു. ചക്രവർത്തിനിയായ നൂർജഹാൻ—അവരുടെ പേരാണു പിന്നീ

ടത്തിന്നുണ്ടായതു്—ഇവിടെ സുപ്രസിദ്ധമായ ഒരു സത്രം പണി ചെയ്യിച്ചു. കീർത്തികേട്ട ഈ സത്രം അതിന്റെ ആതിഥേയന്മാരുടെ [illegible] പോലെ ആകത്തക്കവിധം സന്ദർശകന്മാരോട് വളരെ ഔദാര്യത്തോടെ പെരുമാറി. ഇന്നും തങ്ങൾക്ക "നൂർമഹലിന്റെ ആ സുപ്രതീക്ഷിതമായ സത്രമാണോ ഇതു്?" എന്ന ചോദ്യം കേൾക്കാം. എന്തു ചെയ്യാം! ഇപ്രദേശത്തുള്ള വീടുകളിൽ പകുതിയും ഇന്നു് നാശത്തിന്റെ വക്കത്താണു്, അവയുടെ നഷ്ടാവശിഷ്ടങ്ങൾ എങ്ങും ചിന്നിച്ചിതറികിടക്കുന്നു; അതിന്റെ പുരാതന മഹിമകളിൽ യാതൊന്നും ശേഷിച്ചു കാണുന്നില്ല. ഉയർന്നുവരുന്ന ഗ്രാമങ്ങളേയും ക്ഷയിച്ചുവരുന്ന ചെറുപട്ടണങ്ങളേയും തമ്മിൽ താരതമ്യപ്പെടുത്തുന്നതു് ഇലാം മനോരഞ്ജകമത്രെ?

എന്റെ പാക്കിസ്ഥാൻ പര്യടനം ശോഭനമാക്കുന്നതിന്നു ഈ സ്നേഹിതന്മാരനുഭവിച്ച ബുദ്ധിമുട്ടുകൾക്കെല്ലാം, പതിവുപോലെ, ഞാൻ, അകൈതവമായ കൃതജ്ഞത പ്രകടിപ്പിച്ചു!

## XV

എന്റെ സ്നേഹിതൻ ഓർമ്മപ്പെടുത്തി:—"നാളെ രാവിലെ തങ്ങൾ ലഘുഭക്ഷണം കഴിക്കുന്നതു് മിസ്സിസ് ഫയിഡബീഡിയോടൊരുമിച്ചാണെന്നു ഓർമ്മയുണ്ടല്ലോ!"

"ഞാനതുതന്നെ കരുതിക്കൊണ്ടാണിരിക്കുന്ന തു്. അവരൊരു പ്രശസ്തവ്യക്തിയാണെന്നു ഞാൻ കേട്ടിട്ടുണ്ടു്. എവിടെയാണവർ താമസിക്കുന്നതു്?"

"മോഡൽ ടൗണിൽ—ഇവിടെനിന്നും കുറച്ചകലെ?"

"മോഡൽടൗൺ; എന്താണതു്?" ഞാൻ ചോദിച്ചു.

"അടുത്തകാലത്തായി വളൎന്നുവന്ന ഒരു മനോഹരനഗരമാണതു്"

"എന്നാൽ എന്തുകൊണ്ടാണതിനെ "മോഡൻ ടൗൺ" എന്നു പറയുന്നതു്?"

"അതോ ന്യൂതനമായതുകൊണ്ടുതന്നെ! ബീഡി ദമ്പതിമാരാണു് അവിടെ ആദ്യം ചെന്നവർ......"

"ഓ, ഇപ്പോഴെനിക്കു മനസ്സിലായി; "ബീഡി"കളാണു് ആദ്യമായി അവിടെ ചെന്നവർ; അവരാകട്ടെ മാതൃകാദമ്പതികളുമാണു്. അതിനാൽ ആ പട്ടണത്തിനു് മോഡൽടൗൺ" (മാതൃകാപട്ടണം) എന്നു പേരുണ്ടായി. അത്ഭുതം! ഞാനിതു മുമ്പു തീരെ ആലോചിച്ചതേയില്ല!"

## XVI

പാക്കിസ്ഥാനിലെ രാജ്യതന്ത്രത്തെപ്പററിയും പ്രധാന വ്യക്തികളെസ്സംബന്ധിച്ചും കിട്ടിയ പുതിയ അറിവുകളെക്കൊണ്ടു് എൻെറ തല പുകയുവാൻ തുടങ്ങി. ഓംഗ്യവാരാൽ അടുത്തുള്ള പരിപാടി പ്രബോധചന്ദ്രനൊരുമിച്ചുള്ള "ഡിന്നറാ"ണു്. വാസ്ത

വത്തിൽ അതൊരു വലിയ വിരുന്നുസല്ക്കാരംതന്നെയായിരുന്നു. മിസ്റ്റർ പ്രബോധചന്ദ്രനും ഭാര്യയും പാക്കിസ്ഥാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രധാനനേതാക്കന്മാരടക്കം വേറെയും ധാരാളം സ്നേഹിതന്മാരെ ക്ഷണിച്ചിരുന്നു. യാഷ്, കൈസർ, മുസത്താഫ, സോംപ്രകാശ് ഷായിദ എന്നിവരെ ഞാൻ മുമ്പുതന്നെ കണ്ടിട്ടുണ്ട്. മററുള്ളവരെക്കൂടി—പാക്കിസ്ഥാൻ മുസ്ലീം വിദ്യാർത്ഥി ഫെഡറേഷന്റെ ജീവനായ അബ്ദുള്ള ഭട്ട്, ദീപക് കുമാർ, ദീപക് മന്മോഹൻ, കൃഷ്ണലാൽ മേത്ത, അബ്ദുൾ ഇസ്ലാം കർഷീദ് തുടങ്ങിയവരെ—കാണുന്നതു് ഏററവും ആഹ്ലാദകരമായിരുന്നു! കൂടാതെ ഇൻഷൂറൻസ് പ്രധാനിയായ ലാലാ പിൻഡിദാസും, മതസംബന്ധമായ നിരവധി ലഘുലേഖകളുടെ കർത്താവായ അബ്ദുള്ള മാലിക്കുംകൂടി അവിടെയുണ്ടായിരുന്നു. എന്തോ ചില രഹസ്യകാരണങ്ങളാൽ എപ്പോഴും കറുത്ത ഉടുപ്പുമാത്രം ധരിക്കുന്ന കോൺഗ്രസ്സ് നേതാവായ കേദാർനാഥ് സൈഗളും അവരുടെകൂടെയുണ്ടായിരുന്നു! ഇതുകൊണ്ടു സംതൃപ്തനായ കവി—ഈശ്വരൻ ബിൽഡിനോസ്—തന്റെ "സിയാപോഷ് ജനറൽ" എന്ന കവിതയിലൂടെ ഈ വിഷയത്തെ പ്രസിദ്ധപ്പെടുത്തി. മൗലാനാ അത്താവുള്ളഷാ ബുക്കാരിയുടെ ജീവചരിത്രകാരനും ഉർദു സാഹിത്യകാരനുമായ ഖാൻ കാബൂളിയും, "സംസ്സ"മിന്റെ ആളും സാത്വികനും ഉത്സാഹശാലിയുമാ

യ ഹാഫിസ് അബ്ദുർ റഹിമുംകൂടി അവിടെയു ണ്ടായിരുന്നു.

വിരുന്നിന്നുശേഷം സഖാവു പൂരൻചന്ദ് ആസാദ്, പാക്കിസ്ഥാൻ സി. എസ്സ്. പി. യുടെ സിക്രട്ടറിയായ പ്രൊഫസർ റാംകുമാരിന്റെ വസതിയിലേക്കെന്നെ കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ചുള്ള സംഭാഷണത്തിന്നിടയിൽ പോല്ലീസ്സുകാരുടെ കവാത്തിന്റെ ശബ്ദം കേറംക്കുമാറായി. ഉടൻതന്നെ ഒരു പോല്ലീസ്സുദ്യോഗസ്ഥൻ മററു പലരാലും അനുഗതനായി അവിടെ പ്രവേശിക്കുകയും ഞാൻ "അറസ്റ്റി"ലായെന്നു അറിയിക്കുകയും ചെയ്തു. ഒരു നിമിഷത്തിന്നുശേഷം ഒരു ചെറുപുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു, ഞാനവരുടെ അതിഥിയാണെന്നു്. പാക്കിസ്ഥാനിൽ നിങ്ങളെ ഒരു പൊല്ലീസ്സുകാരൻ കാണുകയാണെങ്കിൽ അയാളോടു യാതൊന്നും ചോദിച്ചുപോകരുതെന്നു ഞാൻ കേട്ടിട്ടുള്ളതായി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ഞാൻ യാതൊന്നും ചോദിച്ചില്ല; അല്ലെങ്കിൽ എന്താണു് എനിക്കു ചോദിപ്പാനുള്ളതു്? ഈ ഉദ്യോഗസ്ഥൻ തന്നെയല്ലേ ഞാൻ പാക്കിസ്ഥാന്റെ അതിഥിയാണെന്നറിവുതന്നതു്!

ഏറെത്താമസിയാതെ ഞങ്ങറം ഗ്വാൾമണ്ഡി പൊല്ലീസ്സ് സ്റ്റേഷനിലെത്തി. ആ ദയാലുവായ ഉദ്യോഗസ്ഥനും അയാളുടെ അനുയായികളുംകൂടി എന്നെ ഒരു മുറിയിലാക്കി. പാക്കിസ്ഥാൻ ഗവമ്മേണ്ടി

ൻെറ ആ അതിഥിമന്ദിരം സൂക്ഷ്മമായി പരിശോധിക്കുവാൻ വലുതായ് ക്ഷീണംകൊണ്ടും ഉറക്കംകൊണ്ടും എനിക്കു സാധിച്ചില്ല. അടുത്ത ദിവസം ഞായറാഴ്ചയായിരുന്നതുകൊണ്ടു് എന്നെ ഡ്യൂട്ടി മജിസ്ട്രേട്ടായ, സർദാർ ഇക്ബാൽസിംഹിൻെറ മുമ്പിൽ ഹാജരാക്കുകയും വിചാരണ കഴിയുന്നതുവരെ ജയിലിൽത്തന്നെ സൂക്ഷിക്കുന്നതിന്നു കല്പിക്കുകയും ചെയ്തു! പത്തു ദിവസത്തിന്നുശേഷം ഒന്നാംക്ലാസ്സു മജിസ്ട്രേട്ടായ മാലിക് തേക്ക്ചന്ദ്വിജ്, പാക്കിസ്ഥാനിലെ സംസ്കാരം പഠിക്കുന്നതിലുള്ള എൻെറ ആഗ്രഹത്തെ അംഗീകരിക്കുകയും അനുമോദിക്കുകയും ചെയ്തുകൊണ്ടു്, എന്നെ ഗവമ്മേണ്ടിൻെറ അതിഥിയായി, കാഠിന്യമേറിയ ആറുമാസങ്ങളും ലാഹോർ കേന്ദ്രജയിലിലെ അതിഥിമന്ദിരത്തിൽ; അതിൻെറ അദ്ധ്യക്ഷനായ മേജർ ഹാബിബുല്ലാഷായുടെ പ്രത്യേക മേൽനോട്ടത്തിൽ താമസിപ്പിക്കുന്നതിന്നുവേണ്ട നിർദ്ദേശങ്ങളും നൽകി! സുസമ്മതമായ പൌരസ്ത്യസമ്പ്രദായ വിധിയനുസരിച്ചു് ആ മഹാശയൻ എന്നിൽ അഞ്ചുറുപ്പികക്കു് ഒരു "നസ്റാന"യും ചുമത്തി! പാക്കിസ്ഥാൻ ഗവമ്മേണ്ടിനെ, ഞാൻ വലിയ ചിലവുകളിൽ പെടുത്തി, വ്യാകുലപ്പെടുത്തരുതെന്നു കരുതിയായിരിക്കണം അങ്ങിനെ ചെയ്തതു്! അഭിജ്ഞനായ ആ മജിസ്ട്രേട്ടു് തീർച്ചയായും ഇക്ബാലിൻെറ ഈ പ്രസിദ്ധ വരികളെ അനുസരിച്ചു.

"ആരാണു സൂര്യനേയും നക്ഷത്രങ്ങളേയും കീഴടക്കുന്നതു്?"

"അവനെ സ്വയം നിയമത്തിന്റെ തടവുകാരനാക്കുക!"

## 6. പാക്കിസ്ഥാനിലെ ഒരു ജയിലിനകത്തു്.

ഞാൻ ലാഹോർ സെൻട്രൽ ജയിലിന്റെ പുറവാതിൽ കടന്നപ്പോൾ, വലത്തുഭാഗത്തായി, എല്ലാവക്കും കാണണവച്ചിരുന്ന വലിയ ഒരു ബോർഡിൽ ജയിലിലെ ജനസംഖ്യ കുറിച്ചുവെച്ചിരിക്കുന്നതായി കണ്ടു. ആകെ 2565 പേരായിരുന്നു. ഇതിന്റെ അർത്ഥം, ഈ ജയിലിൽ, ബോംബെ സംസ്ഥാനത്തിലുള്ള ഏതൊരു ജയിലിനേക്കാളും കൂടുതൽ തടവുകാരുണ്ടെന്നാണു്. സാധാരണയായി യർവാദ ജയിലിൽ 1500 പേരും ബാക്കി സെൻട്രൽ ജയിലുകളിൽ 1200 പേരോളവുമാണു തടവുകാർ. ഇത്രകൊണ്ടുമായില്ല! എന്റെ ശ്രദ്ധയെ ആകർഷിച്ച മറെറാരു വിഷയം മരണശിക്ഷ വിധിക്കപ്പെട്ടവരുടെ സംഖ്യയാണു — ആകപ്പാടെ എണ്പത്തിമൂന്നു ജീവികൾ. ഇതാണെനിക്കു അസാധാരണമായി തോന്നിയതു്; എന്തുകൊണ്ടെന്നാൽ നമ്മുടെ ഭാഗത്തു അവരുടെ എണ്ണം മൂന്നോ നാലോ ആയിരിക്കും. സമുദായ സ്ഥിതിയെ സംബന്ധിച്ചു് എത്ര വലിയൊരറിവാണു് ഒളിവായി ഈ ബോർഡിൽ പ്രദർശിപ്പിച്ചിരുന്നതു്!

ഈ താരതമ്യവിവേചനം യഥാർത്ഥത്തിലെന്നെ അന്ധാളിപ്പിക്കുകയാണുണ്ടായതു്: പാക്കിസ്ഥാനിൽ ബോംബെ സംസ്ഥാനത്തിലേക്കാൾ അധികം കുററങ്ങളും കുററക്കാരും ഉണ്ടായിരിക്കുമോ? ഈ ഊഹംതന്നെ തെററല്ലേ? ഒരു മാതൃകാരാജ്യത്തു് ഇതെങ്ങിനെ സംഭവിക്കും? ഈ സംശയങ്ങൾക്കു ശരിയായൊരു സമാധാനം പാക്കിസ്ഥാൻ പോലീസ്സ് കുററക്കാരെ കണ്ടുപിടിക്കുന്നതിൽ അധികം സാമർത്ഥ്യം കാണിക്കുന്നുണ്ടെന്നതുമാത്രമാണു്. അഥവാ പാക്കിസ്ഥാൻ വ്യവഹാരശാസ്ത്രം സുപ്രസിദ്ധമായ "ഗിൽ ബട്ടി"ന്റെയും "സുള്ളിവ"ന്റെയും നാടകത്തിലെ ഉപദേശത്തെ—"ശിക്ഷ കുററത്തിനു തക്കതായിരിക്കണം"—പിൻതുടർന്നുകൊണ്ടായിരിക്കുമോ! അതു ശരി! ബോംബെയിൽ കുററം ചെയ്യുവരുടെ 'സംഖ്യ കുറയുന്നതു്' ആ വൃദ്ധനായ ഗാന്ധിജിയുടെ സാമീപ്യത്താലായിരിക്കും! അദ്ദേഹത്തിന്റെ മനഃപരിവർത്തനതത്വം അവരുടെ സംഖ്യ കുറക്കുന്നതിനു നിശ്ചയമായും സഹായിച്ചിരിക്കണം; ഇതു ജയിലിലെ ജനസംഖ്യയേയും ബാധിച്ചിരിക്കും!!

ഞാൻ, ഉള്ളിലത്തെ പടികടക്കുന്നതിനുമുമ്പായി വലിയ മഞ്ഞത്തലപ്പാവുകൾ ധരിച്ച അനേകം തടവുകാരെകണ്ടു ജയിലിലെ നിത്യവാസികളാണിവരെന്നു ഞാൻ മനസ്സിലാക്കി—നിത്യവാസികളെന്നുവെച്ചാൽ തങ്ങളുടെ സാന്നി

ഝ്യംകൊണ്ടു ഒന്നിലധികം പ്രാവശ്യം ജയിലിന്നു മാന്യതവരുമതിയവരെന്നത്ഥം! ബൊംബെ ജയിലിലെ നിത്യവാസികൾക്കു കറുത്ത തൊപ്പികൊടുക്കുന്നു; ദീൎഘകാലതടവുകാൎക്കാകട്ടെ മഞ്ഞതൊപ്പിയാണു നൽകുന്നതു്!

എൻെറ പേരും മേൽവിലാസവും ജോലിയും മററും ശ്രദ്ധാപൂൎവ്വം കുറിച്ചെടുക്കുകയും, സാമാനങ്ങൾ പരിശോധിക്കുകയും ചെയ്തതിന്നുശേഷം അകത്തെവാതിൽ കടന്നു "ടവെറി"ലേക്കു് അഥവാ "ഫെൻതാഫെറി"ലേക്കു് ഞാൻ ആനയിക്കപ്പെട്ടു. ആ വലിയ വാതിലുകൾ തുറന്നപ്പോൾ ആദ്യം കണ്ടകാഴ്ച മനോജ്ഞംതന്നെയായിരുന്നു; ചെടികളും മരങ്ങളും താൽക്കാലികമായുണ്ടാക്കിയ മൈതാനവും ജയിൽ ഭിത്തികൾക്കകത്തുള്ള നിഷ്ഠുരമായ ഏകാന്തതയെ ഭഞ്ജിച്ചിരുന്നു.

ഫെൻതാഫെറിന്നടുത്തു് ഒരു തടവുകാരനായ മുൻഷി എല്ലാംവിവരങ്ങളും മറെറാരു പുതിയ പുസ്തകത്തിൽ പകൎത്തിയിരുന്നു. ഇതിന്നുശേഷം വളരെ ദൂരത്തുള്ള "ബൊംബ്ഫെർ" എന്ന സ്ഥലത്തേക്കു് ഞാൻ നയിക്കപ്പെട്ടു.

## II

"ബോംബ്ഫെർ" ഞാൻ തന്നത്താൻ ആക്രമിച്ചു; അപൂൎവ്വമായ ഒരാനന്ദാനുഭൂതി ആ സമയത്തെന്നെ സ്പൎശിച്ചു. ആദ്യം ഞാൻ വിചാരിച്ചു, എന്നെകൊണ്ടുചെന്നിരിക്കുന്ന ആ സ്ഥലം ഇഷ്ടിക

കൾക്ക പകരം ബോംബുകൾകൊണ്ടുണ്ടാക്കിതായി രിക്കുമോ എന്നു്. എല്ലാററിന്നും വിലകൂടിയ ഈ കാലത്തു് ഇഷ്ടികകൾക്കു നല്ല വിലയുണ്ടായിരിക്കും; ബോംബുകൾക്കാകട്ടെ യാതൊരു പണച്ചെലവുമില്ല! കാരണം മിടുക്കന്മാരായ പാക്കിസ്ഥാൻ പോല്ലീസ്സുകാർ ബോംബുകൾ നിരന്തരമായും സഫലമായും കണ്ടെടുക്കുന്നതിനാൽ അവക്കു മുടങ്ങാതെ സമൃദ്ധിയായി ബോംബു "സപ്ലൈ"ചെയ്യുവാൻ കഴിയുമല്ലോ! അതെന്തെങ്കിലുമാകട്ടെ; വല്ലതും സംസാരിച്ചു പരിചയപ്പെടുവാൻവേണ്ടി എന്നെ പിൻതുടന്നിരുന്ന ഭീകരഭാവത്തോടുകൂടിയ ഒരു "വാർഡരോ"ടു ഞാൻ ചോദിച്ചു: "എന്തുകൊണ്ടാണു് ഈ സ്ഥലത്തെ "ബോംബ് ഷെൽ" എന്നു പറയുന്നതു്?"

"എന്തുകൊണ്ടെന്നാൽ, ഇവിടെയാണു് അപകടകാരായ ഭീകരത്തടവുകാരെ വളരെ കൊല്ലങ്ങളായി പാർപ്പിച്ചുവരുന്നതു്" അയാൾ മറുപടിപറഞ്ഞു.

ഈ മറുപടി കേട്ടപ്പോൾ ആശ്ചര്യം എനിക്കുണ്ടായിരുന്ന നിരാശതയുടെ സ്ഥാനത്തു വേറൊന്നു സ്ഥലംപിടിച്ചു. അപകടകാരും ഭീകരന്മാരും നിരായുധരുമായ കുറെ തടവുകാരെ ഒരു സായാഹ്നത്തിൽ കണ്ടുമുട്ടുക എന്നതു് എൻ്റെ ആത്മചൈതന്യത്തെ ശോഭനമാക്കിത്തീക്കുവാൻ പററിയതല്ലായിരുന്നു. എന്നാൽ എന്താണിതിന്നൊരു പോംവഴി? മനോധൈര്യം സാധാരണയായി അത്ഭുതങ്ങളെ

സൃഷ്ടിക്കുമെന്നും, അതിനാൽ പരിതഃസ്ഥിതിക്കനുസരിച്ചു ശാന്തനായിരിക്കുകയാണു ഭേദമെന്നും ഞാൻ തീർച്ചപ്പെടുത്തി!

എന്തുതന്നെയും ആയ്ക്കൊള്ളട്ടെ, ആ സ്ഥലത്തുവെച്ച് എനിക്കു കിട്ടിയ ഹാർദ്ദമായ സ്വീകരണം എൻെറ വിവേകത്തിന്നു പിരിമുറുക്കംകൂട്ടി. ആ സ്ഥലത്തുള്ളവരെല്ലാം സ്നേഹത്തോടും സൌഹാർദ്ദമനഃസ്ഥിതിയോടും കൂടിവരായിരുന്നു! എനിക്കായി ഒരു മുറി തയ്യാറാക്കപ്പെട്ടു; അവരിൽ ചിലർ സാമാനങ്ങളെല്ലാമൊതുക്കിവെക്കുന്നതിന്നെന്നെ സഹായിച്ചു! അധികം കഴിയുന്നതിന്നു മുമ്പു ഞാനീ നവീനലോകത്തിലെ ഒരു മനുഷ്യനായിതീൎന്നുവെന്ന ബോധം എനിക്കുണ്ടായി.

ഞങ്ങളുടെ ആ "യാർഡി"ൽ ഒരേ വരിയിൽ തുടർച്ചയായി ഇരുപതു 'അറ'കളുണ്ട്; അവയുടെ ഒരുനടു ഒഴിച്ചിട്ടിരുന്നു—ആദ്യം പത്തു മുറികൾ, പിന്നീട് അടുക്കളെ, വീണ്ടും പത്തു മുറികൾ ഇങ്ങനെയാണ് അതിൻെറ പണി. രാഷ്ട്രീയ തടവുകാർക്ക് അവരുടെ നിത്യജയിൽ ജോലികൾ ചെയ്യുന്നതിന്നുവേണ്ടിയുള്ള "കർഖാന" അഥവാ "വർക്ക്ഷാപ്പ്" ഈ പറമ്പിൽതന്നെ സ്ഥിതിചെയ്യുന്നു. കർഖാനയുടെ മുന്നിൽ തടവുകാർതന്നെ ഉണ്ടാക്കിയ ഒരു ചെറുപൂന്തോട്ടമുള്ളതു നല്ലൊരു കാഴ്ചയായിരുന്നു. ഒരു ചെറിയ വിശ്രമസ്ഥലവും പച്ചക്കറിത്തോട്ടവുംകൂടി ആ യാർഡിലുണ്ടായിരുന്നു.

യാർഡിലെ എന്റെ ആറാംനമ്പ്ര് മുറിയുടെ അളവ് 12×7½ അടിയാണ്. ഒരു ഇടുങ്ങിയ വംതിൽകൊണ്ടും ഇരുമ്പഴികളെക്കൊണ്ടും അതു ബന്ധിക്കപ്പെട്ടിരുന്നു. മുറിയുടെ പിറകിലായി ഇടനാഴിപോലെ ഒരു സ്ഥലമുണ്ട് — അതിന്റെ മുൻഭാഗം മുഴുവനും ഇരുമ്പഴികളെക്കൊണ്ടു ചുററപ്പെട്ടിരുന്നു. പുറത്തേക്കു പോകുവാൻ ഒരു വാതിലുണ്ട്. ഇതു് ഒരു ഒന്നാംതരം കൂടുതന്നെ — മൃഗശാലയിൽ സാംസാധാരണ കാണാറുള്ളതുപോലെ ഇത്തരത്തിലുള്ള ഒരു പരിതഃസ്ഥിതിയിലായിരിക്കണം ഒരു കവി ഇങ്ങനെ പാടിയിരിക്കുന്നതു്.

"കരിങ്കൽ ഭിത്തികൾ ഒരു ജയിലിനേയോ
ഇരുമ്പഴികൾ ഒരു കൂടിനേയോ ഉണ്ടാക്കുന്നില്ല" ഇത്യാദി.

KOTTA… PUBLIC LIBRARY

ആകപ്പാടെ നോക്കിയാൽ ഒരു ജയിലിന്നും ഒരു മൃഗശാലക്കും തമ്മിലുള്ള ഐക്യതകൾക്കവസാനമില്ല. ഒരു ജയിൽ കണ്ടാൽ ഒരുവന്നു കാഴ്ചബംഗ്ലാവിലെ മൃഗശാലയാണെന്നേ തോന്നുകയുള്ളൂ. ഒരു മൃഗശാലയിലെ അദ്ധ്യക്ഷനും ജയിലിലെ അദ്ധ്യക്ഷനും ഏകദേശം ഒരുപോലെയാണ് — ഒരുവൻ കാട്ടിലെ നിയമസംഹിതയിൽ ഇടപെടുന്നു; മറേറവൻ പുരാതന നിയമങ്ങളുടെ കാന്താരത്തിൽ — ലൌകികഭാഷയിൽ പറകയാണെങ്കിൽ "ജയിൽ മാനുവലി"ൽ ഇടപെടുന്നു.

എന്റേതു ഒരു സാധാരണ ജയിൽമുറിയത്രെ. — വെള്ളപൂശിയ ചുമർ, ജനലുകളില്ല, ചുമരിൽ വ

ളരെ മുകളിൽ മേൽപ്പുരക്കട്ടക്കലൊണു വായു സഞ്ചാ
രത്തിന്നുള്ള മാർഗ്ഗങ്ങൾ! ശീതോഷ്ണസ്ഥിതിക്കവിടെ
മാററമില്ല. തടവുകാരെ ഭയപ്പെടുത്തത്തക്കവിധമാ
ണു്—സന്മാർഗ്ഗികളാക്കത്തക്കവിധമല്ല—ഒരു ജയി
ലിന്റെ പണി. ഇക്കാരണത്താൽ ജയിൽ ഭിത്തിക
ളും ജയിൽ മുറികളും ഈ തത്വസംഹിതയെ പ്രതി
ബിംബിപ്പിക്കുന്നവയായിരിക്കണം; എന്നാൽ ശില്പ
കലയിലും കെട്ടിടനിർമ്മാണത്തിലും ശീതോഷ്ണസ്ഥി
തിക്കുള്ള സ്ഥാനംതന്നെ രസകരമായ ഒരു വിഷയ
മാണു്. പക്ഷെ ക്രിമിനൽ വ്യവഹാരശാസ്ത്രത്തിൽ
പ്രതിക്രിയാത്മകമായ ഒരു വസ്തു ഇന്നും അജയ്യമാ
യിത്തന്നെ സ്ഥിതിചെയ്യുന്നതുകൊണ്ടു്, ജയിൽനി
ർമ്മാണശില്പികൾ, ജയിൽ പുള്ളികളുടെ സുഖസൌ
കര്യത്തെപ്പോലെയുള്ള നിസ്സാരവിഷയങ്ങളിൽ
വെറുതെ മനസ്സിരുത്തുവാൻ തക്കവണ്ണം അത്ര
മണ്ടന്മാരല്ല!

III

പാക്കിസ്ഥാൻ ജയിൽ ജീവിതത്തിലെ വിഷമ
ങ്ങളിലേക്കെന്നെ ക്ഷണിച്ചിട്ടു് അധികം കാലമാ
യിട്ടില്ല. ഞാൻ അവിടെ എത്തിച്ചേർന്നപ്പോൾ ഞ
ങ്ങൾ ഒരു ചെറിയ സംഘമായിരുന്നു—ആകെ പ
തിന്നാലുപേർ. അവരിൽ പകുതിപേർ "ഭീകര"ന്മാ
രാണു്; എങ്കിലും എനിക്കു് ഒരിക്കലും ഒരിടത്തും
കാണുവാൻ കഴിഞ്ഞിട്ടില്ലാത്തത്ര ശ്രേഷ്ഠന്മാരും ശാ
ന്തന്മാരുമാണിവർ. അവരിൽ ഒരുവനായ സർദാർ

ഗുലാബ്സിംഗ് ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവനും ഞങ്ങളുടെ യാർഡിലെ "മാനേജരും" വളരെ നല്ലവനും പരോപകാരിയുമത്രെ. മററു "ജീവപര്യന്ത"ക്കാർ മാലിക്ക് കന്ദൻലാൽ, കിഷോരിലാൽ രൂപ്ചന്ദ്, ഹൻസരാജ് എന്നിവരാണ്. എന്റെ തൊട്ട അയൽവാസികളായി "സിയാസത്ത്" ദിനപത്രത്തിന്റെ അധിപരായ മൗലാനാ സയ്യത് ഹബീബ് ഒരു വശത്തും, ഭീകരനായ രൂപചന്ദ് മററെ വശത്തും സ്ഥിതിചെയ്യുന്നു. എത്ര വിക്രാന്തനായ ഒരു ഭീകരപ്രവത്തകൻ! ലജ്ജാശീലനും ശാന്തനുമായ അദ്ദേഹം ആരെങ്കിലും അങ്ങോട്ടു സംസാരിച്ചുലല്ലാതെ ഇങ്ങോട്ടു സംസാരിക്കപോലുമില്ല!

മൌലാനാ സയ്യത് ഹബീബ് ഞങ്ങളുടെ ജയിൽ യാർഡിലെ തലനരച്ച രാജ്യതന്ത്രജ്ഞനാണ്. ബലവാനും അക്രമപ്രസക്തനുമായ അദ്ദേഹത്തിനുള്ള മർക്കടമുഷ്ടി അതുല്യമായ കാര്യശേഷിയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നു. ഇസ്ലാം മതത്തിലും ചരിത്രത്തിലും പണ്ഡിതനായ ഇദ്ദേഹം പല ഗ്രന്ഥങ്ങളുടേയും കത്താവും ശക്തിയേറിയൊരു പ്രാസംഗികനും ഉറുദു ഭാഷയിൽ ഒരൊന്നാംകിട പത്രപ്രവത്തകനുമാണ്. ഹബീബ്, ഷാഹിദ് ഗുൽജി പള്ളി പ്രക്ഷോഭണത്തിന്റെ നേതാക്കന്മാരിലൊരുവനും, അഫ്ഘാനിസ്ഥാനിലെ രാഷ്ട്രീയ കാര്യങ്ങളിൽ വളരെ കൊല്ലങ്ങളായി സ്വാധീനശക്തി ചെലുത്തിയിരുന്നവനുമാണ്. ഏതു നിയമ

സഭയിലേയും എതിർകക്ഷി മുന്നണിസ്ഥാനത്തെ അലങ്കരിക്കുന്ന രാജ്യതന്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പെട്ടവനാണിദ്ദേഹം. പക്ഷെ തൻെറ പ്രതിബന്ധബഹുലവും വിചിത്രവുമായ രാഷ്ട്രീയ പ്രവൎത്തനത്തിൽ—അതിൽ ധാരാളം ഉയൎച്ചയും താഴ്ചയും ഉണ്ടായിട്ടുണ്ടു്—പാക്കിസ്ഥാൻ പ്രധാനമന്ത്രിയടക്കമുള്ള അനവധി പ്രബലശത്രുക്കളെ അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. അനേക സംവത്സരകാലത്തെ ജയിൽവാസം അദ്ദേഹത്തിൻെറ ആരോഗ്യത്തെ നശിപ്പിച്ചു! ജയിലിൽ അദ്ദേഹം സൌഹാർദ്ദത്തോടും സൗശീലത്തോടുംകൂടി പെരുമാറിയിരുന്നു. വലിയ ദൈവഭക്തനായ ഹബീബ് സാധാരണയായി ദിവസംതോറും അഞ്ചുപ്രാവശ്യം "നമസ്സ്" ചെയ്യേണ്ടതിന്നു പകരം ഏഴു പ്രാവശ്യം ചെയ്തിരുന്നു!

ഞങ്ങളുടെ സംഖ്യ അതിവേഗത്തിൽ വൎദ്ധിക്കുവാൻ തുടങ്ങി. ചൗധുരി കൃഷ്ണഗോപാൽഡട്ട്, ബ്രിജ് കൃഷ്ണചണ്ഡിവാല, ഒൻകർനാഥ് എന്നിവരെ ഈ ജയിലിലേക്കു മാററിയ ആ പ്രത്യേക ദിവസത്തെ ഞാൻ വിശിഷ്യ ഓൎക്കുന്നുണ്ടു്. ഡൽഹിയിലെ ബ്രിജ് കൃഷ്ണജി—ഒരു യഥാൎത്ഥ ഗാന്ധിഭക്തൻ—വാസ്തവത്തിൽ ഒരമൂല്യവസ്തുതന്നെയാണു്! ശാന്തനും വിനീതനും, സ്വകാൎയ്യജീവിതത്തിൽ സന്യാസിയുമായ ഇദ്ദേഹം അസാധാരണമായ സ്നേഹബഹുമാനങ്ങളെ അൎഹിക്കുന്നുണ്ടു്. അനവധി കൊല്ലമായി എനിക്കദ്ദേഹത്തെ പരിചയമുണ്ടു്. നി

ആരംക്കിഷ്ടപ്പെട്ട ഒരുവന്റെ ദർശനം—അതെവിടെ വെച്ചായാലും—ആഹ്ലാദജനകമല്ലേ? എന്നാൽ ഈ പുതിയ പരിതഃസ്ഥിതിയിൽ അതത്രത്തോളമുണ്ടായിരുന്നില്ല.

അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മറെറാരു നിലയ്ക്കും വളരെ വിലയേറിയതായിരുന്നു. ബ്രിജ്കൃഷ്ണജ് ഉപ്പോ പഞ്ചസാരയോ അവയടങ്ങിയ മററുവല്ല ഭക്ഷ്യപദാർത്ഥങ്ങളോ കഴിക്കുകയില്ല! പാക്കിസ്ഥാനിലെ ജയിലുകളിൽക്കൂടിയും അത്തരം പദാർത്ഥങ്ങളുടെ വിതരണം അനിയന്ത്രിതമല്ലായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ മേന്മയേറിയ പുസ്തകങ്ങളുടെ കാര്യത്തിൽ ഒരു പൊതുമത്സരം തന്നെയുണ്ടായിരുന്നു? എന്റെ സഹജീവികളായ തടവുകാർ ചിലപ്പോൾ എന്നോടു കാണിച്ച ആ പ്രത്യേകതയിൽ അത്ഭുതപ്പെട്ടു—അവിടെയാണു വിജയസിദ്ധി കുടികൊള്ളുന്നതു്! ഞാൻ സാധാരണപോലെ അക്രമരാഹിത്യസിദ്ധാന്തത്തെക്കുറിച്ചു വിവാദമാരംഭിച്ചു; നിർമ്മാണപരിപാടിയെ പുകഴ്ത്തി. പിന്നീടു വളരെ കുഴപ്പംപിടിച്ചകാലത്തെ ഗാന്ധിജിയുടെ [illegible] പ്രവൃത്തികളെപ്പററി പുകഴ്ത്തി. ഒടുവിൽ പഞ്ചസാരയും ഉപ്പും ഉപയോഗിക്കാതിരിക്കുന്ന സംഗതിയിൽ ഞങ്ങളുടെ സംഭാഷണമവസാനിപ്പിക്കുകയും ചെയ്തു!

ചൗധരി കൃഷ്ണഗോപാലഡട്ട് ജനസഭാപ്രതിപക്ഷത്തിന്റെ നേതാവായിരുന്നു. പാക്കിസ്ഥാ

നിൽ ഒട്ടുവളരെ ഒച്ചപ്പാടുണ്ടാക്കിയ ദേഹമാണി ദ്ദേഹം; എന്നാൽ നേതൃത്വത്തെക്കുറിച്ചദ്ദേഹം വിമുഖനായിരുന്നു. ഗോപാലഭട്ട് ഒരു പക്ഷിയെപ്പോലെ സ്വൈരമായും സുഖം പുഞ്ചിരിയോടുകൂടിയും തമാശയോടുകൂടിയും ജീവിച്ചു.

"നമ്മൾ ഉല്ലാസഭരിതരാകുമ്പോൾ
"ജീവിതം അർത്ഥവത്തായിരിക്കുന്നു
"എന്തുകൊണ്ടെനിക്കു
അതിൽകുറച്ചു നിങ്ങൾക്കുതന്നുകൂടാ?

എന്ന കവി വാക്യത്തിന്റെ പൊരുൾ അദ്ദേഹത്തിന്റെ കാര്യത്തിൽ അർത്ഥവത്തായിരുന്നു. അദ്ദേഹത്തോടൊന്നിച്ചിരിക്കുമ്പോൾ സമയം ഇഴഞ്ഞുപോകുകയല്ല, പറക്കുകയാണു പതിവു്!

രാഷ്ട്രീയകാര്യങ്ങൾ (ചിലപ്പോൾ കച്ചവടവും) ഒഴിച്ചാൽ അദ്ദേഹത്തിന്റെ മററു രണ്ടു പ്രധാന വിനോദവിഷയങ്ങൾ ഇക്ബാലിന്റെ കവിതയും ഹോമ്യോപ്പതിയുമാണു്. ഈ രസികശിരോമണി ക്രോധാജ്വലനായി കാണുന്നതുവരെ അദ്ദേഹത്തെ വിമർശിക്കുന്നതും, അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചുതന്നെ ഹീനമായി സംസാരിക്കുന്നതും അത്ര സുരക്ഷിതമായിരിക്കയില്ല. അദ്ദേഹം നിസ്സാരകാരണങ്ങൾക്കു വേണ്ടിയും അല്ലാതെയും ഇക്ബാലിനെ എല്ലായ്പോഴും ഉദ്ധരിക്കും! ഹോമ്യോപ്പതിയെ സംബന്ധിച്ചുംകൂടെ അദ്ദേഹത്തിനു വലിയ മതിപ്പുമാണു്. യൂറോപ്പിലും അമേരിക്കയിലുമായിരിക്കുമ്പോൾ മനോഹരവസ്തുക്കളുടെ ദർശനം അദ്ദേഹം

സ്വയം നിഷേധിച്ചു—അടുത്തുനിന്നും അകലെനി
ന്നുമുള്ള സകലസന്ദൎശകന്മാരുടേയും ആരാധകേന്ദ്രം
വൎണ്ണനകൊണ്ടും കൗശലംകൊണ്ടും വെറും പൊള്ള
യാക്കപ്പെട്ട അത്തരം വിശിഷ്ടവസ്തുക്കളാണല്ലോ?—
എന്നാൽ, ബ്രിട്ടീഷു "മ്യൂസിയ"ത്തിലേയോ "ലൗ
വറി"ലേയോ മനോഹരവസ്തുക്കൾ കാണുന്നതിൽ
ചിലക്ഷണമാകുന്നതിനേക്കാൾ അധികം ശ്രദ്ധയോ
ടുകൂടി, അദ്ദേഹം തന്റെ സമയം മുഴുവനും പ്രധാന
ഹോമിയോപ്പതി നേതാക്കന്മാരെ സന്ദൎശിക്കുന്നതി
നും അവരുടെ ചരായാപടങ്ങൾ ആരായുന്നതിനും
ചിലവഴിച്ചു. ഭാഗ്യവശാൽ ഹോമിയോപ്പതിയിലു
ള്ള അദ്ദേഹത്തിന്റെ ശേഷി രോമൂഷിയോടൊപ്പം
തന്നെ വലുതാണു്. ചൗധരി കൃഷ്ണഗോപാൽ ഡട്ടി
ന്റെ ഉദാരശീലവും പ്രശംസനീയമാണു്. എ
ന്തെന്നാൽ വൈദ്യവൃത്തി ഉപജീവനാൎത്ഥമല്ലായ്ക
യാൽ, അദ്ദേഹം ഉപദേശങ്ങൾക്കോ മരുന്നിനോ
യാതൊരു പ്രതിഫലവും വാങ്ങിയിരുന്നില്ല പ
ക്ഷെ മരുന്നെഴുതിക്കൊടുക്കുന്നതിനുമുമ്പു് അദ്ദേഹം
രോഗിയെ വൈദ്യവിധിപ്രകാരവും കലാവിദ്യാ
വിധിപ്രകാരവും പരിശോധിക്കും. രോഗിയോടു
ചുരുങ്ങിയതു് അരഡസൻ കവികളെക്കുറിച്ചെങ്കി
ലും സംസാരിച്ചില്ലെങ്കിൽ അയാൾക്കതു വ്യസന
കാരണമായേക്കും!

ഡൽഹി കോൺഗ്രസ്സുനേതാവായ ഓൻകർ
നാഥു്, കൃഷ്ണഗോപാൽ ഡട്ടിന്റെ കൂടെയാണവ

ന്നതു്. ജയിലിൽ എത്തി ഒരു ദിവസത്തിന്നുള്ളിൽ അദ്ദേഹം സകലരേയും മനസ്സിലാക്കി അവരുമായി സൗഹാർദ്ദബന്ധം സ്ഥാപിച്ചു. സൗഹാർദ്ദനിധിയും; തെററുപ്രവൎത്തിക്കുന്നവരിൽ ഉദാരശീലനും, ലോകത്തെ പരിഷ്കരിക്കുന്നതിന്നനേകം പദ്ധതികളാവിഷ്കരിച്ചവനുമായ ഇദ്ദേഹം ക്ഷണത്തിൽ എല്ലാവരുടേയും സ്നേഹപാത്രമായി. ഇദ്ദേഹത്തിന്റെ പ്രീതിസമ്പാദിക്കുവാൻ ഒരുവന്നു വ്യാവസായിക "കാഴ്ചബംഗ്ലാവു"കളെ പുകഴ്ത്തുകമാത്രമേവേണ്ടതുള്ളൂ; വിശേഷിച്ചും അദ്ദേഹം ഡൽഹിയിൽ സ്ഥാപിച്ച ഇത്തരത്തിലുള്ള ഒരു സ്ഥാപനത്തെക്കുറിച്ചു് ഈ സൂത്രം പ്രയോഗിക്കുകയുണ്ടായി.

ഗോവിന്ദസാഹിയായിരുന്നു പിന്നീടുവന്നവൻ. അദ്ദേഹം ഐക്യസംസ്ഥാനകോൺഗ്രസ്സ് ഗവമ്മെണ്ടിലെ റവന്യൂമന്ത്രിയായിരുന്ന മിസ്റ്റർ റാഫി അഹമ്മദ് കിദ്വായിയുടെ പ്രൈവററ് സിക്രട്ടരിയായിരുന്നു. യഥാൎത്ഥത്തിൽ ഈ സന്ദർഭത്തിലിദ്ദേഹം കാശ്മീരിലേക്കു വിശ്രമിക്കുവാൻ പോകയായിരുന്നു. എന്നാൽ ലാഹോറിൽ ചില സ്നേഹിതന്മാരെ കാണുന്നതിന്നായി ഒരു ദിവസം താമസിക്കേണ്ടിവന്നു. ആ ദിവസംതന്നെ അവിടെ ഒരു പൌരമഹായോഗം കൂട്ടുകയും അതിൽ ഇദ്ദേഹം എതാനും വാക്കുകൾ പറയുവാൻ നിർബ്ബന്ധനാകയും ചെയ്തു. ഗവമ്മെണ്ടിന്റെ പരിപാടികളെ അദ്ദേഹം വാനോളം പുകഴ്ത്തി. എന്നാൽ അദ്ദേഹത്തിന്റെ

ആ പ്രശംസ അതിൻെറ പൂൎണ്ണവളൎച്ചയിലെത്തുവാൻ ധാരാളം സമയമായ്ക്കൊള്ളട്ടെ'യെന്ന സ്തുത്യൎഹമായ ഉദ്ദേശത്തോടെ, ഗവൎമ്മേണ്ടു്, സ്ഥലത്തു തിരിച്ചെത്തിയ ഉടനെ അദ്ദേഹത്തെ പാക്കിസ്ഥാനിലേക്കു കൊണ്ടുവരികയും ആറുമാസം സെൻട്രൽ ജയിലിൽ പാൎപ്പിക്കുകയും ചെയ്തു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ "മേദയം" ആസ്പത്രിയിൽനിന്നു്, പാക്കിസ്ഥാനിൽ രസകരമായ ഒരു പേരുള്ള കൽബീർസിംഗ് ജയിലിൽ വന്നുചേൎന്നു. പതിനൊന്നുകൊല്ലം മുമ്പാണു്, അദ്ദേഹത്തിൻെറ മൂത്ത സഹോദരനായ ഭഗത് സിംഗിനെ, ഞങ്ങളുടെ താമസസ്ഥലത്തുനിന്നു മൂന്നു ഫർലോങ്ങ് അകലെവെച്ചു തൂക്കികൊന്നതു്! ഇന്നു് ഇവിടെനിന്നും എണ്പതുനാഴിക അകലെ ഭഗത് സിംഗിൻെറ ഇളയ സഹോദരൻ—കുൽട്ടാർസിംഗ്—മറെറാരു തടവുകാരനായി ജയിലിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു! അയാൾക്കിപ്പോൾ ഇരുപത്തഞ്ചാമത്തെ വയസ്സാണു്; ഒരു കാലത്തു് ബലശാലിയായിരുന്ന ആ യുവാവു് ഇപ്പോൾ മനസ്സുരുക്കുന്ന ഒരു ചിത്രമാണു്? ജയിലിൽനിന്നും പിടിപെട്ട രോഗത്തിൻെറ കൊട്ടും പ്രഹരത്താൽ ആകപ്പാടെ തകൎന്നുപോയിരിക്കുന്നു; എന്നാൽ ഇനിയും രോഗമെന്തെന്നുപോലും അറിഞ്ഞിട്ടില്ല! ലയാൽപൂർ, മണ്ടേഗോമറി, മുൾട്ടാൻ, റാവൽപിണ്ടി, ഡിയോളി, ലാഹോർ എന്നിങ്ങനെയുള്ള പല ജയിലുകളിലേ

യും നിശ്ശബ്ദമിത്തികൾ, അവരെ സംസാരിക്കുവാൻ സാധിച്ചിരുന്നെങ്കിൽ, ദീർഘകായനും സുമുഖനും, ആരോഗ്യവാനുമായ കൽബീർസിംഗിന്റെ ദേഹം ഇപ്പോഴത്തെ സ്ഥിതി പ്രാപിച്ചതെങ്ങനെയെന്ന കഥ പറയുമായിരുന്നു. എന്നാൽ ബാഹ്യശരീരത്തിന്നു മനസ്സിന്റെ ശക്തിയെ കീഴടക്കുവാൻ കഴിഞ്ഞില്ല; അയാൾ പൊട്ടിച്ചിരിക്കുമ്പോഴും, വേദനയോടെ ഒരു കഥ പറയുവാൻ തുടങ്ങുമ്പോഴും അയാളെ ശരിക്കു കാണുവാൻ കഴിയും! കൂടെക്കൂടെയുള്ള ആ വശീകരിക്കുന്ന ചിരിയിലൂടെ ആർക്കും വഴങ്ങാത്ത ചൈതന്യവും വ്യക്തിപ്രാഭവവും കൂടികലർന്ന് അദ്ദേഹത്തിന്റെ ശാലീനതയെ ഒരുവന്നു തിരിച്ചറിയാം. എത്ര അഭിജ്ഞതയോടുകൂടിയാണ് അദ്ദേഹം സംസാരിക്കുന്നതെന്നോ!

## IV

പാക്കിസ്ഥാനിൽ ചരിത്രപരമായ സ്മാരകചിഹ്നങ്ങൾ ധാരാളമുണ്ടു്; അവയിൽ പ്രധാനപ്പെട്ട ചിലതു ജയിലിന്റെ പരിധിക്കകത്തു തന്നെയായിരുന്നു. അവ കാലപ്പഴക്കംകൊണ്ടു പൂപ്പ് പിടിച്ചിട്ടില്ല; എന്തുകൊണ്ടെന്നാൽ ചരിത്രം വളരെ കാലത്തിന്നു ശേഷമേ അവയെ സമീപിച്ചിട്ടുള്ളു! ലാലാ ലജ്പത്റായിയെ തടവിൽവെച്ച മന്ദിരം; ഉത്തമാണു ഭാവിയെ രൂപവൽക്കരിക്കുന്നതെന്നു തെളിയിക്കുന്ന ഭഗത്സിംഗിന്റെയും അദ്ദേഹത്തിന്റെ കൂട്ടുകാരായ സുഖദേവ്, രാജഗുരു എന്നിവരുടേയും കഴു

മരങ്ങൾ; ഒരുകാലത്തു ധാർഷ്ട്യമേറിയതും ഉജ്ജ്വലവുമായ "സമിന്ദാരു"ടെ ലേഖനങ്ങളും മാനിഫെസ്റ്റോകളും അടിച്ചിരുന്നതും മൌലാനാ സഫർ അലിഖാനിൽനിന്നും കണ്ടു കെട്ടിയതുമായ ആ വലിയ അച്ചടിയന്ത്രം (ഇന്നു "സമിന്ദാർ" ഗവർമ്മെണ്ടിൽനിന്നും കൊടുക്കുന്ന നിർജ്ജീവമായ "ലേഖനസാമഗ്രി"കൾ മാത്രമേ പ്രസിദ്ധീകരിക്കുന്നുള്ളു), മഹാരാജ രഞ്ജിത് സിംഗിന്നു് ഏററവും പ്രിയപ്പെട്ടിരുന്നതും ഇപ്പോൾ ജയിലിലെ ജനങ്ങൾക്കു മുഴുവനും വെള്ളം നൽകുന്നതുമായ ആ പ്രസിദ്ധ കിണർ—എന്നിവയാണവ!

V

എന്റെകൂടെയുള്ള "ഭീകര" തടവുകാരിൽ ഒരുവൻ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട മാലിക്ക് കന്ദൻഖാൻ ആയിരുന്നു. ഞങ്ങൾ കൂടക്കൂടെ സംസാരിക്കുക പതിവായിരുന്നു; ഒരു ദിവസം അദ്ദേഹം ഹൃദയം തുറന്നു:

അദ്ദേഹം ഓർമ്മവെച്ചുകൊണ്ടു പറയുവാൻ തുടങ്ങി—"ഇതു നടന്നതു ഞാനും എന്റെ കൂട്ടുകാരും ജയിലിലാക്കപ്പെടുന്നതിന്നു വളരെ കൊല്ലങ്ങൾക്കു മുമ്പാണു്. അന്നെനിക്കു പത്തൊമ്പതു വയസ്സായിരുന്നു; ഇന്നു മുപ്പത്തൊന്നുവയസ്സായി! ഇനിയും വളരെകാലം കഴിയുവാനുമുണ്ടു്! എന്നാൽ യൌവനം മിക്കവാറും പോയ്ക്കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ആരോഗ്യം അന്നു ഇന്നത്തെപോലെയായിരുന്നി

ല്ല; അനവധി സംവത്സരങ്ങളായുള്ള "സി" ക്ലാസ്സ് ജയിലുവാസവും നിരാഹാരവ്രതങ്ങളുടെ നിഴലുകളും അതിന്മേൽ ആക്രമണം നടത്തി! ഞങ്ങളെ അറിയുന്നലോകം മൃതപ്രായമായി; ഇനി ഞങ്ങൾ പുറത്തുവന്നാലും പുതിയ ലോകത്തെക്കുറിച്ചറിയുകയും അതിന്നു യോജിക്കപ്പെടുകയും ചെയ്യുമെന്നു താങ്കൾ വിചാരിക്കുന്നുണ്ടോ? ഇവിടെ സഹിഷ്ണുതയോടും സർവ്വപരിത്യാഗത്തോടും കൂടിയാണിരിക്കുന്നതെങ്കിലും, ഞങ്ങൾ ചൈതന്യത്തിൽ മുന്നിട്ടാണു നില്ക്കുന്നതു"! ചിലപ്പോൾ ആ കവിയുടെ വാക്കുകൾ ശക്തിയായി മനസ്സിലുദിക്കാറുണ്ടു്.

"എല്ലാവരാലും വിസ്മരിക്കപ്പെടട്ടെ
നമ്മൾ മണ്ണടയട്ടെ, നമ്മൾ മണ്ണടയട്ടെ!"

ഈവക സന്ദർഭങ്ങളിൽ ഞങ്ങൾ കൂടുതൽ ഉന്മേഷഭരിതരായി തീരാറുണ്ടു്.

"ഈ സ്നേഹിതന്മാരെ തടവുപുള്ളികളാക്കിയ കുററാരോപണങ്ങൾ സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോയിരിക്കുന്നു. അവരുടെ സ്വാഭിപ്രായങ്ങൾ തന്നെ പൂർണ്ണവളർച്ചയിലെത്തി പുഷ്പിച്ചിരിക്കുന്നു! സ്വാതന്ത്ര്യപ്രസ്ഥാനം അതിൻെറ ജൈത്രയാത്രയിൽ പുതിയ 'കൊത്തള'ങ്ങൾ പിടിച്ചടക്കി മുന്നോട്ടുപോയിരിക്കുന്നു; രാഷ്ട്രീയപ്രവർത്തനങ്ങളുടെ മട്ടുകളും ആകപ്പാടെ മാറ്റിയിരിക്കുന്നു! നൂതനാശയങ്ങൾ രംഗപ്രവേശം ചെയ്തിരിക്കുന്ന സമയമാണി

ളു്. മാററംവരാതെയുള്ള ഒരേ ഒരു കാര്യം "കണ്ണിന്നു കണ്ണും പല്ലിന്നു പല്ലു"മെന്ന ആ പഴയ തത്വശാസ്ത്രം മാത്രമാണു്!

## VI

ഞങ്ങൾ അങ്ങിനെ ജയിലിൽ സുഖമായി ദിവസങ്ങൾ കഴിക്കുമ്പോൾ, പുറത്തു്, പാക്കിസ്ഥാൻ ഗവമ്മേണ്ടിനെ കുഴപ്പത്തിലാക്കുവാൻ, വേണ്ട വിധ്വംസകപ്രവൃത്തികൾ മുറക്കു നടന്നുകൊണ്ടിരുന്നു. "കച്ചവടരാജാക്കന്മാർ" വില്പനനികുതിയിൽ പ്രതിഷേധിച്ചുകൊണ്ടു് ഒരു പൊതുപണിമുടക്കവും ഹത്താലും വ്യവസായസ്തംഭനവും പ്രഖ്യാപിച്ചിട്ടും തൃപ്തിവരാതെ, ഗവമ്മേണ്ടിനെ സ്ഥാപിതനിയമങ്ങളിൽ കൂടെ മുട്ടുകുത്തിപ്പാൻ സാധിക്കയില്ലെങ്കിലും സത്യാഗ്രഹം മുഖേന നിർബ്ബന്ധം ചെലുത്തുവാൻ തീർച്ചപ്പെടുത്തി. ഈ കുഴപ്പക്കാരെ ധൈര്യപ്പെടുത്തുന്നതു ബഹുമാനപ്പെട്ട സർ ഷേരാട്ടുരാമന്റെ ദയയും ദൈവീകമായ ക്ഷമയുമാണെന്നതു നിസ്സംശയമായിരുന്നു!

ഹത്താൽ ഒരു മാസത്തോളം നീണ്ടുനിന്നു; അതു പല രാജ്യങ്ങളിലേയും വത്തമാനപത്രങ്ങളിൽ വലിയ "തലക്കെട്ടു"കൾക്കു കീഴിൽ പ്രസിദ്ധംചെയ്തു. ഇപ്പോൾ ഒരേ അടിയായി സത്യാഗ്രഹം തുടങ്ങിയിരിക്കുന്നു!

സത്യാഗ്രഹത്തിന്റെ ആദ്യദിവസം പാക്കിസ്ഥാൻ വ്യാപാരിമണ്ഡലത്തിന്റെ അദ്ധ്യക്ഷനായ

ലാലാ ബിഹാരിലാൽചന്ദ്ര ഒരു ലക്ഷത്തിലധികം ജനങ്ങളാൽ ഘോഷയാത്രയായി പിന്തുടരപ്പെട്ടു് നൂറു സത്യാഗ്രഹികളുള്ള ഒരു സംഘത്തെ നയിച്ചു. ഈ സത്യാഗ്രഹികളിൽ തൊണ്ണൂറഞ്ചു പേരെ അറസ്റ്റുചെയ്കയും അതിനെ തുടൎന്നു മൃഗീയമായ ആവേശം ഉൽഭൂതമാകയും ചെയ്തു!

രണ്ടാംദിവസം നൂററിപ്പത്തിനെട്ടുപേരുള്ള സത്യാഗ്രഹിസംഘത്തെ നയിച്ചതു് മൌലാനാ സഫർ ആലിഖാന്റെ പുത്രനും സുമുഖനുമായ മൌലാനാ അക്ബർ ആലിഖാനായിരുന്നു. ഇവരെല്ലാംതന്നെ അങ്ങരത്തിലുള്ള ജനസഞ്ചയത്തിന്റെ പ്രശംസാഘോഷങ്ങൾക്കിടയിൽ ജയിൽ "കസ്റ്റഡി"യിലാക്കപ്പെട്ടു!

ദീൎഘകാലമായി ക്ലേശിച്ചുവരുന്ന ഭരണാധികാരികൾ ഒടുവിൽ തീൎച്ചയാക്കി—തീൎച്ചയായും അതു ആത്മരക്ഷക്കുവേണ്ടിത്തന്നെയായിരുന്നു!—ഈ വ്യാപാരികളെ യാഥാൎത്ഥ്യത്തിന്റെ രുചിയിറക്കണമെന്നു്! കൎക്കശമായ നടവടികൾ ഉടനെ നടത്തപ്പെട്ടു. രാത്രിയിൽ "തമസ്സൂരണാ"വും പകൽ "വ്യാപാരസ്തംഭനാ"വും നടപ്പായി. ആസ്പത്രിയിലെ ജനസംഖ്യ പെട്ടെന്നു കൂടുതലാകുവാൻ തുടങ്ങി; വൈദ്യശുശ്രൂഷാപ്രവൎത്തനങ്ങൾ വളരെയധികം നേരത്തേക്കു നടത്തേണ്ടിവന്നു!

എന്നാൽ ഇതെല്ലാം പറയുവാൻ തന്നെ മടി തോന്നുന്നു!—അവയെ പിന്തിരിപ്പിക്കുന്നതിനുത

കാതെ പ്രക്ഷോഭണത്തെ ഇളക്കിവിടുകയാണുണ്ടായതു്! സത്യാഗ്രഹം പാക്കിസ്ഥാനിലെ എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. കുറച്ചുദിവസത്തിനുള്ളിൽ ലാഹോറിൽമാത്രം അറസ്റ്റുചെയ്യവരുടെ സംഖ്യ രണ്ടായിരത്തിന്നു പുറംവന്നു. വ്യാപാരിമണ്ഡലം ഇതിന്നകം ഇരുപതിനായിരം സത്യാഗ്രഹികളെ ചേർത്തിട്ടുണ്ടെന്നു പ്രസിദ്ധപ്പെടുത്തി. കോടീശ്വരനായ ഒരു കച്ചവടക്കാരൻ—അമൃതസരസ്സിലെ ബാബാ ഗുരുമുഖ്സിംഗ്—തുടർച്ചയായുള്ള വ്യാപാരമാന്ദ്യംകൊണ്ടു് ഉടവുതട്ടിയിട്ടുള്ള ഏതു കച്ചവടക്കാരന്റെയും അയാളുടെ ജോലിക്കാരുടെ ശമ്പളവും മററു വലിയ ചിലവുകളും താൻ കൊടുത്തുകൊള്ളാമെന്നു പ്രഖ്യാപനം ചെയ്തു! ഹർത്താലാചരിക്കുന്ന ഷാപ്പുകളുടെ വാടക വിട്ടുകൊടുക്കുന്നതിന്നു ഭൂമിയുടമസ്ഥന്മാർ ആലോചനനടത്തി; അനവധി പട്ടണങ്ങളിൽ "സൌജന്യകഞ്ഞികടം" ("ലൻഗർ" എന്നാണു് പാക്കിസ്ഥാനിൽ ഇതിന്നു പേർ പറയുക) തുറക്കപ്പെട്ടു. സർ ഷോട്ടുരാമന്റെ വിക്രിയകൾ ഒരു യഥാർത്ഥ ദുസ്വപ്നമായി പരിണമിക്കാൻ പോകയാണു്.

## VII

ജയിലിൽവെച്ചു ഞങ്ങളുടെ ജീവിതം "ചാലമാരുടെ ഗുഹപ്പിഴപിടിച്ച കൂടതന്ത്രങ്ങളാ"ൽ കഠിനമായി ബാധിക്കപ്പെട്ടു. ഒന്നാമതു് എല്ലാ ജയിലുകളും ശ്വാസംമുട്ടിക്കുമാറു തടവുകാരെക്കൊണ്ടു നി

ച്ചു. വലിയ സൌകര്യക്കാരവ്യകരേണം ജയിലുകളിൽ "കൂടാര"ങ്ങൾ കെട്ടേണ്ടിവന്നു. ഒരു പ്രാവശ്യംകൂടി ഞാൻ പറയുവാൻ നിർബ്ബന്ധനായിരിക്കുന്നു, പാക്കിസ്ഥാൻ ഗവൺമെണ്ടു് അതിന്റെ നിസ്സഹായത വെളിപ്പെടുത്തിയെന്നു്! ഗവൺമെണ്ടു് ഈ കച്ചവടരാജാക്കന്മാരെയും അവരുടെ കൂട്ടുകാരേയും "സി"ക്ലാസ്സിലാണു വെച്ചതു്! അവരിൽ പലരും ആളായനികതിയായി കൊല്ലംതോറും ആയിരക്കണക്കിലുറുപ്പിക കൊടുക്കുന്നുണ്ടെന്ന സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഞങ്ങളുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവൻ കൊല്ലംതോറും എണ്പതിനായിരം ഉറുപ്പികയും വേറൊരുവൻ "ഇൻകംടാക്സും" "സൂപ്പർടാക്സു"മായി ലക്ഷത്തിരുപതിനായിരവും കൊടുക്കുന്നുണ്ടായിരുന്നു. പലരും യുദ്ധഫണ്ടിലേക്കു വലിയ സംഖ്യ സംഭാവനചെയ്തവരുമാണു്. എന്നാൽ പാക്കിസ്ഥാൻ ഗവൺമെണ്ടു വ്യക്തികളെ ബഹുമാനിക്കുന്ന കൂട്ടത്തിലല്ല! ജയിൽപുള്ളികളുടെ ആകത്തുക കയ്യും കണക്കുമില്ലാതെ വർദ്ധിച്ചു; ഇതു പിടിപ്പതു ജോലിചെയ്യുന്ന ജയിലധികാരികൾക്കു കൂടുതൽ ജോലിക്കു കാരണമാക്കി.

ഭാഗ്യംകൊണ്ടെന്നുതന്നെ പറയട്ടെ, ഇന്ത്യൻ പൊതുരക്ഷാനിയമപ്രകാരം അവരുടെ അനവധി നേതാക്കന്മാരെ അറസ്റ്റുചെയ്തു ഞങ്ങളുടെ "യാർഡിൽ — ബോംബ് ഷെറിൽ — താമസിപ്പിച്ചു. "പ്രൊസിക്യൂട്ടു്" ചെയ്യപ്പെട്ട "സി"ക്ലാസ്സിലെ മററുള്ള

തടവുകാരെപ്പോലെ ഇവരേയും അനിശ്ചിതകാല
ത്തേക്ക ബന്ധനത്തിൽ വെച്ചിരിക്കയാണ്. ഇവരെ
യെല്ലാം ഒന്നിച്ച് ഒരു സംഘമായി "കർഖാന"യി
ലാണ പാൎപ്പിച്ചിരുന്നതു്. ഹത്താൽ നീട്ടിക്കൊണ്ടു
പോകുന്നതിന്ന വലിയ ധനസഹായം ചെയ്യുവാൻ
വാഗ്ദത്തം ചെയ്തു വമ്പിച്ച പ്രക്ഷോഭമുണ്ടാക്കിയ
ബാബാ ഗുരുമുഖ്സിംഗ്; ("ഭല്ലഷൂ, വെൽക്കംസ്
യൂ"വിൻെറ ആളായ) ലാലാ ധനിറാംഭല്ലേ; പാലു
പോലെ വെളുത്ത മനോഹരമായ താടിയുമായി
കയ്യാമംവെച്ചു ജയിലിലേക്കാനയിക്കപ്പെട്ട പണ
ക്കാരനും വൃദ്ധനുമായ സർദാർ ജഗത്സിംഗ്കാ
ത്രു; ജനാബ് മുഹമ്മദ്ദിൻ; ആർഷാദ് ഹുസ്സൈൻ;
ഖിലിഷാ; കൈലാസ് ചന്ദ്രഭാർഗ്ഗവ; ജപ്പാനിൽ
നിന്നും മടങ്ങിവന്ന കോടീശ്വരനായ ലാലാദാമ
ചന്ദ്രൻ—ഇദ്ദേഹം മാത്രമാണ ലാഹോർ കോട്ടയി
ലേക്ക മാററപ്പെടുവാൻ ഭാഗ്യം സിദ്ധിച്ചവൻ—
എന്നിവരാണവർ. കൂടാതെ ഞങ്ങളുടെ "യാർഡി"
ന്നപ്പുറത്തായി ഈ പ്രസ്ഥാനത്തിൻെറ വേറേയും
ചില നേതാക്കന്മാരുണ്ടു്—ലാലാ ദ്വാരകദാസ്,
ലാലാ കൃപാറാം; ലലാ കന്ദൻലാൽലാംബ; ഗുലാം
മെഹർഭട്ട്..............പാക്കിസ്ഥാനിലെ അനവധി
വ്യവസായ പ്രമുഖന്മാരിൽ പ്രസ്ഥാവയോഗ്യന്മാരാ
യ ചിലരാണിവർ!

ഇവരോടൊന്നിച്ചുതന്നെയാണ ബംബാഗാന്ധി
യും വന്നതു്. ഇദ്ദേഹം പാക്കിസ്ഥാനിൽ ജയിൽ

"റെക്കോർഡ്" സൃഷ്ടിച്ചവനാണ്—ഇതദ്ദേഹത്തിന്റെ ഇരുപത്തഞ്ചാമത്തെ ജയിൽ ശിക്ഷയാണ്! എന്തുകാരണത്താലാണദ്ദേഹത്തെ ജയിലിലാക്കിയതെന്നു എളുപ്പത്തിൽ പറയാവുന്ന ഒന്നല്ല. അദ്ദേഹത്തെ നോക്കിയാൽ ഒരുവിധത്തിലും ഒരു വ്യാപാരിയാണെന്നു തോന്നുകയില്ല; എന്നാൽ വില്പനനികുതിയെ പ്രതിഷേധിക്കുന്ന കാര്യത്തിൽ ഹൃദയം തകർക്കുവാൻപോലും തയ്യാറുള്ളവനാണദ്ദേഹം. എവിടെയെല്ലാം വിപ്ലവമുണ്ടാകുന്നുവോ അവിടെയെല്ലാം അദ്ദേഹവുമുണ്ടായിരിക്കും—വിപ്ലവത്തിലാണ് ബഹുമതിയിലല്ല യോഗ്യതയുടെ കിടപ്പെന്നു വിശ്വസിക്കുന്നകൂട്ടത്തിൽ പെട്ടവനാണു ബാബംഗാന്നി.

ബാബാഗാന്നിയെ, അദ്ദേഹത്തിന്റെ ജയിൽവാസത്തിന്റെ രജതജൂബിലിയാഘോഷത്തിൽ ഞങ്ങൾ അഭിനന്ദിച്ചു. ഒരാൾ പറഞ്ഞു—"ബാബംഗാന്നി, താങ്കളിപ്പോൾ ഒരു നേതാവായിരിക്കുന്നു".

"ഞാനൊരു നേതാവോ? അതസംബന്ധമാണ്. ഒരു നേതാവാകുവാൻ മൂന്നു സംഗതികൾ ഒഴിച്ചുകൂടാത്തതാണ്. അവയിലൊന്നുപോലും എനിക്കില്ലല്ലോ!" അയാൾ നിസ്സഹായത പ്രകടിപ്പിച്ചു.

"എന്തെല്ലാമാണ് ആ മൂന്നു സംഗതികൾ?" വേറൊരുവൻ ചോദിച്ചു.

"തീർച്ചയായും ആ മൂന്നു "ബി"കൾ തന്നെ" ബാബാഗാന്നി പറഞ്ഞു.

"മൂന്നു "ബി"കളോ? താങ്കഠം ഒരു അസാമാന്യനായിതീരുകയാണല്ലോ. എന്താണു് ആ മൂന്നു "ബി" കഠം.

"വളരെ സ്പഷ്ടം! അവ ബങ്കളാവു്", ബീഗം, ബ്യൂക്കു് എന്നിവയാണു്. നേതാവാകണമെങ്കിൽ ഒരുവന്നു തീർച്ചയായും ഇവ മൂന്നും ഉണ്ടായിരിക്കണം" ബാബാംഗാനി മറുപടി നൽകി.

എല്ലാവരും ആനന്ദത്താൽ കയ്യടിച്ചു. ഒരുവൻ പറഞ്ഞു—"ശരി ബാബ, ഞങ്ങഠം അങ്ങേക്കു സകല വിജയങ്ങളും പ്രത്യേകിച്ചു് ആ മൂന്നു "ബി"കളും കൈവരുവാൻ പ്രാത്ഥിക്കുന്നു".

VIII

ഒരു ദിവസം ഞാൻ ഒരു ഡാക്ടർ ബിരുദം ലഭിക്കുന്നതിന്നു പ്രബന്ധമാകത്തക്ക വിഷയഗാംഭീര്യമുള്ളതും സാമ്പത്തികഗവേഷണത്തെക്കുറിച്ചുള്ളതുമായ അഭിരാകരമത്തായുടെ "ഇന്ത്യ പ്രായപൂത്തിയിലേക്കുയരുന്നു" എന്ന ഒരു ലഘുലേഖ വായിക്കുകയായിരുന്നു. ആ സമയത്തു് എൻെറ മുറിയിൽ പ്രവേശിച്ചതാരെന്നോ? ലാലാ ധനിറാംഭല്ല—കച്ചവട സത്യാഗ്രഹികളിൽ എനിക്കേററവും രസികനായി തോന്നിയവൻ! ഞാനദ്ദേഹത്തെ ഇഷ്ടപ്പെട്ടു. ധനിറാംഭല്ലക്കു് സല്പ്രയത്നശാലിയുടെ സകല ലക്ഷണങ്ങളുമുണ്ടായിരുന്നു. സമ്പത്തിൻെറ ഉന്നതശൃംഗത്തിൽ വിഹരിക്കുന്നവനെങ്കിലും അതിൻെറ പ്രാര

വമോ ശക്തിയോ അദ്ദേഹത്തെ തീണ്ടിയിട്ടില്ല. തന്റെ സ്വാതന്ത്ര്യസിദ്ധമായ സമ്മനസ്സതയേയും സൌഹാർദ്ദമനോഭാവത്തേയും അദ്ദേഹം ആശ്രയിച്ചിരിക്കുന്നതു് ഏവർക്കും വ്യക്തമായി കാണാവുന്ന ഒരു സംഗതിയാണു്.

അദ്ദേഹമെന്റെ കയ്യിൽനിന്നു മേത്തയുടെ ആലംഖ്യലേഖ വാങ്ങി. ഇന്ത്യൻ വ്യവസായത്തിൽ മൂലധനത്തിന്റെ സംക്ഷിപ്തവും ലളിതവുമായ ഒരു വിവരണമാണു് ഇതിലടങ്ങിയിരിക്കുന്നതെന്നു ഞാനദ്ദേഹത്തെ ധരിപ്പിച്ചു. പാക്കിസ്ഥാനിലെ വസ്തുതകഠം എപ്രകാരമിരിക്കുന്നുവെന്നറിവാൻ ഉൽക്കണ്ഠിതനായിരിക്കുന്ന ഞാൻ ദല്ലാജിയെ കുറെ എതിർവിസ്താരം ചെയ്തുനോക്കി. അത്ഭുതമെന്നുതന്നെ പറയട്ടെ; അദ്ദേഹത്തിന്റെ കുടുംബംതന്നെ ഞാൻ അന്വേഷിക്കുന്ന ആ ഉൽകൃഷ്ടതയുടെ ഒരു തികഞ്ഞ ഉദാഹരണമായിരുന്നു. പാക്കിസ്ഥാനിൽ ദല്ലമാൎക്കുള്ള സാമ്പത്തിക "പരാക്രമ"ങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം താഴെ കൊടുക്കുന്നു.

ധന്വിറാംദല്ല—മാനേജിങ്ങ് ഡയറക്ടർ, ദല്ലഷൂകമ്പനി; (ഇതിന്നു തൊള്ളായിരം ഏജൻസികളുണ്ടു്; ദിവസംതോറും ഒരു ലക്ഷം ജോടി യുദ്ധാവശ്യത്തിലേക്കുള്ള ഷൂ ഉണ്ടാക്കിവരുന്നു) സ്ഥാപനഡയറക്ടർ, ട്രെയിഡേഴ്സ് ബാങ്ക്, ഡയറക്ടർ സിററി ബാങ്ക്, ഡയറക്ടർ, ബജാംവാറ ബാങ്ക്.

യോധരാജ് ഭല്ല—സെക്രട്ടറി, പഞ്ചാബ് നാഷനൽ ബാങ്ക്.

ബലരാജ് ഭല്ല—മാനേജിങ്ങ് ഡയറക്ടർ സിററി ബാങ്ക്.

ശിവരാജ് ഭല്ല—മാനേജിങ്ങ് ഡയറക്ടർ, ട്രെയിഡേഴ്സ് ബാങ്ക്.

ജഗ്‌രാജ് ഭല്ല—മനേജിങ്ങ് ഡയറക്ടർ, പഞ്ചാബ് കോ. ഓപ്പറേററീവ് ബാങ്ക്.

ജസ്‌രാജ് ഭല്ല—മാനേജിങ്ങ് ഡയറക്ടർ, ബംറിഡോബ് ബാങ്ക്.

ഹർകൃഷ്ണലാൽ ഭല്ല—ഡയറക്ടർ, ട്രെയിഡേഴ്സ് ബാങ്ക്.

ഇതു് സമ്പൂർണ്ണമായ ഒരു പട്ടികയല്ല; ഒരു ഉദാഹരണം മാത്രമാണു്. വേറെയുള്ള അനവധി ഡയറക്ടർ സ്ഥാനങ്ങളുടെ വിവരവും മററും ഇതിൽ ചേർത്തിട്ടില്ല. എന്നാൽ അശോകമേത്തക്കു് അദ്ദേഹത്തിന്റെ ലഘുലേഖയുടെ അടുത്തപതിപ്പിലേക്കു വേണ്ട സാമഗ്രികൾ ഇതിലടങ്ങിയിട്ടുണ്ടു്!

## IX

ഒരു സായാഹ്നത്തിൽ ഞങ്ങൾ കേട്ടു, ഷോറിഷ് കാശ്മീറിയെ മൗണ്ട്ഗോമറിജയിലിൽ നിന്നു ലാഹോർ ജയിലിലേക്കു മാററിയെന്നു്! ഷോറിഷ് സുപ്രസിദ്ധനായിരുന്നതിനാൽ, എന്റെ കൂട്ടുകാരിൽ വലിയ ഉത്സാഹം ആദ്യം തന്നെ കാണു

വാൻ കഴിഞ്ഞു. ഇദ്ദേഹം അഖിലേന്ത്യാമജ്ലിസ്—ഇ—അഹ്റാറിൻെറ ജനറൽ സിക്രട്ടറിയായിരുന്നു. ഷോറിഷ്, മൗലാനാ അത്താവുള്ളാ ഷാ ബുക്കാറിയുടേയും, പാക്കിസ്ഥാനിലെ പ്രധാന പ്രാസംഗികനും കവിയും ഉയൻവരുന്ന എഴുത്തുകാരനുമായ മുൻഷി അമ്മദ്ഡിൻേറയും ഒരു കൂട്ടുകാരനാണെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. നിശ്ചയമായും പാക്കിസ്ഥാൻ ഗവമ്മേണ്ടു് അയാളുടെ പ്രസംഗഗാംഭീയ്യത്തെ ബഹുമാനിക്കുന്ന മട്ടായിരുന്നില്ല; എന്തുകൊണ്ടെന്നാൽ ഇയ്യാൾ തുടരെത്തുടരെ ജയിലിലായിരുന്നു! ഇപ്പോഴത്തെ ജയിൽശിക്ഷ അഞ്ചുകൊല്ലത്തേക്കുള്ള കഠിനതടവാണു്! ഷോറിഷ്, തൻെറ ഭയങ്കരമായ ആരോഗ്യക്ഷയത്തിലൂടെ ആ ശിക്ഷാവധിയിൽ മൂന്നുകൊല്ലത്തോളം കഴിച്ചുകൂട്ടിയിരിക്കുന്നു.

രാത്രി ഒമ്പതുമണിസമയത്തു് ഉന്നതനും, കൃശഗാത്രനും സുമുഖനും, നിഷ്കളങ്കനുമായ ഒരു യുവാവു ഞങ്ങളുടെ "യാർഡി"ൽ ഉലാത്തിക്കൊണ്ടിരുന്നു. അദ്ദേഹം മദ്ധ്യവയസ്കനായിരുന്നു.

പേരും പെരുമയുമില്ലാത്ത ഒരു കാലഘട്ടത്തിലെ മനോഹരജീവിതത്തിലുള്ള സംഭവബഹുലമായ സമയങ്ങളിൽ വിശ്വസിക്കുന്ന ആളുകളുടെ കൂട്ടത്തിൽപെട്ടവനാണു ഷോറിഷ്. അയാൾ വികാരഭരിതനും വിചാരശീലം കുറഞ്ഞവനുമായിട്ടാണു പ്രവൃത്തികൾ ചെയ്യുന്നതു്. ഉത്സാഹിയും,

നിഷ്കളങ്കനും, വിചാരശീലനും, വാഗ്മിയുമായ അദ്ദേഹം ഒരു "പഴഞ്ചൊൽകവി"യെന്നപോലെ പ്രമാണങ്ങളുടെ ജനയിതാവത്രെ! ഷോറിഷിൻെറ ഇഷ്ടാനിഷ്ടങ്ങൾ രണ്ടും ഒന്നുപോലെ ശക്തിയുള്ളവയാണു്; കൂടാതെ അത്ഭുതാവഹമായ ഓർമ്മശക്തിയും ഇയ്യാൾക്കുണ്ടു്. ഉർദ്ദു കാവ്യങ്ങളിൽ ഷോറിഷ് അഹൃദിസ്ഥമല്ലാതുള്ളവരികൾ പഠിച്ചറിയുവാൻ യോഗ്യതയുള്ളവയല്ലെന്നു ആരോ ഒരാൾ എന്നോടു പറയുകയുണ്ടായി. എന്തായാലും ഇയ്യാളുടെ വരവു് അന്തരീക്ഷത്തെ ശോഭായമാനമാക്കി!

ഷോറിഷ് പലപ്പോഴും തൻെറ മററു അഹ്റാർ സുഹൃത്തുക്കളെപ്പററി സംസാരിച്ചുകൊണ്ടിരിക്കും. അദ്ദേഹം പറയാറുണ്ടു്—എഴുപതുവയസ്സായ മൗലാനാ ഹബിബുർ റഹ്മാൻെറ ആരോഗ്യം തുടർച്ചയായുള്ള ജയിൽവാസം അതും "സി" ക്ലാസ്സുകൊണ്ടും തീരെ താറുമാറായെങ്കിലും സിംഹത്തിൻെറ മനോധാർഢ്യമുള്ളവനാണദ്ദേഹം; മൗലാനാ അത്താവുള്ളാ ഷാ ബുക്കാറിയുടെ എണ്ണമററ വാക്ചാതുര്യപരാക്രമം ഏവരേയും പുളകംകൊള്ളിക്കും; മൗലാന രാത്രി പത്തുമണിക്കു് ഒരു പൊതുയോഗത്തിൽ പ്രസംഗിപ്പാൻ തുടങ്ങിയാൽ പുലരുവാൻ കാലത്തു് രണ്ടോ മൂന്നോ മണിയാകമ്പോഴാണു് അതവസാനിപ്പിക്കുക; അത്രയും സമയം മുഴുവൻ ശ്രോതാക്കൾ നിശ്ചലരായി അതു കേട്ടുകൊണ്ടിരിക്കും; നാനാതുറകളിലും സമരം ചെ

യ്ക്ക് ആയിരമായിരം ക്ലേശങ്ങളെ തരണം ചെയ്തു മൌലാനാ മസ്ഹാർ ആലി അസ്ഹാർ ലേഖനങ്ങളും പ്രസംഗങ്ങളും ഉൽബോധനങ്ങളും നിർബ്ബന്ധങ്ങളും വഴിയായി സംഘടനയുടെ ഗതിയെ നിയന്ത്രിക്കുന്നു! വേറെയും പല സഹപ്രവർത്തകന്മാരുണ്ടു്; എന്നാൽ അഹ്റാർ പ്രസ്ഥാനത്തിന്നു തൻെറ മരണം മൂലം നികത്തുവാൻ കഴിയാത്ത ഉടവു വരുത്തിയ ചൌധരി അഫ്സൽ ഹക്കിനെപ്പോലെ മററാരെയും അത്ര പറയുവാനില്ല.

കുറച്ചുദിവസത്തിന്നുള്ളിൽ ഞങ്ങളുടെ "യാർഡി"ലേക്കു മറെറാരു വീരയോദ്ധാവായ മൌലാനാ മുഹമ്മത് ഹുസൈനും വന്നുചേൻറു. ഇദ്ദേഹം ഒരു നിസ്വാത്ഥസേവകനും ധൈര്യശാലിയുമാണ്. അനവധി രാജ്യങ്ങളിൽ പ്രത്യേകിച്ചു സമീപ പൌരസ്ത്യദേശങ്ങളിലും മദ്ധ്യപൌരസ്ത്യദേശങ്ങളിലുമുള്ള ഇസ്ലാമികരാജ്യങ്ങളിലെ സാമുദായികവും രാഷ്ട്രീയവുമായ ഉയച്ച്യെക്കുറിച്ചു് ഇദ്ദേഹത്തിന്നു നല്ല പരിചയമുണ്ടു്; അവയെപ്പററി അനവധി ചെറുകഥകൾ പറയുവാനുമുണ്ടു്! അദ്ദേഹത്തിൻെറ കൈവശമുള്ള പുസ്തകങ്ങളിൽ പലതും സ്വന്തം സ്നേഹിതനായ സയ്യത് അബ്ദുൾ ആല മൌഡൂഡിയുടെ കൃതിയായിരുന്നു. ആ ഗ്രന്ഥകാരൻ അതിനവീനവും ഏദയാവഹജ്ജകവുമായ വൈദികസിദ്ധാന്തത്തിൻെറ ഒരുയൻന്ന പുരോഹിതനാണ്. അദ്ദേഹത്തിൻെറ പുസ്തകങ്ങൾ മഴവില്ലിൻെറ എല്ലാ

വർണ്ണങ്ങളിലും ചിത്രീകരിക്കപ്പെട്ടവയും ഇസ്ലാംമതവിശ്വാസികളെ പുനരുജ്ജീവിക്കപ്പെട്ട ഇസ്ലാമിലേക്കാകർഷിക്കുന്നവയുമാണ്. മൊഹമ്മത് ഹുസ്സെൻ രാജ്യതന്ത്രവിഷയങ്ങളിൽ ഭിന്നാഭിപ്രായക്കാരനാണെങ്കിലും, ഒരുയർന്നസ്ഥിതിയിൽ പെട്ടവൻ തന്നെയായിരുന്നു!

കൂടാതെ ഇദ്ദേഹം തന്റെ നല്ലകാലത്തിൽ സിംഹഭാഗവും കുടുംബത്തെക്കുറിച്ചു വിചാരം പോലുമില്ലാതെ പൊതുകാര്യപ്രവർത്തനത്തിന്നായി വിനിയോഗിച്ചു. വീണ്ടും വീണ്ടും തടവിലാക്കപ്പെട്ട ഇദ്ദേഹത്തെ ലാഹോറിലേക്കു കൊണ്ടുവന്നതു്; തന്റെ മകൾക്കു ദീനം അത്യാസന്നമാണെന്നും, ഒരു വലിയ ശസ്ത്രക്രിയ നടത്തേണ്ടതുണ്ടെന്നും, അതിന്റെ ഫലം പ്രവചിക്കുവാൻ സാദ്ധ്യമല്ലെന്നും പറയുവാൻ വേണ്ടിമാത്രമായിരുന്നു! ഉൽക്കണ്ഠയെ അടക്കിനിർത്തിയവനും നിസ്സഹായനുമായ അദ്ദേഹത്തെ, ഒരു പിതാവിന്റെ ഹൃദയം ഛിന്നഭിന്നമാക്കി! എങ്കിലും അദ്ദേഹത്തിന്റെ സഹനശക്തി ഏവരേയും അത്ഭുതപ്പെടുത്തി.

അന്നേരം സഹാർഗ്ഗൽഖാനും അവിടെയുണ്ടായിരുന്നു. വലിയ മീശക്കാരനായ ഇദ്ദേഹം ഒരു തികഞ്ഞ പത്താനും, പിഞ്ചുകുട്ടിയുടെ ഹൃദയമുള്ളവനുമായിരുന്നു. അദ്ദേഹത്തിന്റെ തുളച്ചുകയറുന്ന പരിഹാസവും മര്യാദയില്ലാത്ത യുക്തിപ്രയോഗവും നാഗരിക നിസ്സാരതയോടുള്ള വെല്ലുവിളിയായി

രുന്നു. ഒരു തികഞ്ഞ "സോഷ്യലിസ്റ്റാണെങ്കിലും ഇദ്ദേഹത്തിന്നു തന്റെ സ്നേഹിതന്മാരെ പുസ്തകപാരായണത്തിൽ മഗ്നരായി കാണുന്നതിൽ വലിയ പുച്ഛമുണ്ടായിരുന്നു! "പുസ്തകപ്പുഴു"ക്കളെ അദ്ദേഹം ഒരു പ്രത്യക്ഷസമരംകൊണ്ടുതന്നെ പലപ്പോഴും ഭീഷണിപ്പെടുത്തിയിരുന്നു! ജയിൽ ജീവിതം ജനകീയഭരണക്കൂടത്തിൽ നടമാടുന്നതെങ്ങിനെയെന്നതിന്റെ ഒരു പ്രത്യക്ഷോദാഹരണമാണദ്ദേഹം. ഡിയോളി തടങ്ങൽക്യാമ്പിൽ ജയപ്രകാശിന്റെ നേതൃത്വത്തിലുണ്ടായ ആ പ്രസിദ്ധ നിരാഹാരവ്രതത്തിലദ്ദേഹം ചേരുകയും അതിൽ ജയം കൈവരുന്നതിന്നുവേണ്ടി തുടച്ച്യായി പലപ്പോഴും വലിയ "വിലകൊടുക്കുകയും ചെയ്തു! നമ്മളിൽ ഒരു "ഡസൻ" പേർ കൂടിയാൽ പോലും ചെയ്യാൻ കഴിയാത്തത്ര ധീരകൃത്യങ്ങൾ അദ്ദേഹം തനിച്ചുതന്നെ ചെയ്തിരുന്നു. അല്ലയോ രാജ്യതന്ത്രമേ! "കൈവന്നിട്ടും രസമൊട്ടൃഷിമാർ കണ്ടുകൊണ്ടാടുമേതോ ലാവണ്യം നിന്മുഖമതിലിരിപ്പുള്ളതു് എവിടെയാണു്"?

X

ഇതിന്നിടയിൽ കച്ചവടക്കാരുടെ സത്യാഗ്രഹം ദൃഢനിശ്ചയത്തോടെ നടന്നുകൊണ്ടിരുന്നു. പ്രധാനമന്ത്രിയുടെ "കതിര്"കൾക്കും ആൾക്കാർക്കും അതിനെ ചുററിപ്പിടിക്കുവാൻ സാദ്ധ്യമായില്ല! കാര്യങ്ങൾ ഒരു വിഷമസന്ധിയിലെത്തിച്ചേന്നു; സ്ത്രീകൾക്കൂടിയും ശതക്കണക്കിൽ ഘോഷയാത്രയായി

വന്നു സത്യാഗ്രഹരംഗത്തിൽ പ്രവേശിച്ചു. "ലാ
ത്തി"കൾ നടമാടി; സംഖ്യയില്ലാത്ത അറസ്റ്റു
കൾ ഒരു നിത്യസംഭവമായിതീൎന്നു!

ഇതിൽ പത്രപ്രവൎത്തകന്മാർകൂടി അസ്വാസ്ഥ
രായി. അവരിൽ മൂന്നു പേർ—വീരേന്ദ്രൻ (പ്രതാ
പ്); എ. സി. ബാംലി (ട്രിബ്യൂൺ), ഹുക്കം ചന്ദ്
(അസോസിയേററഡ് പ്രസ്സ്)—ബന്ധനത്തിലാക്ക
പ്പെട്ടു. ഒരപകടസന്ധിയെ അഭിമുഖീകരിക്കേണ്ടി
വന്ന അധികാരികൾ ഇക്കാൎയ്യത്തിൽ തികച്ചും
നിസ്സഹായരായിരുന്നു; എന്തെന്നാൽ മററു വിധ
ത്തിൽ നല്ല മാന്യന്മാരായ ഇവർ അക്ഷന്തവ്യമായ
വിധത്തിൽ സൽസ്വഭാവം വെടിഞ്ഞതാണു പെരു
മാറിയതു്. ഒരുവൻ ചോദിക്കുമായിരിക്കാം? എ
ന്താണു് ഈ മാന്യരായ പത്രപ്രവൎത്തകന്മാൎക്കു് ലഭി
ച്ചിച്ചാജ്ഞിനെപ്പററി ഇത്രയധികം ലഹള കൂട്ടു
വാൻ? അതിനുപകരം അവൎക്കു് അധികം ഫലവ
ത്തായ വിധത്തിൽ മാന്യനായ ഏതെങ്കിലും ഒരു
മന്ത്രിയുടെ "പത്രസമ്മേളന"ത്തിന്നോ അഥവാ
ഏതെങ്കിലും ഒരു ഭരണനേതാവിൻെറ "ചായ സൽ
ക്കാര"ത്തിന്നോ പോയി വൎത്തമാനങ്ങൾ ശേഖരി
ക്കാമായിരുന്നില്ലേ? ഈ മൂന്നു പ്രസിദ്ധപത്രപ്രവ
ൎത്തകരുടെ പെരുമാററം പത്രപ്രവൎത്തനമൎയ്യാദയു
ടെ ഒരു ലംഘനമായിരുന്നു!

എന്നാൽ ഇവരുടെ അറസ്റ്റിനെപ്പററി അറി
ഞ്ഞതോടെ പാക്കിസ്ഥാൻ പത്രപ്രവൎത്തകന്മാർ പാ

ടല്ലാതെ ബഹളംകൂട്ടി; ഇതു കേട്ടാൽ ഒരുവൻ ആ കാൎയ്യം തന്നെ പൊളിഞ്ഞു കീഴ്പ്പോട്ടു വീണിരിക്കുമോ എന്നു സംശയിച്ചേക്കും! വിപ്ലവകരമായ ആശങ്കളൊഴിച്ചാൽ നല്ല നിലയിൽ നടത്തപ്പെടുന്ന "സിവിൽ ആൻഡ് മിലിട്ടറി ഗസററ്"—അത "സിവില"ല്ലെങ്കിലും നല്ല 'മിലിട്ടറി'തന്നെയാണു്—എന്ന പ്രസിദ്ധദിനപത്രത്തിൻെറ കാൎയ്യാലയത്തിൽവെച്ചു ശരിക്കൊരു സഭായോഗംതന്നെ കൂട്ടുകയുണ്ടായി. എന്തായിരുന്നു അതിൻെറ ഫലം? പൊതുജനാഭിപ്രായത്തിൽനിന്നുളവാകുന്ന ഓരോ സ്പന്ദനത്തിന്നും ഉത്തരവാദിയായ ഒരു ജനകീയ ഗവൎമ്മെണ്ടു്, തീരെ അനാവശ്യമായ ഈ പ്രക്ഷോഭണത്തിന്നു വഴങ്ങിക്കൊടുത്തു! വിരോധികളായ ഈ മൂന്നു പത്രപ്രവൎത്തകന്മാരെ വിമുക്തരാക്കിയതിന്നു പുറമെ, ഇതിൻെറ ചാൎജ്ജുവഹിച്ചിരുന്ന മന്ത്രി പാർലിമെൻറിൽവെച്ചു വ്യസനം രേഖപ്പെടുത്തുകകൂടിയുണ്ടായി. ഇത്തരത്തിലുള്ള സംഭവങ്ങളാം, പത്രപ്രവൎത്തനസ്വാതന്ത്ര്യത്തെക്കുറിച്ചു ഒരുവനിലുണ്ടാകുന്ന ആത്മവിശ്വാസത്തെത്തന്നെ ഇളക്കിത്തീൎക്കുകയാണു ചെയ്യുന്നതു്!

## XI

ലാഹോർ ജയിലിൽവെച്ചു് ആദ്യദിവസം തന്നെ ഞാൻ മനസ്സിലാക്കി, എൻെറ ജയിൽ സുഹൃത്തുക്കളുടെ ഇടയിൽ പ്രമുഖ ഖാക്സാർ നേതാക്കളിൽ ഒരുവനുണ്ടെന്നു്! അദ്ദേഹവുമായി സൌ

ഹാർദ്ദബന്ധം സ്ഥാപിക്കുവാൻ ഞാൻ വെമ്പൽകൊണ്ടു. എന്റെ മനസ്സു മുമ്പുതന്നെ ഖാക്ക്സാറിന്റെ ഒരു ചിത്രം കുറിച്ചുവെച്ചിരുന്നു—ആറടി ഉയരം, ചുകന്ന കണ്ണുകൾ, ആരേയും വെല്ലുവിളിക്കുന്ന താടി, ഇടിമുഴക്കം പോലുള്ള ശബ്ദം! എന്നാൽ താടിയില്ലാത്തവനും ലജ്ജാശീലനും സുന്ദരാംഗനുമായ ആ യുവാവിനെ കണ്ടപ്പോൾ എനിക്കുണ്ടായ അത്ഭുതം നിങ്ങൾ തന്നെ ഊഹിക്കുകയായിരിക്കും ഉത്തമം! ആളെ തിരിച്ചറിയുന്നതിൽ എനിക്കു തെററുപററിയിട്ടില്ലെന്നു ബോദ്ധ്യപ്പെടുന്നതുവരെ ഞാനെന്റെ അത്ഭുതത്തെ ഒതുക്കിനിർത്തുകയാണുണ്ടായതു്!

ബഷീർ അഹമ്മത് സിദ്ധിക്ക്—അതായിരുന്നു് അദ്ദേഹത്തിന്റെ നാമധേയം—വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിൽ നിന്നുവരുന്നവനും ഖാക്ക് സാർ പുരോഹിതവർഗ്ഗത്തിൽ ഒരുന്നതപദവിയിൽ ഇരിക്കുന്നവനുമാണു്. സഹജമായ ഗുണവും, നിഷ്കളങ്കമായ മതഭക്തിയുമുള്ള ഇദ്ദേഹം ഒരു തികഞ്ഞ ധൈര്യവാനായിരുന്നു. ഞങ്ങൾക്കു് ആ മനുഷ്യൻ ചെന്നായത്തോൽധരിച്ച ആടായിട്ടാണു കാണപ്പെട്ടതു്. ഖാക്സാർ പ്രസ്ഥാനം ആദ്യകാലത്തു കുറെ പുരോഗതി പ്രാപിച്ചിട്ടുണ്ടെങ്കിൽ, അതു് പൊങ്ങച്ചം പറയുന്ന നിരവധി ജനങ്ങളുടേയും അവരുടെ ആക്ഷേപാട്ടഹാസങ്ങളുടേയും ഫലമായിട്ടല്ല; നേരെമറിച്ച്, തങ്ങ

ളുടെ സർവ്വസ്വവും സന്തോഷത്തോടെ ത്യജിക്കുകയും വലിയ വടം വലികളിൽകൂടി മനുഷ്യത്വം മറക്കാതിരിക്കുകയും ചെയ്യുന്ന ബഷീറിനെപ്പോലെയുള്ളവരുടെ പരിശ്രമഫലമായിട്ടത്രെ!

കുറച്ചാഴ്ചകൾ കഴിഞ്ഞപ്പോൾ വേറൊരു ഖക്സാർ നേതാവ്—ഖാൻകുസൽ ഖാൻ—ഞങ്ങളുടെ യാർഡിൽ കൊണ്ടുവരപ്പെട്ടു. അദ്ദേഹം ഒരു ലോകജ്ഞനും ബുദ്ധിമാനും കൗശലക്കാരനും, സന്ദർഭത്തിന്നനുസരിച്ചു ചിരിക്കുവാനും കരയുവാനും കഴിവുള്ളവനുമായിരുന്നു. എന്നു തന്നെയല്ലാ കുസൽഖാൻ അഭിപ്രായ ദൃഢതയുള്ളവനും രസികനുമാണ്.

ഞങ്ങളുടെകൂടെ, ഹോങ്കോങ്ങിൽവെച്ചു അറസ്റ്റുചെയ്യപ്പെട്ടവരും, തടവുശിക്ഷക്കു ലാഹോറിലേക്കു കൊണ്ടുവരപ്പെട്ടവരുമായ ശക്തന്മാരായ മൂന്നു സിക്കു പടയാളികളും കൂടിയുണ്ടായിരുന്നു. ഹോങ്കോങ്ങും സിങ്കപ്പൂരും ശത്രുക്കൾക്കു കീഴടങ്ങിയെന്നുകേട്ടപ്പോൾ അവരുടെ മുഖത്തെന്തൊരത്ഭുതമാണു ചിത്രീകൃതമായതെന്നോ? അവർ ഒരേശ്വാസത്തിൽ പറഞ്ഞു—"അസംഭാവ്യം! എങ്ങനെയാണ് അത്തരത്തിലുള്ള അലംഘനീയങ്ങളായ കോട്ടകൾ ഇത്ര എളുപ്പത്തിലും വേഗത്തിലും കീഴടങ്ങുന്നതു്? ചിലപ്പോൾ സങ്കല്പത്തേക്കാൾ വിചിത്രമാകുന്നു"

KOTTAYAM PUBLIC LIBRARY KOTTAYAM

അവിടെ നാലുകൊല്ലം വീതം തടവുശിക്ഷ വിധിക്കപ്പെട്ട വേറെയും രണ്ടു ഭീകരപ്രവൃത്തകർക്കൂടിയുണ്ടായിരുന്നു. ഒരാൾ ഒരു ട്രേഡ് യൂണിയൻകാരനായിരുന്നു. യുദ്ധസന്നാഹങ്ങളെ എതിർക്കുക കാരണമാണു് അയാളെ ജയിലിലേക്കു കൊണ്ടുവന്നതു്! ഗുജ്റൻവാലജില്ലാ കോൺഗ്രസ്സ് കമ്മററിയുടെ സിക്രട്ടറിയും അത്യുത്സാഹിയുമായ ഓം പ്രകാശ്, ഒരു സുപ്രസിദ്ധ പൊതുപ്രവർത്തകനും പൌരസ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തരം പോരാടുന്നവനുമായ സർദാർ സാജൻസിംഗ് എന്നിവരായിരുന്നു അവർ. ഇക്കാരണത്താൽ സാജൻസിംഗ് ഏതു രാജ്യത്തിലെയും പോലീസ്സുകാർക്ക് അത്ര "പിടിക്കുന്നവനാ"കയില്ലല്ലോ.

എത്ര വലിയ തരത്തിലുള്ള ഒരു സങ്കരജീവിതത്തെയാണു ജയിൽ പ്രതിനിധാനം ചെയ്യുന്നതു്? എന്റെ കൂടെയുള്ള സ്നേഹിതന്മാരിൽ അഹ്റാർമാരും ഖാക്സാർമാരുമുണ്ടു്; അവർ രാഷ്ട്രീയകാര്യത്തിൽ ഭിന്നാഭിപ്രായക്കാരും രണ്ടു വ്യത്യസ്തകക്ഷികളായി തിരിയാവുന്നവരുമാണു്! കൂടാതെ കോൺഗ്രസ്സ് നേതാക്കൾ, കിസാൻ പ്രവർത്തകർ, കോടീശ്വരന്മാരായ കച്ചവടരാജാക്കന്മാർ, ദരിദ്രരായ തൊഴിലാളി പ്രവർത്തകർ, ശൌര്യശാലികളായ ഭീകരന്മാർ, പണ്ഡിതന്മാരായ "മൌലാനാ"മാർ, സുപ്രസിദ്ധന്മാരായ പത്രപ്രവർത്തകന്മാർ, കവികൾ, എഴുത്തുകാർ, ജനപ്രതിനിധി സഭാംഗ

ങ്ങൾ എന്നിവരും! വിപരീതാഭിപ്രായക്കാരുടെ എന്തൊരു രസകരമായ സമ്മേളനം! വിസ്തൃതമായ ഈ ലോകത്തിൽ, പാക്കിസ്ഥാൻ ജയിലിലൊഴിച്ചു വേറെ എവിടെയാണു് ഇത്തരത്തിലുള്ള എണ്ണപ്പെട്ട മനുഷ്യസമൂഹത്തെ കാണുവാൻ കഴിയുക? വിവിധമതക്കാരായ ജനങ്ങൾക്കു തമ്മിൽ സാമാന്യമായുള്ള ആരോഗ്യഹാനിയെ കഴിച്ചാൽ വേറെ ഒരു സാമ്യം ഇവരെയെല്ലാം ജയിലിലടച്ചിരിക്കുന്നതു് ഒരേ ഒരു സൂക്ഷ്മഗ്രാഹിയായ ഗവമ്മെണ്ടാണെന്നുള്ളതാണു്. പൊതുജനനന്മയെ മുഖ്യമായി കരുതുന്ന ഭരണകൂടം എല്ലായ്പോഴും ഇത്തരത്തിലുള്ള കുഴപ്പക്കാരിലും അവരുടെ ദുഷ്പ്രവൃത്തികളിലും 'കണ്ണു' വെയ്ക്കുകയും ആദ്യസന്ദർഭത്തിൽതന്നെ ഇവക്കർഹതയുള്ളതിനെ—അറസ്സു്, വിചാരണ, ജയിൽ, വീണ്ടും അറസ്സു്, ജയിൽ എന്നിവയെ—മുറക്കു കൊടുക്കുകയും ചെയ്യുന്നുണ്ടു്!

## XII

പാക്കിസ്ഥാൻ ജയിലുകളിൽ രഹസ്യമായ ഒരു രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ടു്; ഇതിന്നു "കരിമ്പട്ടിക" (Black list) എന്നാണു പേർ പറയുന്നതു്. അതിനെപ്പറ്റി ശ്രദ്ധമായിട്ടു സംസാരിക്കാവൂ. എല്ലാവക്കും അതവിടെയുണ്ടെന്നറിയാമെങ്കിലും, ജയിൽ ഉദ്യോഗസ്ഥന്മാരാരുംതന്നെ അങ്ങിനെയൊന്നുണ്ടെന്നു സ്വപ്നത്തിൽകൂടി സമ്മതിക്കുകയില്ല. ആ പട്ടികയിലെ ഏററവും സ്വകാര്യമായ പേരുക

ളിൽ അപായകാരികളും ഭയങ്കരന്മാരുമായ വ്യക്തികളുടെ പേരുകഠം എഴുതിവെച്ചിട്ടുണ്ടായിരിക്കും! അങ്ങിനെയുള്ളവരെ യാതൊരു ജയിലിലേയും രാഷ്ട്രീയതടവുകാരുമായി സംഭാഷണം ചെയ്യാൻ അനുവദിക്കുകയില്ല. ഈ "കരിമ്പട്ടിക" സമഗ്രമായിരിക്കുന്നതുപോലെതന്നെ നിഷ്പക്ഷസ്വഭാവത്തോടുകൂടിയതുമാണ്. ഇതിൽ ഉൽപ്പതിഷ്ണുക്കളായ വിവിധ രാഷ്ട്രീയപ്രവർത്തകന്മാരുടെ പേരുകഠം ഉഠംപ്പെടുത്തിയിട്ടുണ്ടു്—മുസ്ലിംലീഗ് നേതാവായ മാലിക് ഭർക്കത് ആലിയുടെ പേർപോലും വിട്ടുകളഞ്ഞിട്ടില്ല! എല്ലാം ജാതിമതസ്ഥക്കും പക്ഷഭേദമെന്യേ ഈ പട്ടികയിൽ സ്ഥാനമനുവദിച്ചിട്ടുണ്ടു്; അപ്രകാരം തന്നെ എല്ലാ വ്യാപാരികഠംക്കും തൊഴിൽകാക്കും ഇതിൽ സ്ഥാനമുണ്ടു്! "ഡോറി"ലെ നേതാവും രാഷ്ട്രീയ പ്രവർത്തനത്തിന്നു "പ്രോസിക്യൂട്ട്" ചെയ്യപ്പെട്ടവനും മന്ത്യസുഹൃത്തുമായ ജീവൻലാൽ കപൂറിൻെറ പേർപോലും അതിലുണ്ടു്!

യഥാർത്ഥത്തിൽ പാക്കിസ്ഥാനിൽ "കരിമ്പട്ടിക" യിൽ ഒരുവൻെറ പേർ ചേർത്തുകിട്ടുവാൻ വലുതായ മത്സരംതന്നെ നടക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ഇതിനെ ഒരുവൻെറ രാഷ്ട്രീയപ്രവർത്തനങ്ങളുടെ ഔദ്യോഗികമായ അംഗീകാരമായിട്ടാണു കരുതുന്നതു്. കൂടാതെ കോൺഗ്രസ്സ് തുടങ്ങിയ ചില സംഘടനകളുടെ അധഃപതനോന്മുഖമായ പ്രവർത്തനങ്ങഠം കൊണ്ടു് ഗവമ്മേണ്ടുവക ബഹുമതികളും സ്ഥാനങ്ങ

ളും വിവേകത്തോടെ സ്വീകരിക്കാത്ത ഈ ജനാധിപത്യകാലത്ത് ഒരുവൻ ധൈര്യസമേതം "ഞാൻ 'കരിമ്പട്ടിക"യിൽ ഉൾപ്പെട്ടവനാണെ"ന്നു വിളിച്ചുപറയുന്നതിൽ മനസ്സാക്ഷിപരമായി തെല്ലും അത്ഭുതത്തിന്നവകാശമില്ല!

ഈ "കരിമ്പട്ടിക" എങ്ങനെയാണുണ്ടാക്കിയിട്ടുള്ളതു്? താഴെ കാണിക്കുംപ്രകാരമാണ് ഉണ്ടാക്കിയിട്ടുള്ളതെന്നു എനിക്കു വിശ്വാസയോഗ്യമായ അറിവു കിട്ടിയിട്ടുണ്ടു്: ഒരു ഉയർന്ന സി. ഐ. ഡി. ഉദ്യോഗസ്ഥൻ ഗ്രഹപ്പിഴപിടിച്ച അനേകശതം ആളുകളുടെ പേരുകൾ യോഗ്യഭാഗ്യംപോലെ തിരഞ്ഞെടുക്കുന്നു (ടെലിഫോൺ ഡയറക്ടറിയിൽനിന്നും മററും മററും). പിന്നീടു് ഇവയെല്ലാം, ഈ ആവശ്യത്തിന്നുതന്നെ പ്രത്യേകമുണ്ടാക്കിയ ഒരു വലിയ കൊട്ടയിൽ ഇട്ടു കൂട്ടിക്കലർത്തുന്നു. ഒടുവിൽ ഹൈക്കോടതിയിൽനിന്നും അടുത്തൂൺ പററിപിരിഞ്ഞ ഒരു ജഡ്ജി അതിൽനിന്നു നറുക്കെടുക്കുന്നു; അങ്ങിനെ ചെയ്യുന്നതു കണ്ണടച്ചുകൊണ്ടാകയാൽ ന്യായം തീരെ കാണുന്നില്ലല്ലോ. ഈ മഹാമാന്യൻ എത്രപേരെ നറുക്കിട്ടെടുക്കണമെന്നു്, ഇതിന്നുവേണ്ടി ചേരുന്ന മന്ത്രിസഭയുടെ ഒരു പ്രത്യേകയോഗത്തിൽ, മന്ത്രിമാരുടെ കൗൺസിലിൽ തീർച്ചപ്പെടുത്തുന്നു. ഇവരുടെ ഈ തീരുമാനം തീർച്ചയായും "ചരക്കും ആവശ്യക്കാരും" എന്ന സുപ്രസിദ്ധ രാഷ്ട്രീയസിദ്ധാന്തമനുസരിച്ചായിരിക്കും!

എങ്ങിനെയാണ് ഒരുവൻ തന്റെ പേർ കരിമ്പട്ടികയിലുണ്ടെന്നു കണ്ടുപിടിക്കുക? ഇതിന്നു യാതൊരു പ്രയാസവുമില്ല! അടുത്ത ജയിലിലെ സൂപ്രണ്ടിനോട് ഏതെങ്കിലും ഒരു രാഷ്ട്രീയതടവുകാരനായി സംഭാഷണത്തിന്നപേക്ഷിച്ചാൽ മതി. ആ അപേക്ഷ തള്ളിക്കളഞ്ഞാൽ ഭാഗ്യം നിങ്ങളെ അനുഗ്രഹിച്ചതായി അറിവാൻ കഴിയും!

## XIII

ജയിലിൽ സ്തുത്യർഹമായ മറെറാരു നല്ലകാര്യമുള്ളതു ഞങ്ങളുടെ "യാർഡി"ലെ ഒരു നല്ല "റേഡിയോ" ആകുന്നു. ഇതു "ട്രിബ്യൂണി"ന്റെ "ഗസ്റ്റി"മാരുടെ സംഭാവനയാണ്; ഇത്തരത്തിലുള്ള ഒരു സംഭാവന വിവേകത്തോടെ കൊടുക്കുകയും സന്തോഷത്തോടെ സ്വീകരിക്കുകയും ഇതിന്നുമുമ്പൊരിക്കലും ഉണ്ടായിട്ടില്ല. പാക്കിസ്ഥാനിലേയും ഹിന്ദുസ്ഥാനിലേയും വിവിധ റേഡിയോ നിലയങ്ങളിലെ പരിപാടികളും, ബി. ബി. സി. പരിപാടികളും കേൾക്കുവാൻ മാത്രമേ ഞങ്ങൾക്കനുവാദമുള്ളു; എന്നാൽ ഞങ്ങൾ അതിന്നു കൂടി നന്ദിയുള്ളവരായിരുന്നു. "എ. ഐ. ആർ കാളിങ്ങ്" അഥവാ "ലണ്ടൻ കാളിങ്ങ്" എന്നു തുടങ്ങിയ പരിചിത ശബ്ദങ്ങളും പരിചിതങ്ങളായ വാക്കുകളും ദിവസംതോറും കേൾക്കുന്നതു ഞങ്ങളെ പുളകം കൊള്ളിച്ചിരുന്നു. ഇതിന്ന് പാക്കിസ്ഥാൻ ഗവമ്മേണ്ട്—പ്രത്യേകിച്ചും ജയിൽവകുപ്പിന്റെ ചുമതലവഹിക്കു

ന്ന മന്ത്രി സർ മനോഹർ ലാൽ—ഹാർദ്ദമായ അ
ഭിനന്ദനത്തെ അർപ്പിക്കുന്നു!

## XIV

പെട്ടെന്നുണ്ടായ ഒരു പുതിയ വിഭ്രമം പാക്കി
സ്ഥാൻ നിയമജ്ഞലോകത്തെ ആളിക്കത്തിച്ചു. നി
യമജ്ഞന്മാർ ഭയചകിതരായി. ഈ ബഹളങ്ങൾ
ക്കെല്ലാം കാരണം ആ അടക്കവും ഒതുക്കവുമില്ലാ
ത്ത വീരൻ—കെ. എൻ. ഗാബ—ആയിരുന്നു!

ഗാബ അമേരിക്കക്കാർ പറയുംപോലെ ഒരു
തികഞ്ഞ 'ചാണക്കപ്പുഴ" ആയിരുന്നു. കുറച്ചു കൊല്ല
ങ്ങൾക്കുമുമ്പ് ഇദ്ദേഹം "സാം അമ്മാമൻ" യഥാർത്ഥ
ത്തിൽ "ഷാം അമ്മാമൻ" തന്നെയാണെന്നു തെളി
യിക്കുന്ന ഒരു പുസ്തകമെഴുതുകയുണ്ടായി. ഇതു്
"കാതറയിൻ മേയോ' എന്ന ഒരു കുലീന അമേരി
ക്കൻ വനിത മദർ ഇന്ത്യ (ഭാരതമാതാ) എന്ന പു
സ്തകമെഴുതിയതിന്നു പകരമായിരുന്നു. പിന്നീടു്
അദ്ദേഹം ഹിന്ദുസ്ഥാനിലെ ബഹുമാനപ്പെട്ട രാ
ജാക്കന്മാർ ജനങ്ങൾ സങ്കല്പിച്ചു വരുന്നിടത്തോ
ളം തന്നെ ബഹുമാന്യന്മാരല്ലെന്നു തെളിയിക്കുന്ന
തിന്നുവേണ്ടി മറെറാരു പുസ്തകവുമെഴുതി. ഇതി
ന്റെയെല്ലാം ഉപയോഗമെന്തു? ഈ പരിഷ്കൃതയു
ഗത്തിൽ മഹാരാജാക്കന്മാരുടെ മഹിമയെ എന്തി
ന്നു നശിപ്പിക്കുന്നു? അങ്ങനെ ചെയ്യുന്നതു് ആരെ
സഹായിക്കും? പക്ഷെ ആരാണു് ഇതെല്ലാം മുൻ
കോപിയായ മിസ്റ്റർ ഗാബയ്ക്കു പറഞ്ഞുകൊടുക്കുവാ
നുണ്ടായിരുന്നതു്?

ഗാന്ധിയുടെ ശേഷി അസാമാന്യംതന്നെ. എന്തെന്നാൽ അദ്ദേഹം വേറെ ഒരു പുതിയ പുസ്തകം "നവീന സ്വാതന്ത്ര്യപ്രമാണം" (**The new Magna carta**) എന്ന ഗ്രന്ഥനാമത്തോടുകൂടി പ്രസിദ്ധം ചെയ്തു. ഇതു പാക്കിസ്താൻ ഹൈക്കോടതിയോടുള്ള പ്രത്യേകിച്ചും അതിലെ പ്രധാന ജഡ്ജിയായ സർ ഡഗ്ലസ് യങ്ങിനോടുള്ള സമരത്ഥമായ ഒരെതിർപ്പായിരുന്നു എന്നാൽ ഈ പ്രാവശ്യം അദ്ദേഹം ശരിയായിട്ടാണതിൽ കാൽവെച്ചതു്. ബഹുമാനപ്പെട്ട ജഡ്ജിമാർ, "സാം അമ്മാമ"നോ "മഹാരാജാക്കന്മാരോ" ചെയ്തതുപോലെ പ്രസ്തുത കാര്യത്തെ നിസ്സാരമായി തള്ളുവാൻ ഒരുക്കമില്ലായിരുന്നു. അദ്ദേഹത്തിൻെറ പേരിൽ കോടതിയെ അപമാനിച്ചതായി കുററം ചുമത്തപ്പെട്ടു. ഒരു "ബാരിസ്റ്റർ കൂടിയായ ഗാന്ധി തൻെറ ഭാഗം കേസ്സു താൻ തന്നെ വാദിച്ചു. അദ്ദേഹത്തിൻെറ വാദം, ആ പുസ്തകം സ്വകാര്യ പ്രചരണത്തിന്നുവേണ്ടി മാത്രമാണെന്നും വില്പനക്കല്ലെന്നുമായിരുന്നു. പുസ്തകത്തിലെ വിഷയത്തെക്കുറിച്ചോ അതിലടങ്ങിയ കുററകരമായ വല്ല പ്രസ്താവനയേയും കുറിച്ചോ "പ്രോസിക്യൂഷൻ" നടത്താമെന്നല്ലാതെ കോടതിയെ അലക്ഷ്യം ചെയ്ത കുററത്തിന്നുള്ള കേസ്സു നിലനില്ക്കത്തക്കതല്ലെന്നാണു് അദ്ദേഹത്തിൻെറ മറെറാരു വാദം. താൻ ആരെയെല്ലാംപററി ആക്ഷേപിച്ചിരിക്കുന്നുവോ ആ ജഡ്ജിമാർ വ്യവ

സ്ഥാപിതനിയമമനുസരിച്ചു തന്റെ കേസ്സു വിചാരണചെയ്യാൻ പാടില്ലെന്നും കൂടി അദ്ദേഹം വാദിച്ചു. എന്നാൽ ബഹുമാനപ്പെട്ട കോടതി ആ വാദങ്ങളെല്ലാം തള്ളിക്കളഞ്ഞു ഗാബയെ ആറുമാസത്തെ തടവുശിക്ഷക്കു വിധിക്കയാണുണ്ടായതു്! ഗാംബയെ ലാഹോർ ജയിലിലേക്കാണു കൊണ്ടുവന്നതു്. പക്ഷെ ഞങ്ങളിൽനിന്നകററിയാണു പാർപ്പിച്ചതു്. ഈ മുൻകരുതൽ അഭിനന്ദനീയം തന്നെ; എന്തെന്നാൽ മുമ്പു ഇദ്ദേഹം പാക്കിസ്ഥാൻ "ഫ്ളയിങ്ങ് ക്ലബ്ബിന്റെ" അദ്ധ്യക്ഷനായിരുന്നു.

## XV

ഒരു സുപ്രഭാതത്തിൽ ഞങ്ങൾ മനസ്സിലാക്കി, കൂടിയാലോചനകളുടെ ഫലമായി വ്യാപാരികളുടെ സത്യാഗ്രഹസമരം പിൻവലിക്കപ്പെട്ടുവെന്നു്! ഉടൻതന്നെ നൂറുകണക്കിലുള്ള തടവുകാരെ വിട്ടയക്കുവാൻ കല്പനയായി. എന്താണുണ്ടായതെന്നു വ്യക്തമായി പറവാൻ ആൎക്കും സാദ്ധ്യമായില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളായി രാജാ നരേന്ദ്രനാഥ്, പണ്ഡിററ് നേകിറാംശർമ്മ എന്നിവരും സ്വാധീനശക്തിയുള്ള മററു ചില നേതാക്കന്മാരുംകൂടി വ്യാപാരിമണ്ഡലവും ഗവൎമ്മെണ്ടും തമ്മിലുള്ള വിടവു നികത്തുവാൻ ശ്രമിച്ചിരുന്നു. പക്ഷെ അതിന്നു ഒന്നിലധികം പ്രാവശ്യം സ്തംഭനാവസ്ഥയാണു സംഭവിച്ചതു്. ഈ സംഭവവികാസങ്ങൾ പെട്ടെന്നാണുണ്ടായതു്. പിന്നീടു മനസ്സിലായി

ഗവമ്മേണ്ടു ചില വിട്ടുവീഴ്ചകഠം ചെയ്യാമെന്നു പറഞ്ഞതല്ലാതെ വ്യാപാരിമണ്ഡലം ഉന്നയിച്ച പ്രശ്നങ്ങഠംക്കൊന്നിന്നും ശരിയായ പരിഹാരമൊന്നും വരുത്തുവാൻ ഏറ്റിട്ടില്ലെന്നു്! ഇതു നേതാക്കന്മാരുടെ ഇടയിൽ വലിയവനെന്നും ചെറിയവനെന്നുമുള്ള ഭേദമില്ലാതെ വലിയ നിരാശക്കു കാരണമാക്കി; പണിമുടക്കം അതിന്റെ ഉച്ചസ്ഥാനത്തെത്തിയപ്പോഠം അതിനെ പൊളിക്കുവാനുള്ള ഒരു ചതിപ്പണിയാണു് ഇതെന്നുകൂടി അവർ വിചാരിച്ചു. അനവധി വിദേശക്കാർ വ്യാപാരം തുടങ്ങുന്നതിന്നു തന്നെ മടിച്ചു; അന്തരീക്ഷം പ്രത്യാരോപണങ്ങളെക്കൊണ്ടു നിറഞ്ഞു. എന്നാൽ പ്രക്ഷോഭണത്തിലുള്ള ഐകമത്യം ഛിന്നഭിന്നമായ സ്ഥിതിക്കു പിന്നീട്ടു് അതിലൊന്നും ചെയ്യാൻ കഴിഞ്ഞില്ല. തടവിലാക്കപ്പെട്ട ചില നേതാക്കന്മാക്കു് ഇതിനെപ്പററി അവരുടെ അനുയായികളോളംതന്നെ അറിവില്ലായിരുന്നു. പ്രക്ഷോഭണത്തെ പിൻവലിച്ചവരിൽ അതിനെപ്പററി അറിയുന്നവരായി ആരെങ്കിലുമുണ്ടായിരുന്നെങ്കിൽതന്നെ അവരെല്ലാവരും ആ അറിവിനെ രഹസ്യമായിവെക്കയാണുണ്ടായതു്. എന്തായാലും നമ്മുടെ കാലത്തുണ്ടായ ഏററവും അസാമാന്യമായ ഒരു സാമുദായികപരീക്ഷണം അത്ഭുതകരമായ വിപരീതഫലത്തിലാണു കലാശിച്ചതു്!

## XVI

എന്റെ ശിക്ഷാവധി ഇതേവരെ അനുഭവിച്ച ജയിൽവാസകാലത്തേക്കു മാത്രമായി കുറവുചെയ്തു

വെന്നെനിക്കു വർത്തമാനം കിട്ടി. ഒരു മണിക്കൂറിനുള്ളിൽതന്നെ—ജയിലിൽനിന്നു പോകുവാൻ തയ്യാറാകണമെന്നു എന്നെ അറിയിച്ചു. ആ ചെറിയ “യാർഡി”ലെ നിവാസികൾ ഒത്തുചേർന്നു എനിക്കൊരു യാത്രയയപ്പുസൽക്കാരം തന്നപ്പോൾ എനിക്കാകപ്പാടെ ഒരു കിക്കിളിയുണ്ടായി. ഞാനവരുടെ കൂടെ കഴിച്ചുകൂട്ടിയ സുഖകരമായ മാസങ്ങളോർത്തപ്പോൾ എന്നിൽ വികാരാവേശത്തിന്റെ കോളിളക്കമുണ്ടായി. കുറച്ചുകാലം മുമ്പു പുതിയതും പരിചയമില്ലാത്തതുമായിരുന്ന ഇവരുടെ കൂട്ടുകെട്ട് ഇപ്പോൾ പരിചിതമെന്നു മാത്രമല്ലാ ചിരന്തനമെന്നപോലെ എനിക്കു തോന്നി. വേഗത്തിൽ ഞാൻ ജയിലിനുള്ളിലുള്ള സ്നേഹിതന്മാരെ വിട്ടു ജയിൽഭിത്തികൾക്കപ്പുറത്തുള്ള മററു സുഹൃത്തുക്കളുമായി ചേർന്നു.

---

## 7. പാക്കിസ്ഥാൻ പാർലിമെൻറ്

ഇനി നമുക്കു പാർലിമെൻറ് മന്ദിരത്തിലേക്കു പ്രവേശിക്കാം. അവിടെ മൗനമവലംബിച്ചു നില്ക്കുന്ന ഞാൻ, അതിനെ, അത്യധികമായ ആകാംക്ഷയിൽനിന്നുണ്ടായ ആനന്ദ പാരവശ്യത്താൽ കൺകുളുർക്കെ കണ്ടു; പെട്ടെന്നു തൃപ്തിയടഞ്ഞു. ഇതേമാതിരിതന്നെ ലണ്ടൻ പാർലിമെൻറ് മന്ദിരവും, പാരീസ്സിലെ ഡിപ്യൂട്ടിചേംബറും, ബെർലി

നിലെ റിഷ്ടാഗും, വാഷിങ്ങ്ടണിലെ കോൺ
ഗ്രസ്സ് മന്ദിരവും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ
അവിടങ്ങളിലൊന്നും ഇത്തരത്തിലുള്ള ഒരു വികാ
രം എനിക്കനുഭവപ്പെട്ടിട്ടില്ല. എന്തുകൊണ്ടെന്നാൽ
അവിടങ്ങളിലൊന്നും പാക്കിസ്ഥാനിലെപ്പോലെ
ജനസമ്മതിയും പ്രാതിനിദ്ധ്യവുമുള്ള ഒരു ഗവർമ്മെ
ണ്ടു പാർലിമെൻറുകളെ പ്രതിനിധീകരിക്കുന്നി
ല്ല! അതിനെപ്പററി ഒരുവൻ പറയുമ്പോൾ ഭാഷ
യിൽ അതിശയനപ്രയോഗങ്ങൾതന്നെ ചെയ്യത്ത
ക്കവിധം, അത്ര സുഖസൗകര്യമുള്ള നിയമവും, അ
ത്ര കൗശലതയുള്ള ഭരണവും, അത്ര നിഷ്പക്ഷമായ
നീതിന്യായവുമാണു പാക്കിസ്ഥാനിലുള്ളതു്! ഏ
തെങ്കിലും ഒരു ഭരണത്തോടു് ഇതിനെ താരതമ്യ
പ്പെടുത്താമെങ്കിൽ അതു മഹാനായ ആക്ബറുടെ
ഭരണത്തോടു മാത്രമാണു്! എന്നു തന്നെയല്ലാ അവ
ക്കു രണ്ടിന്നും തമ്മിൽ കുടുംബസംബന്ധമായ ഒരു
സാദൃശ്യംകൂടിയുണ്ടു്. ആക്ബറുടെ സഭയിലെ
ഏററവും വലിയ മഹിമ "നവരത്നങ്ങൾ" എന്നു പറ
യപ്പെടുന്ന അദ്ദേഹത്തിൻെറ ഒമ്പതു മന്ത്രിമാരായി
രുന്നു; സർസിക്കന്തരുടെ സഭയിലും കൃത്യമായി
ഒമ്പതു രത്നങ്ങളുണ്ടു്. ഒരു പക്ഷെ അവർ ആക്ബ
റുടെ നവരത്നങ്ങളെക്കാളധികം പ്രസിദ്ധിയുള്ള
വരായിരിക്കാം. എല്ലാ സ്കൂൾ കുട്ടികൾക്കും അറിയാം
അവരാരെല്ലാമെന്നു് — ആറു് മന്ത്രിമാരും മൂന്നു
പാർലിമെൻററി സിക്രട്ടറിമാരും! പാക്കിസ്ഥാനി

ലെ എതിരില്ലാത്ത കവിയായ മൗലാനാ സഫർ ആലിഖാൻ അനുഭവപാരവശ്യത്താൽ പാടിയതു വളരെ യുക്തമായിരിക്കുന്നു.

കിയോദീൽ മിയഹാൻ പിർ
ഔർ–ഇ "അക്ബർ ആനെവാല ഹൈ
സിക്കന്തർ ഹൈ അബ്ദുൾ ഫാസൽ
ഔർമനോഹർലാൽ, തോഡാംമാം"

അർത്ഥം ഇപ്രകാരമായിരിക്കും.

"അധികകാലം കഴിയുന്നതിന്നുമുമ്പ്
ഇവിടെ വീണ്ടും ആക്ബർ മഹാൻെറ ഭരണംവരും
സിക്കന്തർ അബ്ദുൾ ഫാസലും
മനോഹർലാൽ തോഡർമാളു ആകുന്നു"

II

പാർലിമെൻറ മന്ദിരം കാണുമ്പോഴുള്ള ഒരു പ്രത്യേകത, അതിലെ പുരാതന ശില്പകലയുടെ സ്ഥാനത്തു നവീന പരിഷ്കാരം കൈകയറിരിക്കുന്നു എന്നതാണു്. ബാഡ്ഷാഹി പള്ളി, ഷഹ്ദാരയിലെ ജിഹാംഗീറിൻെറ ശവകല്ലറ, എന്തിന്നധികം ടാജ്മഹാളുംകൂടി പണി ചെയ്ത ആ പഴയ പരുക്കൻ ശില്പികളുമായി "മാററക്കച്ചവട"ത്തിന്നു പാക്കിസ്ഥാൻ ഗവമ്മെണ്ടു കൂട്ടാക്കിയില്ല! അവർ ഏററവും പുതിയ ശില്പികളെ മാത്രമാണു പണിക്കേപ്പെടുത്തിയതു്. ഇ ബി. ഹാവൽ, എ കെ. കുമാരസ്വാമി എന്നിവരെപ്പോലെ പ്രാമാണികന്മാരായ ശില്പകലാ വിദഗ്ദ്ധന്മാരുടെ ആക്രന്ദ

ന്നങ്ങളെപ്പററിയും ഗവമ്മേണ്ടു് അറിയാതിരുന്നില്ല. മഹത്തായ കലാപാരമ്പയ്യത്തിന്റെ ഈ ജന്മദേശത്തിൽ, ജന്മസിദ്ധമായ വാസനകളോടുകൂടിയ ശില്പികൾക്ക ക്രമത്തിൽ നാശം വരുന്നതിനേയും സമത്ഥന്മാരായിട്ടുള്ളവർ മതിയായ പ്രോത്സാഹനമില്ലായ്കയാൽ ഔദാസീന്യമവലംബിക്കുന്നതിനേയും കുറിച്ചു് അവരുടെ അനേകം കൃതികളിൽ അവർ ആവത്തിച്ചാവത്തിച്ചു പുലമ്പുകയുണ്ടായിട്ടുണ്ടു്. പക്ഷേ അത്തരത്തിലുള്ള വിമശനങ്ങൾ, കല്പിതവും ലക്ഷ്യമില്ലാത്തവയുമാണെന്നും, പാകിസ്ഥാനെപ്പോലെ പുരോഗമനോന്മുഖമായ ഒരു രാജ്യത്തു് അവക്കു പ്രസക്തിയോ അത്ഥമോ ഇല്ലെന്നും പറഞ്ഞു തള്ളപ്പെടുകയാണുണ്ടായതു്.

## III

മററു രാജ്യങ്ങളിലെ ഗവണ്മെണ്ടുകളെ വർഗ്ഗീയവാദികളെന്നു മുദ്രയടിക്കുമ്പോൾ പാക്കിസ്ഥാൻ ഗവമ്മേണ്ടു തികച്ചും ജനകീയമായി തന്നെ സ്ഥിതിചെയ്യുന്നു—എല്ലാ അതിൽനിന്നും ഒരു പടികൂടി മീതെ നില്ക്കുന്നു—ശരിയായും ഇതു് ഒരു സാവ്വലൗകിക ഗവമ്മേണ്ടാണു്. ഉദാഹരണം നോക്കുക! ഇംഗ്ലിസ്ഥാനിലെ ചില നിവാസികൾ പാക്കിസ്ഥാനിലെ കാലാവസ്ഥ തങ്ങൾക്കനുകൂലമാണെന്നു കണ്ടപ്പോൾ, ഇവിടത്തെ ഗവമ്മേണ്ടു് അവരെ ഹാർദ്ദമായി സ്വാഗതം ചെയ്തു. പോരാ, അവരെ രാജ്യത്തിലെ ചില വലിയ ഉദ്യോഗങ്ങളിൽ നിയമിക്കുകൂടി ചെയ്തു!

അതിനാൽ ഇംഗ്ലിസ്താനിൽ നിന്നുംവന്ന ഈ ഉദ്യോഗസ്ഥന്മാരാണു യഥാർത്ഥത്തിൽ പാക്കിസ്താൻ ഭരിക്കുന്നതെന്നു പറയുന്നതു ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഇംഗ്ലിസ്താൻ അതിൻെറ അനവധി ഉത്തമസന്താനങ്ങളെ പാക്കിസ്താനുവേണ്ടി ഇങ്ങനെ വിട്ടുകൊടുക്കുന്നതു വലിയൊരു ത്യാഗം തന്നെ! എന്നാൽ ഇംഗ്ലിസ്താനെൻറ നഷ്ടം പാക്കിസ്താനൊരു വ്യക്തമായ ലാഭമായി. ആർക്കറിയാം അവരിൽ എത്ര "ചർച്ചിൽ"മാരും "സ്റ്റാഫർഡ് ക്രിപ്സ്"മാരും "ബർനാഡ് ഷാ"മാരും ഒളിഞ്ഞുകിടപ്പുണ്ടെന്ന്! ഒരു കവി പറഞ്ഞതുപോലെ.

"എത്രയേറെ മഹാർഘരത്നങ്ങളു-
ണ്ടബ്ധിതന്നിൽ മറഞ്ഞുകിടക്കുന്നു!"

ഇതുകൊണ്ടു രാജ്യത്തിന്നുണ്ടായ ഗുണങ്ങൾ ചില്ലറയൊന്നുമല്ല. അവരിലൊരുവൻ പാക്കിസ്താൻ കൃഷിക്കാരുടെ അഭ്യുദയവും [ജനബാഹുല്യതയും കണ്ടറിവാൻവേണ്ടി ഒരു പാക്കിസ്താൻ ഗ്രാമത്തിൽ ചെന്നപ്പോൾ അവിടെ വാസ്തവത്തിൽ സോക്രട്ടീസിനെ കണ്ടുപിടിച്ചു. പുരാണവസ്തു ഗവേഷണവകുപ്പിൻെറ ഡയറക്ടർ ജനറാൾ ഇത്തരത്തിലുള്ള സാരഗർഭമായ വസ്തുക്കളിൽ തൻെറ ഉത്സാഹം ദുർല്ലഭമായേ കാണിക്കാറുള്ളുവെങ്കിലും അതിപ്രധാനമായ ഈ കണ്ടുപിടിത്തത്തിൻെറ ഫലങ്ങൾ തികച്ചും വില മതിക്കാത്തതാണ്!

സർ സിക്കന്തർ തക്കതായ പ്രതിഫലം കൊടുക്കുവാൻ ശ്രമിക്കാതെ അപ്രകാരമുള്ള ഉത്തമസംഭാവനകളെ ഒരിക്കലും സ്വീകരിക്കുന്നവനല്ല. അദ്ദേഹം പാക്കിസ്ഥാൻെറ ഏററവും പ്രശസ്തന്മാരായ രണ്ടു സന്താനങ്ങളെ—സർ മൊഹമ്മദ് സഫറുള്ളാഖാനേയും, സർ ഫിറോസ്ഖാൻ നൂണിനേയും ഇംഗ്ലിസ്ഥാൻ ഗവമ്മേണ്ടിൻെറ സേവനത്തിന്നും അവക്കുവേണ്ട പ്രവൃത്തികൾ ചെയ്യുന്നതിന്നും ആയി കടം കൊടുക്കുവാൻ പ്രൗഢിയോടെ നിശ്ചയിച്ചു. ഈ സംഭാവനയിൽ ഔദാര്യനിധികളായ ബ്രിട്ടീഷുകാർ കൃതജ്ഞതരേഖപ്പെടുത്തുവാൻ ഒട്ടും അമാന്തം കാണിച്ചില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

നമുക്ക വീണ്ടും പാർലിമെൻറിലേക്കുതന്നെ പ്രവേശിക്കാം. അതിലെ ആകെ അംഗങ്ങൾ നൂററി എഴുപത്തഞ്ചാണു്, ഏററവും വലിയ കക്ഷിയായ യൂണിയനിസ്റ്റ് പാർട്ടിയിൽ തൊണ്ണൂററഞ്ചു് അംഗങ്ങളുണ്ടു്. എതിർ കക്ഷിയായ കോൺഗ്രസ്സിന്നാകട്ടെ ആകെ മുപ്പത്തെഴംഗങ്ങളേയുള്ളു. ഭരണകൂടത്തെ സഹായിക്കുന്ന വേറെ രണ്ടു കക്ഷികൾ കൂടിയുണ്ടു്; അതിൽ ഒന്നാമത്തേതു ഖാൽസാ നാഷണൽ പാർട്ടിയാണു്. ഈ കക്ഷി സർ സുന്ദർസിംഗ് മജീതിയൻെറ കാര്യശേഷിയുള്ള സിക്രട്ടറിയായ സർദാർ ബഹദൂർ സർദാർ ഉജ്ജൽ സിംഗിൻെറ (ഇദ്ദേഹം മന്ത്രിപദം ആവശ്യപ്പെട്ടപ്പോൾ അനുവദിക്കയു

യാൽ പാർട്ടിയിൽനിന്നും രാജിവെച്ചു) വിശ്വാസവഞ്ചനയാലും ഇന്നു് അനാഥമായിരിക്കുന്നു! മറ്റൊന്നു് നാഷണൽ പ്രോഗ്രസ്സീവു പാർട്ടിയാണു്; അതിലെ അംഗസംഖ്യ അഞ്ചാകുന്നു! എങ്കിലും ഈ കക്ഷിക്കു പത്തംഗങ്ങളുടെ ശക്തിയുണ്ടു്, കാരണം പാക്കിസ്ഥാനിൽ ധനശാസ്ത്രത്തിന്റെ അടിസ്ഥാനതത്വം അറിയുന്ന ഏകരാജ്യതന്ത്രജ്ഞനെന്നു വിശ്വസിക്കപ്പെടുന്നവനും സാമ്പത്തിക കാര്യങ്ങളിൽ ഐന്ദ്രജാലികനുമായ സർമനോഹർലാൽ ആ കക്ഷിയിലാണു് ഉൾപ്പെടുന്നതു്.

IV

പാർലിമെൻറിൽ ധാരാളം കീർത്തിമാന്മാരുണ്ടു്. എന്തായാലും അവരിൽ ചിലരുമായി സംസാരിപ്പാനുള്ള മോഹം അനിവാര്യവും അതേ സമയം തന്നെ ക്ലേശകരവുമാണു് ആരോടാണു് ആദ്യം സംഭാഷണം തുടങ്ങേണ്ടതെന്നു തീർച്ചപ്പെടുത്തുന്ന കാര്യം അത്ര എളുപ്പമല്ല; ആരംഭിക്കുന്നതു മന്ത്രിസഭാംഗങ്ങളുമായി വേണമെന്നാണു് ആചാരനടവടികൾ അനുശാസിക്കുന്നതു്!

പ്രധാനമന്ത്രി സർ സിക്കന്തർ കാഴ്ചയിലുള്ള കുലീനതകൊണ്ടും മോഹനമായ ഗുണവൈശിഷ്ട്യംകൊണ്ടും ലോകമെങ്ങും ശ്രുതിപ്പെട്ടവനാണു്. അദ്ദേഹത്തിന്റെ വിശാലമനസ്കത പ്രസിദ്ധമത്രെ—തന്റെ എതിരാളികളൊഴിച്ചു മറ്റെല്ലാവരുടേയും തെറ്റുകളെ പൊറുക്കുന്നവനാണദ്ദേഹം! ഈ മഹ

നീയ ഗുണത്തോടനുബന്ധിച്ച സൂക്ഷ്മമായ് ഒരു കൗശലംകൂടി അദ്ദേഹത്തിനുണ്ടു്; സിക്കന്തർ വിചാരിക്കുന്ന സമയത്തല്ലാതെ ആരെയെങ്കിലും എതിൎക്കുകയോ ഏതെങ്കിലും ഒരപേക്ഷ നിരസിക്കുകയോ പതിവില്ല. സാധാരണയായി അദ്ദേഹം, തൻെറ വിശ്വസ്തന്മാരായ പാർലിമെൻററി സിക്രട്ടറി മീർമാക്ബൂൽ മുഹമ്മതിനേയോ അല്ലെങ്കിൽ സമത്ഥനായ സ്വകാര്യസിക്രട്ടറി ഹാക്കിം അഹമ്മത്തു ഷൂജയേയോ ആണു് തനിക്കുവേണ്ടി സംസാരിക്കുവാൻ ചുമതലപ്പെടുത്തുക പതിവു്.

ശരീരശാസ്ത്രസംബന്ധമായും അനവധി വിവരങ്ങൾ പ്രസ്താവയോഗ്യങ്ങളായുണ്ടു്. പ്രധാനമന്ത്രിയുടെ കയ്യിനെ ഇന്ത്യയുടെ "വലങ്കയ്യെ"ന്നാണു പറയുന്നതു്! അദ്ദേഹത്തിൻെറ ഹൃദയമാകട്ടെ സ്വസ്ഥാനത്തല്ലാതെ "അങ്ങുമിങ്ങും" അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കും! ചിലപ്പോൾ, സ്വേച്ഛാധിപതിയായ റെഷ്ഷായെ ഇറാൻ സിംഹാസനത്തിൽനിന്നു പുറംതള്ളുന്നതിന്നോ, ബാഗ്ഡാഡിലെ വിപ്ലവകാരിയായ "റഷീദ് ആലി"യെ ഇറാക്കിലെ പ്രധാന മന്ത്രിസ്ഥാനത്തുനിന്നു ഓടിക്കുന്നതിന്നോ വേണ്ടി ചെയ്യുന്ന "ജനകീയ യുദ്ധ"ത്തിൽ തൻെറ പടയാളികൾ പടവെട്ടുന്ന സുദൂരസമരമേഖലയിലായിരിക്കും അദ്ദേഹത്തിൻെറ മനസ്സു സഞ്ചരിക്കുക!

* * * * *

സർ ഛോട്ടൂറാം അനുഭവത്തിൽ അദ്ദേഹത്തിൻെറ തന്നെ ഒരു സ്വന്തം പ്രതിനിധിയുണ്ടു്. ഇദ്ദേ

ഹത്തിന്റെ പ്രധാനജോലികളിലൊന്നു സർ സി ക്കന്തറിന്നു വഴിക്കുവഴിയായി "മുൾക്കിരീടങ്ങൾ കാ ള്ളുവെക്കുകതന്നെയാണ്! പ്രധാനമന്ത്രിക്കാകട്ടെ ചിലപ്പോഴൊക്കെ ഇവയെ മറക്കുക എന്നൊരു സ്വ ഭാവമുണ്ട്. അത്തരത്തിലുള്ള അടിയന്തരഘട്ടങ്ങ ളിൽ സർ ഛോട്ടുറാം തന്റെ മേധാവിയെ സ ന്തോഷിപ്പിപ്പാനായി ഒന്നോ അധികമോ "മുൾക്കി രീടങ്ങൾ" തയ്യാറാക്കി സൂക്ഷിക്കാതിരിക്കയില്ല. ഈ കിരീടങ്ങൾ പാക്കിസ്ഥാനിലൊട്ടുക്കും പ്രസിദ്ധമാ ണ്; അവക്കു പ്രത്യേകം പേരുകളുമുണ്ട്. അവയി ലൊന്നിനെ "നാഗരിക പ്രേത"മെന്നും, മറ്റൊന്നി നെ 'ബാണിയ മന:സ്ഥിതി'യെന്നും, വലിയ പേരെ ടുത്തതും പുതിയതുമായ വേറൊന്നിനെ 'ഛോട്ടുരാ മന്റെ വ്യാപാരി ഇന്ദ്രജാലം' എന്നും വിളിക്കുന്നു!

പാക്കിസ്ഥാനിലെ ഒരു പ്രമുഖ കിസാൻ നേ താവായിട്ടാണു സർ ഛോട്ടുവിനെ, അഭിജ്ഞവൃത്ത ങ്ങൾ കരുതിവരുന്നതു്. "ട്രിബ്യൂണി"ന്റെ ശ്രുതി പ്പെട്ട ലേഖകനായ "സൂക്ഷ്മദർശി" ("Onlooker") പറഞ്ഞിരിക്കുന്നതു് "സർ ഛോട്ടുരാമന്റെ തലയി ണ എല്ലാ ദിവസവും കാലത്തു് കർഷകർക്കുവേണ്ടി ഒഴുക്കിയ കണ്ണീർകൊണ്ടു നനഞ്ഞിരിക്കും" എന്നാ ണ്! ഛോട്ടുറാം നേതൃത്വം വഹിക്കുന്ന രാഷ്ട്രീയക ക്ഷിയാകട്ടെ, മുതലാളിമാരിൽനിന്നു "നോട്ടു"കളും തൊഴിലാളികളിൽനിന്നു വോട്ടുകളും നേടിക്കൊ ണ്ടാണിരിക്കുന്നതു്! വില്പനനികുതിയെപ്പോലുള്ള

ഉപായങ്ങൾകൊണ്ടു ധനവാന്മാരിൽനിന്നു പണവും, കഷ്ടകൾക്കുവേണ്ടി കണ്ണീർ ഒഴുക്കുന്നതുകൊണ്ടു പാവങ്ങളിൽനിന്നു വോട്ടുകളും ലഭിക്കുന്നു!!

ചേരാട്ടുരാമനെപ്പററി രണ്ടു സംഗതികൾ പറയുവാനുണ്ടു്. സ്വന്തം കുറവുകളിൽ കൈയാലം തീരെയില്ലെങ്കിലും അദ്ദേഹം ആൾ ഒരു വലിയ തകരനും ന്യൂലാമാലപിടിച്ചവനുമാണു്. എന്നാൽ അദ്ദേഹത്തിൻെറ സംഘടനാചാതുര്യത്തെപ്പററി തെല്ലും സംശയമില്ല. ഇതുനിമിത്തം ഒരു ഡസൻ അനുയായികളെ അലക്ഷ്യമാക്കി ഒരു പുതിയ സജീവപ്രതിമയെപ്പോലെ സ്വസ്ഥാനത്തേക്കു കുതിക്കുവാനദ്ദേഹത്തിനു സാധിക്കും!

അടുത്ത ചില കൊല്ലങ്ങളായി സർ ചേരാട്ടുരാമൻെറ ചൊറുചൊറുക്കിനെ ചരിത്രത്തിൽ സ്ഥാനംപിടിച്ച മറെറാരു പ്രശ്നം വിഴുങ്ങിയിരിക്കുന്നു. പ്രാചീന ഗ്രീക്കുകാർ ലോകത്തെ ഗ്രീക്കുകാരെന്നും "ബാർബേറിയ"ന്മാ (മ്ലേച്ഛന്മാ) രെന്നും രണ്ടായി തരംതിരിച്ചു; ചേരാട്ടുരാമനാകട്ടെ "ജാതന്മാരെന്നും "ബാർബേറി"യന്മാരെന്നും ആയി വിഭജിച്ചു. എന്നാൽ ഒന്നു പറയാം; അദ്ദേഹം യൂണിയനിസ്റ്റ് പാർട്ടിയിൽ "ജാത"ന്മാരല്ലാത്തവരോടു വലിയ ദയാദാക്ഷിണ്യങ്ങൾ പ്രദർശിപ്പിച്ചു. അദ്ദേഹം ചെയ്തിട്ടുള്ള മറെറാരു വിഭജനം "നാഗരിക"രും "ഗ്രാമീണരു"മെന്നാണു. യഥാർത്ഥത്തിൽ പാക്കിസ്ഥാൻ രാജ്യത

---

* കുലത്തിലും പ്രവൃത്തിയിലും വ്യത്യസ്തപ്പെട്ട വടക്കപടിഞ്ഞാറൻ ഇന്ത്യയിലെ ഒരു കൂട്ടർ.

ത്രത്തിൽ ഭിന്നതകളുടെ അടിസ്ഥാനംതന്നെ കൃഷിക്കാരും കൃഷിക്കാരല്ലാത്തവരും തമ്മിലായിരുന്നു. ഗ്രാമനിവാസികളുടെ ഇടയിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആ ശ്രേഷ്ഠത തൊട്ടുകളിക്കാനില്ലാത്ത നഗരവാസികൾ (ഛോട്ടുരാമനും അദ്ദേഹത്തിന്റെ സ്നേഹിതന്മാരും അനുയായികളും ഇതിൽനിന്നൊഴിവാണു കേട്ടോ!) അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നികൃഷ്ടവർഗ്ഗങ്ങളാണു്. എന്നാൽ "കൃഷിക്കാര"നെപ്പററിയുള്ള ഛോട്ടുരാമന്റെ നിർവ്വചനം നിഘണ്ടുവിലേതുപോലെ പഴയതും ദൃഢതയുള്ളതുമല്ല. അദ്ദേഹം സ്വതസ്സിദ്ധമായ വ്യക്തിമാഹാത്മ്യത്തോടെ, "ഭൂമിയിൽനിന്നുള്ള ആദായം കൊണ്ടു ജീവിക്കുന്നവൻ അല്ലെങ്കിൽ ആരുടെ പൂർവ്വികന്മാർ കഴിഞ്ഞ അമ്പതു കൊല്ലങ്ങളായി അപ്രകാരം ജീവിച്ചുവന്നുവോ അവൻ എന്നാണു് ഒരു കർഷകൻ എന്നതിനെ നിർവ്വചിച്ചിരിക്കുന്നതു്", ഈ നിർവ്വചനത്തിന്റെ ഉപയുക്തതയെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതില്ലല്ലോ.

ഇന്നു പാക്കിസ്ഥാനിൽ നടക്കുന്നതു് അഭൂതപൂർവ്വമായ മഹിമയോടുകൂടിയ ഒരു കാർഷിക വിപ്ലവമാണു്. ഇരുപതുകൊല്ലം മുമ്പു്, ഇവിടെ, കൊല്ലത്തിൽ മൂന്നുലക്ഷമോ അതിലധികമോ ആദായമുള്ള ജമിന്ദാർമാർ ദുർല്ലഭമായിരുന്നു. ഇന്നവരുടെ സംഖ്യ അത്ഭുതകരമാംവണ്ണം വർദ്ധിച്ചിട്ടുണ്ടു്. ഇതിൽ ഏതാനുംഭാഗം വർദ്ധിച്ച ജലസേചനസൗക

 No; 11286

ത്തംകൊണ്ടും ഏതാനും ഭാഗം സർ സിക്കന്തർ ഹയ്യത്ഖാനെപ്പോലെയും ഛോട്ടുരാമനെപ്പോലെയുമുള്ള രാജ്യതന്ത്രജ്ഞന്മാരുടെ അശ്രാന്തപരിശ്രമംകൊണ്ടുമാണ് ഉണ്ടായിട്ടുള്ളത്. ഇവരുടെ ഭരണം ഇനിയും ഒന്നോരണ്ടോ ദശാബ്ദങ്ങൾ നീണ്ടുനില്ക്കുകയാണെങ്കിൽ കൃഷിയുടമസ്ഥന്മാരുടെ അധോഗതി പ്രാപിച്ചുവരുന്ന "റയററ്‌വാരി" സമ്പ്രദായം ശക്തിനേടിയ ജമിന്ദാരികുടിയായ്മ സമ്പ്രദായത്തിനു സ്ഥാനമൊഴിഞ്ഞുകൊടുക്കേണ്ടിവരും. ഈ സമ്പ്രദായം പാക്കിസ്ഥാന് അഭിമാനാവഹവും യു. പി. യിലേയും ബങ്കാളിലേയും 'താലൂക്ക്ദാർ'മാക്കും മററു വലിയ ജന്മിമാക്കും അസൂയ ജനിപ്പിക്കുന്നതുമായ ഒരുതരം ഇടത്തരം ജന്മിമാരെ സൃഷ്ടിച്ചു അഭിവൃദ്ധിപ്പെടുത്തുന്നതിന്നിടയാകും. അപ്പോൾ കൃഷിക്കാരൻ തൻെറ ചുമതലകളും ബുദ്ധിമുട്ടുകളും ഈ പുതിയ ജന്മിമാരുടെ ചുമലുകളിലേക്കു മാററിയതായി കരുതി സ്വസ്ഥനായിരിക്കും! പാക്കിസ്ഥാനിലെ ജമിന്ദാരിസമ്പ്രദായത്തിലുള്ള ഈ വിജയകരമായ പ്രവത്തനം, ലോകത്തിൽ മററെല്ലായിടത്തും ഇതു ക്രമേണ നശിച്ചുകൊണ്ടിരിക്കെ, വരുന്ന തലമുറകൾക്ക് എളുപ്പത്തിൽ മറക്കുവാൻ കഴിയാത്ത ഒരു വലിയ നേട്ടമായിരിക്കും.

* * * *

ധന ജയിൽ കാര്യമന്ത്രിയായ ബഹുമാനപ്പെട്ട സർ മനോഹർലാലിനെ നാം അറിയുന്നതു തി

യമനിൎമ്മാണത്തിന്നു തടസ്ഥം ചെയ്യുന്ന ഒരു സ്റ്റേയിററു സിക്രട്ടറിയുടെ നിലയെക്കാൾ, ശാന്തനും പണ്ഡിതനുമായ ഒരു മഹാനെന്ന നിലയിലാണു്. കാൎയ്യശേഷിയുള്ള ഇദ്ദേഹത്തെ ഹിന്തുസ്ഥാൻ സാമ്പത്തികസമ്മേളനത്തിലെ അദ്ധ്യക്ഷനായിട്ടുപോലും തിരഞ്ഞെടുത്തു. പുസ്തകവായനയിൽ വളരെ താല്പൎയ്യമുള്ള ഇദ്ദേഹത്തിന്നു സോഷ്യലിസത്തെക്കുറിച്ചു് ഇന്നുവരെ പുസ്തകങ്ങളടക്കമുള്ള ഭംഗിയേറിയതും ആകൎഷകവുമായ ഒരു വലിയ ഗ്രന്ഥശാല സ്വന്തമായുണ്ടു്. സോഷ്യലിസത്തിന്റെ തത്വം തനിക്കു മനസ്സിലായാലോ എന്നു ഭയന്നു് അദ്ദേഹം അതിനെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുകപോലും പതിവില്ല. എല്ലാററിലും ഉപരിയായി അദ്ദേഹം തന്നെത്താൻ നിസ്സഹായനായിട്ടാണു കരുതുന്നതു്. ഞാൻ ജയിലിലായിരിക്കുന്ന സമയത്തു് അദ്ദേഹം രണ്ടുപ്രാവശ്യം ഞങ്ങളെ സന്ദൎശിച്ചു സമാധാനപ്പെടുത്തുകയുണ്ടായി. ഞങ്ങൾ 'സെൻട്രൽ ജയിലിൽ' തടവുകാരായതുപോലെ അദ്ദേഹ
ട്രൽ ജയിലിൽ" തടവുകാരായതുപോലെ അദ്ദേഹ
വും 'സിക്രട്ടേറിയററിൽ ഒരു തടവുകാരനാണെന്നാണു് ഞങ്ങൾക്കു തോന്നിയതു്'!

* * * *

മരാമത്തു വകുപ്പിന്റെയും പ്രാദേശിക സ്വയംഭരണവകുപ്പിന്റെയും ചുമതല വഹിച്ചിരുന്ന മന്ത്രിയായ മേജർകി സാർഹയ്യത്ഖാൻ തന്റെ

പിതാവായ നവാബ് സർ ഉമർ ഹയ്യത്ഖാൻ തിവാനയോജിച്ച പുത്രൻ തന്നെ! തിവാനയേക്കാൾ മേലെയായി ലോകത്തിന്റെ ഈ ഭാഗത്തു് ബ്രിട്ടീഷുകാരെ വിശ്വസ്തതയോടെ ബഹുമാനിക്കുന്ന മറെറാരുവൻ ഉണ്ടായിരുന്നില്ല. അച്ഛൻ ലണ്ടനിലെ സ്റ്റേയിററ് സക്രട്ടറി സങ്കേതത്തിൽ ജോലി ചെയ്തിരുന്നകാലത്തു്, ചതുരംഗക്കളിക്കാരനായ സുൽത്താൻ ഖാനെ കൂടെ കൊണ്ടുപോകയും, അവിടെവെച്ച് അയാൾ ലോകപ്രശസ്തി നേടുകയും ഇംഗ്ലിസ്ഥാനിലെ "ചാമ്പ്യനായി" തീരുകയും ചെയ്തു

ഈ ബഹുമാന്യതക്ക് പകരമായി മകൻ ഇംഗ്ലീഷുകാരുടെ സമ്പ്രദായങ്ങൾ സ്വീകരിച്ചു. വ്യായാമവിദഗ്ദ്ധനായ ഖിസാർ ഹയ്യത് തന്റെ നായാട്ടനായ്ക്കൾക്കും നായാട്ടിന്നും വളരെ കേൾവികേട്ടുവന്നതു!

ഖിസാർ ഹയ്യത് സിവിൽ സർവ്വീസ്സിലെയും സിക്രട്ടറിയററിലെയും സ്ഥിരം ഉദ്യോഗസ്ഥന്മാരുടേയും ഒരു ഉററ സ്നേഹിതനാണ്. കാരണം ഒരു മന്ത്രിയുടെ നിലക്ക് അദ്ദേഹത്തിൽനിന്നും അവരവർക്കുവേണ്ട കാര്യങ്ങൾ അവർക്ക് സാധിപ്പാൻ കഴിയും! പക്ഷെ ഖിസാർഹയ്യത് എന്തെങ്കിലും ഒരു കാര്യം ഏറെറടുത്താൽ ആ കാര്യം ഉൾപ്പെട്ട വകുപ്പിന്റെ തലവനെപ്പോലും ധിക്കരിക്കുവാൻ അത്യാവശ്യമായ പ്രാപ്തി അദ്ദേഹത്തിന്നുണ്ടു്. ഇപ്ര

കാരമുള്ള സന്ദർഭങ്ങളിൽ — തീർച്ചയായും ആ വക സന്ദർഭങ്ങൾ കൂടെ കൂടെ ഉണ്ടാകാറുണ്ടു് — ഉദ്യോഗസ്ഥന്മാർ, മററു വിധത്തിൽ സത്സ്വഭാവിയും നല്ലവനുമായ മന്ത്രിയുടെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്.

സർ സിക്കന്തർ എന്തെങ്കിലും കാരണവശാൽ പുറത്തു പോകേണ്ടിവന്നാൽ ഒരു "മുതലാളി"യെന്നു സ്വയം അഭിമാനിക്കുന്ന നവാബ് അദ്ദേഹത്തിന്റെ സ്ഥാനത്തു കയറിക്കൂടുമെന്നു വിശ്വസിച്ചിരുന്ന ചിലരും ഇല്ലായ്കയില്ല. കച്ചവടക്കാരുടെ സത്യാഗ്രഹസമരകാലത്തുണ്ടായ ബഹളത്തിൽ, വിശ്വാസയോഗ്യമായ വൃത്തങ്ങളിൽനിന്നു്, മന്ത്രിസഭ വില്പനനികുതിയോടുള്ള നയം മാററിയില്ലെങ്കിൽ അതിനെ തകർക്കുമെന്നും, ഖിസാർഹയാത്ത് ഖാൻ പ്രധാനമന്ത്രിയായി ഒരു കൂട്ടമന്ത്രിസഭ അതിന്റെ സ്ഥാനത്തു വരുമെന്നും ബലമായ ഒരു ശ്രുതിയുണ്ടായിരുന്നു! എന്നാൽ സർ സിക്കന്തർ തന്റെ എതിരാളികളോടു പൊരുതുവാൻ തക്ക ഒരു യോഗ്യൻ തന്നെയാണെന്നു തെളിയിച്ചു. എങ്കിലും ഖിസാർ ഹയാത്ത് തന്റെ മേധാവിയോടുള്ള വിശ്വസ്തതയിൽ നിന്നിളകിയില്ല.

മററു മന്ത്രിമാരായ മിയാൻ അബ്ദുൾഹയ്യും സർദാർ ദസൗന്ധസിംഗും ലൂധിയാനയിൽനിന്നു തിരഞ്ഞെടുത്തവരാണു്. വിദ്യാഭ്യാസമന്ത്രിയായ മിയാൻ അബ്ദുൾഹയ് തന്റെ പട്ടണത്തിലെ

ഒരു മികച്ച അഭിഭാഷകനും വളരെ കൊല്ലങ്ങളായി കേന്ദ്രനിയമസഭയിലെ അംഗവുമാണ്. അദ്ദേഹം രാഷ്ട്രീയ ചതുരംഗത്തിൽ വിദഗ്ദ്ധനും ലാഭകരമായ പ്രവൃത്തികളിൽ മാത്രം തന്റെ സൂക്ഷ്മബുദ്ധിയെ ചെലുത്തുന്നവനുമാണ്. പ്രതിഭാശാലിയായ ഇദ്ദേഹം "ഓസ്കാർ വൈൽഡി"ന്റെ ഒരു സമാരാധകനാണെന്നു പറയപ്പെടുന്നു.

മുമ്പു പാർലിമെന്ററിലെ സ്പീക്കറായിരുന്ന സർദാർ ഉജ്ജ്വൽധാസിംഗ് ഇപ്പോൾ ഉല്പാദനവകുപ്പിന്റെ മന്ത്രിയാണ്. അദ്ദേഹം ശരിയായി എന്താണ് ഉല്പാദിപ്പിക്കുന്നതെന്നു ആർക്കും അറിവില്ല. വില്പനനികുതിക്കെതിരായി തുടങ്ങിയ പണിമുടക്കകാലത്ത്, ഒരവസരത്തിലദ്ദേഹം ലക്ഷപ്രഭുക്കളായ കച്ചവടക്കാരെ പോററുന്നതിനുവേണ്ടി ന്യായവിലഷാപ്പുകൾ തുറക്കുന്നതിനുള്ള സ്തുത്യർഹമായ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ഇതുവഴി ഹത്താലനുഷ്ഠിക്കുന്ന കച്ചവടക്കാരെ ഗാന്ധിയൻ സിദ്ധാന്തപ്രകാരം ഹൃദയപരിവർത്തനം ചെയ്യാമെന്നാണദ്ദേഹം വിചാരിച്ചതു്! *

ഒരു പാർലിമെന്റ് സിക്രട്ടറിയായ ബീഗം ഷാനവാസ് പാക്കിസ്ഥാൻ പാർലിമെന്റിലെ അഞ്ചു വനിതാംഗങ്ങളിൽപെട്ട ഒരു മഹതിയാണ്.

---

* അടുത്തുണ്ടായ മന്ത്രിസഭയുടെ 'ഉടച്ചുവാർക്ക'ലിൽ, പാർലിമെന്റിൽ പുതിയതായി തുടങ്ങിയ 'സ്വാതന്ത്ര്യസിക്ക പാർട്ടി'യുടെ നേതാവായ സർദാർ ബലദേവസിംഗ്, ഉല്പാദനമന്ത്രിയായി ഇദ്ദേഹത്തിന്റെ സ്ഥാനത്തുവന്നു.

ഇവർ അന്തരിച്ച സർ മൊഹമ്മത് ഷാഫിയുടെ പുത്രിയും "കമ്യൂണിസ പ്രഭാവി"യായ മിസ്സ് മാതസ് ഷാനവാസിന്റെ മാതാവുമാണ്! സമുദായ പരിഷ്കരണപ്രസ്ഥാനത്തിൽ ഈ മഹതി ഒരു പ്രധാനനേതൃത്വം വഹിച്ചിരുന്നു. യുക്തിസാമർത്ഥ്യത്തിൽ സ്വയം അഭിമാനിക്കുന്ന ഈ വനിത തന്റെ പുത്രിമാരെക്കാളധികം ഭംഗിയായി വേഷം ധരിക്കുന്നവളും സംഭാഷണവിദഗ്ദ്ധയും പ്രശംസയിൽ ആഗ്രഹമുള്ളവളുമത്രെ.

പ്രധാനമന്ത്രിയുടെ പാർലിമെന്ററി സിക്രട്ടറിയും സ്വാംലനമയേ മീർ മക് ബൂൽ മഹമ്മദ് ഒരസാധാരണമനുഷ്യനാണ്! ഇദ്ദേഹത്തിന്നു ധാരാളം കഴിവുകളുണ്ടു്; എന്നാൽ വിശ്വാസം ജനിപ്പിക്കുന്ന യാതൊന്നും അതിലില്ല. ഇദ്ദേഹം നേർവഴിക്കുതന്നെ പോയിരുന്നെങ്കിൽ ഇതിലധികം നന്നാകുമായിരുന്നു; എന്തെന്നാൽ ഇദ്ദേഹത്തിന്നു ധാരാളം വ്യക്തിമാഹാത്മ്യവും വേണ്ടിടത്തോളം വമ്പും, ധാരാളം പണവും, തികഞ്ഞ വാചാലത്വവുമുണ്ടു്.

മക്ബൂൽ മുഹമ്മത് തന്റെ ജീവിതത്തിൽ അൾവാർ, ജാലഷാർ, കാശ്മീർ, റാംപൂർ തുടങ്ങിയ നാട്ടുരാജ്യങ്ങളിൽ ഉയർന്ന ഉദ്യോഗങ്ങളിൽ ഇരുന്നിട്ടുണ്ടു്. എന്നാൽ അദ്ദേഹം പഴഞ്ചൊല്ലിൽ പറയുന്ന 'ഉരുളം"പോലെയല്ല; അദ്ദേഹത്തിൽ ധാരാളം പൂപ്പ്പറ്റിയിട്ടുണ്ടു്. മഹാന്മാരായ വ്യക്തികളുടെ സേവ കാരണം ഇദ്ദേഹത്തിന്നു നാട്ടുരാജാക്കന്മാ

രുടെ സമിതിയിലെ സിക്രട്ടറിസ്ഥാനം ലഭിച്ചു. ചുരുക്കത്തിൽ മീർ മക്ബൂൽ മുഹമ്മത് വലിയ ശമ്പളമുള്ള രണ്ടുദ്യോഗങ്ങൾ ഒരേ സമയത്തുതന്നെ ഭരിക്കുന്നു—അതായതു പാക്കിസ്ഥാൻ പാർലിമെൻററി സിക്രട്ടറിസ്ഥാനവും നാട്ടുരാജാക്കന്മാരുടെ സമിതിയിലെ സിക്രട്ടറിസ്ഥാനവും! ഉന്നതസ്ഥാനങ്ങളിൽനിന്നുള്ള പ്രത്യേകാനുവാദത്തോടെ മാത്രമേ ഇതു സാദ്ധ്യമാകൂ! സർ സിക്കന്തറിന്നു സ്വാഭാവികമായിതന്നെ മക്ബൂൽ മുഹമ്മത് വഴിക്കു ബഹുമാനപ്പെട്ട "രാജ്ഞി"മാരുമായി കൂടുതൽ സൗഹാർദ്ദം പുലർത്തുവാൻ സാധിച്ചു.

നവരത്നങ്ങളിൽ ഒടുവിലത്തെതു സർ സിക്കന്തരുടെ ദേഹത്തിൽ "മേലങ്കി"യണിഞ്ഞ, പ്രസിദ്ധ സർ ഫസ്‌ലി ഹുസ്സൈനിന്റെ ജാമാതാവായ രാജ ഗസ്‌നഫർ അലിഖാനാണ്. ആദ്യം കാശ്മീരിലും പിന്നീട് ആൾവാറിലും മന്ത്രിയായിരുന്നിട്ട് ഇദ്ദേഹം ധാരാളം ഭരണപരിചയം സമ്പാദിച്ചിരുന്നു. അദ്ദേഹമിപ്പോൾ, കേന്ദ്രനിയമസഭയിൽ രണ്ടുപേരും അംഗങ്ങളായിരുന്ന കാലത്തു നല്ലവണ്ണം പരിചയപ്പെട്ട മിസ്റ്റർ ജിന്നയുടേയും, തന്നെ ഒരു പാർലിമെൻററി സിക്രട്ടറിയാക്കിയ യൂണിയനിസ്റ്റ് പാർട്ടിയന്ത്രത്തിന്റേയും നടുവിൽ കിടന്നു ചാഞ്ചാട്ടുകയാണ്. ഇതിന്നും പുറമെ അദ്ദേഹത്തിന്നു രണ്ടു മന്ത്രിമാരുടെ സാമർത്ഥ്യവുമുണ്ട്.

V

പാക്കിസ്താൻ പാർലിമെൻററിലെ സ്പീക്കർ ചൌധരി സർ ഷാഹബുദീൻ ആകുന്നു. ഇദ്ദേഹത്തിൻെറ പദവി ഒന്നു വേറെതന്നെയാണ്. അങ്ങേയററം യഥാസ്ഥിതികപാരമ്പര്യത്തെ പിന്താങ്ങുന്ന ഇദ്ദേഹത്തിന്നു ചിലപ്പോൾ വലിയ പ്രതികൂലഗതികളുടെ വിധിനിർണ്ണയത്തിൽ തെററുപററാറുണ്ട്. എന്നാൽ ഇദ്ദേഹം പാക്കിസ്താനിലു മററു പുറംരാജ്യങ്ങളിൽകൂടിയുമുള്ള ഭരണഘടനയുടെ പ്രകൃതിയിലും പ്രവർത്തനത്തിലും ഒരു വലിയ പ്രാമാണികനാണ്. ഈ വിഷയത്തിൽ എ. വി. ജെ. പട്ടേലം, സർ ഇബ്രാഹിം റഹിമത്തുള്ളയോ മാത്രമേ ഇദ്ദേഹത്തോട് കിടനില്ക്കുവാൻ കഴിയുന്നവരുള്ളൂ.

സ്വന്തസാമർത്ഥ്യത്താൽ യോഗ്യനായിത്തീർന്ന പാക്കിസ്താൻ സ്പീക്കർ വിജയശൃംഗത്തിലേക്ക കയറിയതു് സ്വപ്രയത്നത്തിലൂടെതന്നെയാണ്. ചൌധരി ഷാഹബുദീൻ, ആദ്യം ഒരു റയിൽവേ സ്റ്റേഷൻകൂലിയായിരുന്നു; പിന്നീടദ്ദേഹം ഒരഭിഭാഷകനെന്ന നിലയിൽ പ്രസിദ്ധനായി. നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ അദ്ദേഹം രണ്ടു നിയോജകമണ്ഡലങ്ങളിൽനിന്നു വിജയിയായി. ഡാക്ടർ കിച്ച്ലു സ്പീക്കർ സ്ഥാനത്തേക്കദ്ദേഹത്തോടു മത്സരിച്ചു; പക്ഷെ ഫലമുണ്ടായില്ല. പാർലിമെൻറിലെ വാദപ്രതിവാദകോലാഹലങ്ങളിൽ—അത്തരം സന്ദർഭങ്ങൾ

വളരെ ദുല്ലഭമല്ല—ക്രമം പാലിക്കുന്നതിന്നു ഷാഹിബുദീന്റെ "ഗംഭീരത്വം" വളരെ ഉപയോഗപ്രദമായിവരാറുണ്ടു്.

ഷാഹിബുദീൻ "കറുത്ത" നിറമുള്ളവനാകയാൽ ഒരു "പാക്കിസ്ഥാനി"ക്കു് അദ്ദേഹം അനേകം കഥകൾക്കു വിഷയമാകാറുണ്ടു്. ഒരിക്കൽ ലാഹോർ ഹൈക്കോടതിയിൽ സർ മുഹമ്മത് ഇക്ബാലും ചൌധരി ഷാഹബുദീനും ഒരു കേസ്സിൽ എതിർകക്ഷികളായി വരികയുണ്ടായി. ന്യായാസനസ്ഥനായ ജഡ്ജി ചോദിച്ചു: ആരാണു് അന്യായഭാഗത്തു ഹാജരായിരിക്കുന്നതെന്നു്.

"ഒരു നൈററ്" (**Knight**=ഒരു ബഹുമതിസ്ഥാനം) ചൌധരി ഷാഹബുദീൻ ഒരു ചെറുപുഞ്ചിരിയോടുകൂടി അടുത്തുതന്നെ "നൈററ്" എന്ന സ്ഥാനം നേടിയ ഇക്ബാലിനെ ചൂണ്ടിക്കാട്ടി പറഞ്ഞു.

"പ്രഭോ" ഉടനെ ഇക്ബാൽ മറുപടി കൊടുത്തു "എതിർഭാഗത്തു നില്ക്കുന്ന എന്റെ അഭിജ്ഞനായ സ്നേഹിതനും ഒരു "നൈററ്" (**Night**=കറുത്തവൻ തന്നെയാണു്. പക്ഷേ "കെ" ഇല്ലെന്നുമാത്രം!"

## VI

കോൺഗ്രസ്സ് എതിർപക്ഷം ഏററവും ചുരുങ്ങിയ നാലുകൊല്ലത്തിന്നിടയിൽ തുടരെത്തുടരെ മൂന്നു നേതാക്കന്മാരെ മാററുകയുണ്ടായി—ഇതു ലോകത്തിലെ മറെറാരു പാർലിമെന്ററി പാർട്ടിയേയും

ത്തിരയിക്കുന്നു! ആ മൂന്നു പേരിൽ ആദ്യത്തെ ആൾ, പാക്കിസ്ഥാനിലെ ഒരു വലിയ ദൈവവിശ്വാസിയായ ഡോക്ടർ ഗോപിചന്ദ് ഭാൎഗ്ഗവയത്രെ "നിറഞ്ഞ" പ്രയത്നം ചെയ്തിട്ടു "കുറഞ്ഞ ഫലം" സിദ്ധിച്ചവൻ അദ്ദേഹത്തെപ്പോലെ മറെറാരുവനില്ല. അദ്ദേഹം പൊതുപ്രവൎത്തനങ്ങളിൽ ഏൎപ്പെടുന്നതിന്നായി വളരെ ആദായകരമായിരുന്ന ഡോക്ടരുടെ പ്രവൃത്തി ഉപേക്ഷിച്ചു! അനവധികാലത്തേക്കുണ്ടായ രാഷ്ട്രീയ "കലഹ"ത്തിൽവെച്ചു്, കോൺഗ്രസ്സ്, പരസ്പരവിരുദ്ധങ്ങളായ രണ്ടു കക്ഷിയായി പിളിച്ചീൎക്കപ്പെട്ടു. അവയിലൊന്നിന്റെ സുസമ്മതനായ നേതാവു് ഡോക്ടർ ഗോപിചന്ദും മറേറതിലെത്തു ഡാക്ടർ സത്യപാലും ആയിരുന്നു. അങ്ങിനെ തിരിഞ്ഞതിന്നുശേഷം ഡാക്ടർ ഗോപിചന്ദ് തന്നത്താൻ ഒരു രാജാവാകുന്നതിനേക്കാൾ നല്ലതു രാജാവിനെ ഉണ്ടാക്കുന്ന പതാകയാണെന്ന ഒരു നൂതനതത്വം കണ്ടുപിടിച്ചു. അതിനാൽ, സ്നേഹിതന്മാരുടെ പ്രതിഷേധങ്ങളെ വകവെക്കാതെ അദ്ദേഹം എതിർകക്ഷി നേതാവിന്റെ സ്ഥാനം രാജിവെച്ചതുകൂടാതെ സഭയിലെ മെമ്പർസ്ഥാനവുംകൂടി രാജിക്കൊടുത്തു. ഇതേമാതിരിതന്നെ ഇദ്ദേഹം കോൺഗ്രസ്സ് സംഘടനയിലെ എല്ലാ തിരഞ്ഞെടുക്കുന്ന സ്ഥാനങ്ങളും ഉപേക്ഷിച്ചു. ദോഷകരമായ ഈ രാജിവെപ്പുകളെല്ലാം കഴിഞ്ഞു് അദ്ദേഹമിപ്പോൾ നിൎമ്മാണപരമായ പ്രവൎത്തനങ്ങളിലേൎപ്പെട്ടിരിക്കു

KOTTAYAM PUBLIC LIBRARY KOTTAYAM.

യാണു്. പാക്കിസ്ഥാനിൽ ജനസ്വാധീനമുള്ള ഒരു കോൺഗ്രസ്സ് നേതാവാണദ്ദേഹമെന്നതിനു തർക്കമില്ല. *

ഗോപിചന്ദിനെ പിൻതുടൎന്നതു സർദാർ സ്വരൻ സിംഗായിരുന്നു. ഇദ്ദേഹത്തിന്റെ മനോഹരവും തൂവെള്ളനിറമുള്ളതുമായ താടി കോൺഗ്രസ്സ് മീററിംഗുകളിൽ ഒരാകൎഷണവസ്തുവായിരുന്നു. കൂടാതെ അദ്ദേഹം അടുത്തകാലത്തുണ്ടായ അക്രമരാഹിത്യസമരത്തിൽ പങ്കേററ ഒരുവനായിരുന്നു. സർദാർ സാഹിബ്ബ് തന്നത്താൻ സ്ഥാനമൊഴിയുകയും കളിയായി തന്റെ പിന്തുടൎച്ചക്കാരന്റെ പേർ നിർദ്ദേശിക്കുകയുമാണു ചെയ്തതു്.

പുതിയ പാർട്ടി “ലീഡറാ”യി ഭീമസേൻസച്ചാറിനെയാണു ഐകകണ്ഠ്യേന തിരഞ്ഞെടുത്തതു്. ഇതു പാക്കിസ്ഥാനിൽ ഒരസാധാരണസംഭവമായിരുന്നു. ഒരു പക്ഷെ ഇതു് ഒരു “ഭാവിശ്രേയഃ പിശുനശകുനവു”മായിരിക്കാം! ആദ്യം ഒരഭിഭാഷകനായിരുന്ന സച്ചാർ ഇൻഷൂറൻസ് മേധാവിയായി

* ഒന്നാം ലോകമഹായുദ്ധത്തിൽ 1917-ൽ ആണു് ഡോക്ടർ ഗോപിചന്ദ് വൈദ്യ ബിരുദം നേടിയതു്. രണ്ടാം ലോകമഹായുദ്ധം തുടങ്ങി അഞ്ചാംവൎഷത്തിലാണു് സർവ്വകലാശാലാധികൃതന്മാർ അദ്ദേഹത്തിനു സർട്ടിഫിക്കററു് അയച്ചുകൊടുത്തതു്. ഈ ഇരുപത്തേഴുകൊല്ലത്തെ ചെറിയ താമസം ഒരിക്കലും ഇല്ലാതിരിക്കുന്നതിനേക്കാൾ കുറച്ചു താമസിക്കുകയാണു് ഭേദമെന്ന ആ പഴഞ്ചൊല്ലു് സത്യമാണെന്നു കാണിപ്പാൻവേണ്ടി കരുതിക്കൂട്ടിവരുത്തിയതായിരിക്കാം!

മാറി; "നാല്പതിനോട"ടുത്ത അദ്ദേഹം ഇന്നും അനുനയശീലനും സരസനുമാണ്".

ദിവാൻ ചമൻലാൽ ഇടതുപക്ഷമുന്നണിയിൽ എളുപ്പത്തിൽ പ്രാപ്തിനേടിയവനും ഏററവുമധികം പരിചയം ലഭിച്ചവനുമായ ഒരംഗമാണ്. ബുദ്ധിമാനും, സ്വാഭിപ്രായമുള്ളവനും വ്യവഹാരവിഷയങ്ങളിൽ ശക്തിയോടെ സംസാരിക്കുന്നവനുമായ ഇദ്ദേഹം ഒരൊന്നാംതരം നിയമനിർമ്മാതാവിനുവേണ്ട യോഗ്യതകളെല്ലാം തികഞ്ഞവനാണ്. എന്നിരുന്നാലും അദ്ദേഹത്തിന്നു മനോദാർഢ്യം കുറവായിരുന്നു; പ്രവൃത്തിക്കേണ്ട സന്ദർഭങ്ങളിൽ അവശ്യം ആവശ്യമായ ത്യാഗമനോഭാവം ചിലപ്പോഴും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല! പൊതുജീവിതത്തിൽ ഒട്ടനേകം യോഗ്യതകളുള്ള ഒരുവൻെറ ഉയർച്ചക്കു ദിവാൻ ചമൻലാലിൻെറ ബുദ്ധിസാമർത്ഥ്യത്തോടുകൂടിയ വിനോദരസികത്വം ഒരു "വിലങ്ങുതടി"യായിരുന്നു. ഇപ്പോഴും സമയം വൈകിയോ? എന്നു ഒരുവന്നു അത്ഭുതം തോന്നാം!.

ഒരു പക്ഷെ പാക്കിസ്ഥാൻ പാർലിമെൻറിലെ ഏററവും സരസനായ ഒരംഗം ചൗധരി കൃഷ്ണഗോപാൽഡട്ടാണ്. ഇദ്ദേഹത്തെ നല്ലവണ്ണം ശ്രദ്ധിച്ചുകൊള്ളൂ, കാരണം ഇദ്ദേഹം ബഹുദൂരം പുരോഗമിക്കും! നല്ലവണ്ണം വായിച്ചറിവുള്ളവനും, വളരെ ദേശസഞ്ചാരം ചെയ്തിട്ടുള്ളവനുമായ ഇദ്ദേഹത്തിന്നു തികഞ്ഞ ഹൃദയസംസ്കാരവും, ആകർഷകമായ വ്യ

ക്തിപ്രാഭവവും. സുഖജീവിതത്തിൽ നിന്നുണ്ടായ
മനഃസ്വാസ്ഥ്യവും സദാസന്തോഷവും നേരമ്പോ
ക്കും കൂടിയ ഒരു സ്വഭാവമുണ്ടു്. ചൗധരി കൃഷ്ണഗോ
പാൽ ഡട്ടു്, തന്റെ അമൂല്യമായ ഫലിതംകൊ
ണ്ടു് അനവധി "നല്ല" സ്നേഹിതന്മാരെ ഉണ്ടാക്കി;
ഇദ്ദേഹത്തിന്റെ പരിഹാസം എതിരാളികളുടെ
"ഉരുക്കുകോട്ട"കളെപ്പോലും തുളച്ചുകയറുവാൻ ത
ക്ക കെല്പുള്ള വസ്തുമായിരുന്നു. പാർലിമെന്റിലെ മു
ന്നാംകിട പ്രാസംഗികന്മാരിൽ ഒരുവനാണു് ഇ
ദ്ദേഹം; നല്ലക്ഷമയോടുകൂടിയാണു് ഇദ്ദേഹം ഓരോ
കാര്യവും പഠിക്കുക. തീർച്ചയായും ഇദ്ദേഹം പാക്കി
സ്ഥാൻ രാഷ്ട്രീയനഭോമണ്ഡലത്തിലെ ഒരുജ്ജ്വല താ
രമാകുന്നു!

കോൺഗ്രസ്സ് വിഭാഗത്തിലെ മററു പ്രമു
ഖികളിൽ— പാക്കിസ്ഥാൻ കോൺഗ്രസ്സധ്യക്ഷനാ
യ മിയാൻ ഇഫ്ത്തിക്കറുദീൻ, സരസനും പ്രൗഢ
നും, ശാന്തനും— കാര്യത്തിൽ അത്ര തീരെ ശാന്തന
ല്ല— പ്രധാന"വിപ്പ്"മായ സേത് സുഖശൻ; കാര്യ
ത്തെക്കുറിച്ചു മാത്രം സംസാരിക്കുകയെന്ന സുദുർല്ല
ഭമായ യോഗ്യതയോടുകൂടിയ ഒരു പ്രയത്നശീല
നായ പ്രാസംഗികനും എന്നാൽ ലജ്ജാശീലനു
മായ പാർലിമെൻററി പാർട്ടി സിക്രട്ടറി സർദാർ
കപൂർസിംഗ്; ഒട്ടുവിലായി "ഭക്ത"ന്മാരെ ഇഷ്ട
പ്പെടുന്നവനും— അവരെ "സർവ്വാധികാരി"കളെന്നു
വിളിപ്പാൻപോലും സങ്കോചമില്ലാത്തവനും ഒരു

കാലത്തു താനും അപ്രകാരമൊരുവനാകുമെന്നു സ്വയം സ്വപ്നം കാണുന്നവനുമാണദ്ദേഹം—ഭീകരനുമായ സർദാർ പ്രതാപ്സിംഗ്, എന്നിവർ ഉൾപ്പെടുന്നു. അവസാനമായി ആ രണ്ടു ലാലാദുനിചന്ദുമാരുണ്ടു്. ഇവർ പാകിസ്താനു പുറത്തുള്ളവരെയെല്ലാം തങ്ങളുടെ നാമം തുടരെത്തുടരെ കൂട്ടിക്കലർത്തിയതുകൊണ്ടു പലപ്പോഴും കുഴപ്പത്തിലാക്കിയിരുന്നു. ലാഹോറിൽനിന്നും വരുന്ന ലാലാദുനിചന്ദു രണ്ടു ഒരവഷങ്ങളുമായി എണ്ണമററ ത്യാഗങ്ങളനുഷ്ഠിക്കുന്നവനാണു്; ഇതുപോലെതന്നെ അംബാലയിൽനിന്നും വരുന്ന ലാലാദുനിചന്ദ് ഒരു വയോവൃദ്ധനായ ജയിൽപ്പുള്ളിയാകുന്നു. ഇദ്ദേഹം പണ്ടു "സ്വരാജ് പാർട്ടി"യുടെ "നല്ല കാലത്തു്" അതിലെ ഉന്നതവ്യക്തികളിലൊരാളായിരുന്നു! ശൂരനായ ലാലാലാജ്പത്റായിയുമായി കോൺഗ്രസ്സ് താല്പര്യങ്ങളെക്കുറിച്ചു് ഇദ്ദേഹം ധാരാളം പടവെട്ടിയിട്ടുണ്ടു്. അവസാനം "ഇന്ത്യയിലെ അൾസ്റ്റർ (The Ulster of India) എന്ന വഷളായ ഒരു പുസ്തകമെഴുതി എല്ലാവരെയും ഇച്ഛാഭംഗപ്പെടുത്തുകയാണുണ്ടായതു്. ഇദ്ദേഹത്തിനു മറെറാരു പ്രാധാന്യം കൂടിയുണ്ടു് — ഇദ്ദേഹത്തെപ്പോലെതന്നെ ഇദ്ദേഹത്തിന്റെ ഭാര്യയും ഒരു പാർലിമെൻറ് മെമ്പറാണു്.

## VII

പാർലിമെൻറിലെ മററു പ്രധാനവ്യക്തികളെ നമുക്കിനി പരിചയപ്പെടാം.

കോൺഗ്രസ്സിൻെറ ഒരു "ഇറങ്ങിപ്പോക്കിൻെറയും 'കയറിവരവി"ൻെറയും ഇടക്കാലത്തു സർദാർ സന്തോഷ്സിംഗ് എതിർ പക്ഷത്തിൻെറ നേതൃസ്ഥാനം വഹിക്കുകയുണ്ടു്. ഇദ്ദേഹം വ്യാപാരിസംഘത്തിൻെറ 'ജനസ്വാധീനമുള്ള' ഒരു നേതാവും യുദ്ധാനുകൂലിയും യൂണിയനിസ്റ്റുകാരുടെ വിരോധിയുമാണ്. ഇദ്ദേഹത്തിൻെറ ആദർശം "രാജ്യതന്ത്രത്തിൽ രക്ഷയാണ് ഒന്നാമത്തെ ആവശ്യം" എന്നാകുന്നു.

പാക്കിസ്ഥാനിൽ, യൂണിയനിസ്റ്റുകാരുടെ പ്രബലനായ ഒരെതിരാളി സുപ്രസിദ്ധ അഹ്റാർ നേതാവായ മൗലാനാ മസ്ഹാർ ആലി അസ്ഹാർ ആകുന്നു. ഇസ്ലാം ഉപദേശങ്ങളിൽ പണ്ഡിതനായ ഇദ്ദേഹത്തിനു അറബി ഭാഷയിലെന്നപോലെ ഉർദുവിലും ഇംഗ്ലീഷിലും "വെള്ളംപോലെ" സംസാരിക്കുവാൻ സാധിക്കും. ഒരു വ്യാഖ്യാതാവും, സംഘടകനും, പ്രസിദ്ധവാഗ്മിയുമായ ഇദ്ദേഹം അനേകം കഷ്ടപ്പാടുകൾക്കിരിപ്പിടമത്രെ. ഇദ്ദേഹത്തിൻെറ സഹപ്രവത്തകനും നേതാവുമായ ചൗധരി അഫ്സൽഹക്കിൻെറ മരണശേഷം ആവക കഷ്ടപ്പാടുകൾ ശതക്കണക്കിനു വദ്ധിച്ചിരിക്കയാണ്.

സർ ഗോഖൽചന്ദ നരാങ്ങ് പാർലിമെൻെററിലെ ഒരു പ്രധാന വ്യക്തിയാണ്. "പട്ടാളനിയമ" കാലങ്ങളിൽ അദ്ദേഹത്തെ അറസ്റ്റുചെയ്തു. വള

രെ കൊല്ലങ്ങൾക്കുശേഷം അദ്ദേഹം ഒരു മന്ത്രിയായി; അനേക സംവത്സരകാലം ഹിന്ദുമഹാസഭയുടെ മാർഗ്ഗദർശിയുമായിരുന്നു. ഇത്രയധികം സ്വാധീനശക്തിയും പ്രതാപവുമുള്ള ഇദ്ദേഹത്തിന്നു കൂടുതൽ പ്രശസ്തി ഉണ്ടായിട്ടില്ലെന്നുള്ളതു് അത്ഭുതകരമായിരുന്നു. ഇതിന്റെ കാരണം, അദ്ദേഹം സേവനസന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, ഈ കലാപകാലത്തു്, അതിന്നനുസരിച്ചു ത്യാഗം ചെയ്യുവാൻ ഒരുങ്ങുന്നില്ലെന്നുള്ളതാണു്. എന്നാൽ അദ്ദേഹം പാർലിമെന്റിലെ അതിസമർത്ഥന്മാരായ അംഗങ്ങളിൽ ഒരുവനും പൊതുജനസമ്മതനായ ഒരു പ്രാസംഗികനുമാണു്. നരാങ്ങിന്റെ പ്രസ്താവനകൾ പരിഹാസവും ശകാരവും യുക്തിവാദവുംകൊണ്ടു നിറഞ്ഞിരിക്കും. അദ്ദേഹത്തിന്നു യൂണിയനിസ്റ്റുമന്ത്രിസഭാ "ബെസ്സ്" കിട്ടുകയുണ്ടായില്ല; എന്തെന്നാൽ നരാങ്ങിന്നെതിരായി സർ ഛോട്ടുറാം തന്റെ സർവ്വശക്തികളുമുപയോഗിച്ചു ഡാക്ടർ മനോഹർലാലിനെ പിന്താങ്ങി!

സർദാർ ബലദേവസിംഗ് "അകാലി സ്വണ്ണ" ഖന്ദ്യയായിട്ടാണു് അറിയപ്പെടുന്നതു്. ഒരു വമ്പിച്ച വ്യവസായപ്രമുഖനായ ഇദ്ദേഹത്തിന്നു ജംഷെഡ്പൂരിലും മററുമായി വലിയ "ഓഹരി"കൾ ഉണ്ടു്. ഇദ്ദേഹം "ഇന്ത്യാലീഗി"ലെ "കാൽസാ ഡിഫൻസി"ന്റെ സംഘാടകന്മാരിൽ ഒരുവനും "പട്ട്യാല പരിരക്ഷകസംഘ"ത്തിന്റെ കീഴിലുണ്ടായ

"ജീൎണ്ണോദ്ധാരണ" പ്രവൎത്തനങ്ങളിൽ സംബന്ധിച്ചു വന്നമാണു്. പാർലിമെൻറിലേക്കുള്ള ഒരു ഉപതിരഞ്ഞെടുപ്പിൽ സ്വതന്ത്രനായി ജയിച്ചു ബലദേവസിംഗ് പാർലിമെൻറിന്നകത്തു പതിനഞ്ചു് അംഗങ്ങളുള്ള ഒരു സ്വതന്ത്രകക്ഷി സൃഷ്ടിച്ചു. ഇതിന്റെ അൎത്ഥം അധികം വിദൂരമല്ലാത്ത ഒരു ഭാവിയിൽ ഇദ്ദേഹവും മന്ത്രിസ്ഥാനത്തിന്നു് "അവകാശി"യാകുമെന്നാണല്ലോ!

*　　*　　*　　*　　*

ഒരു കാലത്തു യുവജനങ്ങളുടെ ആദൎശമായിരുന്നവനും, "തീവിഴുങ്ങി"യായ ഒരു തീവ്രവാദിയുമായ ഡാക്ടർ മൊഹമ്മത് ആലം തന്റെ ഉന്നതസ്ഥാനത്തുനിന്നും താഴോട്ടിറങ്ങിവന്നതു കേവലം ഒരു രാജ്യതന്ത്രജ്ഞനാകുവാൻ വേണ്ടിയാണു്! അദ്ദേഹമിപ്പോൾ തന്റെ നിൎവ്വിവാദമായ കഴിവുകളും വിരക്തസ്വഭാവവും ജീവിതത്തിലുള്ള ഇച്ഛാഭംഗങ്ങളെ മറയ്ക്കുന്നതിന്നായിട്ടാണു് ഉപയോഗിക്കുന്നതു്. കൂടാതെ വിഷയലമ്പടമായ ജീവിതത്തിന്റെ മറവിലൂടെ ഭാഗ്യദേവതയിലേക്കു കൈകനീട്ടുവാൻവേണ്ടി അഭിഭാഷകവൃത്തിയിൽനിന്നും നല്ലൊരാദായമുണ്ടാക്കുവാനും അദ്ദേഹം തന്റെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതു്!

മാലിക്ക് ബർക്കത് ആലി, ഉത്തിഷ്ഠമാനനായ ഒരു നിയമജ്ഞനും തന്റെ "വ്യവഹാരക്കുറിപ്പു"കളിലൂടെയും "കക്ഷി"കളിലൂടെയും പൊതുജനനേതൃ

ത്വവിദ്യയെ അലങ്കോലപ്പെടുത്തുന്നതിൽ നിരന്തരം വ്യാപൃതനായിരിക്കുന്നവനുമാണ്. മുസ്ലീംലീഗു “ടിക്കററി”ന്മേൽ പാർലിമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഒരേ ഒരംഗമാണെന്ന അസാധാരണമേന്മ മാലിക്ക് ഉർക്കത് ആലിക്കുണ്ടു്! ശേഷമുള്ളവർ “കലാപ”ത്തിന്നു ശേഷം പിന്നെ മാത്രമായി ചേർന്നവരത്രെ! ഇദ്ദേഹത്തെപ്പററി “അവിശ്വാസികളിൽവെച്ചു വിശ്വസ്തനായ ഏകൻ” എന്നു തികച്ചും പറയാം!

ഉർക്കത് ആലി ഏകനെങ്കിലും ഒരതിഥേയനാണ്. ഇദ്ദേഹം ഒരനൽപ്പപ്രാസംഗികനും ഭരണത്തെ വളരെ ധാടിയോടെ വിമർശിക്കുന്നവനുമാണ്. എന്നാൽ സഭയിൽവെച്ചു് ഇദ്ദേഹവും മന്ത്രിസഭാംഗങ്ങളും തമ്മിൽ പരസ്പരം കൈമാറുന്ന ഉഗ്രമായ ചാട്ടവാക്യ”ങ്ങൾ പാക്കിസ്ഥാനിലെ പത്രവായനക്കാർക്ക് ഏററവും സന്തോഷകരങ്ങളത്രെ!

ഖാൻബഹദൂർ നവാബ് മുസഫർഖാൻ അദ്ദേഹം അനുഗ്രഹിക്കുമ്പോഴൊക്കെ “യൂണിയനിസ്റ്റ് വിശിഷ്ട”ന്മാർക്ക് പ്രത്യേകമായ കഴിവുകൾ ഉണ്ടാക്കിക്കൊടുക്കുവാൻ സാധിക്കും! മുമ്പത്തെ റവന്യൂ മന്ത്രിയും വലിയ ജമിന്ദാരുമായ ഇദ്ദേഹം ഒരു കൗശലക്കാരനെന്നപോലെ ഒരു യാഥാസ്ഥിതികനും കൂടിയാണ്. പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇദ്ദേഹത്തെ സാധാരണയായി “മഴക്കാലത്തേക്കു” കരുതിവെക്കുക പതിവാണ്!

സർമൊഹമ്മദു ജമാൽഖാൻ ലൽഘോറി പ്രാചീനപ്രഭുത്വത്തിൻെറ ഒരു തനിപ്രതിരൂപമായുള്ളവനും ചരിത്രപരമായി പറകയാണെങ്കിൽ ശ്രുതിപ്പെട്ട “ബോർബോൺ” * കമ്പനിയിൽ പെട്ടവനുമാണു്. അനവധി കാലമായി മന്ത്രിസ്ഥാനത്തേക്കു പ്രതീക്ഷിക്കുന്നവരുടെ “പട്ടിക”യിൽ ഇദ്ദേഹവും ഉൾപ്പെട്ടിരുന്നു; എന്നാൽ യൂണിയനിസ്റ്റു പാർട്ടിത്തലവന്മാരുടെ നിഷ്കപടമായ പ്രവൃത്തികൾ, ഇദ്ദേഹത്തിൻെറ കാര്യത്തിൽ “കുല തൊടാറാകുമ്പോൾ തുള്ളപ്പറക”യെന്ന പഴഞ്ചൊല്ലനുസരിച്ചു പ്രവത്തിക്കുന്നതിനാൽ ഇതേവരെ വിജയിച്ചു.

* * * * *

സർദാർ ബഹദൂർ സർദാർ ഗുരുബച്ചൽസിംഗ് “കൺസാനാഷനൽ പാർട്ടി” നേതാവാണു്. സംസ്കാരസമ്പന്നനായ അദ്ദേഹം ഇക്ബാലിൻെറ കവിതയെ സംബന്ധിച്ച ഒരു പുസ്തകത്തിൻെറ കത്താവാണു്. ഒരു വലിയ “പാരമ്പര്യ”ജന്മിയായ അദ്ദേഹം ജലന്തർ ജില്ലയിലെ മാസ്സൂർ കബൂൽസിംഗിൻെറ തോട്ടു തൊട്ടു നിയോജകമണ്ഡലത്തിൽ നിന്നും പാർലിമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴും സർദാർ ബഹദൂർ പാർലിമെൻറിലെ പുതിയ ഡപ്യൂട്ടിസ്പീക്കറത്രേ!

ഗിയാനി കർത്താർസിംഗാകട്ടെ ഒരു പുതിയ സിക്കു “ചാണക്യ”നാണു്. രാഷ്ട്രീയ ജ്ഞാനിമേൽ

* ഒരു തരം വിസ്കി.

കളിക്കാരനായ ഇദ്ദേഹത്തെ അകാലികളുടെ "തലച്ചോറു" എന്നേ സാധാരണ വിളിക്കാറുള്ളൂ. രാഷ്ട്രീയ യന്ത്രപ്പണികളുടെ "ആരാന്നോ"യ കർതാർസിംഗ് കോൺഗ്രസ്സിൽനിന്നു തന്റെ യുദ്ധവിരുദ്ധനയം കാരണം രാജിവെച്ചു. എന്തെന്നാൽ അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു, ഇതു സ്പഷ്ടമായും സൈന്യത്തിൽ പുതിയതായി സിക്കുകാരെ ചേക്കുന്നതിനെ ബാധിക്കുമെന്നും അക്കാരണത്താൽ അവക്കു സൈന്യത്തിലുള്ള ആകത്തുക കുറയുമെന്നും! എന്നാൽ ഒന്നുരണ്ടല്ലാ, കർതാർസിംഗ് വലിയ ത്യാഗങ്ങൾക്കു സന്നദ്ധനാണു; പക്ഷേ ഇതൊരു വലിയ ത്യാഗമായിരുന്നില്ലല്ലോ? ആദർശങ്ങൾ അവയുടെ. വഴികളിലൂടെ തനിക്കു പോയ്ക്കൊണ്ടിരുന്നു; എന്നാൽ ഗിയാനി കർതാർസിംഗ് അവയെ അകലത്തുനിന്നു മാനിക്കുന്നതിന്നു മാത്രമേ ഉന്നിഞ്ഞുള്ളൂ മാസ്റ്റർ താരാസിംഗിന്റെ പൊതുസമ്മതിയും പദവിയും ഗിയാനിയുടെ ആദർശങ്ങളും ഇപ്പോൾ മനോഹരമായ ഒരു സംയോഗമാണു് ഉളവാക്കിയിരിക്കുന്നതു്!

കർതാർസിംഗിന്നു സാധാരണയായി ധാരാളം സ്തുതിപാഠകന്മാരും ദൂഷകന്മാരും ഉണ്ടു്; എന്നാൽ ഇവർ രണ്ടുകൂട്ടർക്കും ഒരേ ഒരു കാര്യത്തിൽ യോജിപ്പുണ്ടു്"—അദ്ദേഹം "വിശേഷദിവസങ്ങളിൽ മാത്രമേ കളിക്കുക പതിവുള്ളൂ.

ഒടുവിലായി പാർലിമെൻററി പാർട്ടി സിക്രട്ടറിയെപ്പററി അഭിനന്ദനമായി ഒരു വാക്കു്! അദ്ദേഹത്തിൻെറ പരാജയ മറിയാത്ത സാമർത്ഥ്യം, അക്ഷീണവും ക്ഷമാവിശാലവുമായ ജ്ഞാനം എന്നിവ ബഹുമാനപ്പെട്ട "അംഗങ്ങൾക്കുകൂടി സഹായകമായി തീരാറുണ്ടു്. ആരുമറിയാതെ ചലിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം വിവിധരീതിയിലുള്ള എത്രതരം പ്രവൃത്തികളാണു് ചെയ്തുകൊണ്ടിരിക്കുന്നതെന്നോ?

## VIII

പാർലിമെൻറിലെ ചില പ്രധാനാംഗങ്ങളുടെ "വഗ്ഗ്"ങ്ങളുമായി പരിചയപ്പെട്ടതിന്നുശേഷം, വിദൂര രാജ്യങ്ങളിൽകൂടി വ്യാപിച്ചു് അവിടങ്ങളിലെ മാതൃകാഭൂതങ്ങളായ പാർലിമെൻറുകളുടെ ഛായയെക്കൂടി സമുല്ലംഘിച്ചു കീർത്തിയോടുകൂടിയ ആ ശ്രേഷ്ഠമായ ജനപ്രതിനിധി സഭയുടെ സമ്മേളനത്തിലേക്കു ഇനി നമുക്കൊന്നു തിരിഞ്ഞു നോക്കുന്നതു് ഗുണകരമായിരിക്കും!

സഭാനടപടികൾ സാധാരണയായി വീറോടും ചിലപ്പോൾ അസാധാരണമായും വരാറുണ്ടു്. വാദപ്രതിവാദകോലാഹലങ്ങളിൽ പലപ്പോഴും ബഹുമാനപ്പെട്ട അംഗങ്ങളോടു ശാന്തരായിരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സ്പീക്കറുടെ ഉദ്ബോധവാക്കുകൾ കേൾക്കാം. സ്പീക്കർക്ക് മിക്കസമയവും, വാദപ്രതിവാദങ്ങളെ സജീവമാക്കുന്ന തുടർച്ചയായു

ള്ള പരിഹാസവും "തിക്കും തിരക്കും" കൂടാതെ കഴിക്കുന്നതിന്നു്, ഉടൻ പ്രവർത്തിക്കേണ്ടതായി വരാറുണ്ടെന്നുകൂടി പറയപ്പെടുന്നുണ്ടു്.

വിനോദപ്രിയന്മാരായ ചില എതിർപക്ഷക്കാർ യൂണിയനിസ്റ്റുകക്ഷിയിലും അതിന്റെ കൂട്ടുകക്ഷിയിലുമുള്ള അംഗങ്ങളെ "ഉമ്മകൾ, ലക്കില്ലാത്ത മൃഗങ്ങൾ" എന്നെല്ലാം വിളിക്കാറുണ്ടു്. ഈ വണ്ണന്ന ചുരുക്കിപ്പറകയാണെങ്കിൽ, ഈർഷ്യാഭരിതമായ ധിക്കാരമാണു്. ആ ബഹുമാനപ്പെട്ട അംഗങ്ങളെ പ്രബലന്മാരും, ശാന്തന്മാരും, അച്ചടക്കത്തിന്നു മാതൃകയായുള്ളവരും പാർലിമെന്റിൽ സ്വന്തം നേതാവിന്റെ ആജ്ഞയെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നവരുമായിട്ടാണു് വ്യവഹരിക്കേണ്ടതു്. അത്രത്തിലുള്ള സ്വാമിഭക്തി ഈ കാലഘട്ടത്തിൽ കാണുവാൻ പ്രയാസവും അതുല്യവുമാണെങ്കിലും, അതു ഭാവിതലമുറകൾക്കൊരു ഭാസുരമായ ഉദാഹരണമായിരിക്കും!

എതിർപക്ഷ മെമ്പർമാരെ പ്രമേയങ്ങളവതരിപ്പിപ്പാൻ യഥേഷ്ടം അനുവദിക്കാറുണ്ടു്. എന്നാൽ കുടിലഹൃദയന്മാരായ അവർ ചിലപ്പോൾ വിവാദം വർദ്ധിപ്പിക്കുവാൻവേണ്ടി "അടിയന്തരപ്രമേയങ്ങൾ" കൊണ്ടുവരിക പതിവാണു്. ആ പ്രമേയങ്ങൾ ക്രമാനുസൃതങ്ങളാണെങ്കിൽ സ്പീക്കർ അവയെ അനുവദിക്കുന്നു; അപ്രകാരം ചെയ്യാതിരുന്നാൽ "ക്രമക്കേടു"കൾ ആരംഭിക്കുകയായി—ഇതു 'ദൈവ"

ങ്ങൾക്കു കാണ്മാനുള്ള നല്ലൊരു കാഴ്ച്ചയാണു്. സ്ത്രീകൾ ഈവക രംഗങ്ങളെ ഇഷ്ടപ്പെടുന്നതായി ഭാവിക്കുന്നു; എന്തുകൊണ്ടെന്നാൽ നിയമതടസ്ഥവാദങ്ങളുടെ "അധികാരി"യായ ഇദ്ദേഹം, നടവടിയിലുള്ള ക്രമങ്ങളും, ക്രമക്കേടുകളും വളരെ വേഗത്തിൽ വേർതിരിക്കുന്നു; ചിലപ്പോൾ—അത്യാവശ്യമാണെങ്കിൽ മാത്രം—ഹിന്ദുസ്ഥാനിലൊരിടത്തും കാണാത്ത "അസംബ്ലി മാർഷലി"ന്റെ സഹായത്തോടുകൂടിയാണിതു പതിവു്! എന്നാൽ മന്ത്രിസഭാംഗങ്ങൾ നിസ്സാരങ്ങളായ ഈവക അടിയന്തരപ്രമേയങ്ങളെ ആകപ്പാടെ ഇഷ്ടപ്പെടുന്നില്ല. എറുമ്പിൻ പുററിനെ "മഹാമേരു"വാക്കുന്ന ഇത്തരം പ്രമേയങ്ങൾ, ഉദാരമായ രാജധർമ്മങ്ങളിന്റെ ബുദ്ധിപൂർവ്വമായ പദ്ധതികളെ, നിർമ്മാണപരമാക്കുന്നതിന്നു പകരം താറുമാറാക്കുവാൻ മാത്രമേ ഉതകുകയുള്ളൂ എന്നവർ കരുതുന്നില്ലാ. ഉദാഹരണമായി, ഒരു ലാത്തി-ച്ചാർജ്ജു് (അല്ലെങ്കിൽ ഇവിടെ ലാത്തിക്കൊണ്ടാണു സമരം?) ഉണ്ടാകയും അതിൽവെച്ചു നൂററഞ്ഞൂററാളുകൾക്കു പരുക്കേല്ക്കുകയും ചെയ്തുവെന്നിരിക്കട്ടെ. എങ്കിൽ, എതിർപക്ഷക്കാർ, "[illegible]ബോധ"മുള്ള മനുഷ്യരെപ്പോലെ ഇവരെ അടുത്തുള്ള ആസ്പത്രിയിലേക്കയച്ചു കാര്യം അവസാനിപ്പിക്കുന്നതിന്നു പകരം തീർച്ചയായും ഒരടിയന്തരപ്രമേയമവതരിപ്പിക്കുകയായി, അഥവാ ചില പാർലിമെന്റംഗങ്ങൾ ലാത്തിച്ചാർജ്ജു വീക്ഷിച്ചുവന്നതി

ന്നു കണ്ണോടെ അറസ്റ്റുചെയ്യപ്പെടുകയാണെങ്കിൽ അതിന്നും അപ്രകാരം ഒരു പ്രമേയം കൊണ്ടുവരികയായി! അവരിൽ കോൺഗ്രസ്സദ്ധ്യക്ഷനും എതിർപക്ഷനേതാവും ഉൾപ്പെടുന്നുണ്ടെങ്കിൽതന്നെ എന്താണു്? പ്രധാനമന്ത്രിതന്നെ സഭയിൽ വികാരാവേശത്തോടെ പറകയുണ്ടായി—"ഇക്കാര്യം തനിക്കു സ്വന്തം സഹോദരന്മാരെപ്പോലെ പ്രിയപ്പെട്ട ചിലർ ഉൾപ്പെടെയുള്ള അന്യന്മാരെ സംബന്ധിച്ചുതാണു്. പക്ഷേ നിയമം വ്യക്തികളെ ബഹുമാനിക്കുകയില്ല." എത്ര മഹനീയമായ അഭിപ്രായം! പിന്നീട്ടു പ്രധാനമന്ത്രി, പാർലിമെൻറിലും പുറത്തും വലിയ കുഴപ്പം സൃഷ്ടിക്കുന്ന ശ്രുതിപ്പെട്ട ശ്രീനാദേവിയെയൊഴിച്ചു വേറെയുള്ള എല്ലാ അംഗങ്ങളെയും വിമുക്തരാക്കുവാൻ കല്പിച്ചപ്പോൾ, കൃതജ്ഞത സൂചിപ്പിക്കേണ്ടതിന്നു പകരം ആ സ്ത്രീയെ വിടാതിരിക്കുന്നതിൽ പ്രതിഷേധിച്ചു്, ഒരടിയന്തരപ്രമേയമവതരിപ്പിക്കയാണുണ്ടായതു്! ഇവയൊന്നും കൂടാതെ, ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ "അവന്റെ കാര്യത്തിൽ കയ്യിടുന്നവരെ"പ്പറ്റി നീരസമുളവാക്കുന്നതോ മനസ്സിലാകാൻ പ്രയാസമുള്ളതോ ആയ എന്തെങ്കിലും ഒന്നു പ്രസ്താവിച്ചാൽ മതി "അടിയന്തരപ്രമേയം" വരികയായി! ഈ ഉദ്യോഗസ്ഥൻ ഭാഷയിലല്ലാ, നിയമത്തിലാണു "പ്രാമാണിക്"നായിരിക്കുന്നതെന്നു പ്രമേയകർത്താക്കൾ തീരെ മറന്നുപോകുന്നു!

## IX

ഇത്തരത്തിലുള്ള ഒരു സന്ദർഭത്തിൽ, പ്രധാനമന്ത്രി ധൈര്യസമേതം, തനിക്ക അറസ്ററിനെപ്പററിയോ ലാത്തിച്ചാർജ്ജിനെപ്പററിയോ അറികയില്ലെന്നു തീർത്തുപറഞ്ഞിട്ടുകൂടി വളരെ വാശിയോടുകൂടി ഒരടിയന്തരപ്രമേയമവതരിപ്പിച്ച ബഹുമാനപ്പെട്ട ഒരു മെമ്പർ ചാടിയെഴുന്നേററു്, ഇവ രണ്ടും നടന്നതു പ്രധാനമന്ത്രിയുടെ മൂക്കിന്നു കീഴിൽവെച്ചായിരുന്നുവെന്നും എന്നിട്ടും അദ്ദേഹം അതിനെപ്പററി ഒന്നും അറിഞ്ഞില്ലെന്നു നടിക്കുന്നതു് ആക്ഷേപാർഹമാണെന്നും തട്ടിവിട്ടു. ഈ ആരോപണങ്ങൾക്ക പ്രധാനമന്ത്രി "ചുട്ട" മറുപടി കൊടുത്തു.

പ്രധാനമന്ത്രി:— എന്റെ മൂക്കിന്നു കീഴിൽ യാതൊന്നും നടന്നിട്ടില്ല. രാത്രിയായപ്പോഴാണു ലാത്തിച്ചാർജ്ജിനെപ്പററി ഞാനറിഞ്ഞതു്; ഉടനെ അന്വേഷണങ്ങൾ നടത്തി. എന്നാൽ അറസ്ററുകളെയൊക്കായി പറയപ്പെടുന്നതിന്റെ പരിതഃസ്ഥിതികളെപ്പററി എനിക്ക യാതൊരു വിവരവുമില്ല.

ലാലാദേശബന്ധുഗുപ്ത—പ്രധാനമന്ത്രിയുടെ അറിവോടുകൂടാതെയാണോ അറസ്ററുകൾ നടന്നതു്?

സ്പീക്കർ—ക്രമാനുസൃതമായ ഒരു ചോദ്യമല്ലിതു്?

പ്രധാനമന്ത്രി—എന്തു കാരണത്താൽ ഏതു വിധത്തിൽ അറസ്ററുകൾ നടന്നുവെന്നെങ്ങനെയാണ് ഞാൻ അറിയുക?

ലാലാദേശബന്ധു—ഇതൊരു ഗൗരവമേറിയ സംഗതിയാണ്. എതിർപക്ഷത്തിലെ പ്രധാന മെമ്പർമാരുടെ അറസ്റ്റിനെപ്പററി മന്ത്രി അറിഞ്ഞിട്ടില്ലെന്നു സമ്മതിക്കുന്നതുതന്നെ ഒരു അടിയന്തര പ്രമേയത്തിന്നു മതിയായ വിഷയമാണ്!

(ട്രിബ്യൂൺ, ഫെബ്രുവരി 25, 1942)

ബഹുമാനപ്പെട്ട മെമ്പർമാർക്ക് അടിയന്തര പ്രമേയങ്ങളിലുള്ള താല്പര്യം അതിന്റെ കാരണങ്ങളോടൊപ്പംതന്നെ വളർന്നുവരുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്നുവേണ്ടിയും വിശാലമായ സഹിഷ്ണുതക്കുവേണ്ടിയും വളരെ പ്രയത്നം ചെയ്ത ഒരു ഭരണകൂടത്തിന്നു നേരെയാണ് കൃതഘ്നതാസൂചകങ്ങളായ ഈ പ്രമേയങ്ങളെല്ലാം! ഇത്തരത്തിലുള്ള സംഭവങ്ങളുടെ ആവർത്തനം ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്മേലുള്ള ഒരു ഘോരാഘാതമായിരിക്കും!

X

ചോദ്യോത്തരവേളയിൽ—പ്രത്യേകിച്ചും ഭരണാധിപന്മാർ ഉപധാനാഭ്യർത്ഥനകൾ കൊണ്ടുവരുമ്പോൾ—ബഹുമാനപ്പെട്ട അംഗങ്ങൾ തങ്ങളുടെ സാമർത്ഥ്യത്തെ കാണിക്കുന്ന അനവധി രസകരങ്ങളായ ചോദ്യങ്ങൾ ചോദിക്കാറുണ്ട്. ഒരിക്കൽക്കൂടി ആ സുപ്രസിദ്ധ പത്രമായ "ട്രിബ്യൂണി"ന്റെ 1942 മാർച്ച് മാസം 7-ാം തിയ്യതിയിലെ, പന്ത്രണ്ടാം പേജിലുള്ള ഒരു റിപ്പോർട്ടു പരിഹാസപടമായി, ഞാനിവിടെ ഉദ്ധരിക്കാം.

ദിവാൻ ചമൻലാൽ ഉല്പാദനമന്ത്രിയോടു ചോദിച്ചു—"ഗവമ്മേണ്ടു "ഉമ്ര്" പരുത്തി വാങ്ങുന്ന മാതിരിതന്നെ "ദേശി" പരുത്തി വാങ്ങേണ്ട ആവശ്യത്തിലേക്കു കേന്ദ്രഗവമ്മേണ്ടിൻെറ അടുക്കൽ സനിർബ്ബന്ധമായ വല്ല നിവേദനവും സമപ്പിച്ചിട്ടുണ്ടോ എന്നു സഭയോടു പറയാമോ?"

സർദാർ ഉജ്ജ്വൽസിംഗ് (ഉല്പാദനമന്ത്രി) മറുപടി പറഞ്ഞു, "നിവേദനങ്ങൾ സമപ്പിക്കുന്നതിനു ധാരാളം മാഗ്ഗങ്ങളുണ്ടായിരുന്നു" എന്നു.

സർദാർ സന്തോഷ്സിംഗ്—"ടെലഫോൺ മാഗ്ഗമായിട്ടാണോ അതു സമപ്പിച്ചതു്? (ചിരി)

ദിവാൻ ചമൻലാൽ—"ഏതു വഴിക്കാണു നിവേദനങ്ങൾ നടത്തപ്പെട്ടതെന്നതിനെക്കുറിച്ചു ഞങ്ങൾക്കറിയേണ്ട ആവശ്യമില്ല. എൻെറ ബഹുമാനപ്പെട്ട സ്നേഹിതനു ഇംഗ്ലീഷുഭാഷ അറിയുമെങ്കിൽ ഞാനൊരു ലളിതമായ ചോദ്യമാണു ചോദിക്കുന്നതു്—"ഒരു നിവേദനം സമപ്പിച്ചുവോ ഇല്ലയോ" സർദാർ ഉജ്ജ്വൽസിംഗ്—(ചിരിയുടെ ബഹളത്തിന്നിടയിൽ) ഈ ഭൂമുഖത്തു ജീവിക്കുന്നവരിൽവെച്ചു് ഇംഗ്ലീഷുഭാഷയറിയുന്ന ഒരേ ഒരു മഹാൻ ബഹുമാനപ്പെട്ട മെമ്പർ മാത്രമാണെന്നു വിചാരിക്കുന്നുണ്ടോ? എനിക്കും ഇംഗ്ലീഷുഭാഷ മനസ്സിലാകുമെന്നു ഞാനങ്ങളെ ഒന്നു ധരിപ്പിച്ചുകൊള്ളട്ടെ

ദിവാൻ ചമൻലാൽ—ബഹുമാനപ്പെട്ട മന്ത്രിക്കു്,

ഒരു "കോവർ കഴുത"യുടെ സുപ്രസിദ്ധമായ സകല ഗുണങ്ങളുമുണ്ടെന്നു് ഞങ്ങൾക്കു വിശദമായിട്ടുണ്ടു്. (ചിരി)

ബഹുമാനപ്പെട്ട മന്ത്രി തന്റെ "ഡിപ്ലോമസി"യുടെ ചോദ്യങ്ങളിൽ നിന്നു് ഒഴിഞ്ഞുമാറിയതിലുള്ള ബുദ്ധിവൈഭവത്തെ എല്ലാവരും അഭിനന്ദിച്ചു. ഏതാനും മെമ്പർമാർ അഥവാ അനേകം മെമ്പർമാർ ചിരിച്ചിരിക്കാം. എന്നാൽ ദിവാൻ ചമൻലാൽ തന്റെ ഓക്സ്ഫോർഡ് ഉച്ചാരണത്തെ അലക്ഷ്യമാക്കിയതിൽ ആകപ്പാടെ ഇച്ഛാഭംഗപ്പെട്ടു. "ഡോൺ" പത്രത്തിന്റേയും "ഉമംഗ്" പത്രത്തിന്റേയും മററു പത്രങ്ങളുടേയും കാര്യം മന്ത്രിക്കു മാത്രമേ അറിവുണ്ടായിരുന്നുള്ളു.

XI

ബഹുമാനപ്പെട്ട മന്ത്രിമാരുടെ ക്ഷമയെ ചുമതലാബോധമില്ലാത്ത എതിർകക്ഷി എങ്ങിനെയാണു ക്ഷണപ്പെടുത്തുന്നതെന്നതിന്റെ ഒരു ഉദാഹരണം ഉപധനാഭ്യർത്ഥനയിലുള്ള വാദപ്രതിവാദത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ഉത്സാഹശീലമുള്ള മന്ത്രിസഭ, "മോബൈൽ സിനിമയൂണിറവ്"വഴിയായി യുദ്ധപ്രചരണത്തിനു ബഡ്ജററിൽ ഒരു സംഖ്യ വകയിരുത്തി (1942 മാർച്ച് മാസം 7-ാം തിയ്യതിയിലെ ട്രിബ്യൂൺ നോക്കുക). പണ്ഡിറവ് ശ്രീറാം ശർമ്മ (കോൺഗ്രസ്സ്) ഇതിനെപ്പററി ഒരു ഖണ്ഡനോപക്ഷേപംകൊണ്ടുവന്നു. സജീവ

മായ ഒരു വിവാദരംഗം ഉളവാക്കി. സർ സിക്കന്തർ ഹിമത്ത്കന്മാൎക്ക് ഫലപ്രദമായ മറുപടി കൊടുത്തു.

പ്രധാന മന്ത്രി തുടൎന്നു—പണ്ഡിററു ശ്രീരാമിനെപ്പോലെയും ലാലാഋനിചന്ദിനെപ്പോലെയുമുള്ളവർ ഇവിടെ വന്നു് ഇന്തപത്തുറപ്പിക വീതം ദിവസബത്തയും വാങ്ങി സുരക്ഷിതരായിരുന്നിട്ടും അവർ ധീരന്മാരായ പടയാളികളെ കുററപ്പെടുത്തുന്ന കാഴ്ചയിൽ ലജ്ജിക്കണം!

ലാലാഋനിചന്ദു പ്രധാന മന്ത്രിയുടെ ആരോപണങ്ങളെ ശക്തിയായി പ്രതിഷേധിച്ചു് ഒരു നിയമതടസ്ഥവാദം കൊണ്ടുവന്നു. എന്നാൽ സ്പീക്കർ അയാളുടെ പ്രസംഗം തനിക്കനുവദിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞു വിലക്കി.

ഖാൻ ബഹദൂർ ഗുർമാനി—അയാളുടെ തലയറുക്കുക. (ചിരി)

മുൻഷിഹരിലാലും ഒരു നിയമതടസ്ഥവാദം കൊണ്ടുവന്നു് "പ്രധാന മന്ത്രി ഉപയോഗിച്ച ഭാഷ പാർലിമെൻററിന്റെ അന്തസ്സിന്നു യോജിച്ചതാണോ" എന്നു ചോദിച്ചു.

സഭാമന്ദിരം വിട്ടുപോകുവാൻ ഭാവിച്ചിരുന്ന പ്രധാനമന്ത്രി പറഞ്ഞു—"ഷറാം ആനി ചാഹിയേ" (നിങ്ങൾ ലജ്ജിക്കണം) എന്ന വാക്കുകൾ "പാർലിമെൻററി" അല്ലെങ്കിൽ ഞാൻ ഇനി പറയുവാൻ പോകുന്നതു "ബിഷാർമി ആനി മാഹിയേ" എന്നാണു്.

ലാലാദുനിചന്ദ് കോപത്തോടുകൂടി എഴുന്നേററു്, തനിക്കു് ഇരുപതുറുപ്പിക രണ്ടു കാൎഡിന്നു ഉല്യമാണെന്നു പറഞ്ഞു, പ്രധാനമന്ത്രിയുടെ ആരോപണങ്ങളെ പ്രതിഷേധിച്ചു. അദ്ദേഹം മാസംതോറും രണ്ടായിരം മുതൽ മൂവ്വായിരംവരെ ഉറുപ്പിക പൊതുകാൎയ്യങ്ങൾക്കായി ചിലവിടുന്നു. ആദായനികുതി വകുപ്പിന്റെ കണക്കുനോക്കിയാൽ പ്രധാനമന്ത്രിയെക്കാളധികം നികുതി കൊടുക്കുന്നതു് അദ്ദേഹമാണെന്നു കാണുവാൻ കഴിയും.

സ്പീക്കർ തന്റെ സൎവ്വം മുഴുവനും പ്രയോഗിച്ചു ലാലാദുനിചന്ദിനോടു ക്രമം പാലിക്കുവാൻ ആജ്ഞാപിച്ചു.

മുൻഷി ഹരിലാൽ സ്പീക്കറോടു്, പ്രധാനമന്ത്രി ഉപയോഗിച്ച ഭാഷ പാർലിമെന്റിന്റെ പദവിക്കു യോജിച്ചതാണോ എന്നതിനെപ്പററി ഒരു വിധി കല്പിക്കുവാൻ ആവശ്യപ്പെട്ടു.

പ്രധാനമന്ത്രി പറഞ്ഞ "ബിഷാർമി ആനി ചാഹിയേ" എന്ന വാക്കുകൾക്കു യാതൊരൎത്ഥവുമില്ലെന്നും അതിനാൽ അതിനെപ്പററി ഒരു വിധിനിൎണ്ണയം ആവശ്യമില്ലെന്നും സ്പീക്കർ പറഞ്ഞു. ലാലാദുനിചന്ദിനെപ്പററി തനിക്കു വലിയ മതിപ്പും ബഹുമാനവും ഉള്ളതുകൊണ്ടു് ഒരഞ്ചു മിനിട്ടുകൂടി പ്രസംഗിക്കുവാൻ താനദ്ദേഹത്തെ അനുവദിക്കാമെന്നും, എന്നാൽ [illegible]സ്ഥാപനങ്ങളെപ്പററി ഇപ്പോൾ അതൊന്നും സംസാരിക്കരുതെന്നുംകൂടി സ്പീക്കർ പറഞ്ഞു.

ഈ തടസ്ഥവാദക്കാരുടെ വിമർശനങ്ങളെല്ലാം വെറുതെയായി. ഒടുവിൽ സഭ ഖണ്ഡനോപക്ഷേപത്തെ തള്ളിക്കളകയാണുണ്ടായതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

## XII

പൊതുഭരണത്തിനുള്ള ധനാഭ്യർത്ഥനയെക്കുറിച്ചുണ്ടായ വാദപ്രതിവാദസമയത്തു വീണ്ടും പാർലിമെൻറിൽ ഒരു നവചൈതന്യം ഉണ്ടായി. വഴിപിഴച്ച ചില യൂണിയനിസ്റ്റു മെമ്പർമാരും ഗവർമ്മെണ്ടിനെ വിമർശിക്കുന്നതിൽ പങ്കുചേർന്നു.

ഖാൻബഹദൂർ ക്വാജഗുലാം സമാദ് (യൂണിയനിസ്റ്റ്) കൈക്കൂലി, സ്വജനപക്ഷപാതം, സേവ തുടങ്ങിയവ നടമാടുന്നതിന്നെതിരായി ഒരു ഖണ്ഡനോപക്ഷേപം കൊണ്ടുവന്നു.

മിസ്റ്റർ സുൽത്താൻ അഹമ്മത് ഹോട്ട്യാന (യൂണീയനിസ്റ്റ്) ഉം ഈ ആരോപണത്തെ പിന്താങ്ങി. ഇതിനെപ്പററി "ട്രിബ്യൂൺ" ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു—"ഹോട്ട്യാന പറഞ്ഞു: അക്രമങ്ങൾ ഈ സംസ്ഥാനത്തിൽ കൂടിക്കൂടിവരികയാണ്. സബ്ബ് ഇൻസ്പെക്ടർമാർ തങ്ങൾക്കു ഉദ്യോഗക്കയററം കിട്ടുമെന്നു കരുതി ആയുധങ്ങൾ കണ്ടുകിട്ടിയെന്ന ചതിപ്രയോഗത്തിലൂടെ 109-ാം വകുപ്പുപ്രകാരം കള്ളക്കേസ്സുകൾ കൊണ്ടുവരുവാൻ വെമ്പുന്നു."

പ്രധാനമന്ത്രി ഇടയിൽ കടന്നു പറഞ്ഞു—അക്രമങ്ങൾ അധികമാണെന്നു പറയുന്നതു ശരിയല്ല; നേരെ മറിച്ചു കുറഞ്ഞുവരികയാണ്"|"

സിക്ക ജഗജിത്സിംഗം— "ഞങ്ങളുടെ മൗണ്ടു് ഗോമറി ജില്ലയിൽ അക്രമങ്ങൾ കറവാണു്.

മിസ്റ്റർ ഹോട്ട്യാന— ഇക്കാരണത്താലായിരിക്കാം നിങ്ങളുടെ ജില്ലയിൽ ഒരു പൊല്ലീസ്സ് സ്റ്റേഷൻകൂടി കയ്യേറിയതു് (ചിരി)

സിക്ക ജഗജിത്സിംഗ്— അക്രമങ്ങൾ അധികമായി വരുന്നുവെന്നു് ഇതിന്നർത്ഥമില്ല.

മിസ്ററർ ഹോട്ട്യാന— താങ്കൾക്കങ്ങിനെയാണിരിക്കാം തോന്നുന്നതു്.

ഹോട്ട്യാന തുടൎന്നു— "അഴിമതിയും കൈക്കൂലിയുമാണു് ഇന്നു എങ്ങും നടമാടുന്നതു്. തങ്ങളുടെ വീടുകൾ കേറി കൊള്ളനടത്തിയ വിവരംപോലും ജനങ്ങൾക്കു പൊല്ലീസ്സിൽ പറവാൻ മനസ്സില്ല. മര്യാദയോടെ ജോലിചെയ്തു് ഉദ്യോഗക്കയറ്റം കിട്ടിയ ഏതെങ്കിലും ഒരു സബ്ബ് ഇൻസ്പെക്ടരെ ചൂണ്ടിക്കാണിക്കാമോ എന്നു് അദ്ദേഹം ഗവൎമ്മെണ്ടിനെ വെല്ലുവിളിച്ചു.

ലാലാഭീമിചന്ദ് (കോൺഗ്രസ്സ്) തന്റെ സ്വതസ്സിദ്ധമായ വിമൎശനപാടവത്തോടെ പ്രഖ്യാപിച്ചു— "1936_ൽ കൊലപാതകങ്ങളുടെ സംഖ്യ 393 ആയിരുന്നു; 1940 ആയപ്പോഴേക്കും അതു 1307 ആയി വൎദ്ധിച്ചു............... ചില കേസ്സുകളിൽ പൊലീസ്സിന്റെ ആലോചനയോടുകൂടിയാണു് അക്രമങ്ങൾ നടന്നിട്ടുള്ളതെന്നുകൂടി അദ്ദേഹം ആക്ഷേപിച്ചു."

റായി ബഹദൂർ സോഹൻലാൽ പറഞ്ഞു— “സംസ്ഥാനത്തിലെ 1940_41 ലെ മുതലെടുപ്പ് 112 ആയിരുന്നതിൽനിന്നും 148 കോടിയായി ഉയൎന്നപ്പോഴും അഭിവൃദ്ധികരമായ വകുപ്പുകളിലേക്ക വകയിരുത്തിയ സംഖ്യ 287 ലക്ഷത്തിൽനിന്നും 384 ലക്ഷം മാത്രമായേ ഉയൎന്നുള്ളൂ. മുതലെടുപ്പും അഭിവൃദ്ധികരമായ വകുപ്പുകളിലേക്കുള്ള ചിലവും തമ്മിലുള്ള 1940_41 ലെ അനുപാതം 26:41 ശതമാനമാണെങ്കിൽ 1941_42 അനുപാതം 22.18 ശതമാനമാണെന്നു ഇതു കാണിക്കുന്നു.”

* * * * *

ഖാൻ ബഹദൂർമാരാലും റായി ബഹദൂർമാരാലും ഉന്നയിക്കപ്പെടുന്ന ഇത്തരം ഉത്തരവാദരഹിതങ്ങളായ വിമൎശനങ്ങൾ ആദ്യം കാണുമ്പോൾ അത്ഭുതം തോന്നുമെങ്കിലും നമ്മുടെ മനസ്സിൽ അത്രയധികം പതിയുന്നില്ലെന്നുള്ളതാണു വാസ്തവം. നമ്മുടെ മനസ്സിൽ ഗാഢമായി പതിയുന്നതെന്തെന്നുവെച്ചാൽ, വിവേകമുള്ള ഗവൎമ്മേണ്ടു ഇവരെയെല്ലാം ‘പാക്കിസ്ഥാൻ പൊതുരക്ഷാ നിയമമനുസരിച്ചു ജയിലിലടക്കുന്നില്ലല്ലോ” എന്നു മാത്രമാണു”!

## പാക്കിസ്താനിലേക്കു ഒരു തിരിഞ്ഞുനോട്ടം.

പാക്കിസ്താനിലെ പുസ്തകഷാപ്പുകളെപ്പററിയാണു് എന്റെ ഒടുവിലത്തെ നോട്ടം. ജയിലിൽ

നിന്നു പുറത്തുവന്നതിന്നുശേഷം നിൎവ്വികാരനായി ഞാൻ അങ്ങുമിങ്ങും അലഞ്ഞുനടന്നു. എന്നാൽ ഇ യിടയിൽ വെച്ചുതന്നെ പാക്കിസ്ഥാൻ ജീവിതത്തിലെ വിവിധഭാഗങ്ങളെ — കലാ, സാഹിത്യം, ചരിത്രം, ധനശാസ്ത്രം, രാജ്യതന്ത്രം എന്നിവയെ — കുറിച്ച് അനവധി പുസ്തകങ്ങളും ലഘുലേഖകളും ഞാൻ സമ്പാദിച്ചു. ഇവ കൂടാതെ വൎത്തമാനപത്രങ്ങളിൽ നിന്നും മാസികകളിൽനിന്നും വെട്ടിയെടുത്ത ഒട്ടുവളരെ "കഷണങ്ങളും" എനിക്കു കിട്ടി — അവയിൽ പലതും സ്നേഹിതന്മാരുടെ സംഭാവനയായിരുന്നു. വായിച്ചറിയാൻ പ്രയാസമേറിയ പലതും അവയിലുൾപ്പെട്ടിരുന്നു!

ഇംഗ്ലീഷു പുസ്തകവ്യാപാരശാലകളുടെ ഒടുവിൽ "കൃഷ്ണ" എന്നവസാനിക്കുന്ന ഒരുകൂട്ടം സഹോദരന്മാരുടെ കയ്യിൽ വളരെ സാമൎത്ഥ്യത്തോടുകൂടി സംഭരിക്കപ്പെട്ടിരിക്കുന്നു. മൂലസ്ഥാപനത്തിന്റെ പേർ "രാമകൃഷ്ണ" എന്നാണ്. ഒരു കലാകാരനെന്ന നിലയിലും, കീൎത്തിനേടിയ സഹോദരനായ രൂപകൃഷ്ണന്റെ സഹായത്തോടുകൂടി രാമകൃഷ്ണൻ ഈ സ്ഥാപനം പ്രശസ്തകരമായ നിലയിൽ കൊണ്ടുനടത്തുന്നു, അതേ സമയം തന്നെ ഇതരസഹോദരന്മാരായ രണ്ടു ചെറുപ്പസഹോദരന്മാർ "കിതാബ് ബുക്ക് ഡിപ്പോ" നടത്തിവരുന്നു. ഇവരെല്ലാം ബാലകൃഷ്ണനും പ്രകാശകൃഷ്ണനും പഴയതും പുതിയതും ഉല്കൃഷ്ടവുമായ പ്രസിദ്ധീകരണങ്ങൾ എനിക്കു "ധാരാളം" സം

മ്മാനിച്ചു. ഒരുവനേററവും പ്രിയപ്പെട്ട പുസ്തകം ഭംഗിയായി അച്ചടിച്ചതു വായിക്കുന്നതു അവൻെറ ജീവിതത്തിൽ ഏററവും വലിയൊരു സന്തോഷമാണ്. എവിടെവെച്ചായാലും പാക്കിസ്താനിലെ പ്രസിദ്ധ കവിയായ ഇക്ബാലിൻെറ കവിതകൾ തിരഞ്ഞെടുക്കുന്നതും, പാക്കിസ്താനിലെ സുപ്രസിദ്ധ കലാകാരനെന്ന നിലയിൽ കേൾവികേട്ട അബ്ദുർ റഹ്മാൻ ചുട്ടായിയുടെ "ചിത്ര"ങ്ങൾ ശേഖരിക്കുന്നതും എനിക്കേററവും രസാവഹമായ ഒരു സംഗതിയത്രെ. പ്രശസ്തപത്രമായ "മക്ഫസാ"ൻെറ ഇ—മിസ്ററർ (ഇപ്പോൾ, സർ) അബ്ദുൾ ഖാദരു കേരു പത്രാധിപത്യത്തിൽ നടത്തിയിരുന്ന ആ പഴയ നല്ലകാലത്തെ—ഏതാനും കോപ്പികൾ കിട്ടിയതു്—ഉർദു സാഹിത്യലോകത്തിന്ന് ഒരലങ്കാരംതന്നെയാണ്. ചെറുപ്പക്കാരായ എഴുത്തുകാരുടെ—ഭാസുരമായ ഭാവിയിലേക്കു തപ്പിത്തപ്പിക്കയറുന്നവരുടെ—അതായതു് ഇതിന്നു മുമ്പുതന്നെ പ്രതിഷ്ഠ ലഭിച്ചു ചിരാങ്ങ് ഹസ്സൻ ഹസ്രതിനെപ്പോലെയോ, അടുത്തു പ്രശസ്തനാവാൻപോകുന്ന ഇക്രാം ക്യാമറിനെപ്പോലെയോ ഉള്ളവരുടെ "സാഹിത്യസമരസന്നാഹങ്ങൾ കാണുന്നതു വാസ്തവത്തിൽ രോമാഞ്ചമുളവാക്കുന്നതാണ്!

നല്ല നിലയിൽ നടത്തപ്പെടുന്ന ഒരു പുസ്തകശാലയിൽ ചെന്നാൽ ബുദ്ധിക്കെന്തൊരു സുഖവും ഉത്സാഹവുമാണ് അനുഭവപ്പെടുക! "നിങ്ങളുടെ

സ്നേഹിതനെ കാട്ടിത്തരൂ, എങ്കിൽ ഞാൻ നിങ്ങളെ ങ്ങനെയുള്ളവനാണെന്നു പറയാം" എന്നാണല്ലോ ആപ്തവാക്യം. 'എനിക്കു ഒരു രാജ്യത്തെ പുസ്തകശാലകൾ കാണിച്ചുതരൂ; എന്നാൽ ഞാൻ ആ രാജ്യത്തിലെ സംസ്കാരത്തെക്കുറിച്ചും പരിഷ്കാരത്തെക്കുറിച്ചും നിങ്ങളോടു പറയാം" എന്നിങ്ങനെയാക്കിയാൽ അതധികം ശരിയായിരിക്കും!

## II

പാക്കിസ്താനിലെല്ലായിടത്തും "കവിത" വളരെ പ്രധാനമാണെന്നു് ഞാൻ മുമ്പുതന്നെ നല്ലപോലെ ധരിച്ചിരുന്നു. തുടർച്ചയായും സ്ഥിരമായും കവിവാക്യങ്ങൾ ഉദ്ധരിക്കുന്നതു സംസ്കാരസമ്പന്നനായ ഒരുവൻെറ ലക്ഷണമാണു്. ഒരു ഡോക്ടർ ഒരു രോഗിക്കു മരുന്നിന്നു് എഴുതിക്കൊടുക്കുന്നതു് ആദ്യമായി ആത്മാഭിമാനവും ഉന്മേഷവുമുളവാക്കുന്ന ഈരടികളുദ്ധരിച്ചുകൊണ്ടായിരിക്കും. എത്ര യോഗ്യനായ ഒരു പ്രാസംഗികനായാലും ശരി, രസമില്ലാത്ത തൻെറ പ്രസംഗത്തെ തുടർച്ചയായുള്ള കവിതോദ്ധാരണങ്ങൾകൊണ്ടു ശക്തിപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ തീർച്ചയായും അദ്ദേഹത്തെ ക്ഷിപ്രകോപികളും കവിതാബുഭുക്ഷുക്കളുമായ ശ്രോതാക്കൾ സഭയിൽ നിന്നോടിക്കാതിരിക്കയില്ല. കവിതാനിയമങ്ങൾ "വിപണി"സ്ഥലങ്ങളിൽപോലും ദുർല്ലഭമായേ ലംഘിക്കാറുള്ളൂ. നീതിന്യായക്കോടതികളിൽപോലും "ലാറിപ്പോർട്ടു"കളിൽ നിന്നോ,

സിവിൽക്രിമിനൽ നടവടി നിയമങ്ങളിൽനിന്നും ഉള്ള നീരസമായ ഉദാഹരണങ്ങളെക്കാൾ കൂടുതൽ വില കല്പിക്കുന്നതു ഗാലിബ്ബിന്റെയും ഇക്ബാലിന്റെയും കവിതോദ്ധാരണങ്ങൾക്കായിരിക്കും, അഭിഭാഷകന്മാർ വിശ്രമവേളകളിൽ ഭൂരിഭാഗവും വിവിധ കവികളുടെ "ഡിവാനു"കൾ വായിക്കുന്നതിലോ അഥവാ തങ്ങളുടെ ഭാവിജീവിതത്തിനു ടിസ്ഥാനമായി അപ്രകാരമുള്ള ഒന്നു സ്വന്തമായി നിർമ്മിക്കുന്നതിലോ മുഴുകിയിരിക്കുമെന്നു പ്രസിദ്ധമാണു്. അഡ്വക്കേററു ജനറാളായ മിസ്റ്റർ സ്ലീം കൂടിയും ടെന്നീസ്സുകളിക്കുകയോ കോടതിയിൽ ഒരു കേസ്സു വാദിക്കുകയോ അല്ലാത്ത സമയത്തെല്ലാം അത്തരം കവിതാവിഷയകമായ പ്രവത്തനങ്ങളിൽ! മുഴുകിയിരിക്കുമെന്നാണു വിശ്വസിക്കപ്പെടുന്നതു്. "ബാറി"ലെ മററു പ്രധാന നേതാക്കന്മാർ_മെഹർചന്ദു മഹാജനും ജഗന്നാഥു് അഗർവാളും മുകന്ദലാൽ പുരിയോ മാലിക്ക ബർകത്തു് ആലിയോ ജീവൻ ലാൽകപൂറോ_വലുതായ നിയമസംശയങ്ങൾ വരുമ്പോൾ കവികളെത്തന്നെ അഭയം പ്രാപിച്ചാണു രക്ഷതേടുന്നതു്. ഏതൊരു ജഡ്ജിയും സാധാരണയായി അത്തരത്തിലുള്ള ഒരപേക്ഷയെ എതിക്കാറില്ല!

III

പാക്കിസ്ഥാൻ പര്യടനം എനിക്കു മറക്കുവാൻ സാധിക്കാത്ത ഒരനുഭവമാണു്. അതിലെ ഓരോ

ദിവസവും എന്നെ പുളകംകൊള്ളിച്ചു. ഒരുവനു
അത്ര ഉദാരമായി തന്റെ വിജ്ഞാനസമ്പത്തിനെ ലക്ഷ
ഇത്രയധികം നേട്ടം കൂട്ടുവാൻ സാധിക്കുന്നതു് കു
ത്ര സാധാരണമല്ല. നൂതനവും, ഉന്മേഷപ്രദവും, മ
ഹനീയവുമായ ഒരു പുതിയ പരിഷ്കാരത്തോടുള്ള
സമ്പർക്കം ഒരുവന്റെ മനസ്സിനെ വിശാലമാക്കുവാ
നും അനുഭവങ്ങളെ അഗാധതരമാക്കുവാനും ഉ
പകരിക്കാതിരിക്കയില്ല. ഒരു നൂതനലോകത്തിലെ
ജനങ്ങളേയും രാജ്യകാര്യങ്ങളേയും ബഹിർഭാഗ
ത്തുനിന്നും—പ്രത്യേകിച്ചും ജയിൽ ഭിത്തികൾക്കപ്പു
റത്തുള്ള ഏകാന്തതയിൽ കൂടിയും വിദൂരതയിൽ
കൂടിയും നോക്കി മനസ്സിലാക്കുന്നതുതന്നെ ഒരു മ
നുഷ്യനു കിട്ടാവുന്ന സുദുർല്ലഭമായ ഒരു പ്രത്യേകാ
വകാശമത്രെ! ഈ ഭാഗ്യം എനിക്കു ധാരാളം സി
ദ്ധിച്ചു. നിർഭാഗ്യവാന്മാരായ മററുള്ളവരോടൊ
ന്നിച്ചു് എന്നെ ലാഹോർ സെൻട്രൽ ജയിലിൽ
ഒരതിഥിയായി പാർപ്പിച്ചു, പാക്കിസ്ഥാനെക്കുറിച്ചു്
അറിവാനും ഒരഭിപ്രായമുണ്ടാക്കുവാനും എനിക്കു്
ഒഴിവും കഴിവും ഉണ്ടാക്കിത്തന്നതിൽ പാക്കിസ്ഥാൻ
ഗവൺമെണ്ടിനോടു് എനിക്കുള്ള കൃതജ്ഞത വാചാ
മഗോചരമത്രെ!

Printed at Saraswathi (Elec) Ptg. & Pbg. House, Trichu

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M910 ALI:P Acc. No. ....................

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

ന 910
ALI.P

11205

ആലിയൂസഫ് മെഹർ.
പാകിസ്ഥാൻ പര്യടനം.

KOTTAYAM PUBLIC LIBRARY
Call No M910 ALI:P Acc. No 11205
Author അലിയൂസഫ് മെഹർ
Title പാകിസ്ഥാൻ പര്യടനം.

Indic Digital Archive Foundation
gpura.org